

# വികസനരേഖ

## തലയാഴം ഗ്രാമപഞ്ചായത്ത്

### കോട്ടയം ജില്ല

# തലയാഴം ഗ്രാമപഞ്ചായത്ത്

## കോട്ടയം ജില്ല

# വികസന രേഖ



തത്വദീക്ഷയില്ലാത്തരാഷ്ട്രീയം
അദ്ധ്വാനമില്ലാത്ത സമ്പാദ്യം
മനഃസാക്ഷിയില്ലാത്ത സുഖഭോഗം
സ്വഭാവശുദ്ധിയില്ലാത്ത വിജ്ഞാനം
സന്മാർഗനിഷ്ഠയില്ലാത്ത വാണിജ്യം
മനുഷ്യത്വമില്ലാത്ത ശാസ്ത്രം
ത്യാഗമില്ലാത്ത ആരാധന
ഇവ ഏഴും തിന്മകളാണ്.

മഹാത്മാഗാന്ധി

## തലയാഴം ഗ്രാമപഞ്ചായത്ത്



## ഉള്ളടക്കം


1. ആമുഖം
2. തലയാഴം ഗ്രാമപഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി
5. വികസനമേഖലകൾ
   - 5.1. കൃഷിയും ജലസേചനവും
   - 5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3. വ്യവസായം
   - 5.4. വിദ്യാഭ്യാസം
   - 5.5. കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.6. ഗതാഗതം ഊർജ്ജം മാർക്കറ്റ്
   - 5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5.8. വനിത
   - 5.9. സഹകരണം
   - 5.10. പട്ടികജാതി-പട്ടികവർഗ്ഗം
   - 5.11. വിഭവസമാഹരണം

   ഉപസംഹാരം

# വികസന രേഖ തയ്യാറാക്കുവാൻ സഹായിച്ചവർ

എം. ഡി. ബാബുരാജ്
DRP (കൺവീനർ)

കെ. പി. സദാനന്ദൻ - DRP

എൻ. പി. നാരായണൻ നായർ - DRP

ഇ. കെ. ചന്ദ്രമോഹനൻ

പി. ഹരിദാസ്

ജി. മാധവൻ നായർ

പി. വി. സലീം

കെ. രാധാകൃഷ്ണൻ നായർ

സി. കെ. പ്രശോഭനൻ

രാധാകൃഷ്ണൻ വിജിനിവാസ്

വി. ലക്ഷ്മണൻ

സി. കെ. പുരുഷോത്തമൻ

പി. വി. സുനിൽ

കെ. എസ്. രഘു

ശശിധര ശർമ്മ

എ. സി. ജോസഫ്

പി. എസ് പുഷ്കരൻ

എ. എൻ. ഗോപാലകൃഷ്ണൻ

വി. സുരേന്ദ്രൻ

കെ. കെ രമേശൻ

യു. ബേബി

കെ. പി. സുധാകരൻ
(പഞ്ചായത്ത് ഓഫീസ്)

സംസ്ഥാന റിസോഴ്സ് പേഴ്സൺ: പ്രൊഫ. ഡി. മോഹനൻ നായർ

കവർ ഫോട്ടോ
സലിം ഫ്ലാഷ്

പബ്ലിഷിംഗ് ഡേറ്റ്
1, ജനുവരി 1997


ലേ ഔട്ട് & പ്രിന്റിംഗ്
ലേണേഴ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്
സി. എം. എസ്. കോളേജ് റോഡ്, കോട്ടയം -1. ✆ 567438

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തലയാഴം ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | തലയാഴം |
| ബ്ലോക്ക് പഞ്ചായത്ത് | : | വൈക്കം |
| താലൂക്ക് | : | വൈക്കം |
| ജില്ല | : | കോട്ടയം |
| വിസ്തീർണ്ണം | : | 22.41 ച. കി. മീറ്റർ |
| അതിരുകൾ: | | |
| വടക്ക് | : | വൈക്കം മുനിസിപ്പാലിറ്റി, ഉദയനാപുരം പഞ്ചായത്ത് |
| തെക്ക് | : | വെച്ചൂർ പഞ്ചായത്ത് |
| കിഴക്ക് | : | കല്ലറ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വൈക്കം മുനിസിപ്പാലിറ്റി, ടി. വി. പുരം |
| ജനസംഖ്യ | : | 19488 (സെൻസസ് 1991) |
| സ്ത്രീകൾ | : | 9754 |
| പുരുഷന്മാർ | : | 9734 |
| ജനസാന്ദ്രത | : | 880 |
| വാർഡുകൾ | : | 10 |
| സാക്ഷരത | : | 95.4% |

### പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

കെ. എൻ. രേണുക
(ബ്ലോക്ക് പ്രസിഡന്റ്)

പ്രമദ ഗണേശൻ
(ബ്ലോക്ക് വൈസ് പ്രസിഡന്റ്)

ജില്ലാ പഞ്ചായത്ത്
M. P. കനകമ്മ

നിയമസഭാ പ്രതിനധി
എം. കെ. കേശവൻ MLA
(വൈക്കം നിയോജക മണ്ഡലം)

ലോക്സഭാ പ്രതിനിധി
രമേശ് ചെന്നിത്തല MP
(കോട്ടയം പാർലമെന്റ് മണ്ഡലം)

# മുൻ പ്രസിഡണ്ടുമാർ



ശ്രീ. കെ.ജെ. ജോസഫ്
ആദ്യത്തെ പ്രസിഡൻറ്
വില്ലേജ് യൂണിയൻ



പി.എസ്. ഗോവിന്ദൻ



പി.എസ്. കരുണാകരൻ



കെ. അരുണൻ



ടി.കെ. സേവ്യർ

# തലയാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതി



ചന്ദ്രിക ഹരിദാസ്
വൈസ് പ്രസിഡൻറ്



പി. ദിവാകരൻ
പ്രസിഡൻറ്



ജോസഫ് ഇടത്തിൽ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



ടി.കെ. അജയൻ
മെമ്പർ (വാർഡ് 2)



പി.എൻ. ബാബു
മെമ്പർ (വാർഡ് 3)



അനിൽ ബിശ്വാസ്
മെമ്പർ (വർഡ് 5)



കെ. കുമാരി
മെമ്പർ (വാർഡ് 7)



പി.ജെ. സെബാസ്റ്റ്യൻ
മെമ്പർ (വാർഡ് 8)



അന്നക്കുട്ടി ജോൺ
മെമ്പർ (വാർഡ് 9)



സുശീലാ കുമാരി
മെമ്പർ (വാർഡ് 10)



മേദിനി ഭായി
സെക്രട്ടറി

ഇനിയും കെടാത്ത തിരിനാളം



വൈക്കം സത്യാഗ്രഹ സമര സേനാനി,
നാരായണൻ മമ്പള്ളിത്തറ.

# ആമുഖം

ഇന്ത്യ സ്വതന്ത്രമായിട്ട് അഞ്ചു പതിറ്റാണ്ടുകളും, കേരള സംസ്ഥാനം പിറവിയെടുത്തിട്ട് നാലു പതിറ്റാണ്ടുകളും പിന്നിടുകയാണ്. ബ്രിട്ടിഷ് സാമ്രാജ്യത്തോടുപടവെട്ടി സ്വരാജ്യ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനും, ഐക്യകേരളം എന്ന മനോജ്ഞസങ്കല്പം സഫലീകരിക്കുന്നതിനും രാഷ്ട്രീയ- സാമൂഹിക- സാംസ്കാരികനേതാക്കന്മാർ നൽകിയ സംഭാവനകൾ ചിരസ്മരണിയമാണ്.

പുരോഗമനരാഷ്ട്രീയ പ്രസ്ഥാനങ്ങളും, അവരുടെ നേതൃത്വത്തിലുണ്ടായ ഭരണനടപടികളും, സാമൂഹ്യപ്രവർത്തകരുടെ കർമ്മപരിപാടികളും ഇതര സംസ്ഥാനങ്ങളേക്കാൾ ശ്രദ്ധേയമായ സാമൂഹിക പരിഷ്കരണങ്ങൾ ഈ സംസ്ഥാനത്ത് നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. കാർഷികപരിഷ്കരണം, സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ വിഷയങ്ങളിൽ നാം മുന്നിലാണ്. എന്നാൽ സാർവത്രികമായ വികസനത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. ഭരണനടപടികൾകൊണ്ടുമാത്രം പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല നമുക്ക് മുന്നിലുള്ളത്. നാടിന്റെ വികസനത്തിനും വളർച്ചയ്ക്കും ജനങ്ങളുടെ കൂട്ടായപ്രവർത്തനവും, കർമ്മചാതുരിയും ഒത്തുചേർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള സഭയായി ഗ്രാമപഞ്ചായത്ത് മാറേണ്ടിയിരിക്കുന്നു.

പ്രാചീന ഇന്ത്യയിൽ ചന്ദ്രഗുപ്തമൗര്യന്റെയും, ഷെർഷയുടെയും ഭരണകാലത്ത് ഗ്രാമപഞ്ചായത്ത് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കിയിരുന്നു. ആധുനികകാലഘട്ടത്തിൽ രാഷ്ട്രപിതാവായ ഗാന്ധിജി ഗ്രാമസ്വരാജ് എന്ന ആശയംമുന്നോട്ടുവച്ചു. ഗ്രാമങ്ങളുടെയും, അതിലൂടെ ഭാരതത്തിന്റെയും സംമ്പൂർണ്ണവികസനവും അഭിവൃദ്ധിയും സാദ്ധ്യമാകും എന്ന് അദ്ദേഹം പ്രതീക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പ്രതീക്ഷ പൂവണിഞ്ഞില്ല.

കേരളത്തിൽ 1953-മുതൽ പഞ്ചായത്തു സമതികൾ നിലവിൽവന്നു. എന്നാൽ അധികാരങ്ങൾ പരിമിതമായിരുന്നു. ഉൽപാദന- വികസനരംഗത്ത് ആവശ്യത്തിന് വേണ്ട സമ്പത്തോ, ധനാഗമന മാർഗ്ഗങ്ങളോ ഇല്ലായിരുന്നു. ഭരണസിരാകേന്ദ്രങ്ങളിൽ നിന്നും അടിച്ചേല്പ്പിക്കപ്പെടുന്ന പദ്ധതിക്കൾക്കാകട്ടെ പലപ്പോഴും ജനങ്ങളുമായും, നാടുമായും, ബന്ധവുമില്ലായിരുന്നു. കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പുനടത്തുന്നതിനും, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും തയ്യാറായിരുന്നുമില്ല. കാലക്രമേണ ഗ്രാമപഞ്ചായത്തുകൾ ജനമനസ്സുകളിൽനിന്നും അകന്നു.

ഭരണഘടനയുടെ 73-ാം ഭേദഗതി ഇതിനൊരു മാറ്റം കുറിച്ചു. 1994- ൽ കേരള പഞ്ചായത്തു നിയമം നിലവിൽ വരികയും 1995-ൽ ഗാന്ധിജയന്തി ദിനത്തിൽ ഗ്രാമപഞ്ചായത്തു സമിതി നിലവിൽ വരികയും ചെയ്തു.

കേരളത്തിന്റെ 9-ാം പദ്ധതി വൻപിച്ച ജനപങ്കാളിത്തത്തോടെ നടത്തുന്നതിന് സംസ്ഥാന ആസൂത്രണബോർഡും , സംസ്ഥാനഗവണ്മന്റും ഒരു ജനകീയ പദ്ധതിക്ക് രൂപം നൽകിയിരിക്കുകയാണ്. പഞ്ചായത്തുരാജ്- നഗരപാലികബിൽ നടപ്പായതോടെ ഗ്രാമ പഞ്ചായത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്.

ഗ്രാമവികസനത്തിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് നടപ്പാക്കുന്നതിനും കക്ഷിരാഷ്ട്രീയ ഭേദമെന്യേ കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കുന്നതിനുള്ള അവസരം കൈവന്നിരിക്കുകയാണ്. ജനപങ്കാളിത്തത്തോടെ, ജനാധ്യപത്യപരമായി വികസനസംരഭങ്ങൾ നടപ്പിലാക്കുന്നത് ഒരു പുതിയ വികസനസംസ്കാരത്തിന് നാന്ദികുറിക്കുന്നു.

പുരോഗമനോന്മുഖവും, മതനിരപേക്ഷവുമായ നവകേരളസൃഷ്ടിക്കായുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും ഗൗരവപൂർവ്വം നടന്നു. 1996 സെപ്തംബറിൽ പാലായിൽ വച്ചു നടന്ന ജില്ലാതല പരിശീലകരുടെ പരിശീലന പരിപാടിയിൽ പഞ്ചായത്തു പ്രസിഡന്റ് ശ്രീ P ദിവാകരൻ, ശ്രീ N. P. നാരായണൻനായർ, ശ്രീ M. D ബാബുരാജ്, ശ്രീ K.P സദാനന്ദൻ, ശ്രീ P. K ഹരിദാസ്, ശ്രീ T.T ജോസഫ് എന്നിവർ പങ്കെടുത്തു. തുടർന്ന് ഉല്ലല ഗവണ്മന്റ് L.P.school-ൽ വച്ച് നടന്ന പ്രാദേശിക പരിശീലകർക്കായുള്ള ഏകദിന ശില്പശാലയിൽ പഞ്ചായത്തിലെ 145-പേർ

പങ്കെടുക്കുകയുണ്ടായി. പഞ്ചായത്തിലെ പല വാർഡുകളിലും അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് വിശേഷാൽ ഗ്രാമസഭയുടെ പ്രാധാന്യത്തെക്കുറിച്ചും. പ്രവർത്തനരീതിയെക്കുറിച്ചും വിശദീകരിച്ചു. പഞ്ചായത്തിലെ 10 വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു ചേർത്ത് വരും വർഷങ്ങളിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനത്തെക്കുറിച്ച് വിപുലമായ ചർച്ചകൾ നടത്തി റിപ്പോർട്ട് പഞ്ചായത്തുകമ്മറ്റിക്ക് എത്തിക്കുകയും ചെയ്തു.

4-5 -1949 ലാണ് ആദ്യപഞ്ചായത്തു നിലവിൽ വന്നത്. കല്ലറയുടെ ഏതാനും ഭാഗങ്ങൾ, വെച്ചൂർ, തലയാഴം വില്ലേജുകൾ ചേർന്ന ഈ പഞ്ചായത്തിന്റെ പ്രസിഡന്റ് അഡ്വക്കേറ്റ് K.J. ജോസഫ് കാട്ടുമനയായിരുന്നു. സർവ്വ ശ്രീ. എസ് കൃഷ്ണവാര്യർ, M.P. കൃഷ്ണപിള്ള, K.കൃഷ്ണൻ, S.കൃഷ്ണൻ എന്നിവരായിരുന്നു അംഗങ്ങൾ.

1953-ലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു കമ്മറ്റി നിലവിൽവന്നു. ശ്രീ. P.S. ഗോവിന്ദനായിരുന്നു പ്രസിഡന്റ്. 1963-ൽ വീണ്ടും ശ്രീ P.S ഗോവിന്ദന്റെ നേതൃത്വത്തിലുള്ള പഞ്ചായത്തു കമ്മറ്റി നിലവിൽ വന്നെങ്കിലും അദ്ദേഹം രാജിവച്ചു. തുടർന്ന് ശ്രീ P.S. കരുണാകരൻ പ്രസിഡന്റായി. 1979-ൽ നിലവിൽവന്ന പഞ്ചായത്തുകമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ.K. അരുണൻ ആയിരുന്നു. 1984 മുതൽ 1987-വരെ അഡ്മിനിസ്ട്രേറ്റിവ് ഭരണമാണ് നടന്നത്. 1988-ൽ ശ്രീ. T. K സേവ്യർ പ്രസിഡന്റായുള്ള പഞ്ചായത്തുകമ്മറ്റിയാണ് ഭരണ സാരഥ്യം ഏറ്റെടുത്തത്.

1995-ൽ നിലവിൽ വന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീ P. ദിവാകരൻ, വൈസ്പ്രസിഡന്റ് ശ്രീമതി ചന്ദ്രിക ഹരിദാസും ആണ്. ശ്രീ T.K. അജയൽ, P.N. ബാബു, അനിൽബിശ്വാസ്, ജോസഫ് ഇടത്തിൽ, കെ കുമാരി, P.J. സബാസ്റ്റ്യൻ, അന്നക്കുട്ടി ജോൺ, സുശിലാകുമാരി എന്നിവരുമാണ് മറ്റംഗങ്ങൾ.

# 2
# പഞ്ചായത്തിന്റെ പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | തലയാഴം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലജ് | തലയാഴം |
| ബ്ലോക്ക് പഞ്ചായത്ത് | വൈയ്ക്കം |
| അസംബ്ലി മണ്ഡലം | വൈയ്ക്കം |
| താലൂക്ക് | വൈയ്ക്കം |
| ജില്ലാ | കോട്ടയം |
| അതിരുകൾ | വടക്ക് വൈക്കം മുനിസിപാലിറ്റി :ഉദയനാപുരം. പഞ്ചായത്ത് തെക്ക് വെച്ചൂർ പഞ്ചായത്ത് കിഴക്ക് കല്ലറപഞ്ചായത്ത്,പടിഞ്ഞാറ്വൈയ്ക്കം, മുനിസിപ്പാലിറ്റി ടി. വി. പുരം പഞ്ചായത്ത്,വേമ്പനാട്ട് കായൽ |
| വിസ്തീർണ്ണം | 22.41.ച കിലോമിറ്റർ |
| ജനസംഖ്യ | 19488 (1991ലെസെൻസസ്) |
| സ്ത്രീകൾ | 9754 |
| പുരുഷന്മാർ | 9734 |
| ജനസാന്ദ്രത | 880 |
| വാർഡുകൾ | 10 |
| സാക്ഷരത | 95.4% |

## ഗ്രാമസഭകളിലെ ജനപങ്കാളിത്തം

| നമ്പർ | തീയതി | വാർഡ് | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|---|---|
| 1 | 07-11-96 | 1 | 40 | 160 | 200 |
| 2 | 12-11-96 | 2 | 15 | 130 | 145 |
| 3 | 13-11-96 | 3 | 25 | 131 | 156 |
| 4 | 13-11-96 | 4 | 42 | 178 | 220 |
| 5 | 13-11-96 | 5 | 6 | 74 | 80 |
| 6 | 07-11-96 | 6 | 22 | 146 | 168 |
| 7 | 07-11-96 | 7 | 55 | 30 | 85 |
| 8 | 12-11-96 | 8 | 30 | 205 | 235 |
| 9 | 13-11-96 | 9 | 45 | 247 | 292 |
| 10 | 12-11-96 | 10 | 20 | 160 | 180 |
| | ആകെ | | **300** | **1461** | **1761** |



# 3
# സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂമദ്ധ്യ രേഖയിൽനിന്നും 9.5ഡിഗ്രി വടക്കു മാറി ഗ്രീനിച്ച് രേഖയിൽനിന്ന് 76.5ഡിഗ്രി കിഴക്കുമാറി വേമ്പനാട്ടുകായലിന്റെ കിഴക്കേകരയിൽ ചരിത്രപ്രസിദ്ധമായ വൈക്കം പട്ടണം സ്ഥിതിചെയ്യുന്നു. ഈ പട്ടണത്തിന്റെ തെക്കുകിഴക്കുഭാഗത്തായി തലയാഴം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

ഈ പഞ്ചായത്തിലെ ജനജീവിതം AD 10-ാം നൂറ്റാണ്ടിനു ശേഷമാണ് ആരംഭിച്ചിട്ടുള്ളതെന്ന് കണക്കാക്കുന്നത്. 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ രചിച്ച ഉണ്ണുനീലി സന്ദേശത്തിൽ ഉത്തരസന്ദേശ ശ്ലോകത്തിൽ കടുത്തുരുത്തി, കോതനല്ലൂർ, പ്രദേശങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ പരാമർശങ്ങളിൽ നിന്നും നമ്മുടെ പ്രദേശങ്ങൾ ദ്വീപുകളായിരുന്നു എന്ന് കരുതുന്നു. കണ്ടൽകാടുകൾ വളർന്ന തുരുത്ത് കണ്ടൻതുരുത്ത്, ചേന്തിമുറിച്ചതു പോലുള്ള ചേന്തുരുത്ത്, വൻകരയോട് തൊട്ടടുത്തസ്ഥലം തോട്ടകം, ഉള്ളിൽ അലകൾ തിരതല്ലുന്ന പ്രദേശം, ഉല്ലല, തലയോളം ആഴമുള്ള പ്രദേശം, തലയാഴം തലം (അറ്റം) വരെ കൊത പോലെ വര (ചാൽ) ഉള്ള പ്രദേശം കൊതവറ സ്ഥലനാമങ്ങളുടെ ഈ തെളിവുകളെവച്ചും, ഈ പ്രദേശത്തെ മണ്ണിന്റെ നിറവും ഗുണവും സ്വഭാവവും അറിയുന്നതിന് ഏതാനും അടി കുഴിച്ചാൽ ലഭിക്കുന്നു. ശംഖ്, കക്ക മറ്റു കടൽജീവികളുടെ അസ്ഥിപഞ്ജരങ്ങൾ എന്നിവയും ഈ പ്രദേശം കടലിൽ നിന്ന് കരയായി ഉരുത്തിരിഞ്ഞിട്ട് അധികം കാലമായില്ല എന്ന് തെളിയിക്കുന്നു. വലിയകാടുകളും, ചെറിയകാടുകളും ഉണ്ടായിരുന്നതിനെ സൂചിപ്പിക്കുന്ന സ്ഥലനാമങ്ങൾ ആണ് കൂവം പ്രദേശത്തെ 'വനം', മാരാംവീടിനടുത്തുള്ള 'ചെറു കാടും'. ജനങ്ങൾവർദ്ധിച്ചതോടുകൂടി താമസത്തിനും കൃഷിക്കുമായി കാടുകൾ തീയിട്ടും വെട്ടിയും നശിപ്പിച്ചിരിക്കണം. കാടു തീപിടിച്ചും വലിയ തോതിൽ വനങ്ങൾ നശിച്ചിരിക്കണം. 'വെന്തകരി' എന്ന സ്ഥലം ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്തുള്ള പാടശേഖരങ്ങളിൽ പാതി കരിഞ്ഞതും കരിയാത്തതുമായ തടികളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും ലഭ്യമാണ്. ഈ അവശിഷ്ടങ്ങൾ കരിത്തടി (COKE) ചൂളകളിൽ കക്കാനീറ്റുന്നതിനും മൺപാത്രങ്ങൾ ചുട്ടെടുക്കുന്നതിനുമുള്ള ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. കൃഷിയും, മൽസ്യബന്ധനവും, മൺപാത്രനിർമ്മാണവും, തോണി നിർമ്മാണവും ജനതയുടെ മുഖ്യ ജീവനോപാധികളായിരുന്നു. മനോഹരങ്ങളായ വെങ്കല പാത്രങ്ങൾ നിർമ്മിക്കുന്നവരും ഉണ്ടായിരിന്നു.

കാലക്രമത്തിൽ ഈ ഗ്രാമം വടക്കുംകൂർ രാജവംശത്തിന്റെ ആധിപത്യത്തിൻ കീഴിലായി. ജന്മിത്വത്തിന്റെ ആവിർഭാവവും, ഏകദേശം ഈ കാലഘട്ടത്തിൽ തന്നെയായിരുന്നു. മാരാമറ്റത്തു മന, കരിരുനാംപള്ളിദേവസ്വം, തിരുമലദേവസ്വം, തൃപ്പോക്കുടം ദേവസ്വം, പ്രദേശിപജന്മികളും ആയിരുന്നു ഗ്രാമത്തിലെ ഭൂമികളുടെ ഉടമകൾ. പ്രദേശികജന്മികളിൽ കാട്ടിത്തറ- ചെമ്പകശ്ശേരി കുടുമ്പാഗമായിരുന്നു. ശ്രീ. ഗോവിന്ദൻ 1872-ൽ ശ്രീമൂലം പ്രജാസഭാഗമായിരുന്നു.

കർഷകരിൽ ഭൂരിഭാഗവും കുടിയാന്മാരും പാട്ടക്കുടിയാന്മാരുമായിരുന്നു.

വടക്കുംകൂർ തിരുവിതാംകൂറിന്റെ ഭാഗവും, തിരുവിതാംകൂർ ബ്രിട്ടീഷ് ആധിപത്യത്തിൽ കിഴിലാവുകയും ചെയ്തു. ജന്മിമാരുടെ വാസസ്ഥലത്തിനടുത്ത് വാസ്തുശില്പ വൈഗ്ദ്യമാർന്ന ക്ഷേത്രങ്ങളും, അവയോടനുബന്ധിച്ച് കലാപരിപോഷണവും ആഘോഷങ്ങളും ഉടലെടുക്കുകയും ചെയ്തു.

ക്രമേണ ക്രൈസ്തവ ആരാധനാലയങ്ങളും പഞ്ചാ യത്തിന്റെ വിവധ ഭാഗങ്ങളിൽനിലവിൽ വന്നു. ഇസ്ലാം മതവിശ്വസികൾ ഈ പഞ്ചായത്തിൽ ന്യൂനപ ക്ഷമാണ്. അവരുടെ ആരാധനാ കേന്ദ്രം വെച്ചൂർ പഞ്ചായത്തിലാണ് ഉള്ളത്.

പ്രധാന ഹൈന്ദവക്ഷേത്രങ്ങൾ തലയാഴം തൃപ്പക്കുടം മഹാദേവക്ഷേത്രം, ഉല്ലല പുതിയകാവ് ദേവിക്ഷേത്രം, ഉല്ലല ഓങ്കാരേശ്വരം ക്ഷേത്രം, കൊതവറ ശ്രീകരുംബദേവിക്ഷേത്രം, തോട്ടകം സുബ്രഹ്മണ്യക്ഷേത്രം, തോട്ടകം വല്ല്യാറമ്പത്ത് കുപ്പേടിക്കാവ് ദേവിക്ഷേത്രം, ഉല്ലലകാളിശ്വരം ശിവക്ഷേത്രം, തലയാഴം മാടപ്പള്ളി ശ്രീ കൃഷ്ണ ക്ഷേത്രം, തോട്ടകം ഗന്ധർവ്വൻ ക്ഷേത്രം തുടങ്ങിയ വയും ധാരാളം കുടുബക്ഷേത്രങ്ങളും ഉണ്ട്. തിരുവി താംകൂർ ദേവസ്വംബോർഡിന്റെ കീഴിൽ മൂന്നു ക്ഷേത്ര ങ്ങളെ ഉള്ളു.

തോട്ടകം സെന്റ് ഗ്രീഗോറിയോസ്പള്ളി, കൊതവറ സെന്റ് സേവ്യേഴ്സ് പള്ളി, ഉല്ലല റോസ്പുരംപള്ളി, തോട്ടകം തലയാഴം സി.എസ്.ഐ പള്ളി, ബ്രദർ അസംബ്ലി നെട്ടത്തിൽ പെന്തക്കോസ് തുമന്ദിരം എന്നിവ ക്രിസ്ത്യൻ ആരാധനാലയങ്ങൾ ആണ്. തോട്ടകം പള്ളിയോടനുബന്ധിച്ച് വിൻസന്റ് ബാലഭവൻ എന്ന അനാഥാലയവുമുണ്ട്.

പ്രശസ്തരായ പല കലാകാരന്മാർക്കും ഈ ഗ്രാമം ജന്മം നൽകിയിട്ടുണ്ട്. നാടകലോകത്ത് പ്രശസ്തരായ പറവൂർ ഗോപാലപിള്ള, ടി ആർ. സുകുമാരൻമായർ, എൻ. എൻ. പിള്ള. വൈക്കം സുകുമാരൻനായർ ശ്രീമതി. വൈക്കം സുകുമാരി യമ്മയും ആന്റണി പാണേഴനും, കഥകളി ആചാര്യനായിരുന്ന വെച്ചൂർ രാമൻപിള്ളയും, തോട്ടകം ഗോപാലപിള്ളയും, വൈക്കം സഹോദരൻന്മാർ എന്നറിയപ്പെടുന്ന തങ്കപ്പൻനായരും, പുരുഷോത്തമൻ നായരും. ഉടുക്കുപാട്ടിൽ പ്രശസ്തരായ നാരായണൻ ആശാൻ, ചെണ്ടമേ ഉവിദ്വാൻ കേശവൻ ആശാൻ, ചവിട്ടുകളിക്കു പേ രുകേട്ട പള്ളിയാട് കൃഷ്ണൻ ആശാൻ, കോലു കളിയിൽ കുഞ്ഞൻ ആശാൻ, തിരുവാതിരകളിൽ പ്രശസ്തയായ ശ്രീമതി. ചിന്നമ്മ ആശാട്ടിയും മൃദംഗവിദ്വാൻ ശ്രീ. ആർ. രാമൻനായർ, തീയ്യോട്ട് കലയിൽ പുതുമനയിൽ ശ്രീ ശശിധര ശർമ്മയും പ്രസിദ്ധ സിനിമാനടൻ ശ്രീ. വൈക്കം ജനാർദ്ദനും. ജനിച്ചു വളർന്നത് ഈ പഞ്ചായത്തി ലാണ്. സംസ്കൃതഭാഷ പഠന കേന്ദ്രങ്ങളും ആയുർ വ്വേദപഠനവും നാട്ടുഭാഷാ വിദ്യാലയങ്ങളും മുൻ കാലംമുതൽ ഇവിടെ നിലനിന്നിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ ഉല്ലല- കൂവം- തോട്ടകം കൊതവറ എന്നീ കരകളിൽ ഗവണ്മെന്റി ന്റേയും മാനേജ്മെന്റിന്റേയും ഉടമസ്ഥതകളിൽ നാട്ടുഭാഷാവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. അവർ ണ്ണരെയും സ്വന്തം ഗൃഹത്തിൽ ഒപ്പം പാർപ്പിച്ച് ഹിന്ദിയും സംസ്കൃതവും പഠിപ്പിച്ച പുതുപള്ളിൽ ദാമോദരപണിക്കർ അക്കാലത്തെ തികഞ്ഞ ഒരു ഉല്പതിഷ്ണു ആയിരുന്നു.

സിലോൺ ഗവണ്മെന്റിനു കീഴിൽ "ഇൻഡി ജനസ്സ്" ചികിത്സകനായി സേവനമനുഷ്ടിച്ചിരുന്ന സംസ്കൃത പണ്ഡിതനും ആയുർവ്വേദാചാര്യനു മായിരുന്ന ഡോ. എസ്സ്. കെ. വാര്യർ, ഈ ഗ്രാമത്തിലെ ശ്രേഷ്ഠനായ വൈദ്യനായിരുന്നു. കൊല്ലവർഷം 1002 ൽ ഉല്ലലയിൽ എത്തിയ ശ്രീനാരായണഗുരുവിനെ എസ്സ്.കെ.വാര്യർ, പരിശോധിച്ച് ഔഷധം കൊടുത്തിട്ടുണ്ട്. കൂടാതെ ഡോ. കെ. എസ്സ്. വാര്യർ, വല്ല്യാറമ്പത്ത് ദാമോധരകൈമൾ, മണ്ണാശേരി അച്ചുതൻ വൈദ്യർ, ശ്രീരാമത്തുതറ രാഘവൻശാന്തി, ഗോവിന്ദൻ കണിയാൻ, കുന്നാപറമ്പ് ഭാസ്കരൻ തുടങ്ങിയവർ ആയൂർവേദ പാരമ്പര്യ ചികിത്സയിലും ഡോ.സി.എ. ഭാരതി ഹോമിയോ ചികിത്സയിലും പേര് കേട്ടവർ തന്നെയായിരുന്നു. പി എസ്സ്. തോമസ് പാലത്തിങ്കൽ, കുഞ്ചറിയ, കുതിരശ്ശേരിൽ എന്നിവരും ഇക്കൂട്ടത്തിൽപ്പെടുന്നു.

സാമൂഹികാചാരങ്ങൾ ആയ തൊടുകൂടായ്മയും തീണ്ടികൂടായ്മയും തീഷ്ണമായി നിലനിന്നിരുന്ന വൈക്കത്തിന്റെ ഭാഗമായ തലയാഴത്തും അതിന്റെ വേലിയേറ്റമുണ്ടായിരുന്നു. വൈക്കം സത്യഗ്രഹ ത്തോടും ഉല്ലല ക്ഷേത്രസ്ഥാപനത്തോടും ബന്ധപ്പെ ട്ടുള്ള ശ്രീനാരായണ ഗുരുവിന്റെ വരവും ദേശീയ രാഷ്ട്രീയ നേതാവായ മഹാത്മജിയുടെ ആഗമനവും സാമൂഹ്യ രാഷ്ട്രിയ നേതാക്കളായ മന്നത്തുപത്മന ാഭന്റേയും, ടി. കെ മാധവന്റേയും, പി. കൃഷ്ണ പിള്ളയുടെയും പ്രവർത്തനങ്ങളും തലയാഴത്തെ ജനങ്ങളിലും സാമൂഹ്യ രാഷ്ട്രീയ ബോധം വളർ ത്താൻ സഹായകമായി.

വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തവരിൽ പ്രധാനികളാണ് മണ്ഡപത്തിൽ ശങ്കരൻനായർ. പുതുപ്പറമ്പിൽ നാരായണൻ നായർ, പള്ളി യമ്പിൽത്തറ കേശവൻ, മമ്പള്ളിത്തറ നാരായണൻ

എന്നിവർ, സത്യാഗ്രഹത്തിൽ പങ്കെടുക്കുന്ന സന്നദ്ധ ഭടന്മാർക്ക് എല്ലാ വിധസഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ജനങ്ങൾ തയ്യാറായി. സന്നദ്ധ ഭടന്മാർക്കുള്ള ആഹാരം തയ്യാറാക്കുന്നതിനും അതിനായി വിഭവസമാഹരണം നടത്തുന്നതിനും ശ്രീ ശങ്കരൻനായർ അവിരാമം പ്രവർത്തിച്ചു. വൈക്കം സന്ദർശിച്ച മഹാത്മാഗാന്ധി ശ്രീ ശങ്കരൻനായരെ "അമ്മ" എന്നുവിളിച്ച് ആദരിച്ചു. സവർണ്ണ- അവർണ്ണ വിത്യാസമില്ലാതെ ഒന്നിച്ചുകഴിയുന്നതിനും പ്രവർത്തിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. അവർണ്ണർക്ക് നിഷേധിച്ചിരുന്ന ക്ഷേത്രകുളത്തിൽ അയുത്തജാതിക്കാരോടോപ്പം കുളിക്കുകയും, സ്വന്തം ഭവനത്തിൽ കയറ്റി അയിത്തജാതിക്കാരോടോപ്പം " മിശ്രഭോജനം" നടത്തുന്നതിനും അദ്ദേഹം തയ്യാറായി. സന്നദ്ധഭടന്മാരായി പങ്കെടുത്തവർക്ക് സവർണ്ണ നേതൃത്വത്തിന്റെ മർദ്ദനമേല്ക്കുകയും, അറസ്റ്റ് വരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ സവർണ്ണ ക്ഷേത്രങ്ങളിലൊന്നും അവർണ്ണർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. സാമൂഹ്യ അവഗണനയ്ക്കെതിരെ പാവുന്തലക്കൽ കൃഷ്ണൻ കറുത്ത കുഞ്ഞിന്റെ നേതൃത്വത്തിൽ പൊതുനിരത്തിലൂടെ ജാഥ നടത്തിയിട്ടുള്ളതടക്കം ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിരുന്നെങ്കിലും അത് ശക്തിപ്പെട്ടത് വൈക്കം സത്യാഗ്രഹത്തോടെ ആയിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ ഈ ഗ്രാമത്തിലും അനുഭവപ്പെട്ടു. ദുസ്സഹമായ ജീവിത പ്രശ്നങ്ങളിൽ ജനം വലഞ്ഞു. ദേശീയരാഷ്ട്രീയ സാഹചര്യങ്ങളിൽ വന്ന മാറ്റം ജനങ്ങളെ കർമ്മോത്സുകരാക്കി. തൊഴിൽ രാഹിത്യവും, വർണ്ണ വ്യവസ്ഥകളുടെ തീഷ്ണതയും, രോഗവും മൂലം ക്ലേശിച്ച ജനങ്ങളുടെ ഇടയിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വളരെ വേഗം വേരോടി. സ്റ്റേറ്റ് കോൺഗ്രസിൽ തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവർ ചേരുകയുണ്ടായി. ചെറുപ്പക്കാർ തിരുവിതാംകൂർ യൂത്ത്ലീഗിലും, കയർ, ബീഡി, ചെത്ത്, കർഷകതൊഴിലാളികൾ എന്നീ രംഗങ്ങളിൽ തൊഴിലാളികൾ യൂണിയനുകൾ രൂപികരിച്ചു. അവകാശങ്ങളെക്കുറിച്ച് ചർച്ചചെയ്തു തുടങ്ങി. ഈ യൂണിയനുകളിൽ കമ്മൂണിസ്റ്റുപാർട്ടിയ്ക്ക് നിർണായക സ്വാധീനം ഉണ്ടായി. കർഷകതൊഴിലാളി യൂണിയൻ ശക്തിപ്പെട്ടു. സാമൂഹ്യാവഗണന, കുടിയിറക്ക്, കൂലിക്കുറവ്, തൊഴിലില്ലായ്മ, രോഗം, ദാരിദ്ര്യം എന്നിവയ്ക്കെതിരെ പടപൊരുതാൻ പാർട്ടി ജനങ്ങളേ പ്രേരിപ്പിച്ചു. നിരവധി നിരവധി സമരങ്ങൾ ഇവിടെ നടന്നു. ഈ സമരങ്ങൾക്ക് നേതൃത്വം കൊടുത്തത് ശ്രീ. പി. എസ്. ശ്രീനിവാസൻ, കെ. വിശ്വനാഥൻ, സി.കെ വിശ്വനാഥൻ, പത്മേക്ഷണൻ, ഉല്ലല ദാമോദരൻ തുടങ്ങിയവരായിരുന്നു. തലയാഴത്ത് ആദ്യമായി സംഘടിതരായി തീർന്നത് ബീഡിതൊഴിലാളികളായിരുന്നു. പിന്നീട് കയർതൊഴിലാളി യൂണിയൻ, ചെത്തുതൊഴിലാളി യൂണിയൻ, കർഷകതൊഴിലാളി യൂണിയൻ എന്നിവയ്ക്ക് നേതൃത്വം നൽകിയ ആദ്യകാല പ്രവർത്തകർ പത്മേക്ഷണൻ, അബ്ദുൾഖരീം, ഉല്ലല ദാമോദരൻ, കോതവറ വാവൻ, നാരകത്ത് പവിത്രൻ, പി. എ. കൊച്ച്, ഞെട്ടിയത്തറകൃഷ്ണൻ, കുന്നക്കോവിൽ, നാരായണൻ, S രാഘവൻ, N. ശങ്കരൻ, വടക്കൻ ശ്രീധരൻ, വനി താപ്രവർത്തകരായിരുന്ന വെച്ചൂത്തറ ലക്ഷമി, നാരകത്ത ഗൗരിയമ്മ കറുമ്പി, നബീസാബീവി എന്നിവരായിരുന്നു.

1947-48 കാലഘട്ടങ്ങളിലെ " ഉല്ലല കേസ്സ്" എന്നറിയപ്പെട്ട ദാമോദരൻ വെട്ടുകേസ് ഈ ഗ്രാമവാസികൾക്ക് കൊടിയ മർദ്ദനത്തെ നേരിടാനിടയാക്കിയ സംഭവമായിരുന്നു. മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്സ്. കരുണാകരൻ, മുൻമന്ത്രി പി.എസ്സ്. ശ്രീനിവാസൻ തുടങ്ങിയവർ മുഖ്യപ്രതികളായ പ്രസ്തുത കേസ്സ് കേരള ചരിത്രത്തിലെ ഒരു പ്രധാന ഭാഗമാണ്. ഈ കേസ്സിൽപ്പെട്ട് ക്ലേശപൂർണ്ണമായ ജയിൽ വാസമനുഭവിച്ചവരായിരുന്നു കാവിച്ചിറ നാരായണൽ, പി.എ. കൊച്ച്, വി.ആർ. പവിത്രൻ തുടങ്ങിയവർ.

ഐക്യ കേരള പ്രക്ഷോഭത്തിന്റെ ഭാഗമായി നടന്ന കൂത്താടുകുളം പോലീസ് സ്റ്റേഷൻ മാർച്ചിൽ പങ്കെടുത്തകുറ്റത്തിന് പോലീസ് മർദ്ദനമേറ്റു മരിച്ച ഉല്ലല ദാമോദരൻ ഇവിടുത്തെ ജനതയ്ക്ക് ഇന്നും ഒരു വീരസ്മരണയാണ്. കൊതവറവാവൻ അകാലത്തിൽ മരിക്കാൻ ഇടയായതും കൊടിയമർദ്ദന ഏൽക്കേണ്ടിവന്നതുകൊണ്ടാണ്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിന് തൊഴിലാളി സംഘടനകളിലെ കുടുംബയോഗങ്ങൾ സഹായിച്ചിട്ടുണ്ട്. പി. കൃഷ്ണപിള്ള, പി. റ്റി. പുനൂസ്, ഇ . എം. എസ്സ്. എന്നിവരുടെ ഈ പ്രദേശത്തെ സന്ദർശനങ്ങൾ, സാംസ്ക്കാരിക സെമിനാറുകൾ, ഗ്രാമീണ കലാപരിപാടികൾ, ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും, നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കെ.പി.എം.എസ്, അഖില കേരള വാലസമുദായ സേവാ സമിതി, മിഷൻ പ്രവർത്ത

നങ്ങളിലും എല്ലാ രംഗങ്ങളിലും ബന്ധപ്പെടുന്നതിനും സഹിഷ്ണതയോടെ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ഇവിടുത്തെ ജനങ്ങൾ തയ്യാറായി. പരിമിതമായ ജീവിതസൗകര്യങ്ങളാണ് അന്നും ഇന്നും ഉള്ളതെങ്കിലും ഉയർന്ന സംസ്ക്കാരത്തിനും, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും, മതമൈത്രിയിലും, കലാകായികരംഗങ്ങളിലും സാക്ഷരതയിലും, പഞ്ചായത്തിലെ ജനത ഉയർന്ന നിലവാരം തന്നെ പുലർത്തുന്നു. രാഷ്ട്രീയ സംഘട്ടനങ്ങൾ, കുറ്റകൃത്യങ്ങൾ ഇവ വളരെ കുറവുള്ള ഗ്രാമം എന്ന സവിശേഷത നിലനില്ക്കുന്നു,

പാട്ടകൃഷി നിയമവും കുടികിടപ്പു നിയമവും നടപ്പിലായതോടെ ഗ്രാമത്തിലെ മുഴുവൻ പാട്ട കൃഷിക്കാർക്കും കുടിക്കിടപ്പുക്കാർക്കും ഭൂവുടമാവാകാശം അനുവദിച്ചുകിട്ടി. പാട്ടഭൂമി പതിച്ചു കിട്ടുന്നതിനും, കുടികിടപ്പുവകാശത്തിനും, മിച്ചഭൂമി പതിച്ചുകിട്ടുന്നതിനും വേണ്ടി നിരവധി സമരങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. എം.എ. ശ്രീധരൻ ഈ സമരകാലത്തെ പ്രവർത്തകനായിരുന്നു.

1949-ൽ തിരുകൊച്ചി മന്ത്രിസഭാഗമായിരുന്ന ശ്രീ.കെ. കൊച്ചുകുട്ടനും, 1960-മുതലുള്ള കാലഘട്ടങ്ങളിൽ കേരളത്തിലെ വിവിധ നിയമസഭകളിലും മന്ത്രിസഭകളിൽ അംഗമായിരുന്ന ശ്രീ. പി.എസ്. ശ്രീനിവാസനും, ബാലസാഹൃത്യത്തിൽ ലോകപ്രശസ്തനായ പ്രഫസർ എസ്സ്. ശിലദാസും, വത്തിക്കാനിലെ പൊന്തിഫിക്കൽ ഡലിഗേറ്റ് ആയിരുന്ന മാർ എബ്രഹാം കാട്ടുമനയും ഈ ഗ്രാമത്തിൽ ജനിച്ചവരാണ്.

1953-ൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യപഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു. അതിനുമുമ്പ് 1943- മുതൽ വില്ലേജ് കമ്മറ്റിയും നിലവിൽവന്നിരുന്നു. പഞ്ചായത്തുകളുടെ പരിമിതമായ അധികാര പരിധിക്കുള്ളിൽ നിന്നും കൊണ്ട് സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസനാവശ്യങ്ങൾ നടത്തുന്നതിനും വിവധ കാലഘട്ടങ്ങളിലെ പഞ്ചായത്തു ഭരണസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള 24 കലാസാംസ്കാരിക സമിതികളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ക്ലബുകളിൽ അധികവും ഓണാഘോഷപരിപാടികളിൽ മാത്രം മുൻതൂക്കം കൊടുത്തുവരുന്നു. കലാകായികമൽസരങ്ങൾ, സാംസ്കാരികസമ്മേളനങ്ങൾ, വിവിധ നാടൽകലകളായ ചവിട്ടുകളി, കോൽകളി, ഉടുക്ക്പാട്ട് എന്നിവ നടത്തുന്നതിന് ഈ ആഘോഷങ്ങൾ ഉപകരിക്കുന്നു.

ക്ഷേത്രോൽസവങ്ങളിൽ അനുഷ്ഠാന കലകളായ കളമെഴുത്തും, പാട്ടും തീയാട്ടും ഇവിടെ നടന്നുവരുന്നുണ്ട്. കൂത്ത് കഥകളി, മുടിയേറ്റ്, ഓട്ടൻതുള്ളൽ എന്നിവയും കഥാപ്രസംഗം, ഡാൻസ്, നാടകം എന്നിവയും ക്ഷേത്രങ്ങളിൽ ഉത്സവങ്ങളിലെ പ്രധാന ഇനങ്ങളാണ്. ഓങ്കാരേശ്വരം ക്ഷേത്രത്തിലെ ഭരണി ഉത്സവത്തിൽ വലിയ ജനക്കൂട്ടം ഉണ്ടാകാറുണ്ട്. കാവടിയാട്ടം ഒരു പ്രത്യകതയാണ്. കുഭകുടവും നടത്തിവരുന്നു.

നാഗാരാധനയാണ് പ്രധാനമായ ആരാധന. സർപ്പക്കാടുകളും, കുളങ്ങളും എറ്റവും കൂടുതലുള്ള പഞ്ചായത്താണ് ഇത്. കാടുകൾ കുറഞ്ഞുവെങ്കിലും സർപ്പംപ്പാട്ടും, സർപ്പക്കളവും ഇന്നും നിലനിൽക്കുന്നു. മീനം, മേടം മാസങ്ങളിൽ നടന്നുവരുന്ന ഉദയംപൂജ എന്ന ആരാധന രീതികളും ഈ പഞ്ചായത്തിലെ പ്രത്യകതകളാണ്. ഉല്ലല യംഗ് മെൻസ് ക്ലബ് & ലൈബ്രറിയാണ് പഞ്ചായത്തിലെ എകവായനശാല. 1954 ജൂലൈ 23-ന് രജിസ്റ്റർ നമ്പർ 1649 ആയി കേരള ഗ്രന്ഥശാലസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ലൈബ്രറിയുടെ സ്ഥലം സൗജന്യമായി നൽകിയത് മാരാമുറ്റത്ത് ശ്രീ. നാരായണൻ നമ്പൂതിരിപ്പാടാണ്. ശ്രീ. പി. എൻ പണിക്കർ ഉല്ലലയിൽ വന്ന് കെട്ടിടംപണികൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. കണ്ണേഴത്ത് ശ്രീ K.N. കൃഷ്ണൻകുട്ടിനായർ ഈ ലൈബ്രറിയുടെ പ്രധാന പ്രവർത്തകനാണ്. ലൈബ്രറിക്ക് ഇപ്പോൾ 3 സെന്റ് സ്ഥലവും കെട്ടിടവും 31038 രൂപാ വിലയുള്ള 5854 പുസ്തകങ്ങളും മറ്റ് ഫർണിച്ചറുകളും ഉണ്ട്. കൂടാതെ കളർ ടെലിവിഷൻ, സ്പോർട്സ് സാമഗ്രികൾ എന്നിവയും ഉണ്ട്. സാക്ഷരത കൃഷി പുസ്തക കോർണർ, വയോജന വിദ്യഭ്യാസം തുടങ്ങിയവയും നടത്തിയിരുന്നു. ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ക്യാൻസർ പരിശോധനക്യാമ്പ് അടക്കം നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരളാ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമാണ്. സാക്ഷരത പ്രവർത്തനത്തിലും മറ്റ് സാമൂഹ്യമണ്ഡലങ്ങളിലും പരിഷത്തിന്റെ പ്രവർത്തനം പ്രശംസനിയവുമാണ്. സൗജന്യ നേത്രശസ്ത്രക്രിയാ ക്യാമ്പുകൾ നടത്തി നിരവധി അന്ധർക്ക് കാഴ്ച തിരിച്ച് കൊടുക്കുന്നതിൽ തലയാഴം ലെനിൽ ബാല വേദി, ഉല്ലല വോളിക്ലബുകൾ പ്രവർത്തിച്ചിട്ടുണ്ട്. കാൻഫെഡ്, നെഹ്രുയുവക് കേന്ദ്രാ

സംഗീത നാടക അക്കാദമി എന്നിവയുമായി ബന്ധപ്പെട്ട് ക്ലബുകൾ പ്രവർ ത്തിച്ചുവരുന്നു.

ചകിരിനാരും, വക്കയും പിരിച്ച് വലനിർമ്മിച്ച് മത്സ്യബന്ധനം നടത്തുന്നവരായിരുന്നു ഈ ഗ്രാമത്തിലെ മത്സ്യതൊഴിലാളികൾ. ഇന്ന് ഈ രംഗത്ത് നൈലോൺ, സീറോ, മുതലായ ആധുനിക വലകളുപയോഗിച്ച് മത്സ്യം പിടിക്കുന്നു. വേമ്പനാട്ടു കായലിന്റെ തീരത്ത് തിങ്ങിപ്പാർക്കുന്ന ഇവർ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്.

ഈ പഞ്ചായത്തിൽ തലങ്ങും, വിലങ്ങുമായി ഒഴുകുന്ന 16- തോടുകൾ ഈ ഗ്രാമത്തെ ഫലഭൂയിഷ്ടമാക്കുന്നു.

നെല്ലും, തെങ്ങുമാണ് പ്രധാനകൃഷി. മാവ്, പ്ലാവ്, തേക്ക്, കശുമാവ് തുടങ്ങിയ മരങ്ങളും, കപ്പയും, വാഴയും മററ് എല്ലാവിധ പച്ചകൃഷിയ്ക്കും അനുയോജ്യമായ ഭൂവിഭാഗമാണ് ഈ പ്രദേശം. റബ്ബർ കൃഷിയും ആരംഭിച്ചിട്ടുണ്ട്.



# 4
# ഭൂപ്രകൃതി

വച്ചനെൽപാടങ്ങളും, തെങ്ങിൻ തോപ്പുകളും, തോടുകളും കായലോരങ്ങളും കൊണ്ട് മനോഹരമായ തലയാഴം ഗ്രാമം വൈയ്ക്കം പട്ടണത്തിന്റെ തെക്കു കിഴക്കുമാറി സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് വൈയ്ക്കം മുനിസിപ്പാലിറ്റി, ഉദയനാപുരം പഞ്ചായത്ത് എന്നിവയും, കിഴക്കുഭാഗത്ത് കല്ലറ പഞ്ചായത്തും പടിഞ്ഞാറ് റ്റി.വി പുരം പഞ്ചായത്തും തെക്കുഭാഗത്ത് വെച്ചൂർ പഞ്ചായത്തുമാണ് ഉള്ളത്. 22.41 ചതുരശ്രകിലോമിറ്ററാണ് ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം.

പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറുമായി ഏകദേശം 9 കിലോമീറ്ററോളം ദൂരം കരിയാറും, കിഴക്കുഭാഗത്ത് എതാണ്ട് അത്രയും തന്നെ നീളത്തിൽ കെ. വി കനാലും, തെക്കുപടിഞ്ഞാറ് 3 കിലോമീറ്ററോളം വേമ്പനാട്ടുകായലുമാണ് അതിർത്തി.

5479 ഏക്കർ 18 സെന്റ്. 084 ലിങ്ക്സ് ആണ് പഞ്ചായത്തിന്റെ മൊത്ത വിസ്തീർണ്ണം. പുരയിടം, നിലം എന്നിവ വേർതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ഏക്കർ | സെന്റ് | | ലിങ്ക്സ് |
|---|---|---|---|
| പുരയിടം | 1313 | 01 | 683 |
| നിലം | 3198 | 28 | 861 |
| പുറംപോക്ക് | 967 | 31 | 456 |
| | | 56 | 084 |
| ആകെ | 5479 | 18 | 084 |

തലയാഴം, പുന്നപ്പൊഴി, കണ്ടൻതുരുത്ത്, പള്ളിയാട്ട്, മുഴുത്തുരുത്ത്കൂവം, ചേന്തുരുത്ത്, വാഴക്കാട്, പനച്ചിത്തുരുത്ത്, ഉല്ലല, ഇടയുല്ലല, കൊതവറ, തോട്ടകം എന്നീ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

തീരസമതലങ്ങളും, ഉയർന്ന നിരപ്പാർന്ന പ്രദേശങ്ങളും ചതുപ്പുനിലങ്ങളും കരിനിലങ്ങളും ഉൾപ്പെട്ട ഭൂപ്രദേശമാണ് തലയാഴം പഞ്ചായത്ത്. മൂവാറ്റുപുഴയാറിന്റെയും മീനച്ചലാറിന്റെയും ശാഖകളും ഉപശാഖകളും ഈ പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ടെങ്കിലും എക്കൽ സമൃദ്ധമായ തടപ്രദേശങ്ങൾ ഒന്നും തന്നെയില്ല.

പട്ടിക. 1 എ

പട്ടിക. 1-ബി

വൈയ്ക്കം താലൂക്കിലെ 16000 ഏക്കർ വിസ്തൃതിയുള്ള നെൽപാടത്തിൽ ഏക്കർതലയാഴം പഞ്ചായത്തിലാണ്. അപ്പർ കുട്ടനാട്ടിലെ ഏറ്റവും ഫലഭുഷ്ടികുറഞ്ഞതും, അമ്ലരസം കൂടുതലുള്ളതും, തട്ടുറപ്പില്ലാത്ത കുറമ്പൻ ചെളിമണ്ണും ചേർന്നതാണ് കരിനിലങ്ങൾ. നീർവാർച്ചകുറഞ്ഞ ചതുപ്പുനിലങ്ങളും, ചുവന്ന കളിമണ്ണും , ചൊരിമണലും കലർന്ന നിരപ്പായ പ്രദേശങ്ങളും പഞ്ചായത്തിനു കുറുകെ സഞ്ചരിച്ചാൽ കാണാൻ കഴിയും. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ഫലഭുഷ്ടമായ ഇരുപ്പുനിലങ്ങളും തെങ്ങിൻ തോപ്പുകളുമാണുള്ളത്.

സമുദ്രനിരപ്പിൽ നിന്നും 8 അടിവരെ താഴ്ച്ചയുള്ള കരിനിലങ്ങളിൽ ഇരുപ്പുകൃഷി നടത്തുന്നതിനുവേണ്ടി മണ്ണുകൊണ്ടുള്ള ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതു വിജയിക്കാറില്ല. തെക്കുപടിഞ്ഞാറൻ മൺസൂൺകാലത്തും അതിന്റെ പിൻവാങ്ങൽ കാലത്തും ജലനിരപ്പ് ക്രമാതീതമായി ഉയരും. മുൻകാലങ്ങളിൽ വിസ്തൃതമായ പാടശേഖരങ്ങളിൽ

മുഴുവനായും ഉൾകൊണ്ടിരുന്ന ജലൗഘത്തെ ഈ പഞ്ചായത്തിലെ തോടുകൾക്ക് ഉൾക്കൊള്ളുവാൻ ആകുന്നില്ല. തന്മൂലം താഴ്ന്നപ്രദേശങ്ങൾ ജലത്തിനടിയിലാകുന്നു. ബണ്ടുകൾ തകർന്ന് കൃഷി നശിക്കുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുകയും ചെയ്യുന്നത് സാധാരണമാണ്. ഇതുമൂലം 1,3,6,7,8,9, വാർഡുകളിലെ ജനങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുന്നു. കൂടാതെ റോഡുകൾ തകരുകയും രോഗവും പട്ടിണിയും പെരുകുകയും ചെയ്യുന്നു. ഇവയെല്ലാംകൊണ്ട് ഇരുപ്പുകൃഷിക്ക് വേണ്ടി ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഒരുതവണ മാത്രമേ കൃഷിയിറക്കാറുള്ളൂ.

# തലയാഴം പഞ്ചായത്ത് പഠന പര്യടനം

കൊതവറ — വനം വടക്കേ ബ്ലോക്കിന്

വേമ്പനാട്ട് കായൽതീരം — കിഴക്ക് K.V കനാൽ

| ഭൂപ്രകൃതി | തോടുകൾ ചിറകൾ ചതുപ്പ് | ഉയർന്ന സ്ഥലങ്ങൾ | ഇടത്താഴ നിരപ്പ്നിലം | ഉയർന്ന നിരപ്പുള്ള സ്ഥലങ്ങൾ | തോടുകളും ചിറകളും ചരിവുയരവുള്ള പ്രദേശം | ഏറ്റവും ഉയർന്ന ഭാഗങ്ങൾ | വിരിപ്പ് നിലങ്ങൾ വെള്ളക്കെട്ടുകൾ | തോടുകളും ചിറകളും ഉള്ളസ്ഥലം | താഴ്ചയേറിയ കരിനിലങ്ങൾ |
|---|---|---|---|---|---|---|---|---|---|
| മൺതരം | തീരദേശം എക്കൽ മണ്ണ് | പൊരി മണ്ണൻ | എക്കൻ മണ്ണ് | പൊരി മണ്ണൻ | എക്കൻമണ്ണും പൊരിമണലും ഇടകലർന്നു കാണുന്നു | ഫലഭൂഷ്ടി കുറഞ്ഞ പൊരിമണൽ | പൊരിമണലും ചെളിയും | ചെളിയും പൊരിമണലും | ഫലഭൂഷ്ടി കുറഞ്ഞചെളി |
| സസ്യാവരണം | കണ്ടൽ തെങ്ങ് വാഴ,നെല്ല് കൊക്കോ ജാതി,കൈത | തെങ്ങ്,നെല്ല് വാഴ,പച്ചക്കറി റബ്ബർ, സർപ്പക്കാവുകൾ | | തെങ്ങ്,വാഴ,മരച്ചീനി കുരുമുളക്,റബ്ബർ,ജാതി ഗ്രാമ്പു, കൊക്കോ, പച്ചക്കറികൾ അപൂർവ്വസസ്യങ്ങൾ സർപ്പക്കാവുകൾ.കൈതകൾ | | തെങ്ങ്,കവുങ്ങ് കുരുമുളക്,കൊക്കോ വാഴ,റബ്ബർ,അപൂർവ്വ വൃക്ഷങ്ങൾ,സർപ്പക്കാവുകൾ, കൈതകൾ | നെല്ല്, തെങ്ങ് പച്ചക്കറി | കൈത, തെങ്ങ്,വാഴ മരച്ചീനി,മധുരക്കിഴങ്ങ് കൊക്കോ റബ്ബർ | നെല്ല് തെങ്ങ് കൈത വാഴ |
| പരിസ്ഥിതിക പ്രശ്നം | 50-എക്കർ കായൽനികത്തി കരയാക്കി കക്കായിറച്ചി നിർമ്മാണം ചകിരിനിർമ്മാണം | നീരൊഴുക്കില്ല നിലംനികത്തി ഇതരകൃഷികൾ ചെയ്യുന്നു. | | കുടിവെള്ളക്ഷാമം | | കലിങ്കുകളും,ഓടകളും,ആഞ്ഞു പോയിരിക്കുന്നു. കുടിവെള്ളക്ഷാമം | നിലംനികത്തി തെങ്ങുവയ്ക്കുന്നു ആഫ്രിക്കൻ പായൽ പോളകൾ വളരുന്നു കുടിവെള്ളക്ഷാമം | | താറാവുകൾ കന്നുകൾ എന്നിവയുടെ കൂടുകൾ,ജലത്തിലേയ്ക്കുള്ള കക്കൂസ് നിർമ്മാണം. നീറ്റുകക്കാചൂളകൾ, രാസവളകീടനാശിനികളുടെ വർദ്ധിച്ച ഉപയോഗം |

പട്ടിക. 1 എ

പഞ്ചായത്തിലെ കൈവശ ഭൂമിയുടെ വിവരം

| വിസ്തീർണ്ണം | ഉടമസ്ഥരുടെഎണ്ണം |
|---|---|
| എക്കർ | സെന്റ് |
| 1 മുതൽ10 വരെ | 1649 |
| 10 മുതൽ 25 വരെ | 1440 |
| 25 മുതൽ 50 വരെ | 884 |
| 50 മുതൽ 100 വരെ | 3117 |
| 1 മുതൽ 2 വരെ | 1922 |
| 2 മുതൽ 5 വരെ | 1343 |
| 5 നു മേൽ | 8 |

പട്ടിക 1 ബി

പഞ്ചായത്തിലെ പുറമ്പോക്കു ഭൂമിയും അവയുടെ വിസ്തീർണ്ണവും

| ഭൂവിവരം | ഏക്കർ | സെന്റ് | ലിംഗ്സ് |
|---|---|---|---|
| പുഴകൾ | 255 | 21 | 679 |
| കായൽ | 487 | 85 | 643 |
| ലക്ഷംവീട് | 11 | 09 | 500 |
| ആരാധനാലയം | 4 | 08 | 500 |
| റോഡ്, വഴി | 16 | 93 | 381 |
| റവന്യൂ (വില്ലേജ് ഓഫിസ്) | | 26 | 705 |
| സർക്കാർ സ്ഥാപനങ്ങൾ | 1 | 24 | 295 |
| കുളം, കിണർ | 1 | 10 | 250 |
| തോടുകൾ | 189 | 51 | 503 |
| ആകെ | 967 | 31 | 456 |

# ജലപ്രകൃതി

മൂന്നുകിലോമിറ്ററോളം ഭാഗം വേമ്പനാട്ടു കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പഞ്ചായ ത്തിന്റെ മൂന്നുഭാഗങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. അതിർത്തികളായി വിവരിച്ച ജലാശയങ്ങൾക്ക് പുറമേ പഞ്ചായത്തിന്റെ തലങ്ങും വിലങ്ങുമായി ചെറുതും വലുതുമായ തോടുകളും അനേകം കുളങ്ങളും കിണറുകളും ഉണ്ട്. കർഷകരെ ഓരുവെള്ള ഭീഷണിയിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി കരിയാറിന്റെ പതന മുഖത്ത് താല്ക്കാലീക ബണ്ടുകെട്ടി ആറുമാസം നീരൊഴുക്ക് തടയാറുണ്ട്. മാർച്ച്, എപ്രിൽ, മെയ് മാസങ്ങളിൽ രൂഷമായ വരൾച്ച ഈ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളെ ബാധിക്കുന്നു. കുളങ്ങളും, കിണറുകളും വറ്റുന്നു. കുടിവെള്ളക്ഷാമം പഞ്ചായത്തിലുടനീളം അനുഭവപ്പെടുന്നു. റോഡു നിർമ്മാണത്തിനും മറ്റുമായി നീർച്ചാലുകൾ പലതും നികത്തുന്ന പ്രവണത സമീപകാലത്തായി വർദ്ധിച്ചു വരുന്നുണ്ട്. കൂടാതെ പുരയിടങ്ങളിലെ കുളങ്ങളും അപ്രത്യഷമായിക്കൊണ്ടിരിക്കുന്നു.

# പ്രധാന തോട്ടങ്ങൾ

1. പൂന്തുരുത്തിൽ- കുപ്പേടിക്കാവ്,
2 പനച്ചിത്തുരുത്ത്- കരിയാർ
3 വാക്കേത്തറ- K.V കനാൽ
4 മാരാംവീട്- K.V കനാൽ
5 കൂവംതോട്
6 വല്ലയിൽ കണ്ടതുരത്തു തോട്
7 കുരുന്നക്കട- കൂവം
8 പള്ളിയോട്-പാലചുവടുതോട്
9 ആമയടിതോട്
10 ആലത്തൂർ-തൃപ്പക്കുടം തോട്

11 മത്തുങ്കൽ-കണ്ണാടി പടി തോട്

12 ഇടുല്ലല തോട്

13 വനം തോട്

14 വാഴക്കാട് തോട്

ഇവയെല്ലാം കൂടി 30 കിലോമിറ്ററോളം നീളം വരും. ഇവയെല്ലാം കരിയാറും, വേമ്പനാട്ടുകായലുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പഞ്ചായത്തിന്റെ വടക്കും കിഴക്കും കൂടി ഒഴുക്കുന്ന കരിയാറിലും K.V. കനാലിലും നിന്ന് വൻതോതിൽ മണൽ വാരുന്നതുനിമിത്തം പുഴയുടെ ആഴം വർദ്ധിക്കുന്നതിനാൽ കോടിക്കണക്കിനു രൂപാമുടക്കി നിർമ്മിച്ചിരിക്കുന്ന പുഞ്ചപ്പാടങ്ങളുടെ ബണ്ടുകൾ തകരുന്നതിനും കൃഷി നാശത്തിനും കാരണമാകുന്നു.

## ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് തലയാഴം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 19488 ആണ്. ഇതിൽ 9754 സ്ത്രികളും 9734 പുരുഷന്മാരും ഉണ്ട്. ആകെ വീടുകളുടെ എണ്ണം 3859 ആണ്. അതായത് വീടൊന്നിന് ശരാശരി 5.5ആളുകൾ താമസിക്കുന്നു. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 880 ആണ്. പഞ്ചായത്തിലെ മുഖ്യതൊഴിലുള്ളവർ 4107 പുരുഷന്മാരും 2375 സ്ത്രീകളും ഉൾപടെ6482 പേരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 35.7 ശതമാനം വരും. 31-1-1996-ൽ അംഗനവാടിയിൽ നിന്നും ശേഖരിച്ച കണക്കുപ്രകാരം 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 824ഉം ജനന നിരക്ക് 14.78ഉം ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ഊർജിതമായ ജനസംഖ്യാ നിയന്ത്രണമാണ് പ്രധാന കാരണം. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 2142 ആണ്. അവരിൽ 1082 സ്ത്രീകളും 1060 പുരുഷന്മാരും ഉണ്ട്. ആകെ ജനസംഖ്യയിൽ 95.4 പേർ സാക്ഷരരാണ്.

വിദ്യാഭ്യാസരംഗത്ത് കോട്ടയം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് തലയാഴം പഞ്ചായത്ത്. അഭ്യസ്തവിദ്യരുടെ എണ്ണം ക്രമമായി വർദ്ധിക്കുന്നുണ്ട്. എന്നാൽപഠനനിലവാരം തുലോം പിന്നോക്കമാണ്. അടിയന്തര ശ്രദ്ധ ഈ രംഗത്ത് പതിയേണ്ടിയിരിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. അതുകൊണ്ടുതന്നെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമല്ല. കാർഷികരംഗം ആദായകരമല്ലാതായതോടെ ആ രംഗത്തു നിന്നും തൊഴിലാളികൾ വ്യാപകമായി മറ്റു രംഗങ്ങളിലേക്ക് തിരിഞ്ഞിരിക്കുന്നു. കെട്ടിടനിർമ്മാണ രംഗത്തേക്കുള്ള തൊഴിലാളികളുടെ കടന്നുകയറ്റം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയായ കയർരംഗവും, മത്സ്യമേഖലയും പ്രതിസന്ധിയും തകർച്ചയും നേരിടുന്നു. സ്ത്രീ തൊഴിലാളികൾക്ക് അല്പമെങ്കിലും ആശ്വാസം നൽകുന്നത് തഴപ്പായ് വ്യവസായമാണ്. എന്നാൽ അവിടേയും മദ്ധ്യവർത്തികളുടെ കടന്നുകയറ്റം മൂലം തൊഴിലാളികളുടെ അദ്ധ്വാനത്തിന് തക്ക പ്രതിഫലം ഇപ്പോൾ ലഭിക്കുന്നില്ല. കറവമാടുകളെ വളർത്തുന്നതിന് മതിയായ പ്രോത്സാഹനവും കൂടുതൽ ഊന്നലും നൽകേ കണ്ടതാണ്. 2529 കറവമാടുകൾ 1992 ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലുണ്ട്. കന്നുകാലി വളർത്തലിന് വൻപിച്ച സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഈ പഞ്ചായത്ത്.



# 5
# വികസനമേഖലകൾ
## 5.1
## കൃഷിയും ജലസേചനവും

### കൃഷിയും ജലസേചനവും

തലയാഴം പഞ്ചായത്ത് തികച്ചും കാർഷിക പ്രധാനമായ ഒരു ഗ്രാമമാണ്. പ്രധാനകൃഷി നെല്ലും തെങ്ങുമാണ്. ഇടവിളയായി വാഴയും മറ്റു പച്ചക്കറികളും കൃഷിചെയ്തു വരുന്നു. ജനങ്ങളുടെ മുഖ്യ ജീവനോപാധികൾ കൃഷിയും അതുമായി ബന്ധപ്പെട്ട മേഖലകളുമാണ്. 5535 ഏക്കർ ഭൂമിയാണ് പഞ്ചായത്തിന്റെ ആകെ വിസ്തൃതി ഇതിൽ 3198 ഏക്കർ കരിനിലങ്ങളാണ്. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 57.77% ശതമാനം വരും. പുറമ്പോക്കുഭൂമി 967 ഏക്കറും തരിശ്56 ഏക്കറും ആണെന്ന് വില്ലേജ് ഓഫിസിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നു. കൃഷിഭവൻ രേഖകൾ പ്രകാരം കൃഷിനിലം 1100 ഹെക്ടറും പുരയിടം 523 ഹെക്ടറും പുറമ്പോക്ക് 386 ഹെക്ടറും കൃഷിയോഗ്യ തരിശ് 179 ഹെക്ടറും കൃഷിയോഗ്യമല്ലാത്ത തരിശ് 24 ഹെക്ടറും ഉൾപ്പെടെ ആകെ 2214 ഹെക്ടർ ഭൂമിയാണ് കാണാൻ കഴിയുന്നത്.

നൂറ്റാണ്ടുകൾക്കു മുമ്പായിരുന്നു നമ്മുടെ ഗ്രാമത്തിലെ കാർഷിക ചരിത്രവും ആരംഭിക്കുന്നത്. ജന്മിയുംകുടിയാനും കർഷകതൊഴിലാളിയുമായിരുന്നു ഇവിടുത്തെയും അടിസ്ഥാന വർഗ്ഗങ്ങൾ ജാതിവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്തെ ഭൂമിയിലേക്കുള്ള ഉടമസ്ഥാവകാശം പൂർണ്ണമായും ജന്മിമാരിലും കൃഷിചെയ്യുവാനുള്ള ഉത്തരവാദി പാട്ടക്കാരനിലുമാണ് നിക്ഷിപ്തമായിരുന്നത്. കൃഷി പിഴ സംഭവിച്ചാലും ഉല്പാദനം കുറഞ്ഞാലും പാട്ട വ്യവസ്ഥ ലംഘിക്കുവാനുള്ള അവകാശം പാട്ടക്കാരനില്ലായിരുന്നു. യന്ത്രസാമഗ്രികൾ ലഭ്യമില്ലാതിരുന്ന അക്കാലത്ത് ഓരോ കാർഷിക കുടുംബങ്ങളിലും നിലം ഉഴുതുന്നതിനുവേണ്ടി കന്നുകളെ വളർത്തിയിരിന്നു. ചാണകവും പച്ചിലയുമായിരുന്നു പ്രധാന വളങ്ങൾ. കീടനാശിനിയായി പുകയിലകഷായം ചാരംതൂളൽ എന്നിവ ഉപയോഗിച്ചിരുന്നു. അക്കാലങ്ങളിൽ സാധന സേവനങ്ങൾക്കു പകരം നെല്ലായിരുന്നു കൂലിയായി നൽകിയിരുന്നത്. നാടൽ വിത്തിനങ്ങളായ ആര്യനും മുണ്ടനും ഞവരയും അത്തിക്കിരാഴിയും എല്ലാമാണ് കൃഷി ചെയ്തിരുന്നത്.

കാട്ടുതീയിൽ വൻകാടുകൾ വെന്തെരിഞ്ഞ് ചതുപ്പായി രൂപം കൊണ്ടതാണ് കരിനിലങ്ങൾ എന്ന് പഴമക്കാർ പറയുന്നു. നമ്മുടെ പഞ്ചായത്തിന്റെ പ്രധാനഭാഗം ഉർപ്പെടുന്ന ഈ നിലങ്ങൾ വനം ബ്ലോക്ക് എന്ന പേരിൽ അറിയപ്പെടുന്നു. ജലനിരപ്പിലും താഴ്ന്ന ഈ കരിനിലങ്ങൾ പുറം ബണ്ടുകൾ നിർമ്മിച്ച് 6 മുതൽ 26 വരെയുള്ള ഇഞ്ചുകളുള്ള ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ചാണ് കൃഷിചെയ്തത്.

### തെങ്ങുകൃഷി

നമ്മുടെ പഞ്ചായത്തിൽ 750 ബ ഹെക്ടർ പുരയിടങ്ങളിൽ തെങ്ങുകൃഷിചെയ്യുന്നു. കൃഷി ഭൂമിയുടെ ഏതാണ്ട് 33% വരും ഇത് ഒരു ഹെക്ടർ തെങ്ങിൻ പുരയിടത്തിൽനിന്ന് 20000തേങ്ങയാണ് ഇപ്പോൾ നമ്മുക്ക് ലഭിക്കുന്നത്. എന്നാൽ ഇത് ഉൽപാദനക്ഷമതയിൽനിന്ന് 4000 കുറവാണ് ഇനി

കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സാധ്യതയില്ല.

## ഉൽപാദനക്ഷമത

**മു**ൻ കാലങ്ങളിൽ തേങ്ങാ ഉൻപാദനത്തോളം പ്രാധാന്യമുള്ളതാണ് കള്ള്ഉൽപാദനം എന്നാൽ തെങ്ങുകൾ രോഗബാധിതമായതോടെ ഈ സാധ്യതയ്ക്ക് മങ്ങലേറ്റു. ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തുനിന്ന് വൻതോതിൽ തെങ്ങിൻകള്ള് മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. തേങ്ങയിൽനിന്നും ലഭിക്കുന്നതിനേക്കാൾ കൂടിയ വരുമാനം തെങ്ങുചെത്തുന്നതിൽ നിന്ന് പാട്ടമായി കർഷകന് ലഭിച്ചിരുന്നു. ഇവിടെ വൽതോതിൽ ഉൽപാദിപ്പിച്ചിരുന്ന കള്ള് ഉപയോഗിച്ചാണ് സമീപ പ്രദേശമായ തോട്ടുവക്കത്തെ ദേവികുളം ഡിസ്റ്റിലറി കൊക്കോബ്രാണ്ടി നിർമ്മിച്ചിരുന്നത്. എന്നാൽ ഇന്ന് പ്രദേശികമായി പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾക്ക് ആവശ്യമുള്ള കള്ള് ഉൽപാദിപ്പിക്കുവാൻ പോലും കഴിയുന്നില്ല. ഇതിന് പ്രധാന കാരണം തെങ്ങുകൾക്ക് വ്യാപകമായി രോഗബാധയുണ്ടായതാണ്. പരമ്പരാഗതമായി ഈ രംഗത്ത് 200-ഓളം പേർ തൊഴിലെടുക്കുന്നു.

പ്രധാന കൃഷിയും അതിന്റെ ഉൽപാദനമായ തേങ്ങയുമായി ബന്ധപ്പെട്ട് വിവധ തൊഴിൽ മേഖലകൾ നാട്ടിൽ പ്രവർത്തിക്കുന്നു. ഇതിൽ പ്രധാനപ്പെട്ട വ്യവസായം തെങ്ങാ വെട്ടുകളങ്ങളായിരുന്നു. അനുബന്ധമായി ആട്ടുമില്ലുകൾ പ്രവർത്തിച്ചിരുന്നു. തൊണ്ടഴുക്കി ചകിരിയെടുത്ത് കയറും കയറുല്പന്നങ്ങളും വീടുകളിലും തൊഴിൽ ശാലകളിലും നിർമ്മിച്ചിരുന്നു. ഇത് ഇടത്തരം കുടുംബങ്ങളുടെ പ്രധാന ഉപജിവനമാർഗമായിരുന്ന ഈ തൊഴിൽ ഇപ്പോൾ കുറഞ്ഞിരിക്കുന്നു.

മുൻകാലങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളും ഓലമേഞ്ഞതായിരുന്നു. എന്നാൽ കോൺക്രീറ്റ് കെട്ടിടങ്ങളുടെ വരവോടുകൂടി തെങ്ങുംഓലയും ഉപയോഗിച്ചുള്ള വീടു നിർമ്മാണം കുറഞ്ഞുവരികയാണ്. എങ്കിൽ കൂടി നമ്മുടെ പഞ്ചായത്തിൽ 26% വീടുകളും ഓലമേഞ്ഞതാണ്. (1433) ഗാർഹികാവശ്യത്തിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽ ഒരു വർഷം 9150550 രൂപയുടെ വിറകാണ് ഉപയോഗിക്കപ്പെടുന്നത്. ഇതിന്റെ 90% വും തെങ്ങുൽപ്പന്നങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.

ഈ വിധത്തിൽ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിലും ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക ജീവിതത്തിലും തെങ്ങിനും അതിന്റെ ഉൽപ്പന്നങ്ങൾക്കും നിർണ്ണായകമായ സ്വാധീനമാണുള്ളത്. എന്നാൽ ഇന്ന് പഞ്ചായത്തിലുള്ള ഭൂരിഭാഗം തെങ്ങുകളും രോഗബാധിതമാണ്.

രോഗബാധിതമായ തെങ്ങുകളുടെ വിവരങ്ങൾ

| രോഗവിവരം | ബാധിച്ചതെങ്ങുകളുടെ എണ്ണം |
|---|---|
| വേരുചിയൽ | 37360 |
| കാറ്റുവീഴ്ച | 18530 |
| കുമ്പുചിയൽ | 1118 |
| ചെന്നീരൊലിപ്പ് | 802 |
| മറ്റുള്ളവ | 102798 |
| ആകെ | 170680 |

## വളപ്രയോഗവും ജലസേചനവും

തോടുകളും കുളങ്ങളും, പുഴയും സാർവ്വത്രികമാണെങ്കിലും തെങ്ങിനു സ്ഥിരമായി ജലസേചനം നടത്തുന്നതിനോ, ശാസ്ത്രീയമായ വളപ്രയോഗത്തിനോ കർഷകർ ആഭിമുഖ്യം കാണിക്കുന്നില്ല. വേനൽക്കാലത്ത് തോടുകളും കുളങ്ങളും വെട്ടിപുരയിടം സംരക്ഷണം നടത്തിയിരുന്നു. എന്നാൽ ഈ പ്രവണത നാട്ടിൽ കുറഞ്ഞുവരുകയാണ്. തേക്കുകൊട്ടകൾ ഉപയോഗിച്ച് തോടുകളിൽ നിന്ന് വെള്ളം തെങ്ങിൻ തടങ്ങളിൽ തേക്കിയൊഴിച്ചാണ് ജലസേചനം നടത്തിയിരുന്നത്. മണ്ണ് വെട്ടിപൊക്കി വാടകൾ നിർമ്മിച്ച് അകലെയുള്ള തെങ്ങിൽ തടങ്ങളിലേക്ക് ജലസേചനം നടത്തിയിരുന്നു. എന്നാൽ ഇന്ന് ഈ നാട്ടു സമ്പ്രദായം പാടെ അപ്രത്യക്ഷമായി. ഇതിനു പ്രധാന കാരണം പൊതുതോടുകളും പുഴകളുമായുള്ള നീരൊഴുക്കുബന്ധം ഉൾതോടുകൾക്ക് നഷ്ടപ്പെട്ടതുകൊണ്ടാണ്. ജലദൗർലഭ്യവും കൃഷി ലാഭകരമല്ലാത്തതും കർഷകനെ കൃഷിപ്പണിയിൽ വിമുഖനാക്കുന്നു. തേങ്ങയുടെ വിലയും,

വിപണനവും പഞ്ചായത്തിലുൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ സിംഹഭാഗവും ആലപ്പുഴയിലാണ് വിപണനം ചെയ്യപ്പെടുന്നത്. തേങ്ങാപൊതിച്ച് കൊപ്രയാക്കി കെട്ടുവള്ളങ്ങളിൽ വേമ്പനാട്ടുകായലിലൂടെ ആലപ്പുഴ മാർക്കറ്റിലെത്തിക്കുകയായിരുന്നു മുൻകാലങ്ങളിൽ. എന്നാൽ തണ്ണീർമുക്കം ബണ്ടിലൂടെ ഗതാഗതം ആരംഭിച്ചതോടെ കൊപ്രയുടെ നീക്കം റോഡു മാർഗമായി. എന്നിരുന്നാലും വള്ളങ്ങളിലൂടെയുള്ള ചരക്കുനീക്കം പൂർണ്ണമായു നിലച്ചിട്ടില്ല. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന തേങ്ങയുടെ ഭൂരിഭാഗവും സഹകരണസംഘങ്ങളും സ്വകാര്യവ്യക്തികൾ നടത്തുന്ന കെട്ടുതെങ്ങുസംഘങ്ങളും മുഖേനേയാണ് വിൽക്കപ്പെടുന്നത്. മറ്റ് പൊതു സംഭരണകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ ഈ സഹകരണസംഘങ്ങൾ കർഷകർക്ക് ചെറിയൊരാശ്വാസമാണ്. എന്നാൽ എണ്ണയുടെ മാർക്കറ്റുവിലയെ നിയന്ത്രിക്കുന്നത് മറ്റ് ഘടകങ്ങളാണെന്നുള്ളത് കർഷകന് യഥാർത്ഥവില കിട്ടുന്നതിന് തടസ്സമാണ്.

## കാർഷിക ബന്ധങ്ങൾ

തെങ്ങുകൃഷിക്കാർ ബഹുഭൂരിപക്ഷവും നാമമാത്ര ഭൂമിയുള്ളവരാണ്, എന്നാൽ സ്വന്തമായി ഭൂമിയിൽ പണിയെടുക്കുന്നവർ വളരെ കുറവാണ്. ഭൂ ഉടമകളിൽ ഇരുപത് ശതമാനം പേർ മാത്രമേ സ്വന്തമായി ഭൂമിയിൽ പണിയെടുക്കുന്നുള്ളു. കൃഷിപണിക്കും, പ്രത്യേകിച്ച് തെങ്ങുകയറ്റത്തിനും തൊഴിലാളികളുടെ ദൗർലഭ്യം ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്.

## നിലവിലുള്ള കൂലി നിരക്കുകൾ

| | സ്ത്രീ | പുരുഷൻ |
|---|---|---|
| തെങ്ങുകയറ്റം | 00 | 125 |
| കൃഷിപണി | 40 | 75 |

## വളത്തിന്റെ ഉപഭോഗം

ചാണകവും പച്ചിലയുമാണ് ജൈവവളമായി ഉപയോഗിക്കുന്നത്. ശാസ്ത്രീയമായി രാസവളപ്രയോഗം വ്യാപകമല്ല.

## നടപ്പുപദ്ധതി

## സമഗ്രനാളികേര വികസനപദ്ധതി

ഈ പദ്ധതിയിൽ താഴെപറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 9495 മുതൽ മൂന്ന് വർഷമാണ് ഈ പദ്ധതിയുടെ കാലയളവ്.

## ജലസേചനത്തിനുള്ള കിണർ പമ്പുസെറ്റ്.

മുപ്പത് സെന്റ് തെങ്ങുകൃഷിയുള്ള കർഷകരാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. 33 1\3 സബ്സിഡിയാണ് ഇതിന് നൽകുന്നത്, പരമാവധി 2500 രൂപയാണ് നൽകുന്നത്

## റോക്കർ സ്പ്രേയർ

സസ്യ സംരക്ഷണത്തിനായി മരുന്ന് തളിക്കുന്നതിനു വേണ്ടി റോക്കർ സ്പ്രേയർ 1000രൂപാ സബ്സിഡിയോടുകൂടി നൽകി വരുന്നു.

## തെങ്ങ് കയറ്റയന്ത്രം

അഞ്ഞൂറ് രൂപാ സബ്സിഡിയോടുകൂടിയാണ് ഇവ നൽകിവരുന്നത്

## ജലസേചനം

5 ഹെക്ടറിൽ കുറയാതെ സ്ഥലത്ത് പത്തോ അധിലധികമോ കൃഷിക്കാർക്ക് ഗുണം ലഭിക്കത്തക്ക രീതിയിൽ ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിന് 85% സബ്സിഡി നൽക്കുന്നു.

## രാസവളകിറ്റുകളുടെ വിതരണം

1994-95 മുതൽ 3 വർഷകാലത്തേക്കാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. രാസവളമിക്ചർ 5,10, 15,20 തെങ്ങിനുള്ള കിറ്റുകളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്.

## പച്ചില വളവിത്ത്

തെങ്ങ് കൃഷിക്ക് പ്രയോജനപ്രദമായി പച്ചില വളചെടിയുടെ വിത്ത് സബ്സിഡിയോടുകൂടി കൊടുത്തുവരുന്നു

## തെങ്ങ് വെട്ട് പദ്ധതി

കാറ്റുവീഴ്ച രോഗം കൊണ്ട് നശിച്ചുപോയ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. എങ്കിലും നാമമാത്രമായി ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് രോഗത്തെ വേരോടെ പിഴുതു മാറ്റാൻ കഴിഞ്ഞിട്ടില്ല. രോഗബാധിതമായ എല്ലാ തെങ്ങുകളും വെട്ടിമാറ്റുന്നതിന് കർഷകരെ സഹായിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ മൊത്തം പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമല്ല, എല്ലാ ഗുണഭോക്താക്കളിലും ഇതിന്റെ ഗുണം എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. തെങ്ങ്കയറ യന്ത്രം അമ്പേ പരാജയമാണ്.

## കേര കർഷക സമിതി

വാർഡുതലത്തിൽ പ്രവർത്തിച്ചിരുന്ന കേരകർഷകസമിതികൾ നിർത്തലാക്കി പഞ്ചായത്തുതല സമിതി രൂപികരിച്ചു. ഈ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പഴയവാർഡുസമിതികൾ പുന:സംഘടിപ്പിക്കുകയും കേരകർഷകരുടെ അയൽക്കൂട്ടങ്ങൾ രൂപികരിച്ച് സമിതിയുടെ പ്രവർത്തനം ഫലപ്രദവും, സമഗ്രവുമാക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ മാത്രം ഉപയോഗപ്പെടുത്തി ഉൽപാദനക്ഷമത കൈവരിക്കുവാൻ കഴിഞ്ഞാൽ പ്രതിവർഷം 30 ലക്ഷം നാളികേരം കൂടുതൽ ഉൽപാദിപ്പിക്കുവാൻ കഴിയും അതുവഴി ഒന്നരകോടി രൂപാ അധികമായി പഞ്ചായത്തിനു ലഭിക്കും. ഇങ്ങനെ ഒരു കർഷകനെ 1500- രൂപയോളം അധികമായി ലഭിക്കുന്നതിനു കാരണമാകും. അധികമായി ലഭിക്കുന്ന തൊഴിൽ ദിനങ്ങളോ മറ്റു വികസന സാദ്ധ്യതകളോ കണക്കിലെടുക്കാതെമാത്രമാണിത്. നാളികേരവികസനത്തിൽ ആസൂത്രിതവും സംഘടിതവും ശാസ്ത്രീയവുമായ പരിശ്രമം ഉണ്ടായാൽ ഈ രംഗത്തെ വിപുലകരമായ മാറ്റങ്ങൾ ഉണ്ടാകുക തന്നെ ചെയ്യും.

അമ്പതുകളുടെ അവസാനത്തിൽ നിലവിൽ വന്ന പാട്ടക്കുടിയായ്മ നിയമങ്ങളും ഭൂപരിഷ്കരണ നിയമങ്ങളും കേരളത്തിലെ കാർഷിക രംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്തി. ഇതിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് ഭൂമി ലഭിക്കുന്നതിന് ഇടയായി. ഇത് കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവായി. 70-തുകളോടെ കാർഷിക രംഗത്തെ പ്രധാന മാറ്റം യന്ത്രവത്കരണത്തിന്റെതായിരുന്നു. രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുള്ള ആധുനിക കൃഷി ആരംഭിച്ചത് ഇക്കാലയളവിലായിരുന്നു. പഞ്ചായത്തിലെ ഭൂമിയുടെ വിതരണക്രമം താഴെ ചേർക്കുന്നു

## വസ്തു വിവരം

| | ഏക്കർ | സെന്റ് | ലിംഗ്സ് |
|---|---|---|---|
| പുരയിടം | 1313 | 01 | 683 |
| നിലം | 3198 | 28 | 861 |
| പുറമ്പോക്ക് | 967 | 31 | 456 |
| തരിശ് | --- | 56 | 084 |
| ആകെ | 5535 | 46 | 000 |

| ഭൂമിയുടെ വിതരണ ക്രമം | |
|---|---|
| വിസ്തീർണ്ണം | ഉടമസ്ഥരുടെഎണ്ണം |
| സെന്റ് | |
| 1-10 | 1649 |
| 10-25 | 1440 |
| 25-50 | 884 |
| 50-100 | 3117 |
| ഏക്കർ | |
| 1-2 | 1922 |
| 2-5 | 1343 |
| 5 നു മേൽ | 8 |

## തലയാഴം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പാടശേഖരങ്ങളുടെ വിവരങ്ങൾ:
## കൃഷിഭവൻ, തലയാഴം

| ക്രമനമ്പർ | പാടശേഖരങ്ങളുടെ പേര് | രജിസ്ട്രേഷൻ നമ്പർ | വിസ്തീർണ്ണം ഹെക്ടറിൽ | കൃഷിക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വനം തെക്ക് | K. 460/90 | 114. 35 | 205 | |
| 2 | വനം വടക്ക് | K. 457/90 | 112.84 | 216 | |
| 3 | C K N ബ്ലോക്ക് | K. 1028/90 | 53.76 | 114 | |
| 4 | മണ്ണാറം കണ്ടം | K. 440/90 | 33.62 | 52 | |
| 5 | കളപ്പുയ്ക്കൽകരി | K. 552/91 | 17.00 | 61 | |
| 6 | മുട്ടിനകം | K. 586/91 | 5.00 | 10 | |
| 7 | വട്ടൂക്കക്കരി | K. 416/91 | 6.40 | 16 | |
| 8. | കൊതവറ വടക്ക് | K. 236/92 | 12.50 | 32 | |
| 9 | കൊതവറ തെക്ക് | K. 238/92 | 12.00 | 30 | |
| 10 | കരിയാറ്റിൻകര | K. 212/92 | 11.50 | 30 | |
| 11 | കാട്ടിത്തറ - പുറംചാൽ | K. 459/93 | 16.00 | 42 | |
| 12 | മുണ്ടാർ 3 | K. 24/91 | 32.00 | 53 | |
| 13 | മുണ്ടാർ 5 | K. 343/91 | 46.48 | 82 | |
| 14 | മുണ്ടാർ 7 | K. 526/91 | 26.80 | 47 | |
| 15 | മുണ്ടാർ 15 പുതുക്കരി | K. 37/91 | 13.17 | 22 | |
| 16 | മന്നാത്തുശ്ശേരി-പനച്ചിത്തുരുത്ത് | K. 123/91 | 16.00 | 43 | |
| 17 | ചങ്ങാടക്കരി | - | 6.00 | 9 | |
| 18 | കന്നുവള്ളിക്കരി | K. 427/91 | 29.06 | 60 | |
| 19 | ഏനേഴം | K. 396/91 | 15.58 | 25 | |
| 20 | വട്ടക്കരി | K. 567/90 | 24.10 | 69 | |
| 21 | തലയാഴം തെക്കേ വിരിപ്പ് | K. 600/90 | 15.22 | 48 | |
| 22 | മൂന്നാംവേലിക്കര | K. 373/91 | 77.08 | 169 | |

| ക്രമനമ്പർ | പാടശേഖരങ്ങളുടെ പേര് | രജിസ്ട്രേഷൻ നമ്പർ | വിസ്തീർണ്ണം ഹെക്ടറിൽ | കൃഷിക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 23 | പാലച്ചുവട് | K. 379/91 | 32.27 | 74 | |
| 24 | മൂലയിൽ കിഴക്ക് | K. 369/92 | 7.60 | 15 | |
| 25 | മൂലയിൽ പടിഞ്ഞാറ് | K. 392/93 | 12.23 | 24 | |
| 26 | മഠത്തിക്കരി | K. 440/92 | 5.60 | 17 | |
| 27 | പന്നിപ്പള്ളിത്തടം | | 5.00 | 8 | |
| 28 | പാലച്ചുവട്-മൂന്നാംവേലിക്കരി | K. 387/95 | 5.18 | 6 | |
| 29 | മൂവ്വർകൂട്ടം വടക്ക് | K. 56/94 | 16.00 | 18 | |
| 30 | മൂവ്വർകൂട്ടം തെക്ക് | K. 591/93 | 12.00 | 23 | |
| 31 | വമ്പിനകം | K. 658/91 | 13.72 | 17 | |
| 32 | മംഗലത്തുകരി | | 16.80 | 32 | |
| 33 | കണ്ടംതുരുത്ത് കിഴക്ക് | K. 987/90 | 15.12 | 25 | |
| 34 | കണ്ടംതുരുത്ത് പടിഞ്ഞാറ് | K. 988/90 | 9.76 | 17 | |
| 35 | വടശ്ശേരിക്കരി | | 8.00 | 6 | |

## വിള വിസ്തീർണ്ണവും ഉത്പാദനവും

(Ref: **അടിസ്ഥാന വിവര രജിസ്റ്റർ തലയാഴം ഗ്രാമപഞ്ചായത്ത്)**

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാംവിള | 800 He | 4,500 Kg/He | 5,000 Kg/He |
| നെല്ല് രണ്ടാംവിള | 650 | 4,000 | 4,500 |
| നെല്ല് മൂന്നാം വിള | ----- | ----- | ---- |
| പയർ | 20 | 125 | 150 |
| എള്ള് | ---- | ----- | ----- |
| പച്ചക്കറികൾ | 5 | 60 | 65 |
| തെങ്ങ് | 750 | 2,000 Nuts/Hr year | 24000 NutsHyear |
| വാഴ | 75 | 10 Kg/Bunch | 12 Kg/Bunch |
| മരച്ചീനി | 10 | 6000 Kg/Hr | 7,000 Kg/Hr |
| കുരുമുളക് | 3 | 20 Kg/Hr | 25 Kg/Hr |
| പ്ലാവ് | ---- | ----- | ----- |
| കശുമാവ് | 10 | 5 Kg/Hr | 8 Kg/free |
| മാവ് | ---- | ----- | ---- |
| റബർ | 30 | 10 Kg/Hr/day | 12Kg/Hr/Day |
| കവുങ്ങ് | 4 | 3 Kg/free | 5 kg/free |
| കൊക്കോ | 5 | 3 Kg/free | 5 Kg/free |
| ജാതി | 6 | 5 Kg/free | 8 Kg/free |
| ഗ്രാമ്പു | 2 | 2 Kg/free | 2 Kg/free |

## നെൽകൃഷി

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 58% നിലമാണ്. (3198 ഏക്കർ) അതിൽ തന്നെ 1952 ഏക്കർ നിലത്തിൽ മാത്രമേ കൃഷിയുള്ളൂ. അത് മൊത്തം നിലത്തിന്റെ 61%മാണ്. കൃഷിചെയ്യുന്ന 1952 ഏക്കറിൽ 1586 ഏക്കറിൽ മാത്രമേ രണ്ടാംവിള നടക്കുന്നുള്ളൂ. അതായത് പഞ്ചായത്തിലെ ആകെ നിലത്തിന്റെ 50% നിലത്തുമാത്രമേ വർഷത്തിൽ എറിയ ഭാഗവും തരിശായി കിടക്കുന്നുവെന്നതും ചെയ്യുന്ന ഭൂമി ഏറിയ കൂറും പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നുവെന്നതും നെൽകൃഷിയുടെ ഭാഗധേയങ്ങളെ സ്വാധീനിക്കുന്ന ഘടകമാണ്.

രണ്ടു വിളവുകളിലും കൂടി 6200 ടൺ നെല്ല് ഉൽപാദിപ്പിക്കുന്നുവെന്ന് കണക്കാക്കിയിരിക്കുന്നു. പഞ്ചായത്തിലെ അരിയുടെ ഉപഭോഗം 4563 ടൺ ആണ്. 6200 ടൺ നെല്ലിൽനിന്നും 4340 ടൺ അരി ലഭിക്കുമെന്നു കണക്കാക്കിയാൽ പഞ്ചായത്തിൽ 223 ടൺ അരിയുടെ കുറവാണ് ഉല്പാദനവും ഉപഭോഗവും തമ്മിൽ നിലനിൽക്കുന്നത്. മൊത്തം നിലത്തിന്റെ പകുതി വിസ്തൃതിയിൽ വർഷത്തിൽ മുക്കാൽ ഭാഗം മാത്രം കൃഷി ചെയ്തിട്ടും ഏതാണ്ട് ഉപഭോഗത്തിനാവശ്യമായ നെല്ല് ഉല്പാദിപ്പിക്കാൻ നമ്മുക്ക് കഴിയുന്നു ണ്ട് എന്ന സൂചന ഈ രംഗത്ത് എത്ര മാത്രം വികസനത്തിനുംകുതിച്ചു ചാട്ടത്തിനും സാധ്യതയുണ്ട് എന്നതിന് ചൂണ്ടുപലകയാണ്.

## നിലത്തിന്റെ പ്രത്യേകത

നിലവിൽ എറിയ കൂറും കരിനിലങ്ങൾ ആണ്. പരമ്പരാഗതമായി വളരെനന്നായി കൃഷി ചെയ്തിരുന്ന. മേഖലയാണ് ഇന്നത്തേതിൽ നിന്നും ഉല്പാദനം അക്കാലത്ത് കുറവായിരുന്നുവെങ്കിലും ഉല്പാദന ചിലവ് കുറവായിരുന്നതുകൊണ്ട് കൃഷി ലാഭകരമായിരുന്നു. കാലാവസ്ഥയും പ്രകൃതിയും കൃഷിയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. ശക്തമായ പുറം ബണ്ടുനിർമ്മിച്ചാണ് ജല നിരപ്പിൽ നിന്നും വളരെ താഴത്തു കിടക്കുന്ന ഈ നിലങ്ങളിൽ കൃഷി ചെയ്യുന്നത്. ഭൂപരിഷ്കരണ നിയമത്തോടെ കൃഷി ഭൂമി ഏറിയപങ്കും കർഷകതൊഴിലാളികളുടെ ഉടമസ്ഥതയിലായി. ഇത് കൃഷിഭൂമിയുടെ തുണ്ടവത്കരണത്തിന് ഇടയായയതോടോപ്പം ഏകോപിത കൃഷിക്ക് തടസമാവുകയും ചെയ്തു. കൃഷി ആദായ കരമല്ലാതായിട്ടും ഈ മേഖലയിൽ ഉറച്ചുനിൽക്കുന്നത് ഈ നാമമാത്രകൃഷിക്കാരാണ്. കരിനിലങ്ങൾ വ്യവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ ഇനിയും പരിശോധിക്കപ്പെട്ടിട്ടില്ല. നിലവിൽ 32 പാടശേഖരകമ്മറ്റികളുടെ കീഴിലായി സംയോജിക്കപ്പെട്ടിരിക്കുന്ന ഈ നിലങ്ങളിൽ കാർഷികപ്രവർത്തനം പാടശേഖര കമ്മറ്റിയുടെ നേതൃത്വത്തിൽ ആണ് നടക്കുന്നത്. ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യുക ഈ മേഖലയിൽ അസാധ്യമാണ്. വൻ തോതിലുള്ള ഗ്രൂപ്പ് ഫാമിംഗിലൂടെ കൃഷി ചിലവ് കുറച്ചും ഉല്പാദംനവർദ്ധപ്പിച്ചും കൃഷി ലാഭകരമാക്കാൻ കഴിയുന്ന ഒരു സമഗ്രസമീപനം ഈ മേഖലയിൽ അനിവാര്യമാണ്. നിലവിലുള്ള പാടശേഖര കമ്മറ്റിക്ക് വളരെ പരിമിതികൾ ഉണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃഷി വകുപ്പ് ജലസേചനവകുപ്പ്, ഇലക്ട്രിസിറ്റി എന്നിവയുടെ സംയോജിതമായ പ്രവർത്തനം അത്യാവശ്യമാണ്.

## ഉല്പാദന ക്ഷമത

6925 ടൺ നെല്ലാണ് നിലവിൽ പ്രതീക്ഷിക്കുന്ന ഉല്പാദനക്ഷമത. തരിശുനിലങ്ങൾ കൃഷിയ്ക്കായി ഉപയോഗപ്പെടുത്തിയാൽ ഇത് ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ കഴിയും. വർഷങ്ങളായി കൃഷിചെയ്യാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കിയാൽ ഈ വളർച്ച ഒറ്റയടിക്കുകൊണ്ടു വരുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുക വയ്യ. എന്നാൻ ക്രമത്തിൽ ഈ ലക്ഷ്യം കൈവരിക്കുവാൻ കഴിയും. നിലവിൽ സംസ്ഥാന നിലവാരത്തിൽ താഴെയാണ് പഞ്ചായത്തിലെ ഉല്പാദനക്ഷമത.

## ജലസേചന സൗകര്യങ്ങൾ

നിലവിൽ പാടശേഖരങ്ങളിൽ നിന്നും പമ്പു ചെയ്ത് പുറത്തേക്ക് ജലം ഒഴുക്കിയ ശേഷം കൃഷിക്കായി ശുദ്ധജലം നിലത്തേക്ക് കയറ്റുകയാണ് ചെയ്യുന്നത്. എന്നാൽ ശുദ്ധജലത്തിന്റെ ഒഴുക്കു വിവിധ സ്ഥലങ്ങളിൽ തടസ്സപ്പെട്ടിരിക്കുകയാൽ ഈ പാടശേഖരങ്ങളിൽനിന്നും പമ്പുചെയ്ത് പുറത്തേക്കൊഴുക്കുന്ന മലിനജലം മറ്റൊരു പാടശേഖരത്തിലേക്ക് ശുദ്ധജലത്തിന്റെ സ്ഥാനത്തു കയറ്റുന്ന രീതിയാണ് നിലനിൽക്കുന്നത്. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ പ്രാധാന്യം ഇവിടെയാണ്.

മുവാറ്റുപുഴയാറ്റിലെ വെള്ളം വടയാർ മുട്ട് ഒഴിവാക്കി കെ. വി. കനാൽ വഴി തിരിച്ചുവിട്ടാൽ വർഷത്തിൽ ശുദ്ധജലക്ഷാമം കുറേയൊക്കെ പരിഹരിക്കാം. അധികജലം കായലിലേക്ക് ഒഴുകി വരുന്നതിനു സഹായിക്കുന്ന തരത്തിൽ തോടുകളും ചാലുകളും വീതിയും ആഴവും കൂട്ടി ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ശരിയാക്കേണ്ടതും അത്യാവശ്യമാണ്.

## നെല്ലിന്റെ വിലയും വിപണനവും

നെല്ലിന്റെ വിപണനം പൂർണ്ണമായും പുറത്തു നിന്നും വരുന്ന കച്ചവടക്കാരുടെ നിയന്ത്രണത്തിലാണ്. കൊയ്ത്തിനു വളരെ മുമ്പ് തന്നെ കൃഷിക്കാർക്ക് പല ഗഡുക്കളായി പണം കൊടുത്ത്, നെല്ല് ആവുമ്പോൾ തന്നെ കയറ്റിക്കൊണ്ടു പോവുകയാണ് രീതി. അതുകൊണ്ട് കർഷകന് യഥാർത്ഥവില ലഭിക്കുന്നില്ല. വിപണന എജൻസികളോ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങളോ ഈ മേഖലയിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രദേശികമായി നെല്ലു സംഭരിച്ച് വിപണനം നടത്തുന്ന വ്യക്തികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

## കാർഷിക ബന്ധങ്ങൾ കൂലി സേവന വ്യവസ്ഥകൾ

കൃഷി നിലങ്ങളുടെ ഉടമസ്ഥത ചെറുകിട കർഷകരിലും കർഷകതൊഴിലാളികളിലുമാണ് മുഖ്യമായും സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം വളരെകുറവാണ്. എന്നാൽ സ്വന്തമായി നിലമുള്ള കർഷകതൊഴിലാളികൾ സ്വയം കൃഷി ചെയ്യുന്നവരാണ്. എന്നാൽ തങ്ങളുടെ മറ്റജോലിക്കൾക്കു ശേഷം സ്വന്തംനിലത്തിൽ കൃഷി ചെയ്യുവാൻ താല്പരമെടുക്കുന്നവരാണ്. ഏറിയപങ്കും. അതുകൊണ്ട് വളരെ വിസ്തൃതമായ കരിനില പ്രദേശത്ത് മൊത്തം പാടശേഖരങ്ങളിൽ ഒരേ സമയം കൃഷിചെയ്യുക സാദ്ധ്യമല്ല. നിലമൊരുക്കൽ, വിത്തുവിതയ്ക്കൽ, ഞാറുനടീൽ, വളപ്രയോഗം, മരുന്നുതളി, കൊയ്ത്ത് ഇവയെല്ലാം മൊത്തം പാടശേഖരത്തിൽ ഒരേ രീതിയിലും ഒരേ കാലയളവിലും ചെയ്യാൻ കഴിഞ്ഞാൽ വളരെ പ്രയോജനകരമായി കൃഷിയെ മാറ്റാൻ കഴിയും. കർഷകതൊഴിലാളികളുടെ കൂലി നിരക്ക് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള കൂലി നിരക്ക് ഇപ്രകാരമാണ്.

| ഇനം | സ്ത്രീ | പുരുഷൻ |
|---|---|---|
| ഉഴവ് | ------ | 100 |
| കിളക്കൽ | ------ | 70 |
| ഞാറുനടിൽ | 40 | |
| കളപറി | 40 | |
| കൊയ്ത്ത് | | |
| മെതി | | |

തൊഴിലാളികളെ കിട്ടാത്ത കാർഷിക ജോലികൾക്ക് യന്ത്രങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

## വളം ഉപഭോഗം

നൂറുശതമാനം രാസവളത്തെ അടിസ്ഥാനമാക്കിയാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി നടക്കുന്നത്. കൃഷി ഭവൻ രേഖകൾ പ്രകാരം ഉപയോഗിച്ചിരുന്ന വളത്തിന്റെ കണക്ക് ഇപ്രകാരമാണ്.

| | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| യൂറിയ | 18mt | 21MT | 30MT |
| യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 26MT | 38MT | 40MT |
| ഫാക്ടംഫോസ് | 24MT | 26MT | 35MT |
| N. P. k | 5 MT | 75 MT | 5335MT |
| ജൈവവളത്തിന്റെ ഉപയോഗം തീരെയില്ല. | | | |

## രോഗങ്ങൾ

ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, മുഞ്ഞ ബാധ, കുലവാട്ടംഎന്നിവയാണ് പ്രധാന രോഗങ്ങൾ, കീടനാശിനികളുടെ ഉപയോഗം വ്യാപകമാണ്.

## വായ്പാ സൗകര്യങ്ങൾ

കൃഷിക്കാവശ്യമായ ഹ്രസ്യകാല വായ്പകൾ അധികവും സഹകരണസ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖല ബാങ്കുകളിൽ നിന്നും, സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നുമാണ് വരുന്നത്. 1995-96ൽ ധനകാര്യ സംഥാപനങ്ങൾ കൃഷിക്കായി മൊത്തം നൽകിയ ധനസഹായം ഇപ്രകാരമാണ്.

| തുക ആയിരത്തിൽ | |
|---|---|
| വാണിജ്യബാങ്കുകൾ | -2327.00 |
| സഹകരണ ബാങ്കുകൾ | -9735.00 |
| | 12062.00 |

## കാർഷിക വികസന പ്രവർത്തനങ്ങൾ

കരിനിലകൃഷിക്ക് പുഞ്ചസ്പെഷ്യൽ ആഫീസു വഴി സർക്കാർ സഹായം ലഭ്യമാണ്. നെൽകൃഷിയുടെ രംഗത്ത് കൃഷിഭവനുകളും കാര്യമായി സംഭാവന ചെയ്യുന്നുണ്ട്. നടപ്പു പദ്ധതികൾ ഇവയാണ്.

1 **പ്രധാന മന്ത്രിയുടെ പ്രത്യേക പരിപാടി** പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള കൃഷി ഉറപ്പുവരുത്തുകയും, ഒന്നിലധികം തവണ കൃഷിയിറക്കുന്നതിന് സഹായിക്കുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

2 **യന്ത്രവൽകരണം:** കർഷകതൊഴിലാളികളുടെ ലഭ്യത കുറവു വരുന്ന സാഹചര്യത്തിൽ 50% സബ്സിഡിയോടുകൂടി പവർടില്ലർ, ട്രാക്ടർ, മെതിയന്ത്രം, പാറ്റുയന്ത്രം, എന്നിവ പാടശേഖരങ്ങൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നു.

3 **നെൽകൃഷിക്ക് ഉത്പാദന പ്രോത്സാഹനങ്ങൾ:** ഒരു ഹെക്ടറിന് ഒരു സീസൺ 250 രൂപയായിരുന്നു. ബോണസായി നിശ്ചയിച്ചിട്ടുള്ളത്. 1995-96-ൽ ഇത് ഹെക്ടറിന് 350-രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പാടശേഖര കമ്മറ്റികൾ

32 പാടശേഖര കമ്മറ്റികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഇവയുടെ പ്രവർത്തനം തൃപ്തികരമെന്ന് പറയുക സാധ്യമല്ല. ഒട്ട് വളരെ പരിമിതികൾ നിലവിലുണ്ട്. ശക്തമായ നേതൃത്വവും വിവിധ വകുപ്പുകളും ഏകോപിച്ച പ്രവർത്തനത്തിലൂടെയും ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനാകും.

നെൽകൃഷി രംഗത്ത് പഞ്ചായത്തിന് വളരെ

സാധ്യതകൾ ഉണ്ട്. നിലവിലുള്ളതിന്റെ ഇരട്ടി പ്രദേശത്തേക്ക് കൃഷിവ്യാപിപ്പിക്കുവാൻ വളരെ സുഗമമായി സാധിക്കും. അതുപോലെ മൊത്തം പ്രദേശത്ത് രണ്ടാംവിള കൃഷിക്കും സാധ്യതയുണ്ട്. അടുത്ത അഞ്ചുവർഷ കാലത്തേക്ക് ഇക്കാര്യത്തിനാണ്. ഏറ്റവും പ്രാധാന്യവും മുൻഗണനയും നൽകേണ്ടത്. കരിനിലങ്ങൾക്കു പ്രത്യകമായി വളരെ സമഗ്രമായ ഒരു സമീപനം ആവശ്യമാണ്. മൊത്തം കരിനിലത്തിൽ കൃഷിയുടെ എല്ലാപ്രവർത്തനങ്ങളും ഏകോപിതമായും, സമയബന്ധിതമായും നടത്താൻ ആവശ്യമായ ഭൗതികസാഹചര്യവും, സാങ്കേതിക വൈദഗ്ദ്യവും, യന്ത്രസാമഗ്രികളുടെ സഹായവും, ധനസമാഹരണവും, ഉറപ്പാക്കിയാൽ ഇവിടെ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി വിജയിപ്പിക്കാം.

## ജൈവസംരക്ഷണം

പുരയിടങ്ങൾക്ക് അതിരായി വിളവിന് വേലിയായി, നാടിന് ഭംഗിയുമായി നിന്നിരുന്ന വേലികൾ ഇന്ന് ഗ്രാമപ്രദേശത്തുപോലും മതിലുകൾക്ക് വഴിമാറി കൊടുക്കുകയാണ്. കൈത, ശീമക്കൊന്ന, കുമ്പിൾ, വട്ട, ആവത്താളി, മുരിക്ക് ചെമ്പരത്തി, ഗന്ധരാജൻ, ചുക്കൂർ മണി, പുല്ലാന്തി, വള്ളി ചീര, കോവൽ, നിത്യവഴുതന, ചതാവരി തുടങ്ങിയ ഒട്ടനവധി സസ്യങ്ങൾ വേലിയായി ഇവിടെ നാം ഉപയോഗിച്ചിരുന്നു. ഇവ പാരിസ്ഥിതിക സംതുലനം കാക്കുന്നതിനും പച്ചിലവളമായും അന്തരീക്ഷ ശുദ്ധികരണത്തിനും താപനിയന്ത്രണത്തിനും സഹായകമായിരുന്നു. ഇവ പുനസൃഷ്ടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിവിധ തരം നാടൻ വാഴയിനങ്ങൾ, പ്ലാവിനങ്ങൾ, നാട്ടുമാവ് ഇവയാൽ സമ്പന്നമായിരുന്നു നമ്മുടെ നാട്, ഇനി അവശേഷിക്കുന്നവയുടെയെങ്കിലും ശ്രദ്ധാപൂർവ്വമായ സംരഷണം ഉറപ്പുവരുത്തേണ്ടതാണ്.

## ഔഷധ സസ്യകൃഷി

മനുഷ്യനേയും മൃഗങ്ങളേയും ബാധിക്കുന്ന സാധാരണ രോഗങ്ങൾക്കെല്ലാം പ്രതിവിധിയായ ഔഷധ സസ്യങ്ങളും അവയുടെ ഉപയോഗത്തെക്കുറിച്ചുള്ള അറിവുകളും വിസ്മൃതമായിക്കൊണ്ടിരിക്കുന്നു. ഇവയെ തിരുച്ചറിയാനും കാത്തുസൂക്ഷിക്കാനുമുള്ള തീവ്രപരിശ്രമം ആവശ്യമാണ്.

തുളസി, കുറുന്തോട്ടി, കല്ലുരുക്കി, ചെറുപൂള, ഞൊട്ടാഞൊടിയൻ, തഴുതാമ, കയ്യുന്നി, ഒരിച്ചവിയൽ, ചക്കരക്കൊല്ലി, കുടകൻ, പനികൂർക്ക, ബ്രഹ്മി, പർപ്പടകപ്പുല്ല്, ചങ്ങലംപരണ്ട, പന്നിവള്ളി എന്നിവയും ജൈവ കീടനാശിനികൾക്ക് ഉപയോഗിക്കാവുന്ന ഉങ്ങ്, എരുക്ക്, ആര്യവേപ്പ്, അപ്പ തുടങ്ങിയവയെല്ലാം കാത്തുസൂക്ഷിക്കാനുള്ള ബോധവത്കരണം സംഘടിപ്പിക്കേണ്ടതാണ്.

## പുഷ്പ കൃഷി

തെങ്ങിൽ തോപ്പിൽ ഇടവിളയായും വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗമായും ഈ കൃഷിയെ ഉപ യോഗപ്പെടുത്താം. ശാസ്ത്രീയ പുഷ്പകൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖാന്തരം ലഭ്യമാക്കിയാൽ പുഷ്പകൃഷിക്ക് വിപുലമായ സാധ്യതയുണ്ട്.

## വാഴ

നമ്മുടെ നാട്ടിൽ തനതു വിളയായും ഇടവിളയായും കൃഷിചെയ്യുന്ന പ്രധാന ഇനങ്ങൾ പാളയം തോടൻ, കണ്ണൻ, കദളി, ചുണ്ടില്ലാകണ്ണൻ, ആറ്റുകണ്ണൻ, ഞാലിപൂവൻ, പൂവൻ, പടറ്റി, പൊന്തൻ, ഏത്തവാഴ എന്നിവയാണ്. വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കണ്ണാറ വാഴ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട വാഴയിനങ്ങൾ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കണം.

## കൂൺ കൃഷി

കാർഷിക മേഖലയായ ഈ പ്രദേശത്ത് പോഷക സംപുഷ്ടമായ കൂൺകൃഷിക്ക് മികച്ച വിപണനസാധ്യതയാണുള്ളത്. ഇതിന് വേണ്ട പ്രധാന അസംസ്കൃത വസ്തുവായ വൈക്കോൽ സുലഭമായി ഈ പ്രദേശത്ത് ലഭിക്കും. കാർഷിക ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ കൂൺ കൃഷി നടപ്പിലാക്കാൻ ശ്രമിക്കണം.

## പച്ചക്കറി

നെൽകൃഷിക്ക് ശേഷം വിരപ്പുപാടങ്ങളിൽ വെള്ളരി, ചീര, മത്തൻ, പടവലം, വെണ്ട, വഴുതന,

തുടങ്ങിയ പച്ചക്കറികൾ വ്യാപകമായി കൃഷിചെയ്തിരുന്നു. എന്നാൽ ഈ രീതി ഇന്ന് നമ്മുടെ നാട്ടിൽ വളരെ കുറവാണ്. ഇത് തെളിയിക്കുന്നത് കൃഷിയോടുള്ള കർഷകന്റെ ആഭിമുഖ്യത്തിൽ വന്ന മാറ്റമാണ്. ഇതുമൂലം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവിനെ ആശ്രയിച്ചാണ് നമ്മുടെ ദൈനംദിന ജീവിതം ഇന്നു നീങ്ങുന്നത്. ഒരു ദിവസം പുറത്തുനിന്നുള്ള പച്ചക്കറി ലോറി എത്താതിരുന്നാൽ നാട്ടിലെ ജനങ്ങളുടെ ആവശ്യം പോലും നിറവേറ്റാൽ പറ്റാത്ത ദുസ്ഥിതിയാണ്. ഈ രംഗത്ത് നാം നേരിടുന്നത്. ഗ്രൂപ്പ് ഫാമിംഗിലൂടെ പച്ചക്കറി കൃഷി നടത്തുന്നതിന് യുവജനങ്ങളെ സന്നദ്ധരാക്കിയാൽ പച്ചക്കറിയുടെ ഈ ദൗർലഭ്യം തീരും എന്നുമാത്രമല്ല രൂക്ഷമായികൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരവുമുണ്ടാവും.

## കാർഷിക രംഗത്തെ മുഖ്യ പ്രശ്നങ്ങൾ

1. ഉത്പാദനക്കുറവ്

2. കൃഷിയോഗ്യമായ ഭൂമി മുഴുവൻ കൃഷി ചെയ്യുന്നില്ല. വളരെയധികം തരിശിട്ടിരിക്കുന്നു.

3. കർഷകനു സമൂഹത്തിലനുഭവപ്പെടുന്ന മാന്യതക്കുറവ്.

4. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ്.

5. കർഷകതൊഴിലാളികളുടെ ദൗർലഭ്യം, ഉള്ളവരുടെ സമർപ്പണ ബോധമില്ലായ്മ.

6. കൃഷി ഭൂമിയുടെ തുണ്ടവത്ക്കരണം.

7. കൃഷി ജോലിക്കുള്ള ഏകീകരണമില്ലായ്മ.

8. ഓരുവെള്ളം, വെള്ളപ്പൊക്കം എന്നി പ്രശ്നങ്ങൾ.

9. ഗുണനിലവാരവും ഉത്പാദനശേഷിയും കുറഞ്ഞ വിത്തുകൾ.

10. പ്രാഥമിക പ്രവർത്തനങ്ങൾക്കാവശ്യമായ ധനത്തിന്റെ അഭാവം.

11. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം, ബണ്ടുകളുടെ ഉറപ്പില്ലായ്മ.

12. കീടബാധ, രോഗബാധ

13. പാടങ്ങൾ നികത്തപ്പെടുന്ന പ്രവണത

14. സംസ്ക്കരണത്തിനും വിപണനത്തിനും ഉള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

15. ആത്മവിശ്വാസം ഇല്ലായ്മ.

16. വൈദ്യുതി ഇല്ലായ്മ.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. തരിശുഭൂമി കൃഷിയോഗ്യമാക്കുകയും, രണ്ടാംവിള വ്യാപിപ്പിക്കുകയും ചെയ്യുകവഴി നെല്ലുല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കാം.

2. കരിനില- കൃഷി വികസനത്തിനു സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കണം. നിലവിലുള്ള പാടശേഖര കമ്മറ്റികളെ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക ഏജൻസി ഈ മാസ്റ്റർ പ്ലാൻ നടപ്പിൽ വരുത്തുന്നതിനായി രൂപികരിക്കണം. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിൽ ഈ എജൻസി ജനാധ്യപത്യരിതിയിൽ പ്രവർത്തിപ്പിക്കണം.

3 നെല്ലിന്റെ സംഭരണത്തിനും, സംസ്ക്കരണത്തിനും, വിപണനത്തിനും, ഈ എജൻസി തന്നെയോ, മറ്റൊരു സ്വതന്ത്ര സംവിധാനമോ, പഞ്ചായത്തിന്റെ മുൻകൈയ്യിൽ രൂപികരിക്കണം.

4 വിപുലമായ യന്ത്രവൽക്കരണത്തിനും ഈ പ്രദേശത്തിനുയോജ്യമായ പ്രത്യേക യന്ത്രങ്ങൾ രൂപകല്പന ചെയ്യുന്നത് ഉൾപ്പെടെ സാദ്ധ്യതകൾ പരിശോധിക്കണം.

5 വിളസംഭരണം, നിലമൊരുക്കൽ, വളപ്രയോഗം കൊയ്ത്ത്, മെതി, ഇവയെല്ലാം, നേരത്തെ പറഞ്ഞ സംവിധാനം മുഖേനയാക്കാൻ ശ്രമിക്കണം.

6. അത്യുല്പാദനശേഷിയുള്ളതും, രോഗപ്രതി

രോധശേഷിയുള്ളതും, ആയ, നാടൻ വിത്തുകൾ ശേഖരിക്കണം പ്രചരിപ്പിക്കണം..

7. വിവിധ വകുപ്പുകളുടെ പ്രവർത്തനം എകോപിപ്പിക്കണം.

8. രോഗബാധിതമായ തെങ്ങുകൾ ഒട്ടാകെ നശിപ്പിക്കുവാനും, പുതിയ തൈകൾ വ്യാപകമായി നടുവാനും സംവിധാനം ഉണ്ടാക്കണം. രോഗബാധിതമായ തെങ്ങുകൾക്ക് കീടനാശിനി പ്രയോഗത്തിനു സംവിധാനമൊരുക്കണം

9. തെങ്ങിൻ തോപ്പുകളിൽ ജലസേചനം വ്യാപകമാക്കാൻ സംവിധാനമുണ്ടാക്കണം.

10. കഴിയാവുന്നത്ര കുളങ്ങളും, കിണറുകളും, തോടുകളും പുഴകളും സജീവമാക്കണം.

11. മണ്ണു പരിശാധന വ്യാപകമായി നടത്തണം.

12. കരിനിലങ്ങളുടെ പുറം ബണ്ട് കരിങ്കല്ലുകെട്ടി ബലപ്പെടുത്തണം.

13. നാലു ഓരു മുട്ടകളുടെ സ്ഥാനത്തു സ്പിൽവേ നിർമ്മിക്കണം.

14. അടഞ്ഞുപോയ മാരാംവീട്. വല്ലയിൽതോട് ഗതാഗത യോഗ്യമാക്കണം.

15. കണ്ടംതുരത്ത് കിഴക്കേ ബ്ലോക്കും, മൂന്നാംവേ ലിക്കാരി ബ്ലോക്കും യോജിപ്പിക്കുന്ന ഒരു ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കണം.

16. വലിയാനപ്പുഴ മുട്ടിനുപകരം സ്പിൽവേ നിർമ്മിക്കണം.

17. വിരിപ്പു നിലങ്ങളിൽ പയർ, പച്ചക്കറി, പച്ചില വളങ്ങൾ എന്നിവ മൂന്നാം വിളയായി കൃഷിചെയ്യണം.

18. മൂവാറ്റുപുഴയാറിലെ വെള്ളം കെ.വി. കനാൽ വഴി വരുന്നതിന്, വടയാർമുട്ട് പൊളിച്ച് പാലംപണിയണം, ഇത് ഓരുവെള്ളം തടയാൻ സഹായകമാവും.

19. വെള്ളക്കെട്ടായ തരിശുഭൂമിയിൽ മത്സ്യകൃഷി സഹകരണമേഖലയിലോ, ചെറിയ സംഘങ്ങളായി തിരിച്ചോനടപ്പാക്കണം.

20. തെങ്ങിൻ പുരയിടങ്ങളിൽ വ്യാപകമായി ഇടവിളകൾ പ്രാത്സാഹിപ്പിക്കണം.

21. സർക്കാർ പുറമ്പാക്ക്, പൊതുസ്ഥാപനങ്ങളിലെ തരിശ്, ഭൂമികൾ, ഇവ വനിതാ സമാജം, യൂത്ത് ക്ലബുകൾ, മുഖേന പച്ചക്കറി കൃഷിക്കായി നല്കണം.

22. കൂൺ കൃഷി, തേനീച്ച വളർത്തൽ, പൂപ്പുകൃഷി, ഔഷധസസ്യകൃഷി, എന്നിവയുടെ ഉത്പാദനത്തിനും പദ്ധതികൾ തയ്യാറാക്കണം.

23. പഴവർഗ്ഗകൃഷിക്ക് ( വാഴപ്പഴം, മാങ്ങ, ചക്ക, കൈതചക്ക,) ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം.

24. ടിഷ്യൂ കൾച്ചർ നഴ്സറി പഞ്ചായത്തു തലത്തിൽ സ്ഥാപിക്കണം.

25. എല്ലാ പാടശേഖരങ്ങൾക്കും സൗജന്യമായി കക്കാ നൽകുക..

26. വനം ബ്ലോക്ക് സൗത്തിലേക്ക് ടിമ്പർ ബ്രിഡ്ജ് നിർമ്മിക്കുക.

- നാടൻ കോഴികൾ നാടിന്റെ സമ്പത്ത്.
- വെച്ചൂർ പശു ഒരത്ഭുതമാണ്. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പ്രകൃതിയുടെ ഒരു മനോഹരമായ സൃഷ്ടി. പ്രകൃതിയുടെ പരീക്ഷണശാലകളിൽ, അങ്ങിനെ എത്രയോ ജീവജാതികൾ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. അവയുടെ വിലയറിയാത്ത മനുഷ്യൻ അതെല്ലാം നിർഭയം നശിപ്പിക്കുന്നു.



# 5.2
# മൃഗസംരക്ഷണം മത്സ്യബന്ധനം

കാർഷികഗ്രാമമായ ഈ പഞ്ചായത്തിൽ ജൈവ വളത്തിനും പാലിനുംവേണ്ടി ധാരാളം കന്നുകാലികളെ വളർത്തിയിരുന്നു. ഈ പ്രദേശത്തുണ്ടായിരുന്ന "വെച്ചൂർ പശു" കേരളത്തിലെങ്ങും പ്രശസ്തമായിരുന്നു. മറ്റു ഭൂവിഭാഗങ്ങളിൽനിന്നും ജലത്താൽ വേർപെട്ടു ചതുപ്പു നിലങ്ങൾ ഉണ്ടായിരുന്ന ഈ പ്രദേശത്തിനു യോജിച്ച നിലയിലുള്ള ആകാരമായിരുന്നു വെച്ചൂർ പശുക്കൾക്കുണ്ടായിരുന്നത്. കുറുകിയ കാലുകളും ചെറിയ ഉടലും ഉണ്ടായിരുന്ന ആ പശുക്കൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്നു. അതിന്റെ വംശവർദ്ധനയ്ക്കുവേണ്ടി മണ്ണൂത്തി വെറ്റിനറി കോളേജ് ശ്രമം തുടരുന്നുണ്ട്.

ഈ പഞ്ചായത്തിൽ 1996 ലെ സെൻസസ് പ്രകാരം 1200 സങ്കര ഇനം പശുക്കളും 560 നാടൻ പശുക്കളും 15 എരുമകളും 5767 മറ്റു കന്നുകാലികളുമുണ്ട്. ഒരു കാലഘട്ടത്തിൽ പഞ്ചായത്തിലെ മിക്ക വീടുകളിലും കാലിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ അടുത്തകാലത്തായി കാലിവളർത്തൽ കുറഞ്ഞിട്ടുണ്ട്. കാലിത്തീറ്റയുടെ വിലവർദ്ധന, പുല്ല്, വൈക്കോൽ തുടങ്ങിയവയുടെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ കന്നുകാലിവളർത്തൽ ലാഭകരമല്ലാതായതാണ് കർഷകരെ ഈ രംഗത്തുനിന്നു പിന്മാറാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ.

സങ്കരയിനം പശുക്കളുടെ വരവോടുകൂടി ഉൽപ്പാദനരംഗത്ത് കുതിച്ചുകയറ്റം ഉണ്ടായിട്ടുണ്ട്. ജഴ്സി, സിന്ധി, സ്വിസ്സ് ബ്രൗൺ തുടങ്ങിയ ഇനങ്ങളാണധികവും. കാലിത്തീറ്റ, പുല്ല്, വൈക്കോൽ എന്നിവയുടെ വിലവർദ്ധനവ് ക്ഷീരകർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ നാലു ക്ഷീരസഹകരണ സംഘങ്ങളിലൂടെ 1100 ലിറ്റർപാൽ പ്രതിദിനം ശേഖരിക്കുന്നുണ്ട്. ഇത്രയും തന്നെ പാൽ കർഷകർ നേരിട്ടും വിപണനം ചെയ്യുന്നുണ്ട്.

പശുക്കളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, കാലാവസ്ഥയിലെ മാറ്റങ്ങൾ മൂലമുണ്ടാകുന്ന പനി എന്നിവയാണ്. പഞ്ചായത്തിൽ ആകെ ഒരു മൃഗാശുപത്രിയാണ് ഉള്ളത്. 22.4 ചതുരശ്ര കിലോമീറ്റർ വിസ്തീതി ഉള്ള ഈ പ്രദേശത്ത് ഒരു ഡോക്ടറും ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റന്റും മാത്രമുള്ള ഈ ആശുപത്രിയുടെ സേവനം അപര്യാപ്തമാണ്. 1996-ലെ രോഗപ്രതിരോധ ചികിത്സയുടെ ചാർട്ട് പരിശോധിക്കുമ്പോൾ കൂടുതൽ ചികിത്സ ആവശ്യമായി വന്നിട്ടുള്ളത് ദഹനസംബന്ധമായ രോഗങ്ങൾക്കാണ്. കാലിത്തീറ്റയിൽ നിന്നുമുണ്ടാകുന്നതാണ് കൂടുതലും.

1760 പശുക്കളുള്ളതിൽ 210 പശുക്കൾക്കു മാത്രമാണ് കുളമ്പുരോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുള്ളത്. ഈ പ്രതിരോധ ചികിത്സ വ്യാപകമാക്കേണ്ടതാണ്.

രോഗവിവരങ്ങളിൽ രേഖപ്പെടുത്താത്തതും അറിയിപ്പു കിട്ടാത്തതുമായ നിരവധി കേസ്സുകളുമുണ്ട്.

എരുമകളെ വളർത്തുവാൻ അനുയോജ്യമായ ഒരു പ്രദേശമാണിത്. വിശാലമായ പുഞ്ചപ്പാടങ്ങളും, തോടുകളും ഇവിടെ ധാരാളമുണ്ടെങ്കിലും കാർഷിക രീതിയിലുള്ള മാറ്റങ്ങൾ എരുമകൃഷിക്കാർ കുറയുന്നതിനു കാരണമായി. നിലങ്ങൾ ഉഴുതുമറിക്കുന്നതിനും ഇവയെ ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഈ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിൽ നിന്നുമാണ് ഇവയെ കൊണ്ടുവരുന്നത്.

മറ്റൊരു പ്രധാന കൃഷിയാണ് ആടുവളർത്തൽ. ആധുനിക ശാസ്ത്രസാങ്കേതിക രീതികളൊന്നും തന്നെ ഈ കൃഷിയിൽ സ്വീകരിക്കുന്നില്ല. നാടൻ കൃഷി

## രോഗവിവരങ്ങൾ (കഴിഞ്ഞ ഒരുവർഷം)

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 915 | 187 | 734 | 26 | 4 | - |
| 2 | ശ്വാസകോശസംബന്ധമായവ | 318 | 6 | 72 | 12 | 236 | 4 |
| 3 | ത്വക് രോഗങ്ങൾ | 360 | 4 | 56 | 2 | - | 6 |
| 4 | ധാതുലവണങ്ങളുടെ അഭാവം | 107 | - | 19 | - | - | - |
| 5 | വന്ധ്യത | 122 | - | 7 | - | - | - |
| 6 | അകിടുവീക്കം | 92 | - | 44 | - | - | - |
| 7 | മുടന്തൻപനി | 212 | - | - | - | - | - |
| 8 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 146 | - | 27 | - | - | |
| 9 | പരാദരോഗങ്ങൾ | 130 | - | 130 | - | 28 | - |
| 10 | ഉപാപചയ സംബന്ധം | 72 | - | 16 | - | - | - |

സമ്പ്രദായത്തിൽ ഒതുങ്ങിനിൽക്കുന്നു. ജമുനാപിരി പോലുള്ള അത്യുൽപ്പാദനശേഷിയുള്ള ആടുകളെ വളർത്തുവാനുള്ള പ്രചരണങ്ങൾ ഉണ്ടാവണം. ചുരുങ്ങിയ ചെലവിൽ കൂടുതൽ ആദായം കിട്ടുന്ന ഈ മേഖല വിപുലീകരിക്കേണ്ടതാണ്.

വിനോദത്തിനായി മുയൽ വളർത്തൽ ചെറിയ തോതിൽ ഇവിടെയുണ്ട്. ഇറച്ചിക്കുവേണ്ടിയുള്ള മുയലുകളെ വ്യാപകമായ രീതിയിൽ വളർത്തുവാൻ സാദ്ധ്യതയുണ്ട്. ഈ കൃഷിക്ക് ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകൾ ഉപയോഗിക്കാവുന്നതാണ്.

ഭാഗികമായി പന്നിവളർത്തൽ നടക്കുന്നുണ്ട്. വീടുകളിലെ ഉപയോഗശൂന്യമായ ഭക്ഷണപദാർത്ഥങ്ങൾ, ചുരുങ്ങിയ ചെലവിൽ ലഭിക്കുന്ന തവിട്, പച്ചക്കറിയുടെ അവശിഷ്ടങ്ങൾ തുടങ്ങിയവയാണ് ഇവയുടെ ഭക്ഷണം. ഈ കൃഷിക്കും ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാണ്.

ഈ പഞ്ചായത്തിലെ മിക്കവീടുകളിലും കോഴി വളർത്തൽ ഉണ്ട്. നാടൻ കോഴികളാണധികവും. ഈ കൃഷി വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുവാനുള്ള സാദ്ധ്യതകളുണ്ട്. ഇറച്ചിക്കോഴി വളർത്തൽ വളരെ ആദായകരമാക്കി നടത്തുവാൻ കഴിയും. അത്യുൽപ്പാദന ശേഷിയുള്ള കോഴികളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം. കോഴികൾക്കുണ്ടാകുന്ന "വസന്ത" രോഗം ഈ രംഗത്തുനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. ഇതിനു ആവശ്യമായ വാക്സിനുകൾ ലഭ്യമാക്കണം.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് താറാവു കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണിത്. ധാരാളം തോടുകളും വയലുകളും ഉള്ള ഈ പ്രദേശത്ത് താറാവു വളർത്തൽ വ്യാപകമായിരുന്നു. താറാവുകൾക്ക് "വസന്ത" രോഗം ഉണ്ടാവുകയും കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്തതിനാൽ കർഷകർ പലരും രംഗം വിട്ടു. വാക്സിനുകൾ ദൗർലഭ്യവും സമയത്തു ചികിത്സ ലഭിക്കാതെ വരുന്നതും കർഷകരെ വിഷമിപ്പിക്കുന്നു.

കാട, പേത്ത, ഗിനി, ഖൽഗൻ തുടങ്ങിയ ഇനം പക്ഷികളെയും ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം
3. മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത

4. കാലികളെ വളർത്തുവാനുള്ള സാമ്പത്തിക സഹാ യം ലഭിക്കുവാനുള്ള പ്രയാസം

5. ആധുനിക കൃഷിരീതികളെക്കുറിച്ചുള്ള കൃഷിക്കാ രുടെ അജ്ഞത

6. കന്നുകാലികൾ, കോഴി, താറാവ് തുടങ്ങിയവയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള കാലതാമസം.

7. പ്രതിരോധമരുന്നുകളുടെ ദൗർലഭ്യം.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. പാൽ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ കർഷ കർക്കു സബ്സിഡി നൽകുക.

2. കൃത്രിമ ബീജസങ്കലനം വ്യാപകമാക്കുകയും സൗജന്യമാക്കുകയും ചെയ്യുക.

3. പ്രതിരോധ ചികിത്സാരീതികൾ സാർവ്വത്രിക മാക്കുക.

4. കന്നുകാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് എല്ലാ കർഷകർക്കും ആവശ്യമായ സാമ്പത്തിക സഹായം ലളിതമായ വ്യവസ്ഥയിൽ നൽകുവാനുള്ള ഏർപ്പാടുണ്ടാക്കുക.

5. കന്നുകുട്ടി പരിപാലന പരിപാടി വ്യാപകമാക്കുക. പ്രതിവർഷം 300 കന്നുകുട്ടികൾ ഈ പഞ്ചായത്തിൽ ജനിക്കുന്നുണ്ട്. അവയെ ഈ പരിപാലനപരിപാ ടിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ, മിനറൽസ്, മീനെണ്ണ തുടങ്ങിയവ സൗജന്യനിരക്കിൽ നല്കി പരിപോഷിപ്പിച്ചാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ നല്ലൊരു കാലിസമ്പത്ത് വികസിപ്പിച്ചെടുക്കുവാൻ കഴിയും.

6. മൃഗചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ മറ്റു പ്രധാന മേഖലകളിൽ സബ് സെന്ററുകൾ സ്ഥാപിക്കുക.

7. തീറ്റപ്പുൽ കൃഷിക്കും മറ്റും ഗവ: ഏജൻസികളി ൽനിന്ന് കിട്ടുന്ന സഹായങ്ങൾ ഹെക്ടർ കണക്കിനു ഭൂമിയുള്ളവർക്കു മാത്രമാണ് ഇപ്പോൾ പ്രയോജ നപ്പെടുന്നത്. ഈ സഹായങ്ങൾ ചെറുകിട കർഷ കർക്കുകൂടി ലഭിക്കത്തക്ക രീതിയിൽ ഭൂമിയുടെ പരിധി കുറയ്ക്കുക.

8. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തു ക്കൾ ഉപയോഗിച്ച് നാടൻ കാലിത്തീറ്റ നിർമ്മിക്കു വാനുള്ള ഒരു ഫാക്ടറി സ്ഥാപിക്കണം.

9. അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തു ന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്ക രണവും നടത്തുക.

10. രോഗപ്രതിരോധ മരുന്നുകളുടെ ദൗർലഭ്യം പരിഹ രിക്കണം.

11. മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ്, മുയൽ, പന്നി, ആട് തുടങ്ങിയവയുടെ ആധുനിക കൃഷിരീതികളെ ക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തണം. കർഷകരുടെ ആവശ്യാനുസരണം നല്ല യിനം കുഞ്ഞുങ്ങളെ ന്യായമായ വിലയ്ക്ക് ലഭിക്കുവാ നുള്ള സൗകര്യം ഉണ്ടാക്കണം. ഇതിനെല്ലാമുപരിയായി ക്ഷീരോൽപ്പാദനം ഒരു ആരോഗ്യ പരിപാലനഘട കമായും ഏറ്റവും കൂടുതൽ തൊഴിൽ നല്കുവാനുള്ള മേഖലയായും കണക്കാക്കി കൂടുതൽ ശ്രദ്ധ ഈ മേഖലയിലേക്കു തിരിയ്ക്കേണ്ടതാണ്.

# II മൃഗസംരക്ഷണം

പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗം. നാമമാത്രമായി ആടുകളേയും എരുമകളേയും വളർത്തുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറിയ തോതിൽ താറാവും വളർത്തു ന്നുണ്ട്. തലയാഴം പഞ്ചായത്തിൽ പശുക്കളും ആടുക ളും എരുമകളും കോഴികളും പന്നികളും ഉണ്ട്.

പഞ്ചായത്തിലെ പ്രധാന കൃഷി നെൽക്കൃഷി യാണ്. പഴയകാലം മുതൽതന്നെ നെൽകൃഷിക്കാരുടെ വീടുകളിൽ വളത്തിനും പാലിനുമായി പശുക്കളെ വളർത്തിയിരുന്നു. കൃഷി ഭൂമി സാധാരണ ജനങ്ങളിൽ ആയതോടുകൂടിയും പശുവളർത്തൽ ഒരു മുഖ്യതൊ ഴിൽ ആയതോടെയും ഇന്ന് താഴേക്കിടയിൽ ഉള്ളവ രുടെ ആയിരിക്കുകയാണ് ഈ തൊഴിൽ.

ഈ നാടിന്റെ തനതായ ഒരു ഇനം തന്നെ ഈ പ്രദേശത്ത് ധാരാളം ഉണ്ടായിരുന്ന "വെച്ചൂർ പശു". ഇന്നിതിന്റെ വംശം തന്നെ നാമാവശേഷമാ യിരിക്കുന്നു. ആടുവളർത്തൽ വിപുലമായിട്ടില്ലെങ്കിലും കുറഞ്ഞ വരുമാനക്കാരുടെ ഇടയിൽ നാമമാത്രമായി നാടൻ ആടുകളെ വളർത്തുന്നുണ്ട്. എരുമ വളർത്തു കാർ ധാരാളം ഉണ്ടായിരുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. അതിനുപറ്റിയ പ്രദേശമായിരുന്ന ഇവിടം വിശാലമായ പുഞ്ചപ്പാടത്ത് തീറ്റുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നു. ഇരുപ്പ് കൃഷി ആയതോടെ ഈ സൗകര്യം ഇല്ലാതായി. ഇപ്പോൾ വളരെ നാമമാത്ര മായേ എരുമ വളർത്തുകാരുള്ളു.

കാലികളിൽ പൊതുവേ അകിടുവീക്കം, കുളമ്പു

രോഗം, ഉദരരോഗം, പനി കോഴികളിലും താറാവുക ളിലും വസന്തയും രോഗങ്ങൾ കണ്ടുവരുന്നു.

## മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങളും, വികസനത്തിനുള്ള സാദ്ധ്യതകളും, നിർദ്ദേശങ്ങളും.

1. മുഴുവൻ കർഷകർക്കും തൊഴുത്ത് ഉണ്ടാകണം. തൊഴുത്തിന്റെ അപര്യാപ്തത കൊണ്ടാണ് കാലികൾക്ക് കൂടുതലും രോഗങ്ങൾ ഉണ്ടാകുന്നത്.

2. കൂടുതൽ ഉൽപ്പാദനശേഷിയുള്ള പശുക്കൾക്കു വേണ്ടിയുള്ള സൗജന്യ ബീജസങ്കലന പദ്ധതി നടപ്പാക്കുക.

3. പ്രധാന പ്രശ്നം വൈക്കോലിന്റെയും പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി നിലവിലുള്ള പരിധി കുറച്ച് 50 സെന്റ് വരെയുള്ളവർക്ക് കൂടി ആവശ്യമായ ധനസഹായം ചെയ്തു കൊടുക്കുക. യഥാർത്ഥ ഉൽപ്പാദനം പുല്ലിന്റെ കുറവുമൂലം നഷ്ട മാകുകയാണ്.

4. നല്ലയിനം പശുക്കളെ വളർത്തികൊണ്ടുവരണ മെങ്കിൽ ചെറുപ്രായത്തിൽത്തന്നെ പോഷകഗുണ മുള്ള തീറ്റ കൊടുത്തു വളർത്തേണ്ടതുണ്ട്. ആയതി ലേയ്ക്ക് 3 മാസം പ്രായമായ പശുക്കുട്ടികൾക്ക് ആദ്യപ്രസവം വരെ കാലിത്തീറ്റയും, മീനെണ്ണയും, മിനറെൽസും സൗജന്യമായി നൽകുക. ഇതിലേക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഒരു മൃഗഡോക്ട റുടെ സേവനം ഉണ്ടാകുന്നത് വളരെ പ്രയോജന കരമാണ്.

5. ദേശസാൽകൃത ബാങ്കുകളിൽനിന്നും മറ്റ് സഹക രണ ബാങ്കുകളിൽ നിന്നും നിലവിലുള്ള വായ്പ പരിധി ഉയർത്തുക.

6. പാൽ ഉൽപ്പാദന ചെലവും പാലിന് ലഭിക്കുന്ന വിലയും തമ്മിൽ തട്ടിച്ചു നോക്കുമ്പോൾ ഇന്ന് കാലി വളർത്തുന്നവരുടെ സ്ഥിതി വളരെ പരിതാപകരമാണ്. നഷ്ടം മൂലം കൂടുതൽ ആളുകളും ഈ രംഗം ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ പാലിന് വില വർദ്ധിക്കുന്നുണ്ടെങ്കിലും അതിലും എത്രയോ ഇരട്ടിവിലയാണ് ദൈനംദിനമെന്നോണം തീറ്റയ്ക്ക് കൂടികൊണ്ടിരിക്കുന്നത്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽനിന്നും ഏജൻസികളിൽനിന്നും പലവിധത്തിലുള്ള ആനുകൂല്യം ഉണ്ടെങ്കിലും "കോരന് കുമ്പിളിൽ കഞ്ഞി" എന്ന സ്ഥിതിയാണ് ക്ഷീരകർഷകരുടേത്.

ഈ മേഖലയ്ക്കുവേണ്ടി പലതരത്തിൽ ചിലവാക്കിക്കൊണ്ടിരിക്കുന്ന ധനസഹായങ്ങൾ ഏകോപിച്ച് ക്ഷീരകർഷകർക്ക് നേരിട്ട് ലഭിക്കാവുന്ന തരത്തിൽ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയാൽ പാലിന്റെ വില വർദ്ധിപ്പിക്കാതെ തന്നെ ഉല്പാദക നേയും ഉപഭോക്താവിനേയും ഒരുപോലെ സഹായി ക്കാൻ പറ്റും.

പഞ്ചായത്തിൽ സഹകരണ മേഖലയിൽ 4 ക്ഷീരസംഘങ്ങളുണ്ട്. ഇവയിലൂടെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയാൽ ഇന്ന് ക്ഷീരസംഘം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനും സംഘങ്ങൾ വഴിമാത്രം പാൽവിറ്റഴി ക്കുന്നതിനും ഉല്പാദക താല്പര്യം കാട്ടുന്നതുമൂലം ഈ മേഖലയുടെ വികസനത്തിനും കർഷകരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാനും കഴിയും.

7. എരുമ, ആട്, പന്നി ഇവയുടെ ഇന്നുള്ള കുറവ് നികത്തി ഈ രംഗത്ത് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതുമൂലം ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉതകുന്നതാണ്.

സങ്കരയിനം എരുമയേയും ആടുകളെയും വളർത്തുന്നതിന് ആവശ്യമായ മുഴുവൻ കാര്യങ്ങളും ചെയ്തുകൊടുക്കണം. താഴ്ന്ന വരുമാനക്കാരുടെ ഒരു വളർത്തുമൃഗമായ ആടിനെ ഒരു വീടിന് കുറഞ്ഞത് ഒന്നിനെ വീതം സൗജന്യമായി നൽകണം. ഇറച്ചിക്കു വേണ്ടി ആടിനേയും പന്നിയെയും വളർത്തുന്നതിന് (കുറഞ്ഞ തോതിലോ, വൻതോതിലോ) ജനങ്ങളെ പ്രേരിപ്പിക്കുകയും ഈ മേഖലയുടെ വികസനത്തിനുള്ള മാർഗ്ഗരേഖകളും ഉപദേശങ്ങളും ആടിന്റെയും പന്നിയുടെയും കുഞ്ഞുങ്ങളെ ലഭ്യമാകുന്നതുൾപ്പെടെ കാര്യങ്ങൾ ചെയ്തുകൊടുക്കണം.

മുട്ടക്കോഴിയേയും, ഇറച്ചിക്കോഴിയേയും വളർത്തുന്നതിന് വളരെ സാദ്ധ്യതകളുണ്ട്. ഇറച്ചികോഴി വളർത്തുന്നതിന് സ്ഥലസൗകര്യം പ്രധാന വിഷയമാണ്. അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായത് ചെയ്ത് കൊടുക്കുക. മുട്ടക്കോഴികളെ മുഴുവൻ വീടുകളിലും വളർത്താവുന്നതാണ്. ആയതിന് കുറഞ്ഞത് 10 നല്ലയിനം മുട്ടക്കോഴികളെ വീതം വീടൊന്നിന് സൗജന്യനിരക്കിൽ നൽ

കുക. ഈ മേഖലയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽ പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും.

താറാവുകൃഷി വൻതോതിൽ നടത്തിയിരുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. മാരകരോഗംമൂലം താറാവുകൾ ചത്തൊടുങ്ങുന്നതു കൂടുതൽ ആളുകളും ഈ തൊഴിൽ ഉപേക്ഷിച്ച നിലയിലാണ്.

ശാസ്ത്രീയമായി താറാവുകളെ വളർത്തുന്നതിനും നല്ലയിനം താറാവുകളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് നിരണത്തുള്ള താറാവ് ഉൽപ്പാദന കേന്ദ്രത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളെയും, കോഴികളെയും, താറാവുകളെയും പഞ്ചായത്തിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും സൗജന്യമായി ഇൻഷ്വർ ചെയ്യുന്നത് ഈ മേഖലയുടെ വളർച്ചയ്ക്ക് ഉചിതമായിരിക്കും.

# മത്സ്യബന്ധനം

മത്സ്യബന്ധനം പരമ്പരാഗത തൊഴിലാക്കിയിട്ടുള്ള മത്സ്യതൊഴിലാളികൾ കൊതവറ, തലയാഴം ഭാഗങ്ങളിലാണ് അധിവസിക്കുന്നത്. ഇത് തലയാഴം പഞ്ചായത്തിന്റെ രണ്ടും മൂന്നും വാർഡുകളാണ്. വേമ്പനാട്ടു കായലിൽനിന്നും മത്സ്യം പിടിക്കുകയും അത് വിപണനം ചെയ്ത് നിത്യവൃത്തി നടത്തുകയും ചെയ്യുന്നവരാണ് ഈ തൊഴിലാളികളിൽ ഏറിയ പങ്കും. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് വേമ്പനാട്ട് കായലാണ് പ്രധാന മത്സ്യ ബന്ധന കേന്ദ്രം. കൂടാതെ കരിയാർ, ചെറിയ തോടുകൾ. നെല്പാടങ്ങൾ എന്നിവയും മത്സ്യ ബന്ധന കേന്ദ്രങ്ങളാണ്. മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന 740 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. വാല്വല, വീശുവല, പെരുവല, ഒടക്കുവല തുടങ്ങിയ വലകളാണ് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്. കായലിൽനിന്നും കരിമീൻ, കൊഞ്ച്, ചെമ്മീൻ, കണമ്പ്, കണ്ണി, ചെമ്പല്ലി, വറ്റ, കൂരി, വാള, പൂമീൻ, കോലാ, ഞണ്ട്, വയമ്പ് തുടങ്ങിയവയാണ് ലഭ്യമാകുന്ന മത്സ്യങ്ങൾ. ഇങ്ങനെ ലഭ്യമാകുന്ന മത്സ്യങ്ങൾ സ്ത്രീകൾ ഉല്ലല മാർക്കറ്റിൽ കൊണ്ടുവന്നു വിൽക്കുന്നു. കൂടാതെ കടൽമത്സ്യങ്ങളും ഇവിടെ വില്പനയ്ക്കായി എത്തുന്നുണ്ട്. കടൽ മത്സ്യം വൈക്കം മാർക്കറ്റിൽനിന്നും, ചേർത്തല കടപ്പുറത്തുനിന്നും ഉല്ലലയിൽ വില്പനയ്ക്കായി എത്തുന്നുണ്ട്. ഇവിടെ നിന്നും സ്ത്രീകൾ മത്സ്യം വാങ്ങിച്ച് തലച്ചുമടായി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വീടുകൾ തോറും വില്പന നടത്തുന്നു.

ചെമ്മീൻ (ചുടൻ, കാര, തെള്ളി etc.) കൊഞ്ച്, ഞണ്ട് എന്നിവ സംസ്ക്കരിച്ച് കയറ്റി അയയ്ക്കുന്നതിനായി കമ്പനിക്കാർ തൂക്കി എടുക്കുന്നുണ്ട്. മത്സ്യ സംസ്ക്കരണ കേന്ദ്രങ്ങളൊന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

കായലിൽ കക്ക വാരുന്ന തൊഴിൽ ഈ പഞ്ചായത്തിൽ ഇല്ലായിരുന്നു. എന്നാൽ നാല്, അഞ്ചു വർഷങ്ങളായുണ്ടായ മത്സ്യ രോഗമാണ് തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് ശ്രദ്ധ തിരിക്കുവാൻ പ്രേരിപ്പിച്ചത്. ഇരുമ്പുകൊണ്ട് 'കൊല്ലി' യുണ്ടാക്കി അത് നീളമേറിയ മുളയുടെ അറ്റത്ത് ഉറപ്പിച്ച് 10-15 മീറ്റർ ആഴത്തിൽ നിന്നാണ് കക്ക വലിച്ചെടുക്കുന്നത്. നാടൻ വള്ളങ്ങൾ ഉപയോഗിച്ച് ചെയ്യുന്ന ഈ തൊഴിൽ വളരെ പ്രയാസമേറിയ ഒന്നാകുന്നു.

കായലിൽനിന്നും പുരുഷന്മാർ വാരിയെടുക്കുന്ന കക്ക സ്ത്രീകൾ വലിയ പാത്രങ്ങളിലാക്കി പുഴുങ്ങി ഇറച്ചി, തോട് എന്നിവ വേർതിരിച്ചെടുക്കുന്നു. കക്കയുടെ ഇറച്ചി മാർക്കറ്റിൽ ഒരു കിലോയ്ക്ക് 4-8 രൂപ നിരക്കിൽ വിൽക്കുന്നു. കക്കയുടെ തോട് പുറത്തുള്ള പഞ്ചായത്തുകളിൽ ആണ് സംഭരിക്കപ്പെടുന്നത്. അതുകൊണ്ട് കക്കയുടെ വിപണനമോ, സംസ്ക്കരണമോ നമുക്കു സാധിക്കുന്നില്ല.

പഞ്ചായത്തിലെ ഉൾതോടുകളിൽ നിന്നും, കിഴക്കൻ മേഖലയിലുള്ള പാടശേഖരങ്ങളിൽനിന്നും നാട്ടു മത്സ്യങ്ങളായി വരാൽ, കാരി, ചേർമീൻ, മുഷി എന്നിവ സുലഭമായി ലഭിച്ചിരുന്നു. എന്നാൽ അടുത്ത കാലത്തുണ്ടായ മത്സ്യരോഗം നിമിത്തം ഈ മത്സ്യങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## നടപ്പു പദ്ധതികൾ

1. പ്രത്യേക ഘടക പദ്ധതിപ്രകാരം പട്ടിക ജാതിയിൽ പെട്ടവർക്ക് ഭവനനിർമ്മാണത്തിന് 35000/- രൂപ ധന സഹായം നൽകുന്നു.

2. പ്രത്യേക ഘടക പദ്ധതിപ്രകാരം പട്ടികജാതിയിൽ പെട്ടവർക്ക് ശാസ്ത്രീയ മത്സ്യകൃഷിക്ക് ഏക്കറിന് 8000/- രൂപ സബ്സിഡി നൽകുന്നു. സ്വന്തമായി സ്ഥലമുള്ളവർക്ക് മുൻഗണന നൽകുന്നു.

3. നെല്ലും, മീനും ഒരുമിച്ച് കൃഷി ചെയ്യുന്നവർക്ക് ഹെക്ടറിന് 10000/- രൂപ സബ്സിഡി രണ്ടുപ്രാവശ്യമായി നൽകുന്നു.

4. കോട്ടയം ഫിഷറീസ് അസിസ്റ്റന്റു ഡയറക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായുള്ള ഫിഷ് ഫാർമേഴ്സ് ഡവലപ്പ്മെന്റ് ഏജൻസി (FFDA) മത്സ്യ കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിക്ക് പരിശീലനം നൽകുകയും, മത്സ്യകൃഷി, കൊഞ്ചുകൃഷി എന്നിവയ്ക്ക് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി, ബാങ്കുകൾക്ക് സമർപ്പിക്കുക, ബാങ്കുലോണുകൾ സംഘടിപ്പിക്കുക.

## FFDA

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് 35000/- രൂപ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൈക്കം ഫിഷറീസ് ഓഫീസറും, മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൈക്കം പ്രൊജക്ട് ഓഫീസറും, വിവിധ ക്ഷേമപ്രവർത്തനങ്ങൾ വേറെയും നടത്തുന്നുണ്ട്.

## മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ

1. ഒരു ലാന്റിംഗ് സെന്റർ (2,3 വാർഡുകൾ കേന്ദ്രീകരിച്ച് ) സ്ഥാപിക്കുക.

2. മത്സ്യ സംഭരണ കേന്ദ്രം ആരംഭിക്കുക.

3. മത്സ്യവിപണനത്തിന് ആധുനിക രീതിയിലുള്ള ഒരു മാർക്കറ്റ് ആരംഭിക്കുക.

4. 'തീരജ്യോതി' പദ്ധതി മത്സ്യമേഖലയിൽ നടപ്പിലാക്കുക.

5. തീരദേശ മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.

6. വേലിയേറ്റം സമയം കഴിഞ്ഞ് തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തുക.

7. മത്സ്യ തൊഴിലാളികൾക്ക് പലിശരഹിത വായ്പ ലഭ്യമാക്കുക.

8. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് മത്സ്യകച്ചവടം നടത്തുന്നതിനുള്ള യാത്രാസൗകര്യം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കുക.

9. മത്സ്യതൊഴിലാളികൾക്ക് മത്സ്യകൃഷിയിൽ പരിശീലനം നൽകുക.

10. തണ്ണീർമുക്കം ബണ്ടിന്റെ കിഴക്കെ പാസ്‌വേ പ്രവർത്തനക്ഷമമാക്കുക.

11. തീരദേശത്ത് കരിങ്കൽ ബണ്ടുകൾ നിർമ്മിക്കുക.

12. ഫിഷറീസ് സ്കൂൾ നിർമ്മിക്കുക.

13. 2, 3 വാർഡുകൾക്കായി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം തീരദേശത്ത് സ്ഥാപിക്കുക.

14. പഞ്ചായത്തു തലത്തിലുള്ള മത്സ്യഭവനുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുക.

## മത്സ്യകൃഷി

പഞ്ചായത്തിന്റെ തെക്ക്ഭാഗം ഏകദേശം 4 കി.മി. നീളത്തിൽ വേമ്പനാട്ട് കായലോരവും പടിഞ്ഞാറ് ഭാഗം 5 കി.മീ. നീളത്തിൽ കരിയാറും നിരവധി ചെറിയ തോടുകളും കുളങ്ങളും നെൽപ്പാടങ്ങളും, ചതുപ്പുനിലങ്ങളും ഉള്ള പ്രദേശമാണ് തലയാഴം പഞ്ചായത്ത്. ഇവിടെ മത്സ്യകൃഷിയ്ക്ക് വമ്പിച്ച സാദ്ധ്യതകളുണ്ട്. ഇത്രയേറെ സാദ്ധ്യതകളു ണ്ടെങ്കിലും നാമമാത്രമായി പോലും മത്സ്യകൃഷി ഈ പഞ്ചായത്തിൽ ഇല്ല.

മത്സ്യകൃഷിയുടെ പ്രാധാന്യത്തെപ്പറ്റിയും അതിന്റെ പ്രയോജനത്തെപ്പറ്റിയും ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പ്രചരണങ്ങളും നിർദ്ദേശങ്ങളും നൽകുക.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ മത്സ്യകൃഷിയ്ക്കായി നൽകുക.

നാട്ടിലുള്ള മുഴുവൻ കുളങ്ങളിലും തോടുകളിലും ചതുപ്പുസ്ഥലങ്ങളിലും മത്സ്യം വളർത്തുന്നതിന് പ്രേരിപ്പിക്കുകയും, സൗജന്യമായി മത്സ്യകുഞ്ഞുങ്ങളെ നൽകുകയും ആവശ്യമായ നേതൃത്വവും മേൽനോട്ടവും സാമ്പത്തികവും ചെയ്യുക.

പല പാടശേഖരങ്ങളിലും ഒരു പൂ നെൽകൃഷി മാത്രം ചെയ്യുന്നവയാണ്. അങ്ങനെയുള്ളവയിൽ നെൽകൃഷിയ്ക്ക് തടസ്സമില്ലാത്ത തരത്തിൽ മത്സ്യകൃഷി നടത്തുന്നതിന് കർഷകരെ പ്രേരിപ്പിക്കുക.

മത്സ്യകൃഷി വികസിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനും ഒരു ഏജൻസിക്ക് രൂപം നൽകുകയും ടി ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരുകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുകയും വേണം.

പഞ്ചായത്ത് അതിർത്തിയിലുള്ള കായലിനോട് ചേർന്നുകിടക്കുന്ന കായൽ പ്രദേശം ബണ്ടുകെട്ടിയോ, മറ്റ് ആധുനിക മാർഗ്ഗം ഉപയോഗിച്ചോ മത്സ്യം, ചെമ്മീൻ, കൊഞ്ച് എന്നീ കൃഷികൾ നടത്താവുന്നതാണ്. ഇതിൽ തീരദേശ പ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കേണ്ടതാണ്. ഇതുമൂലം മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നതാണ്.

ചതുപ്പു പ്രദേശങ്ങളിലും നെൽകൃഷിനടത്താൻ കഴിയാത്ത പാടശേഖരങ്ങളിലും മത്സ്യകൃഷിയോടൊപ്പം കോഴികളേയും വളർത്തുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ കർഷകരെ യോജിപ്പിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. മത്സ്യകൃഷി നടത്തുന്ന സ്ഥലത്തിന്റെ മുകളിൽ തട്ടുകൾ നിർമ്മിച്ച്

അതിൽ കോഴികളെ വളർത്തിയാൽ കോഴിവളം മത്സ്യതീറ്റയായി മാറ്റാവുന്നതാണ്. തമിഴ്നാട്ടിൽ വിപുലവും വിജയകരമായി ഈ പദ്ധതി നടത്തുന്നുണ്ട്.

വലിയാനപ്പുഴ മുട്ടിൽ നിന്നും കരിയാറിൽ വന്നു ചേരുന്ന $1^1/_2$ കിലോ മീറ്റർ നീളവും 50 മീറ്റർ വീതിയുമുള്ള ശുദ്ധജലമുള്ള പ്രദേശം പുറമ്പോക്കായി ഉണ്ട്. ഇവിടെ മത്സ്യകൃഷിക്ക് വളരെ ഉപയുക്തമാണ്. ഈ പ്രദേശത്തുള്ള (ഇരു കരകളിലുമുള്ള) താമസക്കാരെ സംഘടിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിൽ മത്സ്യകൃഷി നടത്താവുന്നതാണ്. ഇവിടെ മത്സ്യകൃഷി യോടൊപ്പം കോഴിവളർത്തലും സംയോജിപ്പിച്ച് നടത്താവുന്നതാണ്.

മത്സ്യകൃഷിരംഗത്ത് പരമാവധി പ്രദേശം ഉപയോഗിക്കാൻ കഴിഞ്ഞാൽ മത്സ്യ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനുള്ള ഹാച്ചറി, തീറ്റ നിർമ്മിക്കുന്നതിനുള്ള ചെറുകിട ഫാക്ടറി, മത്സ്യസംസ്ക്കരണത്തിനുള്ള ഫാക്ടറി, മറ്റു അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ആവശ്യമായി വരും. ഇതുമൂലം മത്സ്യകൃഷിയിൽ നിന്നുള്ള വരുമാനത്തോടൊപ്പം നാടിന്റെ അഭിവൃദ്ധിയ്ക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കഴിയുന്നതാണ്.

ഒരു നാടിന്റെ വളർച്ച എന്നു പറയുന്നത് പ്രധാനമായും ജനങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ പഞ്ചായത്തിലെ ജനങ്ങളെ മൊത്തത്തിൽ നോക്കിയാൽ വരുമാനത്തിൽ വളരെ താഴേക്കിടയിലുള്ളവരാണ് അധികവും. ചെറുകിട കർഷകത്തൊഴിലാളികളും, കയർ ത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളുമാണ് ഏറിയ പങ്കും. ഇവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വൻപിച്ച മാറ്റം ഉണ്ടാക്കാൻ കഴിയുന്ന മത്സ്യബന്ധനവും മത്സ്യകൃഷിയും കോഴി വളർത്തലും വിപുലപ്പെടുത്താവുന്നതാണ്. ഇതുമൂലം നമ്മുടെ നാടിന്റെ മൊത്തത്തിലുള്ള വളർച്ച ത്വരിതപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവിതനിലവാരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഒരു പരിധിവരെ സമൂഹത്തിലെ ശാപമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രയോജനപ്പെടുമെന്നതിന് തർക്കമില്ല.

മാന്ത്രിക ശക്തിയിലൂടെയോ, മറ്റേതെങ്കിലും തന്ത്രത്തിലൂടെയോ നാടിന്റെ വികസനത്തിനും ജനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന വരുമാനം വർദ്ധിപ്പിക്കുവാനോ കഴിയുകയില്ല. ലക്ഷ്യബോധത്തോടെയുള്ള പദ്ധതികളും കൂട്ടായ പ്രയത്നവുമാണ് ആവശ്യം. "ദാരിദ്ര്യം വീതിക്കുന്നതിനല്ല സമ്പത്ത് വീതിക്കുന്നതതിലായിരിക്കണം ലക്ഷ്യം".

## മത്സ്യകൃഷി പ്രശ്നങ്ങൾ - സാദ്ധ്യതകൾ

1. മത്സ്യകൃഷിയുടെ പ്രാധാന്യത്തെപ്പറ്റിയും ജനങ്ങളെ ബോധവത്ക്കരിക്കുക.

2. പഞ്ചായത്ത് അധീനതയിലുള്ള പൊതുകുളങ്ങൾ മത്സ്യകൃഷിയ്ക്കായി അനുവദിക്കുക.

3. പാടശേഖരങ്ങളിൽ നെൽകൃഷിയ്ക്കൊപ്പം മത്സ്യകൃഷി കൂടി നടത്തുക.

4. ഉൾതോടുകളിലെ മത്സ്യകൃഷി സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുക.

5. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു മത്സ്യ ഹാച്ചറി സ്ഥാപിക്കുക.



## 5.3
# വ്യവസായം, ടൂറിസം

വ്യാവസായികമായ അടിത്തറയും വളർച്ചയും നാടിന്റെ പുരോഗതിയിലേയ്ക്ക് വഴി തുറക്കുന്നു. നാടിന്റെ നട്ടെല്ലാണ് വ്യവസായവും വൈദ്യുതിയും.

കാർഷികഗ്രാമമായ തലയാഴം പഞ്ചായത്ത് വ്യാവസായികമായി വളരെയധികം പിന്നിലാണ്. എടുത്തുപറയത്തക്ക വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. എങ്കിലും ചില പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കയർ, പാനെയ്ത്ത്, കളിമൺ പാത്രനിർമ്മാണം എന്നിവ സാർവത്രികമായി നടന്നുവരുന്നു. കളിമൺ പാത്രനിർമ്മാണം ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത് തോട്ടകം ഭാഗത്തായിരുന്നു. എന്നാൽ ഇന്ന് ഈ കുടിൽ വ്യവസായങ്ങൾ തകർച്ചയിലാണ്. ഇതിന് പ്രധാന കാരണം ഗുണമേന്മയേറിയ കളിമണ്ണിന്റെ ലഭ്യതയില്ലായ്മ, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ്. ഇപ്പോൾ 33 കുടുംബങ്ങൾ ഉള്ളതിൽ 12 കുടുംബങ്ങൾ മാത്രമാണ് ഈ തൊഴിൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിയ്ക്കുന്നത്. കയർ വ്യവസായവും പ്രതിസന്ധിയിലാണ്. ഇതിനു കാരണം തൊണ്ടിന്റെ ലഭ്യത കുറവും ഉല്പാദനചെലവിനനുസരിച്ച് ഉല്പന്നത്തിന് വില ലഭിക്കാത്തതുമാണ്.

### തഴപ്പാനെയ്ത്ത്

പഞ്ചായത്തിലെ 40% ത്തോളം വീടുകൾ ഈ കുടിൽ വ്യവസായത്തിൽനിന്നും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. അസംസ്കൃത വസ്തുവായ തഴ ആവശ്യത്തിനനുസരിച്ച് ലഭ്യമല്ല. വിപണനത്തിന് പ്രയാസമില്ലെങ്കിലും ഇടനിലക്കാരുടെ ഇടപെടൽ മൂലം തൊഴിലാളിക്ക് യഥാർത്ഥ വില ലഭിക്കുന്നില്ല.

| അസംസ്കൃത വസ്തു | തഴയുടെ വില | നെയ്ത്ത് സമയം | അളവ് | മാർക്കറ്റ് വില ശരാശരി |
|---|---|---|---|---|
| തഴ | 8 രൂ | 6 മണിക്കൂർ | 5'x3' 15sft | 25 രൂ |

### കക്കാ വ്യവസായം

13 km കായൽ തീരമുള്ള പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളാണ് കക്കാ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 26 ചെറുകിട വ്യവസായങ്ങളും 361 കച്ചവടവ്യാപാര സ്ഥാപനങ്ങളും ഉണ്ട്. ഇതിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ:-

1. കയർ വ്യവസായ സഹകരണ സംഘം, ഉല്ലല.
2. ശിവശക്തി വനിതാ വ്യവസായ സഹകരണ സംഘം, തലയാഴം.
3. തലയാഴം തഴപ്പായ് വ്യവസായ വർക്ക് ഷോപ്പ്. (ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ ധനസഹായത്തോടു കൂടിയത്)
4. തലയാഴം - വെച്ചൂർ മാറ്റ്സ് ആന്റ് വീവേഴ്സ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, തലയാഴം.

## മറ്റു പ്രധാന വ്യവസായങ്ങൾ

നെല്ലുകുത്തി അരിയാക്കൽ, എണ്ണയാട്ടൽ, ടെയിലറിംഗ്, കുമ്മായം, ഫർണീച്ചർ, ബേക്കറി, കറിപൗഡർ നിർമ്മാണം ഇവയെല്ലാം സ്വകാര്യരംഗത്താണ്. കൂടാതെ P.S. John & Co. പഞ്ചായത്തിലെ പ്രമുഖ വ്യവസായ ശാലയാണ്. കയറുകൊണ്ടുള്ള ഉല്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. പുറത്തു നിന്നും കയർ കൊണ്ടുവന്ന് ഡൈ ചെയ്ത് കയറ്റി അയയ്ക്കുക എന്നതാണ് ഇവിടുത്തെ പ്രധാന ജോലി. മാനേജീരിയൽ കേഡറിൽ രണ്ടു പേരും തൊഴിലാളികളുടെ (Semi-Skilled) വിഭാഗത്തിൽ 12 പേരും ജോലി ചെയ്യുന്നു. ഡിഫൻസ് സർവ്വീസിൽ നിന്നും ധാരാളം ഓർഡറുകൾ കിട്ടുന്നുണ്ട്. 1995-96 ൽ ഉദ്ദേശം ഒരു കോടി രൂപയുടെ ഉൽപാദനം ഇവിടെയുണ്ടായിട്ടുണ്ട്. ഈ ഫാക്ടറി യന്ത്രവൽക്കരിച്ചിട്ടില്ലാത്തതുകൊണ്ടും മാർക്കറ്റിംഗിനെ സംബന്ധിച്ചിടത്തോളം വലിയ മൽസരം നേരിടേണ്ടി വരുന്നതുകൊണ്ടും പ്രതീക്ഷയ്ക്കനുസരിച്ചുള്ള ആദായം ലഭിക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

തോട്ടകം അട്ടാറപ്പാലത്തിനു സമീപം 1981-ൽ K. F. C - യിൽ നിന്നും 11.5 ലക്ഷം രൂപാ വായ്പ എടുത്ത് പ്രവർത്തനഘട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്ന NEO DYES എന്ന സ്ഥാപനം ഉല്പാദനം തുടങ്ങാനാവാതെ തന്നെ മുടങ്ങിപ്പോയി. വസ്ത്രങ്ങൾക്ക് കളർ മുക്കുവാൻ പറ്റുന്ന H-Acid എന്ന അസംസ്കൃത വസ്തു നിർമ്മിക്കാനുള്ളതായിരുന്നു ഈ ഫാക്ടറി. ഇതു പ്രവർത്തനക്ഷമമായിരുന്നെങ്കിൽ സമീപ പ്രദേശങ്ങളിൽ വെച്ച് ഏറ്റവും വലിയ ഫാക്ടറിയാകുമായിരുന്നു. വളരെയധികം പേർക്ക് തൊഴിൽ ലഭിക്കുമായിരുന്നു.

മൂലധന ദുർവ്വിനിയോഗവും ആവശ്യമായ സാങ്കേതിക പരിജ്ഞാനക്കുറവും മാനേജുമെന്റ് വൈദഗ്ദ്ധ്യമില്ലായ്മയുമാണ് ഈ സ്ഥാപനത്തിന്റെ തകർച്ചയ്ക്കു കാരണം. ഇത് ഇപ്പോൾ 35.5 ലക്ഷം രൂപയ്ക്ക് ജപ്തി ചെയ്യപ്പെട്ട് സർക്കാർ അധീനതയിലാണ്. 'ഈ സ്ഥാപനം പ്രവർത്തനപഥത്തിലെത്തിച്ചാൽ അത് തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ ആശ്വാസമാകും. നമ്മുടെ പ്രദേശത്തിന്റെ വളർച്ചയ്ക്ക് അതുപകരിക്കുകയും ചെയ്യും. കെട്ടിടം, വൈദ്യുതി, റോഡ് തുടങ്ങിയ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ലഭ്യമായ ഇവിടെ അനുയോജ്യമായ മറ്റേതെങ്കിലും യൂണിറ്റ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. എന്നാൽ പരിസ്ഥിതി മലിനീകരണം ഉണ്ടാകാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവർത്തനം തുടങ്ങി വളർച്ച പ്രാപിച്ചെങ്കിലും അകാലത്തിൽ നശിച്ചുപോയ മറ്റൊരു സ്ഥാപനമാണ് തോട്ടകം കടത്തുകടവിനു (ചേന്നംകുന്ന്) സമീപമുള്ള GEM OIL. സാമ്പത്തിക പ്രതിസന്ധിയും മാനേജുമെന്റ് വൈദഗ്ദ്ധ്യമില്ലായ്മയുമാണ് ഇതിന്റെയും തകർച്ചയ്ക്കു കാരണം. നല്ല ഭാവിയുണ്ടാകുമായിരുന്ന ഒരു എക്സ് പെല്ലർ യൂണിറ്റായിരുന്നു ഇത്. കടബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി സ്ഥലവും കെട്ടിടവുമെല്ലാം വില്പന നടത്തുകയായിരുന്നു.

ഉല്ലലയിലും ഒരു എക്സ്പെല്ലർ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഇതും നശിച്ചുപോയ മറ്റൊരു വ്യാവസായിക യൂണിറ്റാണ്.

സംസ്ഥാന ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇന്ന് പല വിധത്തിലുള്ള സഹായ പദ്ധതികൾ നിലവിലുണ്ട്. പക്ഷേ നാം ഇതിനെക്കുറിച്ച് തികച്ചും അജ്ഞരാണ്. പ്രസ്തുത പദ്ധതികളെകുറിച്ചുള്ള വിശദ വിവരങ്ങൾ ഗ്രാമസഭകൾ കൂടുമ്പോഴോ, നോട്ടീസുകൾ വഴിയോ പൊതുജനങ്ങളെ ധരിപ്പിക്കണം.

നിലവിലുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്

### 1. Rural Artisans Programme (R. A. P)

10,000 രൂപാ വരെ മെഷിനറി വിലവരുന്ന ചെറിയ വ്യവസായങ്ങൾ നടത്തുന്നതിന് ബാങ്കുമുഖേന കിട്ടുന്ന വായ്പയുടെ, മെഷിനറി വിലയുടെ, മൂന്നിൽ ഒരു ഭാഗം സബ്സിഡി ബ്ലോക്ക് പഞ്ചായത്ത് വഴി ലഭ്യമാകും.

### 2. Handicrafts Trainning

പത്തുപേരിൽ കുറയാത്ത യുവജനങ്ങൾക്ക് ഏതെങ്കിലും കരകൗശല പരിപാടിയിൽ മൂന്നുമാസത്തിൽ കുറയാത്ത കാലത്തേയ്ക്ക് പരിശീലനം ലഭിക്കുന്നു. അതിനായി ട്രയിനിമാർക്ക് സ്റ്റൈപെന്റ്, ടീച്ചറുടെ ശമ്പളം, സ്ഥാപനത്തിന് wastage amount, എന്നിവ ലഭ്യമാക്കും. ഇത് ബ്ലോക്ക് പഞ്ചായത്തു വഴിയാണ് കൊടുക്കുക.



## 3. Prime Minister Rozgar Yojana (PMRY)

ഏതെങ്കിലും വ്യവസായം, സേവനം, ബിസ്സിനസ്സ് ഇവ നടത്തുന്നതിന് 18 -നും 35 -നും ഇടയ്ക്ക് പ്രായമുള്ള, വാർഷിക വരുമാനം 2,400 -ൽ കവിയാത്ത, S.S.L.C വരെയെങ്കിലും പഠിച്ചിട്ടുള്ള തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ഒരു ലക്ഷം രൂപാ വരെയുള്ള വായ്പ ബാങ്കു മുഖേന ലഭ്യമാകും. അതിന് 15% (7500 രൂപാ വരെ) സബ്സിഡിയും ലഭ്യമാണ്. ഈ വായ്പ ഓരോ ബാങ്കിനുമുള്ള ടാർജറ്റ് അനുസരിച്ച് ലഭ്യമാകും.

## 4. Harijan Development Schemes: (H. D. S.) Loan and Grant.

ഹരിജനങ്ങൾക്ക് വ്യവസായ സംരംഭം തുടങ്ങുന്നതിനായി 50,000 രൂപാവരെ വായ്പ ലഭിക്കും. അതിന് 5000 രൂപാ സബ്സിഡിയുണ്ട്. ഇതിൽ 10,000 രൂപാവരെയുള്ള വായ്പയ്ക്ക് പലിശ ഇല്ല. 15,000 രൂപാവരെയുള്ള വായ്പയ്ക്ക് 1% പലിശയും അതിനുമേൽ ഉള്ള വായ്പയ്ക്ക് 4% പലിശയും ആണ്. ഇത് വ്യവസായ ഡിപ്പാർട്ടുമെന്റിൽ നിന്നും കൊടുക്കുന്ന വായ്പയാണ്.

എന്നാൽ കഴിഞ്ഞ വർഷം അയച്ചിട്ടുള്ള അപേക്ഷകൾ വരെ ഇപ്പോഴും അനുവദിച്ചു കഴിഞ്ഞിട്ടില്ല. ഫണ്ടില്ലാത്തതാണ് ഇതിനു കാരണം. 92-93 ൽ ഒരു അപേക്ഷയിന്മേൽ 15000 രൂപാ കൊടുത്തു. പിന്നീടുള്ള വർഷങ്ങളിൽ കൊടുത്തിട്ടില്ല.

**5. പട്ടിക വർഗ്ഗക്കാർക്കുള്ള വായ്പ:-**

നിബന്ധനകളെല്ലാം മേൽപ്പറഞ്ഞതുപോലെ (Item: 4) തന്നെ.

അടുത്ത കാലത്തൊന്നും ഈ സ്കീമിൽ ആർക്കും വായ്പ കൊടുത്തിട്ടില്ല. ഫണ്ട് അനുവദിക്കാത്തതാണ് കാരണം.

**6. ജനറൽ സ്കീം:-**

ഏതുതരം വ്യവസായ സംരംഭവും തുടങ്ങുന്നതിന് വ്യവസായ രജിസ്ട്രേഷൻ (താല്ക്കാലികം) എടുത്ത് അപേക്ഷിച്ചാൽ ബാങ്ക് വായ്പയ്ക്ക് ശുപാർശ ചെയ്യാവുന്നതാണ്. ഇതിനുവേണ്ടി താലൂക്ക് വ്യവസായ ഓഫീസുമായി ബന്ധപ്പെട്ടാൽ മതി.

## പരിഹാരമാർഗ്ഗങ്ങൾ

1. കാർഷികമേഖലയിൽ നിന്നും നെല്ല് ശേഖരിച്ച് അരിയാക്കി വിപണനം ചെയ്യുന്ന ആധുനിക രീതിയിലുള്ള റൈസ്മില്ല് സഹകരണ മേഖലയിൽ സ്ഥാപിക്കുകയാണെങ്കിൽ ഇന്ന് സ്വകാര്യരംഗം കൈയ്യടക്കി വച്ചിരിക്കുന്ന ഈ വ്യവസായം പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമാക്കാം. കനത്ത വിലയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. ഇന്ന് സ്വകാര്യ രംഗത്ത് 25 റൈസ്മില്ലുകൾ പ്രവർത്തിക്കുന്നു.

2. തഴപ്പാനെയ്ത്തു വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സഹകരണ മേഖലയിൽ പഞ്ചായത്തു കേന്ദ്രീകരിച്ച് യൂണിറ്റ് ആരംഭിക്കണം. നല്ലയിനം കൈതകൾ ശേഖരിച്ചു വിതരണം ചെയ്യുന്നതു മുതൽ തഴപ്പായ വിപണനം വരെയുള്ള എല്ലാ പ്രക്രിയകളും സംഘം ഏറ്റെടുത്തു നടത്തണം. മെത്തപ്പായ് നിർമ്മാണത്തിനാവശ്യമായ കൈതകളും ഇക്കൂട്ടത്തിൽ ശേഖരിച്ചു വിതരണം ചെയ്യാവുന്നതാണ്. ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടത്തി ഉൽപ്പാദനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യാവുന്നതാണ്.

3. നാളികേര സംഭരണവും സംസ്ക്കരണവും, വെളിച്ചെണ്ണ ഉൽപ്പാദനവും സഹകരണ മേഖലയിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. നാളികേര സംഭരണത്തിനും വെളിച്ചെണ്ണ വിതരണത്തിനും വാർഡടിസ്ഥാനത്തിൽ യൂണിറ്റുകൾ തുറക്കണം. സാമാന്യം ഭേദപ്പെട്ട രീതിയിൽ തൊഴിൽ സാദ്ധ്യതകൾ ഉള്ള ഒരു രംഗമാണിത്.

4. നിലവിൽ ഉല്ലലയിലുള്ള കയർ വ്യസായ സഹകരണ സംഘത്തിനാവശ്യമായ തൊണ്ട് മേൽപ്പറഞ്ഞ നാളികേര സംസ്ക്കരണ സംഘത്തിൽ കൂടി ലഭ്യമാക്കുക. കയർ സംഘം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. കളിമൺ പാത്രനിർമ്മാണവും വ്യവസായവും കരകൗശലവസ്തുക്കളുടെ നിർമ്മാണവും സഹകരണാടിസ്ഥാനത്തിൽ പുനരുജ്ജീവിപ്പിക്കുക. ആവശ്യമായ കളിമണ്ണ് (നല്ലയിനം) നേരിട്ട് ഉല്പാദകർക്ക് സബ്സിഡിയടിസ്ഥാനത്തിൽ എത്തിച്ചു കൊടുക്കണം. ആധുനികവൽക്കരണം ആവശ്യമാണ്. കളിമൺ പാത്രനിർമ്മാണം, മറ്റു കരകൗശല വസ്തുക്കളുടെ നിർമ്മാണം, വിപണനം എന്നിവയിൽ ഒരു സംഘത്തിന്റെ കീഴിൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. ഫർണിച്ചർ നിർമ്മാണരംഗം പ്രോത്സാഹിപ്പിക്കണം. വ്യവസായികാടിസ്ഥാനത്തിൽ ഒരു കാർപ്പന്ററി ട്രയിനിംഗ് സെന്റർ തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

7. തയ്യൽ പരിശീലനവും റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും സഹകരണ മേഖലയിൽ ആരംഭിക്കണം. വമ്പിച്ച തൊഴിൽ സാദ്ധ്യതകൾ ഈ രംഗത്തുണ്ട്.

8. കറിപൗഡർ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഇതിനു സന്നദ്ധരായ ആളുകളെ കണ്ടെത്തുകയും ആവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നല്കുകയും ചെയ്യണം.

9. കൃഷിയ്ക്കാവശ്യമായ വിത്ത്, വളം ഇവ വിതരണം നടത്തുന്നതിന് സഹകരണ മേഖലയിൽതന്നെ ഡിപ്പോകൾ തുറക്കണം.

10. കോഴിവളർത്തലും താറാവു വളർത്തലും വ്യവസായികാടിസ്ഥാനത്തിൽ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് വേണ്ട രീതിയിലുള്ള പ്രോത്സാഹനം നൽകണം.

11. നിലവിലുള്ള സഹകരണ ബാങ്കുകളോടനുബന്ധിച്ചോ, മേഖലാടിസ്ഥാനത്തിലോ (രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന അടിസ്ഥാനത്തിൽ) കഴിയുമെങ്കിൽ വാർഡുകൾ തോറുമോ സഹകരണ മാവേലി സ്റ്റോറുകൾ ആരംഭിക്കണം.

12. തീപ്പെട്ടി നിർമ്മാണം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് വ്യക്തിഗതാടിസ്ഥാനത്തിലോ, സഹകരണാടിസ്ഥാനത്തിലോ, പ്രാവർത്തികമാക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യണം.

13. മത്സ്യസംസ്ക്കരണ വ്യവസായം ആരംഭിക്കണം. വ്യാപകമായ തോതിൽ മത്സ്യകൃഷിയ്ക്കുള്ള സാദ്ധ്യതകൾ കണ്ടെത്താൻ ശ്രമിക്കുകയും പ്രോത്സാഹനം കൊടുക്കുകയും ചെയ്യണം. ഇതുമായി ബന്ധപ്പെട്ട് ഐസ്പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജ് സംവിധാനം എന്നിവ നടപ്പിലാക്കുകയും ചെയ്താൽ മത്സ്യസംസ്ക്കരണ വ്യവസായം അഭിവൃദ്ധി പ്രാപിക്കും.

14. സോപ്പ്, മെഴുകുതിരി ഇവയുടെ നിർമ്മാണം. ഗ്രാമപഞ്ചായത്തിൽ കൂടുതൽ സാദ്ധ്യതകളുള്ളതാണ്. തൊഴിൽ സാദ്ധ്യതകളുണ്ടാകുന്നതിനു പുറമേ നമുക്ക് സ്വയം പര്യാപ്തതയിലേക്കുള്ള ഒരു മാർഗ്ഗവും കൂടിയാകും ഇത്.

## മാർഗ്ഗരേഖകൾ

1. ഗ്രാമത്തിന്റെ വ്യാവസായിക വികസനത്തിന് ഒരു സിരാകേന്ദ്രം ആവശ്യമാണ്. പൊതുമേഖലയിൽ ഒന്നോ, രണ്ടോ വ്യവസായ എസ്റ്റേറ്റ് പണികഴിപ്പിക്കണം. വ്യവസായ സംരംഭങ്ങൾക്ക് കെട്ടിടം പണിയാൻ സൗകര്യപ്രദമായ സ്ഥലം ഇവിടെ നൽകണം. എല്ലാ വ്യവസായങ്ങൾക്കും സഹായകരമായ സെക്രട്ടേറിയൽ അസിസ്റ്റൻസ് പ്രാക്ടീസ് നൽകുന്നതിനുള്ള സംവിധാനം, വ്യവസായ എസ്റ്റേറ്റിംഗ് സാദ്ധ്യതകൾ പഠിക്കുക, പ്രോജക്കു റിപ്പോർട്ടുകൾ തയ്യാറാക്കുക, ഇടയ്ക്കിടെ ആധുനിക സാങ്കേതിക വിദ്യയും മാനേജ്മെന്റ് ടെക്നിക്കുകളും ഉപയോഗിക്കാൻ പ്രാപ്തരാക്കുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

2. പഞ്ചായത്തു തലത്തിൽ വ്യാവസായിക കമ്മിറ്റി രൂപീകരിക്കുക.

3. പ്രാദേശികമായ സവിശേഷതകളെ അടിസ്ഥാനമാക്കി ചെറുകിട വ്യവസായ സമൂഹങ്ങൾ കണ്ടുപിടിക്കുക.

4. "Out - Worker Production System" പ്രാബല്യത്തിൽ വരുത്താൻ ശ്രമിക്കുക.

5. പരസ്പര ബന്ധമുള്ള (Inter-dependent) യൂണിറ്റുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കണം.

6. ലാഭകരവും സുഗമവുമായ രീതിയിൽ അസംസ്കൃത സാധനങ്ങൾ സ്വരൂപിക്കുക, പുതിയ വിപണികൾ കണ്ടെത്തുക, വിപണന ശൃംഖലകൾ സൃഷ്ടിക്കുക, അനുയോജ്യമായ സാങ്കേതിക വിദ്യയും യന്ത്രങ്ങളും തെരഞ്ഞെടുക്കുക തുടങ്ങിയ മേഖലകളിൽ ആവശ്യമായ രീതിയിൽ സ്ഥിരം സംവിധാനം സൃഷ്ടിക്കണം.

7. വ്യവസായ വികസന സമിതി രൂപീകരിക്കുക.

ഇതിൽ പഞ്ചായത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗ സ്ഥർ (വ്യവസായം, ഗ്രാമവികസനം, വൈദ്യുതി) എന്നിവർ ഉൾക്കൊള്ളണം. പ്രാദേശിക വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയെന്നത് ഈ സമിതിയുടെ ലക്ഷ്യമായിരിക്കണം.

8. സെമിനാറുകൾ, വ്യവസായ സംരംഭക പരിശീല നങ്ങൾ, പ്രദർശനമേളകൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവയിലൂടെ ഉൽപ്പാദന രംഗത്തെ വിവിധ സാദ്ധ്യ തകളെപ്പറ്റി പ്രചരിപ്പിക്കുക.

9. സ്വയം തൊഴിൽ എക്സ്ചേഞ്ച് രൂപീകരിക്കുക.

10. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനം ഏറ്റെടുത്തു നടത്തുക.

11. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ സംരം ഭക ക്ലാസ്സുകൾ രൂപീകരിക്കുക, ക്രാഫ്റ്റ് ട്രയിനിങ്ങിൽ ശ്രദ്ധ പതിപ്പിക്കുക, പരസ്യബോർഡുകൾ സ്ഥാപി ക്കുക.

12. വ്യവസായ സംരംഭങ്ങൾക്കു വേണ്ടിയുള്ള ബാങ്കു വായ്പകൾ, വിവിധ സർക്കാർ ആനുകൂല്യങ്ങൾ ഇവ ലഭ്യമാക്കുക.

13. കൂടുതൽ കഴിവുള്ള, അഭിരുചിയുള്ള, പരിശീല നമുള്ള സംരംഭകരേയും വൈവിധ്യമാർന്ന തൊഴിൽ പ്രോജക്ടുകളേയും ലഭ്യമാക്കുക.

14. വിജയ സാദ്ധ്യതയുള്ള വിവിധ പ്രോജക്ടുകളുടെ ഒരു സംക്ഷിപ്ത വിവരണവും (Project Profiles) ഒരു സ്വയം തൊഴിൽ സംരംഭകന് അവശ്യം അറിയേ ണ്ടതായ, സർക്കാർ വകുപ്പുകളിലും ബാങ്കിംഗ് സ്ഥാപ നങ്ങളിലും ഉള്ള നിബന്ധനകളെയും ആനുകൂല്യങ്ങ ളെയും പറ്റിയുള്ള വിവരങ്ങളും അടങ്ങിയ പ്രസിദ്ധീക രണങ്ങൾ സൗജന്യനിരക്കിൽ ആവശ്യക്കാർക്ക് ലഭ്യ മാക്കുക.

15. സാങ്കേതിക പരിശീലനം നൽകുന്ന വിവിധ സ്ഥാപനങ്ങളെ കണ്ടുപിടിച്ച് മുന്തിയ സാങ്കേതിക പരിശീലനം ആവശ്യമായ സംരംഭകർക്കു നൽകുവാൻ ഈ സ്ഥാപനങ്ങളിൽ അവരെ അയയ്ക്കുകയോ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തു തലത്തിൽ പരിശീലകരെ കൊണ്ടുവരികയോ ചെയ്യുക.

16. വായ്പ നൽകുന്ന ബാങ്കുകളുടെ സഹകരണം പൂർണ്ണമായും സംരംഭകർക്ക് അനുകൂലമാക്കുക.

17. ആസൂത്രിത തൊഴിൽ പദ്ധതികൾ വഴി ഉല്പാദിപ്പി ക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ വിപണന കേന്ദ്രങ്ങൾ സഹകരണ സംഘ ങ്ങൾ വഴിയോ/DWCRA യൂണിറ്റുകൾ വഴിയോ സ്ഥാപിക്കുക.

18. ജില്ലാതല വിപണന സൊസൈറ്റികൾ (APEX BODY) രൂപീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിനെ പ്രേരിപ്പിക്കുക. അങ്ങിനെ വിപുലമായൊരു വിപണന ശൃംഖല (Network) സൃഷ്ടിക്കുവാൻ സാധിക്കും.

19. പദ്ധതിയുടെ പ്രവർത്തനത്തിന്റെ എല്ലാ ഘട്ട ത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ ങ്ങൾ കണ്ടെത്തുവാനും ബാങ്കുവായ്പകൾ കൃത്യമാ യി തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് പരിശോധിച്ചറിയു ന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്തുക.

20. ചെറുകിട വ്യവസായ മേഖലയിൽ I. R. D. P., D. W. C. R. A., വനിതാ വികസന കോർപറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴി സ്ത്രീക ളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടുന്നു. വൈ വിദ്ധ്യമുള്ളതും നൂതനവുമായ മേഖലകളിൽ സ്ത്രീകൾ ക്ക് തൊഴിൽ പരിശീലനം പഞ്ചായത്തുതലത്തിലോ, ബ്ലോക്കുതലത്തിലോ കൊടുക്കണം.

21. തഴപ്പാ കൊണ്ടുണ്ടാക്കുന്ന 'ഇരിക്കത്തട' വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന തിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.



# ടൂറിസം

ലോകടൂറിസ ഭൂപടത്തിൽ കേരളത്തിന് സ്വന്തമായൊരു സ്ഥാനം നേടുന്നതിന് ഒരു പരിധി വരെ ഇന്ന് സാധിച്ചിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ മേഖലയ്ക്ക് അനുയോജ്യമായ പ്രകൃതി ഒരു വരദാനം പോലെ നമുക്ക് ലഭിച്ചിട്ടുണ്ട്. തോടുകളും കായലോരവും നിത്യഹരിത പ്രകൃതിയും നെൽവയലുകളും തെങ്ങിൻതോപ്പുകളും ആനന്ദകരമാണ്. ദേശാടനപക്ഷികളും, ഇരണ്ടപക്ഷികളും നീർക്കാക്കകളും വിഹരിക്കുന്ന കിഴക്കൻ മേഖലയെക്കുറിച്ച് നാം വേണ്ടവിധം അറിഞ്ഞിട്ടില്ല. സ്വഛതയാർന്ന കരിയാറും, ഓളങ്ങൾ തിരതല്ലുന്ന വേമ്പനാട്ടുകായലും ഗതാഗതയോഗ്യമായ ഇടത്തോടുകളും ഈ ഗ്രാമത്തെ ധന്യമാക്കുന്നു. കിഴക്കൻ അതിർത്തിയായ കെ. വി. കനാലിലൂടെ ശരത്കാല സായാഹ്ന തോണിയാത്ര വർണ്ണനാതീതമായ അനുഭൂതി നൽകും.

അഭ്യന്തര ടൂറിസത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരു വികസനാസൂത്രണമാണ് നമുക്കാവശ്യം. ആദ്യം നമുക്ക് നമ്മളിലേയ്ക്കു നോക്കാം. ഈ പ്രകൃതിയെ നമുക്കു തിരിച്ചറിയാം, നമുക്ക് ആസ്വദിക്കാം. അതിന്റെ തനിമ നിലനിർത്താം. നാടൻകലകളുടെയും ഗ്രാമീണ ജീവിതത്തിന്റെയും യഥാർത്ഥ ചിത്രം നിലനിർത്താം. നമ്മോടൊപ്പം അവ ആസ്വദിക്കാൻ എത്തുന്ന വിദേശാഥിതിയെ ആതിഥേയ മനസ്സോടെ നമുക്ക് പങ്കുചേർക്കാം. അതിഥിക്കു വേണ്ടി ഈ മൂല്യസമ്പത്തുകളെ ഉടച്ചു വാർക്കാതിരിക്കാൻ ശ്രദ്ധിയ്ക്കാം.

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലുള്ള വല്യാനപ്പുഴമുട്ടിന്റെ ഇരുവശത്തുമുള്ള ജലാശയങ്ങൾ വാട്ടർ ടൂറിസത്തിന് വളരെയേറെ സാദ്ധ്യതകളുള്ളവയാണ്. ബോട്ടിംഗിന് തികച്ചും സൗകര്യമുണ്ട്. പങ്കായങ്ങൾ ഘടിപ്പിച്ച വിനോദ വള്ളങ്ങൾ, ചവുട്ടിത്തുഴയുന്ന ചെറിയ ബോട്ടുകൾ തുടങ്ങി മോട്ടോർ ബോട്ടിംഗ്‌വരെ നടത്തുന്നതിനു ഇവിടെ സാധിക്കുന്നു. ഇവിടെനിന്നും വൈക്കം കായലിലേയ്ക്ക് കടക്കുന്നതിന് പുത്തൻതോടുണ്ട്. ആകർഷകമായ ലഘുഭക്ഷണശാലയും സ്ഥാപിയ്ക്കാം. ഈ മുട്ടിൽ നിന്നും കിഴക്കോട്ട് ചെന്ന് K V കനാലിലൂടെ പഞ്ചായത്തിനെ ചുറ്റി, മുട്ടിന്റെ പടിഞ്ഞാറുഭാഗത്ത് എത്തിച്ചേരുന്ന വിനോദവഞ്ചികൾ വളരെ ആകർഷകമായിരിക്കും. 'വൈക്കം മീൻ' വിഭവങ്ങൾ ആരേയും ഭ്രമിപ്പിക്കുമെന്ന് തീർച്ചയാണ്.

കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ കുമരകം ടൂറിസ്റ്റ് കോംപ്ലക്സിലേയ്ക്ക് എറണാകുളത്തുനിന്നും ഉള്ള പ്രധാന മാർഗ്ഗം ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന റോഡിലൂടെ ആയിരിക്കും. മാത്രമല്ല ഈ റോഡ് ഹൈവേയാകുകയുമാണ്.

ഏതാണ്ട് 3 കിലോമീറ്റർ നീളത്തിൽ വേമ്പനാട്ടുകായൽ ഈ പഞ്ചായത്തിന്റെ അരുകിലുണ്ട്. വയലേലകളും തെങ്ങിൻതോപ്പുകളും നിറഞ്ഞ പുത്തൻപാലം യു. പി. സ്കൂളിന്റെ പടിഞ്ഞാറുഭാഗവും പ്രകൃതിരമണീയമാണ്.

പാരമ്പര്യ ചികിത്സയ്ക്കും, തിരുമ്മു ചികിത്സയ്ക്കും പുരാതനകാലം മുതൽ പേരുകേട്ടനാടാണ് ഇത്. ഞവരക്കിഴി, പിഴിച്ചിൽ എന്നിവ നടത്തുവാൻ ഇവിടെ സൗകര്യമുണ്ടാക്കുവാൻ സാധിക്കും. കേരളത്തിന്റെ തനതു പാരമ്പര്യം നിലനിർത്തുന്ന നാടോടിക്കലകളും ഇവിടെ സജീവമായുണ്ട്. ഇവയും പ്രയോജനപ്പെടുത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. വലിയാനപ്പുഴ മുട്ടിനോടുചേർന്ന് ഒരു ടൂറിസ്റ്റ്

കോംപ്ലക്സ് സ്ഥാപിച്ച്, ബോട്ടിംഗിനുള്ള സൗകര്യം ഉണ്ടാക്കുക.

2. കൊതവറ കോളേജിനു സമീപം ഒരു പാർക്ക് നിർമ്മിക്കുക. കോളേജ് അധികൃതരുടെയും, നാട്ടുകാരുടെയും സഹായത്തോടെ ഇതു നടപ്പിലാക്കുവാൻ കഴിയും.

3. പേയിംഗ് ഗസ്റ്റ് സമ്പ്രദായത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

4. പഞ്ചായത്തുതലത്തിൽ ടൂറിസംമേള സംഘടിപ്പിക്കുക. വള്ളംകളി, ഗ്രാമീണ കലാമേള, ഘോഷയാത്ര എന്നിവ സംഘടിപ്പിക്കുക.

5. വൈക്കം മുനിസിപ്പാലിറ്റിയും, തലയാഴം, വെച്ചൂർ, TV പുരം പഞ്ചായത്തുകളും ചേർന്ന് ഒരു പാക്കേജ് പദ്ധതി ആവിഷ്ക്കരിച്ചാൽ ടൂറിസം രംഗത്ത് വിപുലമായ സാദ്ധ്യതകൾ നേടുവാൻ സാധിക്കും.

നിത്യഹരിത വനങ്ങളുടെ ചെറുപതിപ്പുകളാണ് കാവുകൾ. അവ മഴവെള്ളത്തെ ഭൂഗർഭ ജലമാക്കി മാറ്റുന്നു. കുളങ്ങൾ വറ്റാതെ കാക്കുന്നു. ഇനിയുമെത്രയോ പ്രയോജനങ്ങൾ ഉണ്ടവയ്ക്ക്....... കാവുകൾ വിലമതിക്കാനാവാത്ത സമ്പത്താണ്.



# 5.4
# വിദ്യാഭ്യാസം

സ്വാതന്ത്ര്യത്തിനു മുൻപുതന്നെ വിദ്യാഭ്യാസരംഗത്ത് കേരളം മുൻപന്തിയിലായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നാം വളർത്തിയെടുത്ത പുരോഗമനാത്മക പ്രവണതകൾക്ക് ഇന്ന് ദിശാമുഖം നഷ്ടപ്പെട്ടിരിക്കുന്നു. സ്വകാര്യവത്കരണം, കച്ചവടവത്കരണം അഴിമതി മുതലായ കാരണങ്ങൾകൊണ്ട് വിദ്യാഭ്യാസരംഗം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. മാതൃഭാഷാബോധനത്തിനും ജനാധിപത്യവത്കരണത്തിനും എതിരെ ഉയർന്നിരിക്കുന്ന വെല്ലുവിളികളും വിദ്യാഭ്യാസരംഗത്ത് ഇന്ന് നമ്മൾ നേരിടുന്ന പ്രശ്നങ്ങളാണ്. ഒരു കാലത്ത് വിദ്യാഭ്യാസ രംഗത്ത് എതിർക്കപ്പെട്ടിരുന്ന പലതിനും ഇന്ന് പ്രായോഗികതയുടെ പരിവേഷത്തിൽ ക്രമേണ സ്വീകാര്യത ലഭിച്ചു എന്നത് ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്. ഐക്യകേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസരംഗം ഒരു സാമൂഹ്യബാധ്യതയായി സർക്കാർ ഏറ്റെടുത്തു. ഇതിൽനിന്നുള്ള പിന്നോട്ടുപോക്കാണ് നവോദയ, ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളുടെ കടന്നുകയറ്റം. വിദ്യാഭ്യാസരംഗത്തെ സമൂല പരിഷ്കരണത്തിനു വേണ്ടിയുള്ള കോത്താരി കമ്മീഷന്റെ നിർദ്ദേശങ്ങൾ ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. ഇതൊന്നും അവ അർഹിക്കുന്ന ഗൗരവത്തിൽ കാണുന്നില്ല എന്നുള്ളതാണ് വിദ്യാഭ്യാസരംഗത്തെ ഗൗരവതരമായ പ്രതിസന്ധി.ഈ പശ്ചാത്തലത്തിൽ ശാസ്ത്രീയവും ജീവിതഗന്ധിയും സാമൂഹ്യപുരോഗതിക്ക് ഉതകുന്നതും, വികസനത്തെ ത്വരിതപ്പെടുത്തുന്നതുമായ ഒരു വിദ്യാഭ്യാസമാതൃക വികസിപ്പിച്ചെടുക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

മറ്റു പ്രദേശത്തെന്നപോലെതന്നെ ഔപചാരിക വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിലും തുടക്കം കുറിച്ചത് ആശാൻ കളരികളിൽ നിന്നായിരുന്നു പഞ്ചായത്തിൽ സാർവ്വത്രികമായി കളരികൾ പ്രവർത്തിച്ചിരുന്നു. ആദ്യത്തെ സ്കൂളുകൾ പ്രവർത്തനം നിലച്ചുപോയ കൂവം മാനേജ്മെന്റ് സ്കൂൾ, തോട്ടകം, കൊതവറ, ഉല്ലല എന്നീ സ്ഥലങ്ങളിലെ സർക്കാർ പ്രൈമറി സ്കൂളുകൾ എന്നിവ ആണ്. മാനേജ്മെന്റ് തലത്തിൽ പ്രവർത്തിക്കുന്ന പള്ളിയാട് എസ്.എൻ.യു.പി. സ്കൂൾ, കൊതവറ സെന്റ് സേവ്യേഴ്സ് എൽ. പി. സ്കൂൾ തോട്ടകം സി. കെ. എം. യു. പി. സ്കൂൾ എന്നിവ പിന്നീട് സ്ഥാപിക്കപ്പെട്ടവയാണ്. അക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വൈക്കത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്.

പിന്നീട് 1921ൽ മണ്ഡപത്തിൽ ശങ്കരൻനായരുടെ നേതൃത്വത്തിൽ ഉല്ലലയിൽ ഒരു യു. പി. സ്കൂൾ സ്ഥാപിച്ചു. ഓലേഴത്ത് നരായണപിള്ളയാണ് ഇതിനുള്ള സ്ഥലം സൗജന്യമായി നൽകിയത്. 1951-ൽ ഈ സ്കൂളിന്റെ മാനേജ്മെൻറ് എൻ.എസ്.എസ്. ഏറ്റെടുക്കുകയും ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. തലയാഴം, വെച്ചൂർ എന്നീ രണ്ടു പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം വർദ്ധിപ്പിക്കുവാൻ ഇത് സഹായകരമായി. കുട്ടികളുടെ എണ്ണം കൂടുതലായിരുന്നതുകൊണ്ട് ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇന്ന് കുട്ടികൾ കുറഞ്ഞതു മൂലം പല കെട്ടിടങ്ങളും ഒഴിഞ്ഞു കിടക്കുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുമെന്ന് പ്രതീക്ഷയിൽ ദൂരെയുള്ള സ്കൂളുകളിലേക്ക് രക്ഷാകർത്താക്കൾ കുട്ടികളെ വിടുന്നതാണ് ഇതിനുള്ള ഒരു പ്രധാന കാരണം. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും ശ്രദ്ധ പതിക്കുന്നുമില്ല.

1981-ൽ കൊതവറയിൽ (സെൻറ് സേവ്യേഴ്സ് കോളേജ്) ഒരു കോളേജ് വന്നതോടെ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുള്ള സൗകര്യവും ലഭിച്ചു. 1991 വരെ ജൂനിയർ കോളേജായിരുന്നു. ഇവിടെയിപ്പോൾ മൂന്നു ഡിഗ്രി ക്ലാസ്സുകളും ആരംഭിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസരംഗത്ത് മാതൃകാപരമായ അദ്ധ്യാപനത്തിലൂടെ ആശാവഹമായ പുരോഗതിയാണ് നമ്മുടെ കോളേജിനുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള ഔപചാരിക വിദ്യാലയങ്ങളും അവയെ സംബന്ധിച്ച വിവരങ്ങളും പട്ടിക Iൽ. സ്കൂൾ തലത്തിൽ ആകെയുള്ള 1983 വിദ്യാർത്ഥികളിൽ 756 പേർ എൽ.പി. വിഭാഗത്തിലും 679 പേർ യു. പി. വിഭാഗത്തിലും 548 പേർ ഹൈസ്കൂൾ തലത്തിലും പഠിക്കുന്നു. ഈ പഞ്ചായത്തിലെ ഏക കോളേജായ

സെന്റ് സേവിയേഴ്സ് കോളേജിൽ 479 ആൺകുട്ടികളും 603 പെൺകുട്ടികളും ഉൾപ്പെടെ 1078 വിദ്യാർത്ഥികൾ പഠിക്കുന്നു. പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ 3062 ആണ്. 118 അദ്ധ്യാപകരും 45 അനദ്ധ്യാപകരും ഉണ്ട്. വിശദവിവരങ്ങൾ പട്ടിക B യിൽ.

### അവലോകനം.

കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കുപരിശോധിച്ചപ്പോൾ മനസ്സിലാകുന്നത് പ്രൈമറി തലത്തിൽ, ഹൈസ്കൂൾതലത്തിനെ അപേക്ഷിച്ച് പഠനം നിർത്തിപ്പോകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്ന് കാണാവുന്നതാണ്. 1995-96ൽ LP വിഭാഗത്തിൽനിന്ന് 5 ആൺകുട്ടികളും 2 പെൺകുട്ടികളും ഉൾപ്പെടെ 7 പേർ കൊഴിഞ്ഞുപോയിട്ടുണ്ട്. UP വിഭാഗത്തിൽനിന്ന് 6 ആൺകുട്ടികളും 3 പെൺകുട്ടികളും (2 പേർ SC/ST) ഉൾപ്പെടെ 9 പേരും, ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 11 ആൺകുട്ടികളും 9 പെൺകുട്ടികളും (7 പേർ SC/ST) ഉൾപ്പെടെ 20 പേർ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇന്ന് LP, UP ക്ലാസ്സുകളിൽ പഠനത്തിനെത്തുന്ന കുട്ടികളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നു. 90 വർഷം മുൻപ് സ്ഥാപിതമായെന്നു വിശ്വസിക്കപ്പെടുന്നതും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതുമായ കൊതവറ ഗവ. LPSന്റെ ഇപ്പോഴത്തെ അവസ്ഥ ശോചനീയമാണ്. 4 ക്ലാസ്സുകളിലായി 40 കുട്ടികൾ മാത്രമാണ് പഠിക്കുന്നത്. ഇത്രയും വർഷങ്ങളായിട്ടും കുടിവെള്ളമോ, മറ്റു ഭൗതിക സാഹചര്യങ്ങളോ ഈ സ്കൂളിൽ എത്താത്തത് - എത്തിക്കാത്തത് തീർത്തും ലജ്ജാകരംതന്നെ! കൊതവറയിൽ ഒരു എയിഡഡ് സ്കൂൾ വന്നതും ഇംഗ്ലീഷ്ഭ്രമം കൂടിയതുമാണ് ഈ സ്കൂളിൽ കുട്ടികൾ കുറയാൻ കാരണം. മേൽപ്പറഞ്ഞകാരണങ്ങൾ തന്നെയാണ് തോട്ടകം ഗവ. LPSലും CKM UPSലും കുട്ടികൾ കുറഞ്ഞുവരുന്നത്. ഒരു പരിധിവരെ ജനസംഖ്യാ നിയന്ത്രണവും ഇതിനൊരു കാരണമാണ്. പഠന നിലവാരം ഉയർത്തുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്ത് കുട്ടികളെ അയൽപക്ക സ്കൂളുകളിലേക്ക് ആകർഷിക്കേണ്ടതാണ്.

### അദ്ധ്യാപകരക്ഷാ കർതൃസംഘടന (PTA)

എതൊരു വിദ്യാലയത്തിന്റെയും മാതൃകാപരമായ പ്രവർത്തനത്തിന് PTA യുടെ ക്രിയാത്മകമായ സഹകരണം അനിവാര്യമാണ്. PTA യുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ് തോട്ടകം ഗവ. LPS ലെ വാട്ടർ ടാങ്കും പൈപ്പും. NSS HSലെ വാട്ടർടാങ്കും മോട്ടോറും . പള്ളിയാട് S.N.U.P.S. ലെ മൈക്ക് സെറ്റും ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിനുവേണ്ടി ഇനിയും സജീവമായി PTA പ്രവർത്തിക്കേണ്ടതാണ്.

### മാതൃസംഗമം

മിക്ക സ്കൂളുകളിലും മാതൃസംഗമം പേരിനുമാത്രം കുട്ടികൾ കൂടുതൽ ഇടപഴകുന്നത് അമ്മയോടാണല്ലോ. കുട്ടികളെക്കുറിച്ചുള്ള വ്യക്തത അദ്ധ്യാപകരുമായി പങ്കുവയ്ക്കണം PTA മാതൃസംഗമവും സജീവമായാൽ പാഠ്യേതര പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും.

### സ്കൂൾ ലൈബ്രറി.

പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള അറിവ് നേടുവാൻ കുട്ടികളെ പ്രാപ്തരാക്കാൻ ഒരു പരിധിവരെ സ്കൂൾ ലൈബ്രറികൾക്ക് കഴിയും. തോട്ടകം L.P.S. ൽ ഒരു ലൈബ്രറിയും N.S.S.H.S.ൽ ഭേദപ്പെട്ട ഒരു ലൈബ്രറിയുമുണ്ട്. പല പുസ്തകങ്ങളും ശാപമോക്ഷവുംകാത്ത് അലമാരയിൽതന്നെ.

### സ്കൂൾ ലാബോറട്ടറി

NSSHS ൽ മാത്രമേ പരിമിതമായ ലാബ് ഉള്ളൂ. ഇവ തന്നെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

### സ്കോളർഷിപ്പ്

വിവിധ വിഭാഗങ്ങളിലായി 52 കുട്ടികൾക്ക് സ്കോളർഷിപ്പ് കിട്ടുന്നുണ്ട്. 679 കുട്ടികൾ പഠിക്കുന്ന UP വിഭാഗത്തിൽ 2 പേർക്ക് മാത്രമേ ലോവർ സെക്കണ്ടറി സ്കോളർഷിപ്പ് (LSS) കിട്ടുന്നുള്ളൂ.

### പ്രീപ്രൈമറി സ്കൂൾ

ഉല്ലല ഗവ. LPSൽ പി.ടി.എ 'യുടെ ആഭിമുഖ്യത്തിൽ ഒരു പ്രീ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 40 ആൺകുട്ടികളും 20 പെൺകുട്ടികളും ഉൾപ്പെടെ 60 കുട്ടികൾ പഠിക്കുന്നു. 2 ജീവനക്കാരുണ്ട്. പ്രവർത്തനം സജീവമാണ്.

### അംഗൻവാടികൾ

തലയാഴം ഗ്രാമപഞ്ചായത്തിൽ 10 വാർഡുകളിലായി 13 അംഗൻവാടികളുണ്ട്. ഇവയിലെല്ലാം കൂടി 1800 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്

### മറ്റ് വിദ്യാലയങ്ങൾ

പഞ്ചായത്തിൽ 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഉണ്ട്. 500 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സ്കൂൾ കുട്ടികളിൽ 70% പേർ ട്യൂഷൻ സെന്ററിനെ ആശ്രയിക്കുന്നു.

### സാങ്കേതിക വിദ്യാഭ്യാസം.

പഞ്ചായത്തിൽ 5 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഷോർട്ട് ഹാൻഡും പഠിപ്പിക്കുന്നുണ്ട്. 32 ആൺകുട്ടികളും 73 പെൺകുട്ടികളും ഉൾപ്പെടെ 105 കുട്ടികൾ പഠിക്കുന്നുണ്ട്.

കൊതവറ സെൻറ്. സേവ്യേഴ്സ് കോളേജിൽ ഒരു കമ്പ്യൂട്ടർ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. 6 കമ്പ്യൂട്ടറും ഒരു പ്രിന്ററും മാത്രമാണ് ഉപയോഗിക്കുന്നത്. ഹൈസ്കൂൾ ക്ലാസ്സുകളിലും കമ്പ്യൂട്ടർ അവേർനെസ് കോഴ്സ് തുടങ്ങേണ്ടതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് സാധ്യതയും നമ്മുടെ പഞ്ചായത്തിലുണ്ട്.

### സാക്ഷരത

ഈ പഞ്ചായത്തിലെ 90% പേർ സാക്ഷരരാണ്.

1990ലെ സാക്ഷരതാ പ്രവർത്തനത്തിൽ വളരെ ചിട്ടയായ പ്രവർത്തനത്തിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ഉദ്യോഗസ്ഥൻമാരും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമാണിത്. കേവലം ഒരു വർഷം മാത്രമേ ചിട്ടയായ സാക്ഷരതാ പ്രവർത്തനം നടന്നുള്ളൂ. തുടർസാക്ഷരതാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ നവസാക്ഷരർ വീണ്ടും നിരക്ഷരരാകാൻ കാരണമായി. നവസാക്ഷരർക്ക്വേണ്ടിവായനശാലകൾ സംഘടിപ്പിച്ച് സാക്ഷരതയിലൂടെ അവർക്ക് ലഭിച്ചവെളിച്ചംകെടാതെ സൂക്ഷിക്കണം.

### കലാകായികരംഗം

സ്കൂളുകളിൽ വർഷങ്ങൾക്ക് മുൻപ് ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും ക്ലാസ് മീറ്റിംഗിനായി ഉപയോഗിച്ചിരുന്നു. ഇത് കുട്ടികളിലെ പ്രതിഭകളെ കണ്ടെത്താൻ കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് ആണ്ടിലൊരിക്കൽമാത്രം നടത്തപ്പെടുന്ന യുവജനോത്സവവേദിമാത്രമാണ് കുട്ടികളുടെ കലാ പരിപോഷണത്തിനായുള്ള വേദി. പ്രോത്സാനഹം ലഭിച്ചാൽ ഉണർന്ന് എഴുന്നേൽക്കുന്ന എത്രയോ പ്രതിഭകൾ ഇവിടെ ഉറങ്ങിക്കിടക്കുന്നുണ്ട്.

കലാ കേരളത്തിന് നമ്മുടെ പഞ്ചായത്തിന്റെ സംഭാവനയാണ് കൊതവറ കോളേജിൽ എം. ജി. യൂണിവേഴ്സിറ്റി കലാതിലകമായ കുമാരി നിഷാ ജി നായർ (1994-95). നമ്മുടെ പഞ്ചായത്തിന് ഒരു കായിക സംസ്കാരം ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്നു. കതിരിൽ വളം വയ്ക്കുന്ന ഇന്നത്തെ തലതിരിഞ്ഞ കായിക വിദ്യാഭ്യാസത്തിനുപകരം LP തലം മുതൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനും അതിൽനിന്ന് പ്രതിഭകളെ കണ്ടെത്തുന്നതിനും ഇനിയും നാം അമാന്തിച്ചുകൂടാ.

കലാ സാംസ്കാരിക സമിതികൾ നിരവധി പഞ്ചായത്തിലുണ്ടെങ്കിലും പലതും കടലാസ് സംഘടനകളാണ്. മറ്റുള്ളവ വാർഷികാഘോഷങ്ങളിലും ഓണാഘോഷപരിപാടികളിലുമാണ് ശ്രദ്ധിക്കുന്നത്. നാടിന്റെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മിഴിവേകുന്ന തരത്തിൽ ഈ പ്രസ്ഥാനങ്ങളെ സജീവമാക്കേണ്ടതുണ്ട്.

### ഗ്രന്ഥശാല.

1950ൽ ഹൃദയപ്രകാശിനി വായനശാല തോട്ടകത്ത് പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ വായനശാല പ്രവർത്തിക്കുന്നുണ്ട്. എങ്കിലും യംഗ്മെൻസ് ലൈബ്രറി ഉല്ലല മാത്രമാണ് രജിസ്ട്രേഷനുള്ളത്. ഇതിന്റെ പ്രവർത്തനവും ആശാവഹമല്ല.

### സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. ബോധനം മാതൃഭാഷയിൽതന്നെ വേണം
2. പഠനം പാൽപായസമാക്കാൻ വിജ്ഞാനോത്സവങ്ങൾ വ്യാപകമാക്കുക.
3. സാക്ഷരതാ പ്രവർത്തനം തുടങ്ങുക.
4. സ്കൂളുകളിൽ അക്ഷര സംഘങ്ങൾ രൂപീകരിക്കുക.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകുക.
6. കുടിപള്ളിക്കൂടങ്ങൾ തുടങ്ങുക.
7. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 എന്നാക്കി നിജപ്പെടുത്തണം.
8. പി.റ്റി.എയുടെ പ്രവർത്തനം ഫലപ്രദമാക്കണം.
9. സിലബിസിനനുസരിച്ചു പഠനോപകരണങ്ങൾ ലഭ്യമാക്കുക.
10. ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ പഠന സഹായിയായി ഉപയോഗപ്പെടുത്തുക.
11. വിദ്യാർത്ഥികൾക്ക് കാർഷിക പരിശീലനം നൽകുവാൻ വിദ്യാലയങ്ങളിൽ കൃഷിതോട്ടങ്ങൾക്കു പ്രാമുഖ്യം നൽകുക.
12. ജനകീയ വിദ്യാഭ്യാസ സമിതികളിലൂടെ സ്കൂളിന്റെ ഭൗതിക സാഹചര്യവും കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
13. സിലബസ് പരിഷ്കണത്തോടൊപ്പം അദ്ധ്യാപക പരിശീലനവും നിർബന്ധമാക്കണം.
14. പാഠ്യ പദ്ധതികൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുക.
15. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക.
16. പി. റ്റി. എ. കമ്മറ്റികളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുക.
17. എൻ.എസ്.എസ്.ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി തുടങ്ങണം.
18. സ്കൂൾ ലൈബ്രറി കാര്യക്ഷമമാക്കണം.
19. പ്രൈമറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുക.
20. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം വ്യാപകമാക്കുക.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ പ്രൈമറി സ്കൂൾ അനുവദിക്കുക
2. കണ്ടംതുരുത്തിൽ അംഗൻവാടി തുടങ്ങുക.
3. രണ്ടാം വാർഡിൽ ഫിഷറീസ് സ്കൂൾ അനുവദിക്കുക.
4. മൂന്ന്, നാല്, വാർഡുകൾക്ക് ഒരു യു. പി. സ്കൂൾ അനുവദിക്കുക.
5. അഞ്ചാം വാർഡിലെ എസ്. എൻ. യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.
6. ഒമ്പതാം വാർഡിലെ അംഗൻവാടി തോട്ടകം ഗവ. എൽ. പി. എസ് ലേക്കു മാറ്റണം.
7. ഉച്ചക്കഞ്ഞി പാചകം ചെയ്യുവാൻ ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ നിർമ്മിച്ചു നൽകുക.
8. എൻ.എസ്.എസ്. ഹൈസ്കൂളിൽ കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങൾ തുടങ്ങുക. പഞ്ചായത്തിലെ മറ്റു യു.പി. സ്കൂളുകൾക്കുകൂടി ഈ സെന്ററിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തുക.

## പട്ടിക 'B'
### വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | കെട്ടിടത്തിന്റെ സ്ഥിതി | വിസ്തീർണ്ണം | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ ആൺ | പെൺ | ആകെ | മറ്റു ജീവനക്കാർ | വാർഡ് |
|---|---|---|---|---|---|---|---|---|---|---|---|
| ഗവ. LPS തോട്ടകം | സർക്കാർ | സ്ഥിരം | 92 സെന്റ് | 72 | 53 | 125 | 1 | 3 | 4 | 1 | IX |
| ഗവ. LPS കൊതവറ | സർക്കാർ | സ്ഥിരം | 90 സെന്റ് | 23 | 17 | 40 | – | 4 | 4 | 1 | IV |
| ഗവ. LPS ഉല്ലല | സർക്കാർ | സ്ഥിരം | 50 സെന്റ് | 127 | 122 | 249 | 3 | 5 | 8 | 1 | V |
| St. ഫ്രാൻസിസ് സേവ്യേഴ്സ് LPS കൊതവറ | എയ്ഡഡ് | സ്ഥിരം | 1 ഏക്കർ | 69 | 75 | 144 | – | 4 | 4 | 1 | III |
| SN UPS പള്ളിയാട് LP<br>UP | എയ്ഡഡ് | സ്ഥിരം | 1ഏക്കർ 10.5 സെന്റ് | 101<br>94 | 97<br>98 | 390 | 3 | 12 | 15 | 1 | VI |
| CKM UPS തോട്ടകം | എയ്ഡഡ് | സ്ഥിരം | 1 ഏക്കർ | 69 | 54 | 123 | – | 3 | 3 | 1 | VIII |
| NSS H.S വെച്ചൂർ UP<br>HS | എയ്ഡഡ് | സ്ഥിരം | 2ഏക്കർ 97 സെന്റ് | 203<br>299 | 161<br>249 | 912 | 5 | 35 | 40 | 5 | V |
| സെന്റ് സേവ്യേഴ്സ് കോളേജ് വൈക്കം | എയ്ഡഡ് | സ്ഥിരം | 48 ഏക്കർ | 476 | 603 | 1079 | 31 | 9 | 40 | 34 | IV |
| | | | | 1529 | 1534 | 3062 | 43 | 75 | 118 | 45 | |

## പട്ടിക 'C'
### LP, UP, HS, College വിഭാഗം പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | L. P. | | | U. P. | | | H. S. | | | College | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3062 | 392 | 364 | 48.1 | 366 | 313 | 46.1 | 299 | 249 | 45.4 | 476 | 603 | 55.9 |

ആകെ പെൺകുട്ടികൾ **49.9%**

## പട്ടിക 'D'
### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| L. P. | | | U. P. | | | H. S. | | | College | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 756 | 105 | 13.9 | 679 | 100 | 14.7 | 548 | 93 | 17 | 1079 | 168 | – |

## പട്ടിക 'F'
## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർ ഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺ കുട്ടികളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാന്മാ രുടെമക്കൾ ക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ബീഡി തൊഴിലാളി സ്കോളർ ഷിപ്പ് | മത്സ്യത്തൊ ഴിലാളിക ളുടെ കുട്ടികൾ ക്കുള്ള സ്കോളർ ഷിപ്പ് | മറ്റുള്ളവ (വ്യക്ത മാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ. LPS കൊതവറ | | 2 | | | | | | |
| 2 | ഗവ. LPS തോട്ടകം | | 35 | | | | | | |
| 3 | St. ഫ്രാൻസിസ് സേവ്യേഴ്സ് LPS കൊതവറ | | 59 | | 3 | | | | |
| 4 | CKM UPS തോട്ടകം | 4 | 22 | | | | | 1 | 2 (LSS) |
| 5 | ഗവ. LPS ഉല്ലല | | 43 | | 3 | | | | |
| 6 | SN UPS പള്ളിയാട് | 6 | 28 | | | | | 9 | |
| 7 | NSS H.S വെച്ചൂർ | 14 | 175 | 2 | 5 | | | 2 | 1 (S.T) |

### പഞ്ചായത്തിലെ ഏക ഹൈസ്കൂളായ N.S.S.H.S.ലെ കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനം
### പട്ടിക 'E'

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 38% | 42.5% | 41% | 36.4% | 41% |

### സ്ത്രീ-പുരുഷ സാക്ഷരതാ കണക്ക്

| ആകെ | പു | സ്ത്രീ | സാക്ഷരർ | | നിരക്ഷരർ | |
|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ |
| 19488 | 9734 | 9754 | 8568 | 7983 | 1166 | 1871 |
| % | | | 44% | 41% | 6% | 9% |

## പട്ടിക 'A'
## തലയാഴം ഗ്രാമപഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ* | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | മൊത്തം എണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| ഗവ. LPS തോട്ടകം | 72 | 53 | 125 | 17 | 11 | 28 | 3 | 1 | 4 | 2 | – | 2 | – | – | – | 1 | – | 1 | 1 |
| ഗവ. LPS ഉല്ലല | 127 | 122 | 249 | 23 | 26 | 49 | 3 | 2 | 5 | 7 | 5 | 12 | – | – | – | – | – | – | – |
| ഗവ. LPS കൊതവറ | 23 | 17 | 40 | 1 | 1 | 2 | – | – | – | 1 | – | 1 | – | – | – | 4 | 2 | 6 | 6 |
| സെൻറ് ഫ്രാൻസിസ് സേവ്യേഴ്സ് LPS കൊതവറ | 69 | 75 | 144 | 8 | 7 | 15 | 1 | 1 | 2 | 5 | 4 | 9 | – | – | – | – | – | – | – |
| S.N. U.P.S പള്ളിയാട് | | | | | | | | | | | | | | | | | | | |
| L. P. | 101 | 97 | 198 | 5 | 6 | 11 | – | – | – | 2 | 1 | 3 | – | – | – | – | – | – | – |
| U. P. | 94 | 98 | 192 | 5 | 12 | 17 | – | – | – | 9 | 6 | 15 | – | – | – | – | – | – | – |
| C. K. M. U. P. S. തോട്ടകം | 69 | 54 | 123 | 6 | 10 | 16 | 2 | 1 | 3 | 5 | 2 | 7 | – | – | – | 2 | – | 2 | 2 |
| N. S. S. H. S. വെച്ചൂർ | 203 | 161 | 364 | 36 | 31 | 67 | 7 | 7 | 14 | 12 | 8 | 20 | 1 | 1 | 2 | 3 | 2 | 5 | 7 |
| (ഉല്ലല) UP | 299 | 249 | 548 | 46 | 47 | 93 | 14 | 13 | 27 | 66 | 63 | 129 | 3 | 4 | 7 | 8 | 5 | 13 | 20 |
| സെൻറ് സേവ്യേഴ്സ് കോളജ് കൊതവറ, വൈക്കം | 470 | 608 | 1078 | 63 | 105 | 168 | – | – | – | – | – | – | – | – | – | – | – | – | – |
| ആകെ | 1527 | 1534 | 3061 | 210 | 256 | 466 | 30 | 25 | 55 | 109 | 89 | 198 | 4 | 5 | 9 | 18 | 9 | 27 | 36 |

## അക്കാദമിക് ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള വിവരണം (പട്ടിക G)

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടി.വി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക് ബോർഡ് ആവശ്യമുള്ളത് | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | മാതൃസംഘം | പി. ടി. എ. | കമ്പ്യൂട്ടർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| N. S. S. H. S. Vehoor | ഉണ്ട് | ഉണ്ട് | പരിമിതം | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 6 | 2 | കിണർ | ഉണ്ട് | 1.5 ഏക്കർ | സജീവം | സജീവമല്ല | ഇല്ല |
| ഗവ. LPS കൊതവറ | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | സജീവം | സജീവമല്ല | ഇല്ല |
| ഗവ. LPS ഉല്ലല | ഇല്ല | ഇല്ല | ഇല്ല | ഉപയോഗശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 2 | 1 | കിണർ | ഉണ്ട് | ഇല്ല | സജീവം | പ്രവർത്തിക്കുന്നു | ഇല്ല |
| CKM UPS തോട്ടകം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 2 | 1 | കിണർ | ഉണ്ട് | 50 സെന്റ് | സജീവം | പ്രവർത്തിക്കുന്നു | ഇല്ല |
| ഗവ. LPS തോട്ടകം | ഉണ്ട് | ഇല്ല | പരിമിതം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 4 | ഇല്ല | ഇല്ല | കിണർ പൈപ്പ് | ഉണ്ട് | 50 സെന്റ് | സജീവം | പ്രവർത്തിക്കുന്നു | ഇല്ല |
| സെൻറ് ഫ്രാൻസിസ് എൽ.പി.എസ്. കൊതവറ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 2 | 1 | ഇല്ല | ഉണ്ട് | 85 സെന്റ് | സജീവം | പ്രവർത്തിക്കുന്നു | ഇല്ല |
| എസ്. എൻ. യു. പി. എസ്. പള്ളിയാട് | – | – | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 2 | 1 | കിണർ പൈപ്പ് | ഉണ്ട് | – | സജീവം | പ്രവർത്തിക്കുന്നു | ഇല്ല |

## ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ (പട്ടിക H)

| വിദ്യാലയത്തിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ | പഠനോപകരണങ്ങൾ | കളിസ്ഥലം | മേശ, ബഞ്ച്, ഡസ്ക്,കസേര, ബ്ലാക്ക്ബോർഡ് | ഓഫീസ് ഫർണിച്ചറുകൾ |
|---|---|---|---|---|---|---|---|---|---|---|---|
| NSS H.S വെച്ചൂർ (ഉല്ല) | ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല | പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്നു | ആറ് എണ്ണമുണ്ട് | രണ്ട് എണ്ണമുണ്ട് | കിണറും പൈപ്പും ഉണ്ട് | ഉണ്ട് ആവശ്യമില്ല | ടേപ്പ് റിക്കോർഡർ, സിനിമാ പ്രൊജക്ടർ ഇവ ഉണ്ട് | വേണം | ഉള്ള 1.5 ഏക്കർ ദൂരെയാണ്. | മേശ 10<br>ഡസ്ക് 100<br>കസേര 50<br>ബോർഡ് 25 | അലമാരി 4<br>മേശ 2<br>കസേര 5 |
| CKM UPS തോട്ടകം | വേണം | വേണം | രണ്ട് എണ്ണമുണ്ട് ആവശ്യമില്ല | രൈണ്ണം വേണം | പൈപ്പ് വെള്ളം വേണം | " | റേഡിയോ ഉണ്ട്, മറ്റു മാധ്യമങ്ങൾ ആവശ്യം | വേണം | പരിമിതമാണ് | വേണ്ട | – |
| SN UPS പള്ളിയാട് | വേണം | " | രണ്ട് എണ്ണമുണ്ട് ആവശ്യമില്ല | രൈണ്ണമുണ്ട് | " | " | " | " | " | " | – |
| Govt. LPS തോട്ടകം | പ്രവർത്തനം ഊർജ്ജിതമാക്കണം | " | രണ്ട് എണ്ണം വേണം | രൈണ്ണം വേണം | " | " | റേഡിയോ ടേപ്പ്റിക്കോർഡർ ഒഴികെ മറ്റുള്ളവ വേണം | " | 50 സെന്റ് ഉണ്ട് | ഡസ്ക് 36<br>കസേര 6<br>ബോർഡ് 4 | അലമാരി 2 |
| ഗവ. LPS ഉല്ല | വേണം | " | രണ്ട് എണ്ണം വേണം | രൈണ്ണമുണ്ട് | പൈപ്പ് വേണം | " | വേണം | " | വേണം | ഡസ്ക് 40<br>ബോർഡ് 10 | കസേര 8<br>അലമാര 2 |
| ഗവ. LPS കൊതവറ | " | | വേണം | വേണം | അത്യാവശ്യം | വേണം | " | " | " | ഡസ്ക് 10<br>ബോർഡ് 4 | കസേര 4<br>അലമാര 2 |
| St. F.X. LPS കൊതവറ | " | " | – | – | " | വേണ്ട | " | " | 85 സെന്റ് ഉണ്ട് | ബഞ്ച് 32<br>ബഞ്ച് 10<br>മേശ 4<br>ബോർഡ് 4 | കസേര 5<br>അലമാര 2 |
| St. സേവ്യേഴ്സ് കോളെജ് വൈക്കം, കൊതവറ | വിപുലമാക്കണം | പരിമിതം | – | – | പൈപ്പ് വെള്ളം ലഭ്യമാക്കണം | പ്രവർത്തന സമയത്ത് വൈദ്യുതി കട്ട് ഒഴിവാക്കണം | പോരായ്മകൾ പരിഹരിക്കണം | തൃപ്തികരം | പരിമിതമാണ് | – | – |



# 5.5
# കുടിവെള്ളം പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് കേരളം ഇന്ത്യക്കുതന്നെ മാതൃകയാണ്. സംസ്ഥാന ബഡ്ജറ്റിന്റെ 17% ആരോഗ്യ രക്ഷയ്ക്ക് ചെലവാക്കുന്നതിലൂടെ ശക്തമായ ഒരുപൊതുജനസേനവമേഖലയായി അത് മാറിയിരിക്കുന്നു. ആരോഗ്യപൂർണ്ണമായ ഒരു സമൂഹത്തിനുമാത്രമെ പരിവർത്തനാത്മകവും പുരോഗമനപരവുമയി ഒരു ഗ്രാമത്തെ സൃഷ്ടിക്കാനാകൂ. വികസന പ്രവർത്തനങ്ങളുടെ അടിത്തറ ജനങ്ങളിലായിരിക്കുമ്പോൾ ആരോഗ്യപൂർണ്ണമായ സമൂഹത്തിന്റെ പ്രസക്തി വർദ്ധിച്ചിരിക്കുകയും ചെയ്യുന്നു.

ഈ ഗ്രാമത്തിൽ പൊതുവെ ഉണ്ടായിരുന്ന ചികിത്സാ സമ്പ്രദായം ആയുർവേദമായിരുന്നു. പാരമ്പര്യ ചികിത്സകളും ഒറ്റമൂലികളും ഉണ്ടായിരുന്നു. പ്രഗത്ഭരായ പലനാട്ടുവൈദ്യന്മാരും ഇവിടെ ജീവിച്ചിരുന്നു. എന്നാൽ അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ മന്ത്രവാദം, ജപിച്ചുകെട്ടൽ തുടങ്ങിയവയുടെ വേരുകൾ പലയിടങ്ങളിലും ഇപ്പോഴും കാണാം. ഇവിടെ വൈദ്യശാലകൾ ധാരാളമുണ്ടായിരുന്നു. വിഷചികിത്സ, കണ്ണുചികിത്സ, സൂതികാചികിത്സ തുടങ്ങിയവയിൽ പ്രശസ്തരായ പലരും ഉണ്ടായിരുന്നു. മഹാരോഗങ്ങൾക്കുള്ള രസചികിത്സയും നീറ്റുഭസ്മചികിത്സയും നടത്തിയിരുന്ന ഡോ. എസ്. കെ. വാര്യരെപോലെയുള്ളവർ ഇപ്പോഴില്ല.

1972-ൽ കൊതവറ പള്ളിയോടൊനുബന്ധിച്ച് ആരംഭിച്ച സെന്റ് സേവിയേഴ്സ് ആശുപത്രിയാണ് ഈ ഗ്രാമത്തിൽ ആധുനിക ചികിത്സാ രംഗത്തിന് തുടക്കമിട്ടത്. ഒരു ഗവൺമെന്റ് ആയുർവ്വേദാശുപത്രിയും, മൂന്നും കുടുംബക്ഷേമ കേന്ദ്രങ്ങളും, മൂന്നു സ്വകാര്യാശുപത്രികളും, നാലു സ്വാകാര്യ ഹോമിയോ ഡിസ്പെൻസറികളും, ഒരു ദന്താശുപത്രിയും ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി 64 രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. മൂന്ന് M.B.B.S ഡോക്ടർമാരും, ഒരു ആയൂർവേദ ഡോക്ടറും മുപ്പതോളം മറ്റു ജീവനക്കാരും ഈ രംഗത്ത് സേവനം അനുഷ്ഠിക്കുന്നു. സർക്കാർ ആയുർവേദാശുപത്രിയിൽ ഒരു ഡോക്ടറും മൂന്നു ജീവനക്കാരുമാണുള്ളത്. മൂന്ന് സ്വകാര്യ ആയുർവേദ വൈദ്യശാലകളുമുണ്ട്. പോരായ്മകൾ വളരെയുള്ള ഈ ആശുപത്രിയിൽ ആവശ്യത്തിനുള്ള ഉപകരണങ്ങളോ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോ ജീവനക്കാരോ ഇപ്പോഴില്ല.

കാർഷിക മേഖലയായ ഈ ഗ്രാമത്തിന്റെ പ്രകൃതിയും ശുചീകരണ രംഗത്തെ പോരായ്മകളുമാണ് രോഗങ്ങളുടെ പ്രധാന കാരണം. മലിന ജലത്തിന്റെ കെട്ടിക്കിടപ്പും ശാസ്ത്രീയമായ കക്കൂസുകളുടെ അഭാവവും ഗ്രാമത്തിലുടനീളം കാണാം.

ജലജന്യരോഗങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്. മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, അഞ്ചാംപനി, വയറിളക്കം തുടങ്ങിവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഈ പഞ്ചായത്തിലെ 5481 കുടുംബങ്ങളിൽ 1894 എണ്ണത്തിലും കക്കൂസുകൾ ഇല്ല. തോടുകളും പുഴകളും തുറസ്സായ സ്ഥലങ്ങളുമാണ് മലവിസർജ്ജനത്തിനായി ഉപയോഗിച്ചുവരുന്നത്. അശാസ്ത്രീയമായ റോഡുനിർമ്മാണവും മറ്റും മലിനജലം കെട്ടിക്കിടക്കുന്നതിന് കാരണാകുന്നു. അതിനാൽ കൊതുകുകളുടേയും മറ്റ് ഷഡ്പദങ്ങളുടെയും വളർച്ച നിയന്ത്രണാതീതമാണ്. ലോകത്തിൽ നിന്നു തന്നെ നിർമ്മാർജ്ജനം ചെയ്തുവെന്നു കരുതുന്ന മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ ഈ ഗ്രാമത്തിന്റെ ചില ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നു എന്നത് ആരോഗ്യരംഗത്തെക്കുറിച്ച് പുനർചിന്തനം നടത്തുവാനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാം.

വെച്ചൂർ പഞ്ചായത്തിലെ ഇടയാഴം പ്രാഥമീകാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്നു കുടുംബക്ഷേമ കേന്ദ്രങ്ങളും മൂന്ന് ആരോഗ്യ പ്രവർത്തകരുമാണ് സർക്കാർ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതുവഴി കുടുംബക്ഷേമപ്രവർത്തനങ്ങൾ മാതൃശിശു സംരക്ഷണം, കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ എന്നിവ നടക്കുന്നുണ്ട്. എന്നാൽ പ്രാഥമിക ശുശ്രൂഷാ സൗകര്യങ്ങളോ, മരുന്നുകളോ ഇവിടെ ലഭ്യമല്ല. കുടുംബക്ഷേമകേന്ദ്രങ്ങളിൽ ജീവനക്കാർ താമസിക്കുകയും അത്യാവശ്യമരുന്നുകൾ ലഭ്യമാക്കുകയും ചെയ്തു എങ്കിൽ മാത്രമെ അവയുടെ സേവനം ജനങ്ങൾക്ക് ഉപയോഗപ്രദമാവുകയുള്ളു. മൂന്നു കേന്ദ്രങ്ങളിലും താമസ

സൗകര്യമുണ്ടെങ്കിലും ഒന്നിൽ മാത്രമേ താമസമുള്ളൂ. മൂന്ന് ആരോഗ്യപ്രവർത്തകരുണ്ടെങ്കിലും അവരുടെ പ്രവർത്തനം പരിമിതമാണ്.

ആരോഗ്യ സംരക്ഷണത്തിന് പ്രധാനമായ ബോധവൽകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ നാമമാത്രമായാണ് നടക്കുന്നത്. ബന്ധപ്പെട്ടവർ ഇക്കാര്യത്തിൽ അലംഭാവം കാണിക്കുന്നു. കുടുംബക്ഷേമ കേന്ദ്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ ജനങ്ങളിൽ താല്പര്യക്കുറവ് കാണുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസമോ ചർച്ചാക്ലാസ്സോ മുൻകാലങ്ങളിലെപ്പോലെ ഇപ്പോൾ നടത്തുന്നില്ല. പകർച്ചവ്യാധികൾ പകരുമ്പോൾ മാത്രമാണ് ആരോഗ്യപ്രവർത്തകർ രംഗത്തുവരുന്നത്. 5000 പേർക്ക് ഒരു ആരോഗ്യപ്രവർത്തകൻ എന്ന ഇന്നുള്ള നിലമാറ്റി കാലാനുസൃതമായി പുനഃസംഘടിപ്പിച്ച് പ്രവർത്തിപ്പിക്കണം. അതിന് ഇന്നുള്ള സെക്ഷനുകളിൽ ആവശ്യമായവരെ നിയമിക്കേണ്ടതാണ്.

1991-ൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങുന്നതിന് അനുവാദം കിട്ടിയിരുന്നെങ്കിലും അതിനായി ഒരു ഏക്കർ സ്ഥലം സംഘടിപ്പിക്കുവാൻ സാധിക്കാതിരുന്നതിനാൽ ഈ സംരംഭം നടപ്പിലായില്ല. ഈ കേന്ദ്രം സ്ഥാപിക്കാനാവശ്യമായ കാര്യങ്ങൾ ഉടനെതന്നെ ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ ജനനമരണനിരക്ക് കണ്ടെത്തുന്നതിന് രജിസ്റ്റർ പ്രകാരം സാധിക്കുന്നില്ല. കാരണം ഈ പഞ്ചായത്തിലെ പ്രസവങ്ങൾ കൂടുതലും നടക്കുന്നത് കോട്ടയം, വൈക്കം, ചേർത്തല എന്നീ സ്ഥലങ്ങളിലെ ആശുപത്രികളിലാണ്. ജനനവും മരണവും യഥാകാലം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുമില്ല. ഈ സ്ഥിതി മാറ്റി പഞ്ചായത്തിലെ എല്ലാ ജനനമരണങ്ങളും നിർബന്ധമായും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണം. 1995-96 വർഷത്തിൽ മാതൃമരണങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടില്ല.

### പഞ്ചായത്ത് ജനനമരണ കണക്ക്

| ജനനം | എണ്ണം | നിരക്ക് | സംസ്ഥാനശരാശരി |
|---|---|---|---|
| മരണം | 288 | 14.78 | 17 |
| ശിശുമരണം | 7 | 24.3 | 16 |

[അവലംബം - അംഗൻവാടി വർഷാന്തര റിപ്പോർട്ട്]
പഞ്ചായത്ത് ജനന മരണ രജിസ്റ്റർ

പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കുറവും മരണനിരക്ക് ശിശുമരണനിരക്ക് കൂടുതലുമാണ്.

### കക്കൂസ് പരിസര ശുചിത്വം

പരിസരശുചിത്വം പാലിക്കാൻ പരമപ്രധാനമായ ഒന്നാണ് കക്കൂസ്. ഈ പഞ്ചായത്തിലെ 30% വീടുകളിലും കക്കൂസ് ഇല്ല. ഉള്ളവയിൽതന്നെ പലതും അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ളതാണ്. കക്കൂസുകൾ നിർമ്മിക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം സാമ്പത്തിക പരാധീനതയാണ്. കോളനികളിലും മറ്റും സ്ഥലപരിമിതിയും കക്കൂസിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ജനങ്ങളുടെ ബോധക്കുറവും വലിയൊരളവുവരെ ഇതിനു കാരണമായിട്ടുണ്ട്

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും സഹായത്തോടെ ഈ പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കണം. സ്ഥലപരിമിതി അനുഭവപ്പെടുന്ന കോളനികളിലും മറ്റും 4 ഉം 5 ഉം വീടുകൾക്ക് ഒരു പൊതുവായ സെപ്റ്റിക് ടാങ്കുകൾ എന്ന രീതി നടപ്പിലാക്കണം. ആരോഗ്യ ബോധവത്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കി ചർച്ചാക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി, സ്ലൈഡ്, വീഡിയോ മറ്റു പരസ്യങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം.

ഈ പഞ്ചായത്തിലനുഭവപ്പെടുന്ന മറ്റൊരു പ്രധാനപ്രശ്നമാണ് സാർവ്വത്രികമായ ശബ്ദമലിനീകരണം. കർശനമായ നിയമങ്ങൾ ഉണ്ടെങ്കിലും അവയൊന്നും ഇവിടെ പാലിക്കപ്പെടുന്നില്ല. ഹോണും, മൈക്കും, ഉയർന്ന ഫ്രീക്വൻസികളിലുള്ള എക്കോമൈക്കും അനിയന്ത്രിതമായി ഉപയോഗിച്ചുവരുന്നു. ഇത് നിയന്ത്രണ വിധേയമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ കീഴിൽ ഒരു പൊതു ശ്മശാനമുണ്ടെങ്കിലും ചതുപ്പും വെള്ളക്കെട്ടുമായി കിടക്കുന്നതുകൊണ്ട് ഉപയോഗപ്രദമല്ല.

ഉല്ലലയിൽ പ്രവർത്തിക്കുന്ന മാർക്കറ്റിന്റെ ശുചീകരണ പ്രവർത്തനം തൃപ്തികരമല്ല. P. W. D. റോഡിന്റെ സമീപത്തുള്ള ഓട മലിന വസ്തുക്കൾ നിറഞ്ഞ് ഉപയോഗശൂന്യമായിക്കിടക്കുന്നു. പച്ചക്കറിയും മത്സ്യവും വില്ക്കുന്ന ഭാഗത്ത് മലിനവസ്തുക്കൾ കെട്ടിക്കിടന്ന് ദുർഗന്ധവും വമിക്കുന്ന അവസ്ഥയാണുള്ളത്. ഉല്ലലയിൽ പ്രവർത്തിക്കുന്ന അറവുശാലയിൽനിന്നു വമിക്കുന്ന ദുർഗന്ധവും സമീപ വാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

### പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

| | സർക്കാർ | സ്വകാര്യസ്ഥാപനം |
|---|---|---|
| ആയുർവേദം | 1 | 3 |
| അലോപ്പതി | – | 3 |
| ഹോമിയോ | – | 4 |
| കുടുംബക്ഷേമ കേന്ദ്രം | 3 | 4 |

### കക്കൂസുകൾ വാർഡ് തിരിച്ചുള്ള വിവരങ്ങൾ

| വാർഡ് | ആകെവീടുകൾ | ഉള്ളവ | ഇല്ലാത്തവ |
|---|---|---|---|
| 1 | 403 | 233 | 170 |
| 2 | 462 | 282 | 180 |
| 3 | 488 | 228 | 160 |
| 4 | 456 | 291 | 165 |
| 5 | 741 | 599 | 142 |
| 6 | 482 | 324 | 158 |
| 7 | 620 | 365 | 255 |

| | | | |
|---|---|---|---|
| 8 | 627 | 333 | 294 |
| 9 | 529 | 317 | 212 |
| 10 | 690 | 522 | 169 |

### കുടിവെള്ളം

*വെള്ളം വെള്ളം സർവ്വത്ര*
*തുള്ളി കുടിക്കാനില്ലത്രെ!*

ഈ വാക്കുകളെ അന്വർത്ഥമാക്കുന്നതാണ് പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം. ജനങ്ങളുടെ ആവശ്യത്തിന് മതിയായത്ര ശുദ്ധജല സ്രോതസ്സുകളായ കുളങ്ങളും കിണറുകളും ഈ പ്രദേശത്ത് ഉണ്ടായിരുന്നു. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾക്കും കൃഷിക്കും അനുയോജ്യമായ രീതിയിലായിരുന്നു ഇവയുടെ ക്രമീകരണങ്ങൾ. ജനസംഖ്യാവർദ്ധനവോടുകൂടി ഈ സംവിധാനം നിലനിർത്താൻ കഴിയാതെവന്നു. പൈപ്പുവെള്ളത്തിന്റെ വരവോടുകൂടി അവശേഷിച്ച കുളങ്ങളും കിണറുകളും സംരക്ഷിക്കാനുള്ള താല്പര്യവുമില്ലാതെയായി. പാചകാവശ്യത്തിനുമാത്രമല്ല മനുഷ്യന്റെ നിത്യജീവിതാവശ്യത്തിനും പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്നതുമൂലം ഇപ്പോഴുള്ള സംവിധാനം അപര്യാപ്തമാണ്. പഞ്ചായത്തിലാകെ 206 പൊതു ടാപ്പുകളാണ് ഉള്ളത്.

92-ൽ തലയാഴം പ്രകൃതി ജീവന സമിതിയിലും കേരളത്തിലെ പ്രഗത്ഭരായ പ്രകൃതി ചികിത്സാ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഉല്ലല, കൊതവറയിലും മറ്റും നടത്തിയ പ്രകൃതി ചികിത്സാ ക്യാമ്പുകൾ ഒരു പുതിയ ആരോഗ്യവബോധത്തിന് തുടക്കം കുറിച്ചു. ഈയടുത്ത കാലത്ത് കേരള പഠന കേന്ദ്രവും നാഗാർജ്ജുന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിച്ച ഔഷധ സസ്യ മേളയിലൂടെ നിരവധി ഔഷധ വൃക്ഷ-സസ്യതൈകൾ വിതരണം ചെയ്യുകയുണ്ടായി.

സാധ്യതകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തു തലത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ഹോമിയോ ഡിസ്പൻസറിയും സ്ഥാപിക്കേണ്ടതുണ്ട്.
2. സർക്കാർതലത്തിൽ ഒരു പ്രകൃതിചികിത്സാകേന്ദ്രവും വിഷചികിത്സാകേന്ദ്രവും, യോഗാ കേന്ദ്രവും സ്ഥാപിക്കണം.
3. ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.
4. കക്കൂസില്ലാത്തവീടുകളിൽ സൗജന്യമായി കക്കൂസ് നൽകുന്നതിന് നടപടി സ്വീകരിക്കണം
5. 8-ാം വാർഡിലെ പൊതു ശ്മശാനം ഉപയോഗയോഗ്യമാക്കുകയും 1, 5, 7, 9 വാർഡുകൾക്കായി ഒരു പൊതു ശ്മശാനം നിർമ്മിക്കുകയും ചെയ്യുക.
6. ഈട്ടുംപുറം, കേളമംഗലം, പുറമന, മാടപ്പള്ളി ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കെട്ടിക്കിടക്കുന്ന മലിനജലം നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
7. ഉല്ലല മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.
8. എലി, കൊതുക്, പേ ബാധിച്ച നായ്ക്കളെ നിർമാർജനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും നായ്ക്കളുടെ ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക.
9. ജനകീയ ആരോഗ്യനയം നടപ്പാക്കുവാൻ പഞ്ചായത്ത്തല ജനകീയ ആരോഗ്യസമിതി രൂപീകരിക്കുക.
10. ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുകയും അവശിഷ്ടങ്ങൾ പരിസര മലിനീകരണം ഉണ്ടാവാത്ത വിധത്തിൽ സംസ്കരിക്കുകയും വേണം.
11. രാമൻകുളം വെട്ടി മതിൽകെട്ടി സംരക്ഷിക്കുകയും ഇവിടെ ഒരു മിനി ശുദ്ധജലപദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

**"നമ്മുടെ ധാർമിക ബോധത്തിന് അശേഷം ചേരാത്തവയെല്ലാം നമുക്ക് ഒന്നോടെ ബഹിഷ്കരിക്കാം. ആധുനിക യുഗത്തിന്റെ ഈ പരക്കംപാച്ചിലും, മനംമയക്കുന്ന ആർഭാടങ്ങളും നമ്മെ വഴിതെറ്റിക്കാതിരിക്കട്ടെ. പ്രലോഭനങ്ങൾ എത്ര ശക്തിമത്താണെങ്കിലും, അവയ്ക്കു കീഴടങ്ങാതെ ജീവിത ലാളിത്യം കൈവിടാതിരിക്കാൻ നാം ബദ്ധശ്രദ്ധരാകേണ്ടതാണ്."**

**- ഗാന്ധിജി**



# 5.6
# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

ഊർജ്ജമേഖലയെ പൊതുവെ നാലായി തിരിക്കാം. ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ. വിറക്, തെങ്ങുല്പന്നങ്ങൾ, ചപ്പുചവറ് എന്നിവയിൽനിന്നാണ് ഗാർഹികോപയോഗത്തിനുള്ള ഊർജ്ജം ഉല്പാദിപ്പിക്കുന്നത്. കാർഷിക മേഖലയിൽ കന്നുകാലികളും മനുഷ്യദ്ധ്വാവും പ്രധാന പങ്കുവഹിക്കുന്നു. കൽക്കരി, എണ്ണ, പ്രകൃതിവാതകം, വൈദ്യുതി ഇവ വാണിജ്യ ഇന്ധനങ്ങളാണ്. ഇവതന്നെ വ്യാവസായിക ഇന്ധനങ്ങളായും മാറുന്നു.

നമ്മുടെ പഞ്ചായത്തിൽ ഊർജ്ജോപയോഗം പ്രധാനമായും ഗാർഹികം, കാർഷികം എന്നീ രണ്ടു വിഭാഗങ്ങളിൽപ്പെടുത്താം. വലിയ ഹോട്ടലുകളോ സ്ഥാപനങ്ങളോ വ്യവസായങ്ങളോ ഇല്ലാത്തതിനാൽ വാണിജ്യ-വ്യാവസായിക മേഖലകളിലെ ഊർജ്ജോപയോഗം തുലോംകുറവാണ്. ഈ പഞ്ചായത്തിൽ വാണിജ്യ-വ്യാവസായിക വിഭാഗത്തിൽ ഊർജ്ജം ഉപയോഗിക്കുന്ന യൂണിറ്റുകൾ താഴെപറയുന്നവയാണ്.

| | | | |
|---|---|---|---|
| 1. അറക്കമില്ലുകൾ | - | 5 | എണ്ണം |
| 2. നെല്ലുകുത്തുമില്ലുകൾ | - | 25 | |
| 3. ലെയ്ത്ത് വർക്ഷോപ്പ് | - | 1 | |
| 4. ചെറുകിടവ്യവസായം | - | 12 | |
| 5. വ്യാപാര സ്ഥാപനങ്ങൾ | - | 361 | |
| ആകെ | - | 404 | |

പാടശേഖരങ്ങളിൽ ജലസേചനത്തിനായി ആറിലമുതൽ ഇരുപത്തിനാലിലകൾ വരെയുള്ള ചക്രങ്ങൾ മനുഷ്യദ്ധ്വാനം ഉപയോഗിച്ചു പ്രവർത്തിപ്പിച്ചിരുന്നു. വെള്ളം പുറത്തേയ്ക്ക് വറ്റിച്ചുകളയുവാനാണ് ഇവ കൂടുതലായി ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് അത്തരം ചക്രങ്ങൾ അപൂർവ്വമായേ കാണാറുള്ളു. പെട്രോളിന്റെയും, ഡീസലിന്റെയും ഉപയോഗം വ്യാപകമായതോടുകൂടി അവ കൊണ്ടു പ്രവർത്തിപ്പിക്കുന്ന മോട്ടോറുകൾ ചക്രങ്ങളുടെ സ്ഥാനം കൈയടക്കി. എന്നാൽ പിന്നീട് വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന മോട്ടോറുകൾ ജലസേചനത്തിനു വേണ്ടി ഉപയോഗിച്ചുതുടങ്ങി. ഇപ്പോൾ ഇലക്ട്രിക് പമ്പു സെറ്റുകളാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്.

മൊത്തം 5535 ഏക്കർ വിസ്തൃതിയിൽ 32 പാടശേഖരങ്ങളിലായി 5HP മുതൽ 50HP വരെ ശേഷിയുള്ള 48 വൈദ്യുതി പമ്പുസെറ്റുകൾ ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. ഇവയിൽ 33 താല്ക്കാലിക കണക്ഷനുകളും (സീസണിലേക്കുമാത്രം വേണ്ടി) 15 സ്ഥിരം കണക്ഷനുകളുമാണുള്ളത്.

| ക്രമ നമ്പർ | മോട്ടോറിന്റെ ശേഷി | തല്ക്കാലികം | സ്ഥിരം | മൊത്തം |
|---|---|---|---|---|
| 1 | 5HP | – | 6 | 6 |
| 2 | 7.5HP | 1 | 1 | 2 |
| 3 | 10HP | 5 | 5 | 10 |
| 4 | 15HP | 8 | 2 | 10 |
| 5 | 20HP | 3 | – | 3 |
| 6 | 30HP | 10 | – | 10 |
| 7 | 50HP | 6 | 1 | 7 |
| | Total | 33 | 15 | 48 |

ജലസേചനത്തിന് യന്ത്രങ്ങൾ വന്നുവെങ്കിലും ഉഴുവാൻ ഇന്നും കന്നുകാലികളെത്തന്നെയാണ് കൂടുതലും ഉപയോഗിക്കുന്നത്. ഇവിടുത്തെ ഭൂപ്രകൃതി ടില്ലറുകളും ട്രാക്ടറുകളും ഉപയോഗിക്കുന്നതിന് പൊതുവേ അനുയോജ്യമല്ല. അപൂർവ്വം ചില ഉയർന്ന പാടങ്ങളിൽ മാത്രമേ ഉഴവുയന്ത്രങ്ങൾ ഉപയോഗിക്കുന്നുള്ളു. പഞ്ചായത്തിൽ ഏകദേശം 60 ജോഡി കന്നുകളുണ്ട്.

മൂന്നു പതിറ്റാണ്ടുമുൻപുവരെ കക്കാ നീറ്റുവാനും മൺപാത്രനിർമ്മാണത്തിനും ധാരാളം ഊർജ്ജം ഉപയോഗിച്ചിരുന്നു. കരിനിലങ്ങളിൽ നിന്ന് കുഴിച്ചെടുത്തിരുന്ന വൃക്ഷങ്ങളുടെ അവശിഷ്ടങ്ങൾ (കരി) ആണ് ഇതിന് കൂടുതലും ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്നു കക്കാ നീറ്റുവ്യവസായം പഞ്ചായത്തിൽ രണ്ടിടത്തു മാത്രമേയുള്ളു. മൺപാത്രനിർമ്മാണവും നാമമാത്രമായിരിക്കുന്നു. തെങ്ങുല്പന്നങ്ങളാണ് ഇതിന് ഇന്ധനമായി ഉപയോഗിക്കുന്നത്. കരിനിലങ്ങളിൽ ഇന്നും ധാരാളം കരി കിടപ്പുണ്ട് എങ്കിലും അവ ആരും ഖനനം ചെയ്യാറില്ല.

ഊർജ്ജരംഗത്ത് പ്രധാനമായി ഇന്നുപയോഗിക്കപ്പെടുന്ന ഇന്ധനങ്ങളെ പൊതുവായി നമുക്കൊന്ന് അവലോകനം ചെയ്യാം.

1. വൈദ്യുതി

ഈ രംഗത്ത് മിച്ച സംസ്ഥാനമായിരുന്ന കേരളം 1980-നു ശേഷം വൈദ്യുതി കമ്മിയുടെ നീരാളിപ്പിടിത്തത്തിലേക്ക് കൂറേശ്ശെ അമർന്നുതുടങ്ങി. ഇന്നും നാം വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. 1996 ജനുവരി മുതൽ ഏർപ്പെടുത്തിയ പവ്വർകട്ട്, ലോഡ്ഷെഡിംഗ് എന്നിവയുടെ ഫലമായി 2000 കോടി രൂപായുടെ വ്യാവസായിക ഉല്പാദനം സംസ്ഥാനത്തിനു നഷ്ടമായി. ലേ ഓഫിന്റേയും മറ്റും ഫലമായി ഉണ്ടായ തൊഴിൽ നഷ്ടവും ഇലക്ട്രിസിറ്റി ബോർഡിനും ഗവൺമെന്റിനും നേരിട്ട സാമ്പത്തിക നഷ്ടവുംകൂടി കണക്കിലെടുക്കുമ്പോൾ ഭീതിദമായ ഒരു ചിത്രമാണ് നമ്മുടെ മുമ്പിൽ ദൃശ്യമാവുക. ഇതിനുകാരണങ്ങൾ പലതാണ്.

1. ഇടുക്കി പദ്ധതിക്കുശേഷം പുതിയ ജലവൈദ്യുത പദ്ധതികളോ മറ്റുതരത്തിലുള്ള വൈദ്യുതി പദ്ധതികളോ പ്രതിസന്ധി പരിഹരിക്കത്തക്ക രീതിയിലുണ്ടായിട്ടില്ല.
2. ആഭ്യന്തര ഉപയോഗം അതിഭയങ്കരമായ തോതിൽ കൂടിക്കൊണ്ടിരിക്കുന്നു.
3. അറ്റകുറ്റപ്പണികൾ ഫലപ്രദമായി നടക്കുന്നില്ല.
4. വൻതോതിലുള്ള പ്രസരണ നഷ്ടം

അവശ്യം വേണ്ടുന്ന ജീവനക്കാരുടെയും സബ്സ്റ്റേഷനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും എണ്ണത്തിലുള്ള അപര്യാപ്തത, നിലവിലുള്ള ജീവനക്കാരിൽ നിർബന്ധപൂർവ്വം ഏർപ്പെടുത്തുന്ന അദ്ധ്വാനഭാരവർദ്ധനവ്, പഴക്കമേറിയതും അശാസ്ത്രീയമായതുമായ ലൈനുകൾ, കെടുകാര്യസ്ഥത ഇവയൊക്കെ വൈദ്യുതിബോർഡിന്റെ പ്രവർത്തന വൈകല്യത്തിനും ഇടയാക്കുന്നു.

സംസ്ഥാനത്ത് നിശ്ചിത വോൾട്ടേജിൽ (230 Volt) വൈദ്യുതി ലഭിക്കുന്നില്ല. മലബാർ മേഖലയിൽ മിക്ക പ്രദേശങ്ങളിലും 18 വോൾട്ട്വരെ താഴ്ന്നുപോകുന്നു. അതിന്റെ ഫലമായി മെഴുകുതിരിയുടെ പ്രകാശംപോലും അവിടങ്ങളിൽ കിട്ടുന്നില്ല.

## തലയാഴം പഞ്ചായത്തിലെ സ്ഥിതി

സംസ്ഥാനത്തേതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല നമ്മുടെ പഞ്ചായത്തിലെ വൈദ്യുതിയുടെ നില. പുഞ്ചപ്പാടങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന കാർഷിക മേഖലയായ നമ്മുടെ പ്രദേശത്ത് മിക്കപ്പോഴും കൃത്യമായ അളവിലോ മുടക്കമില്ലാതെയോ വൈദ്യുതി കിട്ടാത്ത അവസ്ഥയാണിന്ന്.

വെച്ചൂർ, തലയാഴം എന്നീ രണ്ടു പഞ്ചാ[illegible]ത്തുകളുൾക്കൊള്ളുന്ന തലയാഴം ഇലക്ട്രി[illegible]ക്ഷൻ ആഫീസ് നമ്മുടെ പഞ്ചായത്തിലാണ്. [illegible]പ്പോൾ ഉല്ലലയിൽ മാരാമിറ്റത്തു മനവക കെട്ടിടത്തിൽ വാടകയ്ക്കു പ്രവർത്തിക്കുന്നു. 1970ൽ ആയിരത്തിൽ താഴെ ഉപഭോക്താക്കളുമായി രൂപം കൊണ്ട തലയാഴം സെക്ഷനിൽ ഇന്ന് ആറായിരത്തിനുമേൽ ഉപഭോക്താക്കളുണ്ട്. ഇതിൽ നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 2691 ഉപഭോക്താക്കളാണുള്ളത്.

പട്ടിക

| | |
|---|---|
| ഗാർഹികം | 2171 |
| വ്യാപാരം | 386 |
| വ്യവസായം | 48 |
| കാർഷികം | 86 |
| ആകെ | 2691 |

പുതിയ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇപ്പോഴും വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുന്നവർ ധാരാളം. കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ, പ്രത്യേകിച്ച് വെതർ പ്രൂഫ് വയർ ആവശ്യത്തിനു ലഭ്യമല്ലെന്നതാണ് പ്രധാനകാരണം. വൈദ്യുതി ബന്ധം കിട്ടാത്ത അപേക്ഷകർ താഴെ പറയുംപ്രകാരമാണം (30-11-96 ലെ കണക്ക്) ഏതു തീയതിവരെയുള്ള അപേക്ഷകൾക്കു വൈദ്യുതി കൊടുത്തിട്ടുണ്ടെന്ന് എതിരെ കാണിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| a. | ഓർഡിനറി | 110 എണ്ണം | 26.9.94 |
| b. | O.T.P. | 7 എണ്ണം | 30-5-96 |
| c. | O.Y.E.C. | 41 എണ്ണം | 28-6-96 |

മേൽപറഞ്ഞ പട്ടികയിൽ അവസാനത്തെ വിഭാഗത്തിൽപ്പെടുന്നവർ മുഴുവൻ സാധനസാമഗ്രികളുടെ വിലയും ലേബർ ചാർജ്ജും അടച്ചിട്ട് കാത്തിരിക്കുന്നതാണ് ഏറെ രസകരം.

ഇതുവരെ വൈദ്യുതീകരിച്ചിട്ടുള്ള ഹരിജൻകോളനികൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. പണമം ഹരിജൻ കോളനി | - | 26 വീടുകൾ |
| 2. മാരാംവീട് ഹരിജൻ സെറ്റിൽമെന്റ് | - | 11 വീടുകൾ |
| 3. ഉല്ലല ഹരിജൻ സെറ്റിൽമെന്റ് | - | 48 വീടുകൾ |
| 4. വാക്കേത്തറ ഹരിജൻ സെറ്റിൽമെന്റ് | - | 36 വീടുകൾ |

പഞ്ചായത്തിൽ നിലവിലുള്ള തെരുവു വിളക്കുകൾ താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| a. ബൾബുകൾ | - | 503 എണ്ണം |
| b. ട്യൂബ് ലൈറ്റുകൾ | - | 7 എണ്ണം |
| ആകെ | - | 510 |

തെരുവു വിളക്കുകൾക്കായി പ്രതിവർഷം 68,700 രൂപ, അതായത് വരുമാനത്തിന്റെ 7.36 ശതമാനം പഞ്ചായത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും ഭീമമായ തുക ചെലവഴിച്ചിട്ടും തെരുവുവിളക്കുകൾകൊണ്ട് വേണ്ടത്ര പ്രയോജനം നാട്ടുകർക്ക് ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. ബൾബുകൾ മിക്കപ്പോഴും ഗുണമേന്മ കുറഞ്ഞവയാണ്. അതുകൊണ്ടുതന്നെ അവയുടെ ജീവിത ദൈർഘ്യവും കുറയുന്നു. ഫ്യൂസാകുന്ന ബൾബുകൾ മാറ്റുന്ന കാര്യത്തിൽ വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നും വേണ്ടത്ര

ശുഷ്കാന്തി ഇല്ല. ഇതിനു കാരമണമായി അവർ പറയുന്നത് ബൾബുകളുടെ ആവശ്യമനുസരിച്ചുള്ള ലഭ്യത ഇല്ലെന്നാണ്.

നമ്മുടെ പഞ്ചായത്ത് പരിധിയിൽ ഇപ്പോഴുള്ള ലോ ടെൻഷൻ (L. T.) ട്രാൻസ്ഫോർമറുകളുടെ എണ്ണം 30 ആണ്. പട്ടിക താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലത്തിന്റെ പേര് | സ്ഥാപിതശേഷി |
|---|---|---|
| 01. | ചേന്നംകുന്ന് | 50 KVA |
| 02. | CKN പടിഞ്ഞാറ് | 50 " |
| 03. | CKN കിഴക്ക് | 63 " |
| 04. | ഏനേഴം | 100 " |
| 05. | കളപ്പുരയ്ക്കൽ കരി | 63 " |
| 06. | കണ്ടംതുരുത്ത് | 63 " |
| 07. | കാട്ടിത്തറ | 100 " |
| 08. | കൊതവറ തെക്ക് | 100 " |
| 09. | കൊതവറ വടക്ക് | 50 " |
| 10. | മണ്ണാറ കണ്ടം | 63 " |
| 11. | മൂന്നാംവേലിക്കരി | 100 " |
| 12. | മുണ്ടാർ-5 | 100 " |
| 13. | മുണ്ടാർ-7 | 100 " |
| 14. | മുണ്ടാർ-3 | 63 " |
| 15. | നെയ്യാരപ്പള്ളി | 25 " |
| 16. | പാലച്ചുവട് | 100 " |
| 17. | പോത്തൻവാലി | 100 " |
| 18. | പുന്നപ്പൊഴി | 100 " |
| 19. | തലയാഴം | 100 " |
| 20. | തോട്ടകം -I | 100 " |
| 21. | തോട്ടകം -II | 25 " |
| 22. | തോട്ടകം -III | 25 " |
| 23. | വനം വസ്റ്റ് | 100 " |
| 24. | വനം നോർത്ത് | 100 " |
| 25. | കോട്ടയംകരി | 100 " |
| 26. | വനം വടക്ക് | 100 " |
| 27. | വനം തെക്ക് | 50 " |
| 28. | വട്ടുക്കരി | 50 " |
| 29. | ചെന്നകരി തെക്ക് | 50 " |
| 30. | വട്ടുക്കരി | 100 " |

(മേൽ കാണിച്ച കണക്കുകൾ തലയാഴം ഇലക്ട്രിക്കൽ സെക്ഷനാഫീസിൽ നിന്നും ലഭിച്ചതാണ്.)

1948-ൽ 11KV ലൈനും, 1952ൽ LT ലൈനും നമ്മുടെ പഞ്ചായത്തിൽ സ്ഥാപിതമായി. 1955 ലാണ് ആദ്യമായി വൈദ്യുതി എത്തി തുടങ്ങിയത്.

കാർഷിക മേഖലയായ വെച്ചൂർ, തലയാഴം മേഖലകൾക്കൊട്ടാകെ ഇന്ന് ഒരു 11KV ഫീഡർ മാത്രമാണ് ഉള്ളത്. ഇത് തീർത്തും അപര്യാപ്തമായി മാറിയിരിക്കുന്നു. എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും എണ്ണം ദിനംപ്രതി വർദ്ധിപ്പിക്കുകയും ലൈനുകളും ട്രാൻസ്ഫോർമറുകളും ലോഡുതാങ്ങാൻ വയ്യാത്ത അവസ്ഥയിലാകുകയ്യ് ചെയ്തുകൊണ്ടിരിക്കുന്നു. തന്മൂലം കൃത്യമായി വൈദ്യുതി ഉപഭോക്താക്കൾക്ക് എപ്പോഴും ലഭിക്കാത്ത അവസ്ഥ (interruption) ഉണ്ടാവുന്നു. ഉപഭോക്താക്കൾക്ക് ഇതുമൂലം വളരെയധികം കഷ്ടനഷ്ടങ്ങൾ ഉണ്ടാവുന്നു. തത്ഫലമായി അവർ ജീവനക്കാരെ പഴിപറയുന്നു. ജീവനക്കാർ മാത്രം വിചാരിച്ചാൽ പരിഹരിക്കാവുന്നതല്ല ഇപ്പോഴത്തെ വൈദ്യുതി പ്രശ്നമെന്നു ഈ റിപ്പോർട്ടിന്റെ ആദ്യഭാഗങ്ങൾതന്നെ വ്യക്തമാക്കുന്നുണ്ടല്ലോ. എങ്കിലും താഴെ പറയുന്ന പരിഹാമാർഗ്ഗങ്ങൾ അടിയന്തിരമായി സ്വീകരിച്ചാലെ ഈ പ്രദേശത്തെ വൈദ്യുതി പ്രതിസന്ധി നല്ലൊരളവുവരെ തരണം ചെയ്യാനാവൂ.

1. ഇപ്പോഴുള്ള 11KV ഫീഡർ പുഞ്ചഫീഡറാക്കി മാറ്റുകയും, വൈക്കത്തു നിന്നും വെച്ചൂർ ബണ്ടുറോഡുവരെ ഒരു അഡീഷണൽ 11KV ഫീഡർ സ്ഥാപിക്കുകയ്യ് ചെയ്യുക എന്നതാണ് നമ്മുടെ ആവശ്യങ്ങളിൽ പരമവും പ്രധാനവും ആയത്. ഇതിനുവേണ്ടി 1989-90 കാലത്ത് പ്രാഥമിക ജോലികൾ തുടങ്ങിയതുമാണ്. അന്നുണ്ടായിരുന്ന അസിസ്റ്റന്റ് എൻജിനീയറുടെ (പരേതൻ ശ്രീ. നാരായണൻ ഇളയത്) ശ്രമഫലമായിരുന്നു ഇത്. എന്നാൽ ഏതോ ചില തല്പര കക്ഷികളുടെ സ്വാധീനത്തിൽപെട്ട് ആ പണികൾ മുടങ്ങിപ്പോയി. വൈദ്യുതി ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധ പുതിയ ഫീഡർ സ്ഥാപിക്കുന്ന കാര്യത്തിൽ ഉണ്ടായേപറ്റൂ.
2. ചെങ്ങളം സബ് സ്റ്റേഷനുമായും (കുമരകം ബണ്ടുറോഡ്), വൈക്കം സബ്സ്റ്റേഷനുമായും Inter-linking fescility ഏർപ്പെടുത്തണം. ഇത് മേല്പറഞ്ഞ പണിയോടൊപ്പം നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സൗകര്യപ്രദമായി സപ്ലൈ-ചെയിഞ്ച്-ഓവർ ചെയ്യാൻ പറ്റുകയുള്ളൂ.

ട്രാൻസ്ഫോർമറുകൾ തകരാറിലാകുമ്പോൾ അവ മാറ്റി പുതിയവ സ്ഥാപിക്കാൻ പലപ്പോഴും ദിവസങ്ങളെടുക്കുന്നു. തലയാഴം ഇല. ആഫീസിൽ സ്റ്റോക്കില്ലാത്തതാണു കാരണം. പള്ളത്തു നിന്നാണ് ട്രാൻസ്ഫോർമറുകൾ ഇഷ്യൂ ചെയ്യുന്നത്. ഇത് പ്രധാനമായും കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. കൃഷിയുടെ സീസണിൽ തലയാഴത്തുള്ള ആഫീസിൽതന്നെ ആവശ്യത്തിനു ട്രാൻസ്ഫോർമറുകൾ സ്റ്റോക്കുചെയ്യണം.

**പുതുതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും**

| ക്രമ നമ്പർ | ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടസ്ഥലം | ഉദ്ദേശിക്കുന്ന സ്ഥാപിതശേഷി |
|---|---|---|
| 1. | പുത്തൻ പാലം | 100 KVA |
| 2. | ചെറുപുന്ന ചുവട് | 100 KVA |
| 3. | കൊതവറ കോളേജ് | 100 KVA |
| 4. | കൊതവറ കുരിശുപള്ളി | 100 KVA |
| 5. | തോട്ടകം കുപ്പേടിക്കാവുക്ഷേത്രം | 100 KVA |
| 6. | കാട്ടുകരി പാടശേഖരം | 50 KVA |
| 7. | കൂവം | 25 KVA |

ഇതിൽ ഒന്നാമത്തെ ഇനവുമായി ബന്ധപ്പെട്ട ഹരിജൻ കോളനിയിലേക്കുള്ള പണി ഉടൻ തുടങ്ങുമെന്നറിയുന്നു. താഴെ പറയുന്ന നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിത ശേഷി കൂടിയവ സ്ഥാപിക്കേണ്ടതാണ്. ആവശ്യപ്പെടുന്ന സ്ഥാപിത ശേഷിയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രാൻസ്ഫർമർ സ്ഥാപിതശേഷി | ഇപ്പോഴത്തെ സ്ഥാപിതശേഷി | ആവശ്യപ്പെടുന്ന |
|---|---|---|---|
| 1 | തലയാഴം ടൗൺ (വല്ലയിൽ പാലത്തിനു സമീപം) | 160KV | 250KVA |
| 2. | തോട്ടകം No.II | 25" | 50" |

### വോൾട്ടേജ് ഇംപ്രൂവ്മെന്റ് സംബന്ധിച്ച് അടിയന്തിരമായി ചെയ്യേണ്ട ജോലികൾ

1. തോട്ടകം വാക്കേത്തറ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കുക.
2. തോട്ടകം No.2 ട്രാൻസ്ഫോർമർ റോഡ് സൈഡിലേക്കു മാറ്റി സ്ഥാപിച്ച് 500 മീറ്റർ കൺവേർഷൻ (Single Phase to Three Phase) നടത്തണം.
3. മറ്റപ്പള്ളി-മത്തുങ്കൽ റോഡിൽ ഇപ്പോഴുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റണം.
4. മുല്ലത്താനം-മാരാംവീട് ഭാഗത്തേയ്ക്ക് ത്രീഫേസ് ലൈൻ സ്ഥാപിക്കുക.

ചുവടെ ചേർത്തിരിക്കുന്ന Table - A യിൽ പറഞ്ഞിരിക്കുന്ന റോഡിൽകൂടി വൈദ്യുതി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

### മറ്റു നിർദ്ദേശങ്ങൾ

കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പുകളും, ഇലക്ട്രോണിക് ചോക്കുകയും വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള പ്രചരണം നടത്തണം. ഇവ രണ്ടും സാരമായ തോതിൽ വൈദ്യുതിയുടെ ഉപയോഗം ലാഭിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്. തന്നെയുമല്ല സാധാരണ ബൾബുകൾ പ്രകാശിക്കുമ്പോഴുണ്ടാകുന്ന ചൂട് കോംപാക്ട് ഫ്ലൂറസന്റ് ലാമ്പുകൾ കത്തുമ്പോൾ ഉണ്ടാകുന്നില്ല എന്നുള്ളതാണ് മറ്റൊരു സവിശേഷത. വിദേശ രാജ്യങ്ങളിൽ ഇതിന് വ്യാപകമായ പ്രചാരം ഉണ്ട്.

വൈദ്യുതി ലൈനുകളിൽ വൃക്ഷശിഖരങ്ങളും തെങ്ങോലകളും മറ്റു വള്ളിപ്പടർപ്പുകളുമൊക്കെയായി ടച്ചിംഗ് എന്ന നാമത്തിൽ വ്യാപകമായ ആക്രമണം നടത്തുന്നുണ്ടല്ലോ. ഇത് പ്രസരണ നഷ്ടം വർദ്ധിപ്പിക്കുന്ന വലിയൊരു ഘടകമാണ്. ഈ തടസ്സങ്ങൾ അപ്പോളപ്പോൾ മാറ്റുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. അതുകൊണ്ട് പ്രസ്തുത ടച്ചിംഗുകൾ മാറ്റുന്നതിന് ഒരു സന്നദ്ധ പ്രവർത്തന ശൃംഖല ആവശ്യമാണ്. ബന്ധപ്പെട്ട വൈദ്യുതി ജീവനക്കാരുടെ സഹായത്തോടെ ഇത്തരം സന്നദ്ധ പ്രവർത്തകർക്ക് ടച്ചിംഗുകൾ വെട്ടിമാറ്റാം. സന്നദ്ധ സംഘടനകൾ പ്രാദേശികമായി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

വൈദ്യുതി ഉപഭോക്താക്കളുടെ പ്രതിനിധികളും പഞ്ചായത്തു സമിതിയും, ബന്ധപ്പെട്ട വൈദ്യുതി ജീവനക്കാരും ഉദ്യോഗസ്ഥരും അടങ്ങിയ ഒരു വൈദ്യുതി സമിതി രൂപീകരിക്കേണ്ടത് ആവശ്യമാണ്. ബുദ്ധിമുട്ടുകളും ആവശ്യങ്ങളും പരസ്പരം മനസ്സിലാക്കി സഹകരണബുദ്ധ്യാ മുന്നോട്ടു പോകേണ്ടതാണ്.

### 2. പാചകത്തിനുള്ള ഊർജ്ജം

ആകെ 5488 വീടുകളുള്ള നമ്മുടെ പഞ്ചായത്തിൽ 5014 വീടുകളും പൂർണ്ണമായി വിറകിനെ ആശ്രയിക്കുന്നു. മറ്റുള്ളവ ഭാഗികമായും. പാചകവാതകം ഉപയോഗിക്കുന്നവ 215; മണ്ണെണ്ണ പെർമിറ്റുള്ളവർ 221.

#### 1. വിറക്

നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് തെങ്ങുല്പന്നങ്ങളാണ്. ഇതിന്റെ ഇന്ധനക്ഷമത സാധാരണ അടുപ്പുകളിൽ വളരെ കുറവാണ്. ഏകദേശം 9151 ടൺ വിറക് ഒരു വർഷം ഉപയോഗിക്കുന്നതായി കണക്കാക്കുന്നു. ഇതിന്റെ വില ഇപ്പോഴത്തെ നിരക്കനുസരിച്ച് 9,50550 രൂപാ വരും. വിറകിന്റെ ലഭ്യത പൊതുവേ കുറയുന്നു. സാധാരണക്കാർക്കും ദരിദ്ര്യവിഭാഗങ്ങൾക്കും ഇതിനുവേണ്ടി വളരെയധികം പണം ചെലവാക്കേണ്ടിവരുന്നു.

പെട്ടെന്നു വളർന്നു വലുതാവുന്നതും വിറകിനുപയോഗിക്കാൻ പറ്റുന്നതുമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പഞ്ചായത്തുതലത്തിൽ വ്യാപിക്കേണ്ടതുണ്ട്.

പാരമ്പര്യേതര ഊർജ്ജമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ANERT മായി സഹകരിച്ച് ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ വാർഡുകൾതോറും അടിയന്തിരമായി നടത്തണം.

#### 2. ദക്ഷത കൂടിയ അടുപ്പുകൾ

ANERT പുകയില്ലാത്തതും ഇന്ധന ക്ഷമതയുള്ളതുമായ അടുപ്പുകൾ വളരെ വിലകുറഞ്ഞതാണ്. 50% ലാഭം വിറകിന്റെ മുടക്കുമുതലിൽ നിന്നും നമുക്കു ലഭിക്കും. അതായത് 4575275/- ഇതിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവത്കരണം നടത്തുകയും സാധാരണക്കാർക്ക് ഇത്തരം അടുപ്പുകൾ വരുത്തി സ്ഥാപിച്ചുകൊടുക്കുയും ചെയ്യണം. ഏറ്റവും വലിയ ജനോപകാരപ്രദമായ നടപടിയായിരിക്കും ഇത്. അടുപ്പുമേളയായി ഇത്തരം സന്ദർഭങ്ങൾ ആഘോഷിക്കണം.

പരിഷത്ത് അടുപ്പ്, അറക്കപ്പൊടി അടുപ്പ് ഇവയും ഇന്ധനക്ഷമത കൂട്ടുന്നതാണ്. ഇവയും സൗജന്യമായി സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കുന്നത് നന്നായിരിക്കും.

ANERTന്റെ പ്രഷർകുക്കർ, മണ്ണെണ്ണ സ്റ്റൗ എന്നിവ ആകർഷകമായ നിരക്കിലുള്ള സബ്സിഡിയോടെ കിട്ടുന്നതാണ്. ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ഇന്ധനക്ഷമതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം. ഇതിനായി സന്നദ്ധസംഘടനകളെ പ്രേരിപ്പിക്കണം.

വളരെ ചെലവുകുറഞ്ഞതും ഇന്ധനത്തിന്റെ ഉപയോഗം വളരെ കുറച്ചുമാത്രം ആവശ്യമുള്ളതുമായ ഒന്നാണ് കച്ചിപ്പെട്ടി. ഇത്തരം പെട്ടികളുടെ നിർമ്മാണം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ്. ഇതിന് വർദ്ധിച്ച പ്രാധാന്യം നല്കുവാൻ ശ്രമിക്കണം.

**3. Frictionless Footvalves**

ഊർജ്ജലാഭം നല്കുന്ന മറ്റൊരു ഉപകരണമാണ് പമ്പു സെറ്റുകളിൽ പ്രവർത്തിപ്പിക്കുന്ന ഫ്രിക്ഷൻലെസ് ഫുട് വാൽവുകൾ. (Frictionless Foot Walves) ഇവയ്ക്ക് ഭാരവും ഘർഷണവും കുറവാണ്. ഇവ പമ്പിംഗിനുവേണ്ട ഊർജ്ജം ഗണ്യമായി കുറയ്ക്കുന്നു. ഇവയ്ക്ക് ANERT സബ്സിഡി നല്കുന്നുണ്ട്. ഇവയും പ്രചരിപ്പിക്കേണ്ടതിനുള്ള ശ്രമങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.

4. ഗ്യാസ് പ്ലാന്റുകൾ

ഗോബർഗ്യാസ്, ബയോഗ്യാസ് ഇവയുടെ പ്രാധാന്യത്തെപ്പറ്റിയും ബോധവത്കരണം നടത്തണം. സാധ്യമായ സ്ഥലങ്ങളിലൊക്കെ സബ്സിഡി അടിസ്ഥാനത്തിലുള്ള പ്രൊജക്ടുകൾ നിർമ്മിച്ചുകൊടുക്കാൻ പഞ്ചായത്തു സമിതി മുൻകൈ എടുക്കണം. അഞ്ചും ആറും വീടുകൾക്ക് ഒരു പ്ലാന്റ് എന്ന ആശയം എങ്ങനെ പ്രാവർത്തികമാക്കാനാവുമെന്നും നോക്കണം. KVICയുമായും കൃഷി വകുപ്പുമായും ബന്ധപ്പെട്ട് ഇക്കാര്യത്തിൽ പ്രവർത്തിക്കണം. ധവളവിപ്ലവം സാധ്യമാകുന്നതുവഴി ഇത്തരം ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത കൂടിവരും. അതുവഴി പാചകത്തിനുള്ള ഗ്യാസ് ലഭിക്കുക മാത്രമല്ല അത്യാവശ്യം ഒന്നോ രണ്ടോ ലൈറ്റുകൾകൂടി പ്രകാശിപ്പിക്കാൻ കഴിയുന്നു എന്നതാണ് വസ്തുത. അത്രകണ്ട് വൈദ്യുതോപയോഗം ലാഭിക്കാനും സാധിക്കുന്നു. 22 വീടുകളിൽ മാത്രമാണ് ബയോ/ഗോബർഗ്യാസ് പ്ലാന്റുകളുള്ളത്.

**എൽ.പി.ജി.ഗ്യാസ്**

നമ്മുടെ പഞ്ചായത്തിൽ പാചക വാതക ഗ്യാസിനുള്ള ഏജൻസി ഇല്ല. കണക്ഷൻ കിട്ടുന്നതിനു മാത്രമല്ല, ഒഴിഞ്ഞ ഗ്യാസുകുറ്റികൾ മാറ്റി പുതിയവ കിട്ടുന്നതിനും പലവിധ തടസങ്ങളും ബുദ്ധിമുട്ടുകളും ഉപഭോക്താക്കൾക്ക് അനുഭവപ്പെടുന്നു. അതുകൊണ്ട് പഞ്ചായത്തുതലത്തിൽ ഒരു ഗ്യാസ് ഏജൻസി അനുവദിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

**മണ്ണെണ്ണ**

13 റേഷൻ കടകൾവഴി പ്രതിവർഷം 11,000 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നു. സ്പെഷ്യൽ പെർമിറ്റ് 221 ഇതിനുപുറമെ സ്വകാര്യ ഏജൻസികളുമുണ്ട്. മണ്ണെണ്ണ ഇന്ന് വിളക്കുകൾ കത്തിക്കുന്നതിനു മാത്രമല്ല പാചകത്തിന് വൻതോതിൽ ഉപയോഗിക്കപ്പെടുന്നു. എന്നാൽ ഇന്ന് മണ്ണെണ്ണയുടെ ലഭ്യതതോത് വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുന്നു. അനർഹമായ പെർമിറ്റുകൾ ക്യാൻസൽ ചെയ്യുക.

വീട്ടാവശ്യത്തിനുള്ള ഇന്ധനങ്ങളുടെ ഒരു താരതമ്യ പഠനമാണ് Table B യിൽ കൊടുത്തിരിക്കുന്നത്

**സൗരോർജ്ജം**

സൗരോർജ്ജ വിളക്കുകൾ വളരെ അപൂർവ്വമായി മാത്രം ഉപയോഗിക്കുന്നു. ഇന്നത്തെ നിലയിൽ സൗരോർജ്ജ വിളക്കുകളും സൗരോർജ്ജ അടുപ്പുകളും വളരെയധികം ചെലവേറിയതാണ്. എന്നാൽ ANERT മായി ആലോചിച്ച് ഇത് സഹകരണാടിസ്ഥാനത്തിൽ കുറെ വീടുകൾ ചേർന്ന് ഒരോ ഗ്രൂപ്പുകളായി സ്ഥാപിക്കാൻ കഴിയുമോ എന്നും അങ്ങിനെയെങ്കിൽ അത് ലാഭകരമായിരിക്കുമോ എന്നും അതിന്റെ പ്രവർത്തന ക്ഷമതയെപ്പററിയും ആരായേണ്ടതാണ്. ഏതായാലും ഭാവിയിൽ ഇതിന്റെ സാദ്ധ്യതകളെ നാം ആശ്രയിക്കേണ്ടിവരും. കാരണം, വൈദ്യുതിരംഗം നമ്മെ സംബന്ധിച്ചിടത്തോളം ഒട്ടും ആശാവഹമായ ഭാവിയല്ല പ്രദാനം ചെയ്യുന്നത് എന്നതു തന്നെ. ഊർജ്ജ പ്രതിസന്ധി അത്രയ്ക്കുമേൽ വഷളായിക്കൊണ്ടിരിക്കുന്നു. സൗരോർജ്ജം കൊണ്ട് കൃഷിക്കാവശ്യത്തിനുള്ള മോട്ടോറുകൾപോലും പ്രവർത്തിപ്പിക്കാമെന്ന് കണ്ടുകഴിഞ്ഞിരിക്കുന്നു.

അങ്ങിനെ പ്രാദേശികമായുണ്ടാകുന്ന സാധ്യതകളെ നാം കൂടുതലായി ആശ്രയിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതുവഴി വൻതോതിൽ വൈദ്യുതിയെ വ്യാവസായിക രംഗത്തേക്ക് തിരിച്ചുവിടുവാൻ കഴിയും. അതുവഴി നാടിന്റെ പുരോഗതിയ്ക്കുള്ള പാത സുഗമമാക്കുകയും ചെയ്യാം. അനെർട്ടുമായി സഹകരിച്ച് IREP വഴിയോ മറ്റോ സൗരോർജ്ജ വിളക്കുകളും അടുപ്പുകളും വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം. ദുർബ്ബലവിഭാഗങ്ങൾക്കായി Tribal Sub-plan, Special component plan മുതലായ പദ്ധതകളിൽപ്പെടുത്തി കൂടുതൽ സൗജന്യങ്ങൾ ലഭ്യമാക്കാൻ കഴിയും.

**ഗതാഗതത്തിനുള്ള ഊർജ്ജം**

പെട്രോൾ, ഡീസൽ എന്നിവയുടെ ഉപഭോഗത്തിന്റെ നാല്പതു ശതമാനവും നാം ട്രാൻസ്പോർട്ട് രംഗത്താണ് വിനിയോഗിക്കുന്നത്. ഇതിനു പ്രധാന കാരണം നമ്മുടെ ട്രാൻസ്പോർട്ട് രംഗത്തിന്റെയും റോഡുകളുടെയും ദയനീയാവസ്ഥയാണ്. അതുകൊണ്ടുതന്നെ ഇന്ന് ഇടത്തരക്കാരായവരുടെയിടയിൽപ്പോലും ഒരു ഇരുചക്രവാഹനമെങ്കിലും സ്വന്തമാക്കാനുള്ള പ്രവണതയാണ്. കടമെടുത്താണെങ്കിലും അവർ അതിനു തുനിയുന്നു. റോഡുകളുടെ ശോചനീയാവസ്ഥയ്ക്കു മാറ്റംവരുത്തി സഞ്ചാരയോഗ്യമാക്കിയാൽത്തന്നെ ഇന്ധനത്തിന്റെ ഉപഭോഗം ഗണ്യമായി കുറയും, പണം ലാഭിക്കാനും കഴിയും.

**ഊർജ്ജരംഗത്തെ പ്രശ്നപരിഹാരങ്ങൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ചുരുക്കത്തിൽ**

1. കാർഷിക മേഖലയ്ക്കും ഇതര മേഖലകൾക്കും പ്രത്യേകമായ 11KV ഫീഡർ സംവിധാനം ഏർപ്പെടുത്തുക. അതോടൊപ്പം ചെങ്ങളം, വൈക്കം സബ്സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.
2. ആവശ്യത്തിനു ട്രാൻസ്ഫോർമറുകൾ സ്റ്റോക്കു ചെയ്യുക.

3. ആവശ്യത്തിനു ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുക.
4. അത്യാവശ്യം വേണ്ടിടത്ത് സ്ഥാപിതശേഷി കൂടിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
5. വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ത്രീഫേസ് ലൈനുകൾ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
6. ആവശ്യമായിടത്തെല്ലാം പുതിയ ലൈനുകൾ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
7. മെർക്കുറി/സോഡിയം വേപ്പർ ലാമ്പ്/ഡബിൾ ട്യൂബ് ലൈറ്റുകൾ ഇവ സ്ഥാപിക്കുക.
8. സന്നദ്ധസേനകളും വൈദ്യുതിബന്ധ സമിതികളും രൂപീകരിക്കുക.
9. കോംപാക്ട് ഫ്ലൂറസന്റ് ലാമ്പുകളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രചരിപ്പിക്കുക.

പാചകം

1. സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ (വിറകിനുവേണ്ടി) വ്യാപിപ്പിക്കുക.
2. ദക്ഷതകൂടിയ അടുപ്പുകൾ പ്രചാരത്തിലാക്കുക, അടുപ്പുമേളകൾ നടത്തുക.
3. കച്ചിപ്പെട്ടി, Frictionless Foot Valves ഇവയും വ്യാപകമായി പ്രചരിപ്പിക്കുക.
4. പുതിയ എൽ.പി.ജി. ഗ്യാസ് ഏജൻസി പഞ്ചായത്തിൽ അനുവദിപ്പിക്കുക.
5. ഗോബർ/ബയോ ഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
6. എല്ലാ റേഷൻ കാർഡുടമകൾക്കും ന്യായമായതോതിൽ മണ്ണെണ്ണ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. സ്പെഷ്യൽ പെർമിറ്റുവഴി നടക്കുന്ന തട്ടിപ്പുകൾ ഇല്ലാതാക്കണം.
7. സൗരോർജ്ജ അടുപ്പുകൾ, വിളക്കുകൾ ഇവയും അനർട്ടിന്റെ സഹായത്തോടെ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്തുക.
8. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
9. അനർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയും പങ്കാളിത്തത്തോടെ ഊർജ്ജസംരക്ഷണത്തിനുവേണ്ടിയുള്ള ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
10. ഇലക്ട്രിക്കൽ സെക്ഷനാഫീസ് മേജർ സെക്ഷനായി ഉയർത്തുക.
11. വഴി വിളക്കുകൾക്കു മാത്രമായ മീറ്റർ വച്ചു കറണ്ടു നൽകുക.

## മാർക്കറ്റ്

നാം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ മറ്റാവശ്യക്കാർക്ക് കൊടുത്ത് പകരം നമുക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുകയെന്ന ബാർട്ടർ സമ്പ്രദായത്തിന്റെ പരിഷ്കരണ രൂപമാണ് ഇന്നത്തെ ചന്തകൾ. ഇന്നു നാം നമ്മുടെ കയ്യിലുള്ള പണംകൊടുത്തും നമ്മുടെ ഉല്പന്നങ്ങൾ കൊടുത്തു കിട്ടുന്ന പണംകൊടുത്തും നമുക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നു.

പകലന്തിയോളം പണിചെയ്ത് കിട്ടുന്ന കൂലിയുമായി ഗ്രാമചന്തയിൽനിന്നും അത്യാവശ്യസാധനങ്ങൾ വാങ്ങാൻ പോകുന്ന ഗ്രാമീണ വനിതകൾ ഒരു ഉത്സവഛായതന്നെ പകരുന്നുണ്ട്. നമ്മുടെ ഗ്രാമങ്ങളിലെ സാധാരണക്കാരായ സ്ത്രീകളിൽ ബഹുഭൂരിപക്ഷംവും തഴപ്പായ് നെയ്ത്തിനെ ആശ്രയിച്ചുകഴിയുന്നവരാണ്. അവർ നെയ്തുണ്ടാക്കുന്ന പായകൾ കൈചുമടായി കിലോമീറ്ററുകൾ താണ്ടിപോയി വിറ്റഴിച്ചു കിട്ടുന്ന തുച്ഛമായ തുക കൊണ്ടുവേണം അന്നന്നുവേണ്ട ഉപജീവനത്തിനുള്ള സാധനങ്ങൾ വാങ്ങുവാൻ. തിരികെ വരുമ്പോൾ അന്തിമയങ്ങിയിരിക്കും. അതിനുശേഷം വേണം അവർക്ക് ആഹാരം പാകംചെയ്യുന്നതിനുവേണ്ടിയുള്ള അടുത്ത ശ്രമം ആരംഭിക്കുവാൻ. ഇങ്ങിനെയുള്ള വിശ്രമരഹിതമായ ജീവിതം അവരെ തളർത്തുന്നു.

ഗ്രാമത്തിന്റെ പ്രധാന സ്ഥലങ്ങളിലെല്ലാം ഗ്രാമചന്തകൾ തുറന്നുകിട്ടുന്നത് നമ്മുടെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്വാസകരമായിരിക്കും. തൊട്ടടുത്ത് മാർക്കറ്റുവരുമ്പോൾ അതുവഴികിട്ടുന്ന സമയലാഭംഅവരുടെ ആരോഗ്യത്തിനാണ് മെച്ചം നൽകുന്നത്.

നിലിവിൽ ഒരു മാർക്കറ്റു മാത്രമാണ് നമുക്കുള്ളത്. (കേന്ദ്രീകൃതമായി) അത് ഉല്ലലയിലാണ്. ഉല്ലല ജംഗ്ഷനിൽനിന്നും കൊതവറ റോഡ് തുടങ്ങുന്നതിന്റെ തെക്കുഭാഗത്തായി 30 സെന്റ് സ്ഥലത്ത് ഈ ചന്ത സ്ഥിതിചെയ്യുന്നു. ഈ സ്ഥലം പഞ്ചായത്തിന്റെ അധീനതയിലാണ്.

ആദ്യം മാർക്കറ്റ് സ്ഥാപിതമായത് 1104-ൽ (M.E) പഴയ വല്ലയിൽ പാലത്തിന്റെ വടക്കേക്കരയിൽ ആയിരുന്നു. ആദ്യകാലത്ത് ഇതൊരു സ്വകാര്യ ചന്തയായിരുന്നു. 1115 ധനുമാസം (ME) 19-ാം തീയതിയാണ് ഇപ്പോൾ സ്ഥിതിചെയ്യുന്നിടത്തേക്കുമാറ്റിയത്.

ഈ മാർക്കറ്റിനു സ്വന്തമായി കെട്ടിടമുണ്ടെങ്കിലും അതു വേണ്ടത്ര സുരക്ഷിതമായ രീതിയിലുള്ളതല്ല. മത്സ്യക്കച്ചവടത്തിനായി മറ്റൊരു കെട്ടിടവുമുണ്ട്. ഇവയ്ക്ക് ആവശ്യമായ തോതിലുള്ള ശുചിത്വമില്ലാത്തതാണ്.

പ്രശ്നപരിഹാരങ്ങൾ

1. ഇപ്പോഴത്തെ ഇറച്ചി വില്പന കേന്ദ്രം മൃഗാശുപത്രിയുടെ പടിഞ്ഞാറുവശത്തുള്ള പഞ്ചായത്തുവക സ്ഥലത്തേയ്ക്കു മാറ്റണം. അറവുശാല നിർമ്മിച്ചുകൊടുക്കണം. ശുചിത്വവും ഗുണനിയന്ത്രണചട്ടങ്ങളും പരിപാലിക്കപ്പെടുന്ന കാര്യത്തിൽ നിഷ്കർഷവേണം.

2. മാർക്കറ്റിൽ വരുന്നവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രാഥമിക കൃത്യനിർവ്വഹണത്തിനാവശ്യമായ മൂത്രപ്പുരകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

3. തഴപ്പായ ശേഖരണ കേന്ദ്രം, സഹകരണ മാർക്കറ്റ്, പഴം-പച്ചക്കറി മാർക്കറ്റ് എന്നിവ തുടങ്ങാനുള്ള സൗകര്യത്തോടുകൂടിയ ഷോപ്പിംഗ് കോംപ്ലെക്സ് പണിയണം.

4 താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയമാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ഗ്രാമ

പഞ്ചായത്തുമുഖാന്തിരം ഏർപ്പെടുത്തേണ്ടതാണ്.

5. മത്സമാർക്കറ്റ് ആധുനികമായ രീതിയിൽ പരിഷ്ക്കരിക്കണം കർശനമായ ശുചിത്വവും ഗുണനിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കണം. കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ ഏർപ്പെടുത്തണം.

## ഗതാഗതം

ഒരു നാടിന്റെ പുരോഗതിക്ക് അടിസ്ഥാനപരമായിവേണ്ടുന്ന ഒന്നാണ് സൗകര്യപ്രദമായ ഗതാഗതമാർഗ്ഗങ്ങൾ. ഒരു കാലത്ത് ജലഗതാഗത മാർഗ്ഗങ്ങൾ മാത്രമായിരുന്നു നമുക്കാശ്രയം. എന്നാൽ റോഡുകളുടെ ആവിർഭാവവും, വികസനവും ജലഗതാഗതത്തിന്റെ സാദ്ധ്യതകൾ ഇല്ലാതാക്കി. നമ്മുടെ പഞ്ചായത്തിന്റെ വടക്കേയറ്റത്തുള്ള കരിയാറിൽക്കൂടി വൈക്കം-നീണ്ടൂർ ആയും കിഴക്കുഭാഗത്തുള്ള കെ. വി. കനാൽവഴി വൈക്കം-കോട്ടയവുമായി ഉണ്ടായിരുന്ന ബോട്ടുസർവ്വീസ് ഒരു പ്രധാന ജലഗതാഗത മാർഗ്ഗമായിരുന്നു. അതിപ്പോൾ നിലച്ചിട്ട് ഏതാണ്ട് നാല്പതു വർഷങ്ങളായി. അതുപോലെതന്നെ കെ. വി. കനാലിൽക്കൂടി അതിരമ്പുഴ, കോട്ടയം തുടങ്ങിയ പ്രധാനപ്പെട്ട ചന്തകളുമായി ബന്ധപ്പെട്ടിരുന്ന 'കമ്പനി വള്ളങ്ങൾ' എന്നറിയപ്പെട്ടിരുന്ന കെട്ടുവള്ളങ്ങളും ചില വ്യക്തികളുടെ സ്വന്തമായ വളവര വള്ളങ്ങളും പ്രധാന ജലഗതാഗത മാർഗ്ഗങ്ങളായിരുന്നു. ഇവയൊക്കെ അപ്രത്യക്ഷമായിരിക്കുന്നു. കാരണം റോഡുകൾ വികസിക്കുകയും വാഹനങ്ങൾ പെരുകുകയും ചെയ്തു. തന്മൂലം സഞ്ചാരത്തിനുവേണ്ടുന്ന സമയദൈർഘ്യത്തിൽ അത്ഭുതാവഹമായ കുറവുവന്നു. യാത്ര എളുപ്പമായിതീരുകയും ചെയ്തു.

### റോഡുകൾ

നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട പാതയാണ് വൈക്കം - വെച്ചൂർ റോഡ്. ഇരുവശവും പൈൻമരങ്ങൾ ധാരാളമായി ഉണ്ടായിരുന്ന ഈ പാത വളരെക്കാലം മുൻപു മുതൽതന്നെ ഉള്ളതാണ്. വെച്ചൂർ - കുമരകം വഴി കോട്ടയവുമായി ബന്ധമുള്ള ഈ വഴിയിൽക്കൂടി പണ്ട് വൈക്കത്തപ്പനും, തിരുനക്കര മഹാദേവനും അന്യോന്യം സഞ്ചരിച്ചിരുന്നു എന്നാണ് ഐതീഹ്യം. 5 കി. മീ. ദൈർഘ്യം ഈ പഞ്ചായത്തിലൂടെയാണ് ഈ റോഡ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. വളരെ വീതികുറഞ്ഞ ഒരു ഗ്രാമപാതയായിരുന്നു. ഈ പാതയിൽകൂടി ആദ്യമായി സർവ്വീസ് ബസ്സ് ഓടിയവർഷം 1123(1946) ആയിരുന്നു. വൈക്കത്തുനിന്നും വെച്ചൂർ എത്താൻ ഒരു മണിക്കൂറോളം എടുത്തിരുന്നു. പിന്നീട് റോഡുവികസിക്കുകയും 1953-ൽ മെറ്റൽ ചെയ്തു ഭാഗികമായി ടാറിടുകയും ചെയ്തു. മാരാംവീട് പാലം പുതുക്കിപ്പണിതതോടുകൂടി കൂടുതൽ വാഹനങ്ങൾ ഓടിത്തുടങ്ങി.

1959-ൽ മാരാംവീട് പാലവും, 1977-ൽ വല്ലയിൽ പാലവും 1979-ൽ അട്ടാറപ്പാലവും പുതുക്കിപ്പണിതു. മാരാംവീട് പാലം തീരെ ഇടുങ്ങിയതാണ്. വലിയ വാഹനങ്ങൾക്ക് കഷ്ടിച്ചുമാത്രം കടന്നുപോകാൻ തക്കവീതിയുള്ള ഈ പാലം ഭാവിയിൽ ഭീഷണിയായിത്തീരാവുന്നതാണ്. പ്രത്യേകിച്ച് നിർദ്ദിഷ്ട ആലപ്പുഴ-മധുര ഹൈവേ നമ്മുടെ പഞ്ചായത്തിൽകൂടിയുള്ള പാതവഴിതന്നെയായിരിക്കുമെന്ന ഉറപ്പ് നിലനിൽക്കുന്ന പശ്ചാത്തലത്തിൽ തണ്ണീർമുക്കംബണ്ടുവഴി ചേർത്തല, ആലപ്പുഴ തുടങ്ങിയ പടിഞ്ഞാറൻ മേഖലകളുമായി ബന്ധപ്പെട്ട് 1984-ൽ ഗതാഗതം തുടങ്ങിയതോടുകൂടി ഈ റോഡിന്റെ പ്രാധാന്യവും വാഹനത്തിരക്കും വളരെയധികം വർദ്ധിച്ചു. ഉല്ലലയിൽ നിന്നും കൊതവറയിലേയ്ക്കുള്ള റോഡും, മാടപ്പള്ളിയിൽനിന്നും മത്തുങ്കലേയ്ക്കുള്ള റോഡും, ഉല്ലല-പള്ളിയാട് റോഡും ടാർ ചെയ്യപ്പെട്ടതോടെ ഉൾപ്രദേശങ്ങളുടെ വികസനത്തിന് കളമൊരുങ്ങി.

പഞ്ചായത്തിൽ ആകെറോഡ് 83.787 കി. മീ. ആണ്. ഒരു ചതുരശ്ര കിലോമീറ്ററിന് ശരാശരി 2.95 കി. മീ. റോഡ് എന്ന ക്രമത്തിലാണ്. ഇതിൽ കഷ്ടിച്ച് പകുതിയോളമേ വാഹനഗതാഗതയോഗ്യമായിട്ടുള്ളു. നമ്മുടെ നില സംസ്ഥാന ശരാശരിയായ 3.2 കി. മീ /ച.കി. മീറ്ററിനോട് വളരെ അടുത്ത നിരക്കാണ്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 10.170 കി. മീ. ആണ്. ഇതിൽ നിന്നും ഒരു ച. കി. മീ. വിസ്തീർണ്ണത്തിന് 0.40 കി. മീ. മാത്രമേ ടാർചെയ്ത റോഡുള്ളു എന്നുകാണാം. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയും(19488) ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 52 സെ. മീ. ടാർ റോഡു മാത്രമേയുള്ളു എന്ന് കാണാൻ കഴിയും.

**ഈ പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ**

**ടാർ ചെയ്തത്**

**P.W.D. വക**

1. വൈക്കം - വെച്ചൂർ റോഡിന്റെ തലയാഴം പുത്തൻപാലം മുതൽ വലിയാനപ്പുഴ മുട്ടുവരെ -5 കി. മീ.

പഞ്ചായത്തുവക

1. മാടപ്പള്ളി മത്തുങ്കൽ 1.600 കി. മീ.
2. ചെറുപുന്നച്ചുവട് കണ്ണാട്ടുപടി 0.500 കി. മീ.
3. ഉല്ലല പള്ളിയാട് (കരുണക്കട) 0.570 കി. മീ.
4. ഉല്ലല പള്ളിയാട് 0.250
5. ഉല്ലല കൊതവറ കോളേജ് 2.250 കി. മീ.

ആകെ 5.170

ഗ്രാവൽ ചെയ്തത്

1. കൂവം ചേന്തുരുത്ത് 1.600 കി. മീ
2. ഉല്ലല പള്ളിയാട് 1.600 കി. മീ.
3. കാളീശ്വരം കൂവം 2.400 കി. മീ.
4. വാക്കേത്തറ 2.400 കി. മീ.
5. തറേപ്പറമ്പ് 0.300 കി. മീ.
6. വല്യാറപ്പറമ്പ് 1.600 കി. മീ.
7. വിയറ്റ്നാം 1.600 കി. മീ.
8. പുത്തൻപാലം പുന്നപ്പൂഴി 3.200 കി. മീ.
9. ചെറുപുന്നമൂട്, കണ്ണാട്ട്പടി 1.600 കി. മീ
10. തോട്ടകം, വാഴേക്കാട് 2.400 കി. മീ.
11. ആലത്തൂർ, കണ്ടംതുരുത്ത് 2.400 കി. മീ.

12. മോസ്കോ 300 കി. മീ.
14. ഇടഉല്ലല, കാവിൽ ഭാഗം 1.600 കി. മീ.
15. ഇണ്ടംതുരുത്ത് 1.000 കി. മീ.
16. പട്ടശ്ശേരിൽ 0.300 കി. മീ.
17. കണ്ണാട്ട്, കട്ടത്തറ 0.100
18. ചുള്ളുവേലി 0.100 കി. മീ
19. കൂവം, പോത്തംപുറം 0.200 കി. മീ.
20. ചെറുതുരുത്ത്, കൂവം 0.500 കി.മ ഈ.
21. തമ്പുരാൻ റോഡ് 1.000 കി. മീ.
22. പാട്ടത്തിൽ, താമരവേലി 0.500 കി. മീ.
23. പനച്ചിത്തുരുത്ത്, അറവുകാട് 1.000 കി. മീ.
24. ആറ്റുപുറത്ത്, ഏ. കെ. ജി 0.500 കി. മീ.
25. അട്ടാറ, ചെറുവള്ളി 0.8000 കി. മീ.
26. പാലത്തുങ്കൽ, ചാലിപ്പീടിക 0.4000 കി. മീ
27. പുത്തൻപാലം, ആമയിട 0.600 കി. മീ

ആകെ 31.650 കി. മീ.

### മൺറോഡുകൾ

1. ഇട ഉല്ലല, മാരാംവീട് 0.800 കി. മീ.
2. മാടപ്പള്ളി, മംഗലം 2.000 കി. മീ.
3. ഇട ഉല്ലല, വെള്ളുകറുക 0.300 കി. മീ.
4. പെരുമന 0.300 കി. മീ
5. പുഞ്ചായിത്തറ, കൂവം 0.300 കി. മീ
6. പുത്തൻപാലം, ഹരിജൻ കോളനി 0.500 കി. മീ
7. പുത്തൻപാലം, ഹരിജൻ കോളനി 0.500 കി. മീ
8. മാരാംവീട്, പുതുപ്പറമ്പ് 1.600 കി. മീ.
9. പടിഞ്ഞാറെപ്പീടിക 1.000 കി. മീ.
10. തൃപ്പക്കുടം, മാടപ്പള്ളി 0.100 കി. മീ
11. വാടച്ചിറ 0.100 കി. മീ
12. പറപ്പള്ളി 0.800 കി. മീ
13. കണ്ണംപള്ളിത്തറ 0.150 കി. മീ
14. പത്തിനേത്തുതറ 0.300 കി. മീ
15. മഠത്തിപ്പറമ്പ് 0.500 കി. മീ.
16. തൃപ്പക്കുടം, പുന്നപ്പുഴി 0.300 കി. മീ
17. നെടും നിലത്തുതറ 0.300 കി. മീ
18. അട്ടാറ, വല്യാറമ്പത്ത് 2.000 കി.മീ.
19. മഠത്തിൽപ്പറമ്പ് റോഡ് 0.800 കി. മീ.
20. കുപ്പയടിക്കാവ് റോഡ് 1.060 കി. മീ.
21. ഓണംപള്ളി 0.800 കി. മീ
22. ചെമ്പകശ്ശേരി-യക്ഷിയമ്പലം 0.100 കി. മീ
23. മംഗലത്ത് റോഡ് 1.550 കി. മീ.
24. പള്ളിയാട്, ചേന്തുരുത്ത് 1.000 കി. മീ
25. മത്തുങ്കൽ, ശ്രീകുരുംബ 2.500 കി. മീ
26. പൂത്തുരുത്ത്, വാക്കേത്തറ 1.000 കി. മീ.
27. കൊതവറ, ഗവ. എൽ. പി. എസ്. 0.300 കി. മീ.
28. അട്ടാറ, മാരാംവീട് 1.500 കി. മീ.
29. കമ്പിയിൽ, കണ്ടംതുരുത്ത് 0.500 കി. മീ
30. മഞ്ചക്കരി, കാട്ടാത്തറ 1.000 കി. മീ.
31. മാരാംവീട് 0.500 കി. മീ.
32. മന്തറ, തളിശ്ശേരിയിൽ 0.400 കി. മീ.
33. പാണാട്ടുപടി, പുത്തൻപാലം 0.102
34. വളഞ്ഞമ്പലം, വാക്കേത്തറ 0.500 കി. മീ.
35. മറ്റപ്പള്ളി, ഊർക്കരിത്തോട്ടുകടവ് 0.500 കി. മീ
36. പുന്നപ്പൊഴി, മൂലേപ്പറമ്പ് 0.875
37. പുഞ്ചായിൽ, മണ്ണാറക്കണ്ടം 0.250 കി. മീ.
38. രാജീവ് ഗാന്ധി മെമ്മോറിയൽ 0.800 കി. മീ
39. ആറാശ്ശേരി, ചിറയ്ക്കുതാഴെ 0.400 കി. മീ.
40. സി.കെ.എം.ജംഗ്ഷൻ, വാക്കേത്തറ 1.000 കി. മീ.

ആകെ 31.267 കി. മീ.

### പഞ്ചായത്ത് മൺറോഡുകൾ

1. പെരുമ്പുഴിപ്പുറം, മാടപ്പള്ളി 1.000 കി. മീ.
2. ആലത്തൂർ, മാടപ്പള്ളി 1.000 കി. മീ.
3. പ്രിയദർശിനി, മൂലക്കരി 6.000 കി. മീ.
4. വിയറ്റ്നാം, ശ്മശാനം 0.500 കി. മീ.
5. വല്ലയിൽ, ഞൊടിയിപ്പള്ളി 1.600 കി. മീ.

ആകെ 10.100 കി. മീ.

### ആകെ റോഡുകൾ പട്ടിക തിരിച്ച്

| ഇനം | ഉടമസ്ഥത | ദൂരം | യാത്രാസൗകര്യം |
|---|---|---|---|
| ടാർചെയ്ത് | PWD | 5 K. M | ഉണ്ട് |
| ടാർചെയ്തത് | പഞ്ചായത്ത് | 5.170 KM | ഉണ്ട് |
| ഗ്രാവൽചെത്ത് | പഞ്ചായത്ത് | 31.650KM | പരിമിതം |
| മൺറോഡുകൾ | പഞ്ചായത്ത് | 31.867KM | വിഷമസ്ഥിതിയിൽ |
| മൺറോഡുകൾ | രേഖയില്ലാത്തത് | 10.100 KM | വിഷമസ്ഥിതിയിൽ |

ആകെ ദൂരം 83.787

ആകെ റോഡുകൾ 78 എണ്ണം

### മെയിൻ റോഡിലെ പ്രധാന പ്രശ്നങ്ങൾ

#### വാഹന ബാഹുല്യം

വൈക്കം-വെച്ചൂർ റോഡ് ഇന്ന് വാഹന ഗതാഗത ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുന്നു. ഈ പഞ്ചായത്തിലെ ജനകീയാസൂത്രണനടപടികളുടെ ഭാഗമായി കൊതവറ സെൻറ് സേവിയേഴ്സ് കോളേജിലെ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാർ 14-12-1996ൽ നടത്തിയ വാഹന സർവ്വേയുടെ ഫലമായി 4074 വാഹനങ്ങൾ ഈ റോഡിൽ കൂടി കടന്നുപോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.

#### മോട്ടോർ വാഹനങ്ങൾ

| | | |
|---|---|---|
| ടൂവീലറുകൾ | - | 592 |
| ബസ്സ് | - | 231 |
| ആട്ടോറിക്ഷാ | - | 255 |
| ലോറി | - | 316 |
| ജീപ്പ്, ടെമ്പോ, കാർ | - | 484 |
| ആകെ | - | 1878 |
| സൈക്കിളുകൾ | - | 2196 |
| ആകെ വാഹനങ്ങൾ | - | 4074 |

ഇത്രയും വലിയൊരു വാഹനവ്യൂഹത്തിന്റെ ഭാരം താങ്ങുന്നതിനുള്ള ശേഷി ഈ റോഡിനില്ല.

### ശോച്യാവസ്ഥ

റോഡിന്റെ പലഭാഗങ്ങളും വളരെ ശോചനീയമാണം. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. ഒട്ടുമിക്ക കലുങ്കുകളുടെയും ഉൾവശം മണ്ണുമൂടി അടഞ്ഞുകിടക്കുന്നതുമൂലവും ഓവുചാലുകളുടെ അഭാവംമൂലവും കലുങ്കുകളുടെ സമീപ്രദേശങ്ങൾ വെള്ളം കെട്ടിനിന്ന് ടാറിളകിപ്പോയിരിക്കുന്നു. ഓവുചാലുകളുടെ അഭാവവം, മിക്കസ്ഥലങ്ങളിലും വെള്ളക്കെട്ടു സൃഷ്ടിച്ച് റോഡു താറുമാറാകുന്നു. ചില സ്ഥലങ്ങളിൽ മെയിൻ റോഡുമായി ബന്ധിച്ച് പുതിയ ഉൾറോഡുകൾ അശാസ്ത്രീയമായ രീതിയിൽ തീർത്തിരിക്കുന്നതും (ഉദാ: 5-ാം വാർഡിൽ ചെമ്പകശ്ശേരിൽ വീടിന്റെ തെക്കുവശം) വെള്ളക്കെട്ടുകൾ സൃഷ്ടിച്ച് ടാറിളകിപോകുന്നതിന് കാരണമാകുന്നു.

#### അപകടകരമായ വളവുകൾ

വാഹനങ്ങളുടെ. വേഗതയും തിരക്കും വർദ്ധിക്കുന്നുണ്ടെങ്കിലും വളവുകൾ നിവർക്കുന്നതിനുള്ളശ്രമങ്ങൾ നടക്കുന്നില്ല. പലപ്പോഴും അപകടങ്ങൾ ഉണ്ടാകുന്നു. പല അപകടങ്ങളും ഒഴിവാക്കുന്നത് ഡ്രൈവർമാർ പൊതുവേ ശ്രദ്ധിക്കുന്നതുകൊണ്ടാണ്.

#### വീതികുറവും അപകടകരമായ അരികുകളും

മൂന്നുമീറ്റർ ടാർ ചെയ്തിട്ടുള്ള ഈ റോഡിന്റെ ഫുട്പാത്ത് അടക്കമുള്ള വീതി 6 മീറ്റർ മാത്രമാണ്. ടാർ റോഡിന്റെ അരികുകൾ മിക്കസ്ഥലങ്ങളിലും ഫുട്പാത്തിന്റെ ലവലുമായി വലിയ വ്യത്യാസമുണ്ട്. ഇത്തരം വക്കുകൾ ടൂവീലറുകൾക്കും സൈക്കിളുകൾക്കും കാൽനടയാത്രക്കാർക്കുപോലും അപകടസാദ്ധ്യതയുണ്ടാകും.

#### പരിഹാരമാർഗ്ഗങ്ങൾ

1. മെയിൻ റോഡിന്റെ വീതികൂട്ടുകയും വളവുകൾ നിവർക്കുകയും ചെയ്യുക.
2. ഫുട്പാത്തിന്റെ ലവൽ ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുക.
3. വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുക.
4. വഴിയരികൽ അപകട സാദ്ധ്യതയുള്ള വൈദ്യുതി ടെലഫോൺ പോസ്റ്റുകൾ പുറകോട്ടുമാറ്റുക.
5. നിലവിലുള്ള കലുങ്കുകളുടെ അകവശത്തുനിന്നും മണ്ണുമാറ്റി ജലനിർഗ്ഗമനമാർഗ്ഗം തെളിച്ചുകൊടുക്കുക.
6. ആധുനിക രീതിയിലുള്ളതും പഴക്കം ചെന്നതുമായ രീതിയിലമുള്ള ടാറിംഗ് നടത്തുക. ഇത് ഇരുവശത്തും വീതികൂട്ടി സോളിങ് നടത്തിയതിനുശേഷം ആയിരിക്കണം ചെയ്യേണ്ടത്.
7. വെള്ളക്കെട്ടിന്റെ ശല്യം ഉള്ള സ്ഥലങ്ങളിൽ ഡ്രെയിനേജ് സിസ്റ്റം ഏർപ്പെടുത്തുക.

#### അടിയന്തിരമായി നിവർത്തേണ്ട വളവുകൾ

1. മാടപ്പള്ളി അമ്പലത്തിനു മുൻവശം.
2. ഉല്ലല ടൗണിന്റെ വടക്കേയറ്റത്തുള്ള രണ്ടു വളവുകൾ
3. കാളീശ്വരം അമ്പലത്തിന്റെ കിഴക്കുഭാഗം
4. മാരാംവീടു പാലത്തിനു തെക്ക് വെയിറ്റിംഗ് ഷെഡിന്റെ തൊട്ടടുത്ത്.
5. വളഞ്ഞമ്പലം
6. ചിരട്ടേപറമ്പിന്റെ മുൻവശം
7. ചേന്നംകുന്ന്
8. തോട്ടകം ഷാപ്പിന്റെ പടിഞ്ഞാറുഭാഗം.
9. തോട്ടകം പള്ളിയുടെ ആർച്ച് ഗേറ്റിനു തൊട്ട് പടിഞ്ഞാറുഭാഗം.

#### വീതികൂട്ടേണ്ടത്

തലയാഴം പുത്തൻപാലം മുതൽ വലിയാനപ്പുഴ മുട്ടുവരെയുള്ള ഇരുവശവും

ഡ്രെയിനേജ് സിസ്റ്റവും കലുങ്കുകളും

1. ഉല്ലല ടൗണിൽ വില്ലേജ് ആഫീസിന്റെ മുൻവശത്തു ഓടഫലപ്രദമായി പുതുക്കിപ്പണിയുക.
2. കാളീശ്വരം ഭാഗത്ത് ഡ്രെയിനേജ് സിസ്റ്റം ഏർപ്പെടുത്തുക. മെയിൻറോഡിൽ നിന്നും കുവം റോഡ് തുടങ്ങുന്നതുകൊണ്ട് കലുങ്കിന്റെ സാദ്ധ്യത സംശയകരമാണ്.
3. ഉല്ലല കാട്ടുമന ഭാഗത്ത് ചെമ്പകശ്ശേരി റോഡ് കിഴക്കോട്ട് തുടങ്ങിയിരിക്കുന്നതിനാൽ നിലവിലുള്ളകലുങ്കിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. എങ്കിലും അവിടെ നല്ലൊരു ഡ്രെയിനേജ് ഏർപ്പെടുത്തണം.
4. ഉല്ലല രാമൻ കുളത്തിനും തെക്കുംകോവിലിനും ഇടയ്ക്ക് റോഡിൽ കെട്ടിനിൽക്കുന്ന വെള്ളം പടിഞ്ഞാറുഭാഗത്ത് ഓടകെട്ടി തോട്ടിലേക്ക് ഒഴുക്കികളയുന്നതിന് സൗകര്യം ചെയ്യുക.
5. തോട്ടകംട്രാൻസ്ഫോർമറിന്റെ വടക്കുഭാഗത്തും ബാലവാടി ജംഗ്ഷനു തൊട്ടുതെക്കുഭാഗത്തും ഉള്ളരണ്ടുകലുങ്കുകൾ റീട്ടെയ്നറകുൾ തകർന്ന നിലയിലാണ്. അവ പുതുക്കിപ്പണിയുകയും കലുങ്കുകളുടെ ഉൾഭാഗം തെളിച്ച് ജലനിർഗ്ഗമനസൗകര്യം സൃഷ്ടിക്കുകയും ചെയ്യുക.
6. തോട്ടകം എൽ. പി. സ്കൂളിനു തൊട്ടുതെക്കുവശത്തുള്ള ജംഗ്ഷനിൽ (വാക്കേത്തറ റോഡ് ജംഗ്ഷൻ) കലുങ്കും, ഇരുവശത്തുമായി ഓടകളും പണിത് റോഡുയർത്തുക. നായ്ക്കശ്ശേരികടയുടെ മുൻവശം മുതൽ വടക്കോട്ട് ഏതാണ്ട് 50 അടി ദൂരം വെള്ളക്കെട്ടിന്റെ ഭീഷണിയെ നേരിടുന്നു. ഇത് ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടതാണ്.
7. തോട്ടകം ഷാപ്പിനു പടിഞ്ഞാറു ഭാഗത്തുള്ള റോഡിന്റെ ഇരുവശവും ഓടകെട്ടി നിലവിലുള്ള കലുങ്കുമായി യോജിപ്പിക്കുക.

#### ഗ്രാവൽ റോഡുകളുടെയും മൺ റോഡുകളുടെയും അഭിവൃദ്ധിക്കുള്ള പരിഹാരമാർഗ്ഗങ്ങൾ

1. എല്ലാ റോഡുകളും ഇരുവശത്തുമുള്ള പുരയിടങ്ങളേക്കാൾ ഒരു നിശ്ചിത ഉയരത്തിൽ വരത്തക്കവിധം ആവശ്യമായ പൂഴിയും ഗ്രാവലും ഇട്ടുപൊക്കുക.
2. ആവശ്യമായ സ്ഥലങ്ങളിൽ ഇരുവശവും Retainers

പണിയുക.

3. വെള്ളക്കെട്ട് കൂടുതലുള്ള സ്ഥലങ്ങളിൽ കലുങ്കുകളും, ഇരുവശവും ഓടയും പണിത് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എർപ്പെടുത്തുക.
4. റോഡുകൾ ആവശ്യത്തിനു പൊക്കിയതിനുശേഷം സോളിങ്ങ് നടത്തുക. അതുറച്ചതിനുശഷം ടാർ ചെയ്യുക.

### വെയിറ്റിംഗ് ഷെഡ്ഡുകൾ

| | |
|---|---|
| നിലവിലുള്ളത് | 4 |
| താല്ക്കാലികം | 2 |
| സ്ഥിരം | 2 |

### ഇപ്പോഴത്തെ സ്ഥിതിയും പരിഹാരനിർദ്ദേശങ്ങളും

1. ഉല്ലലയിൽ വില്ലേജ് ആഫീസ് പരിസരത്ത് പണിതുടങ്ങിയ വെയിറ്റിംഗ് ഷെഡ് ഉടനെ പണിയണം.
2. മാരാംവീട്ടിലേത് അറ്റകുറ്റപ്പണിതീർത്ത് യാത്രക്കാർക്ക് പ്രയോജനപ്രദമാക്കമം.
3. മാടപ്പള്ളയിലെ താല്ക്കാലിക ഷെഡ് സ്ഥിരം കെന്ദ്രമാക്കണം.
4. അട്ടാറപ്പാലത്തിന്റെ പടിഞ്ഞാറ് എ.കെ.ജി. ജംഗ്ഷനിലുള്ള താല്ക്കാലിക ഷെഡ് മെയിൻ റോഡിന് അസൗകര്യമുണ്ടാക്കാത്ത രീതിയിൽ അല്പം പുറകോട്ടുമാറ്റി സ്ഥിരം ഷെഡ് പണിയണം
5. പുത്തൻപാലം (തലയാഴം) ആലത്തൂർ ജംഗ്ഷൻ, വിയറ്റ്നാംജംഗ്ഷൻ, വളഞ്ഞമ്പലം, തോട്ടകം എൽ. പി.എസ്. ജംഗ്ഷൻ, വലിയാനപ്പുഴ കടത്തുകടവ് ബസ്സ്റ്റോപ്പ് (ചേന്നംകുന്ന്), തോട്ടകം പള്ളിയുടെ ആർച്ച് ഗേറ്റിനു സമീപമുള്ള ബസ് സ്റ്റോപ്പ് എന്നിവടങ്ങളിൽ പുതിയ വെയിറ്റിംഗ് ഷെഡ്ഡുകൾ പണിയണം.

### മറ്റിനം

1. ഉല്ലല-പഴയ പാലം പൊളിച്ചുമാറ്റി, അതിന്റെ ഗർഡറുകളും തൂണുകളും മറ്റേതെങ്കിലും പാലത്തിനുവേണ്ടി വിനിയോഗിക്കണം.

### ബണ്ടുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. വാർഡ് 3ൽ തുരുത്തേൽ നിന്നും ആമയിടവരെ പുറംബണ്ടുനിർമ്മിച്ച് തീരദേശ റോഡുമായി ബന്ധിക്കണം.

### നിർമ്മാണ സമിതികൾ

പൊതു ഉപയോഗത്തിനുവേണ്ടി നിർമ്മിക്കപ്പെടുന്ന റോഡുകൾക്കുവേണ്ടി പ്രാദേശിക തലത്തിൽ സമിതികൾ രൂപീകരിക്കപ്പെടേണ്ടതാണ്. റോഡുകളുടെ നിർമ്മാണഘട്ടത്തിൽ വേണ്ടിവരുന്ന ചെലവ് അതാതു റോഡുകളുടെ ഗുണഭോക്താക്കൾതന്നെ വഹിക്കേണ്ടതാണ്. സമിതിയാണ് ഇതിനു മുൻകൈ എടുക്കേണ്ടത്. കലുങ്കുകൾ, പാലങ്ങൾ, ഇവവേണ്ടിടങ്ങളിൽ പഞ്ചായത്തിൽനിന്നുള്ള ധനസഹായത്തെക്കുറിച്ചാലോചിക്കാവുന്നതാണ്.

### സംരക്ഷണ സമിതികൾ

നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനുവേണ്ടി പ്രാദേശിക സമിതികൾ രൂപീകരിക്കണം. സംരക്ഷണവും മറ്റ് അത്യാവശ്യ അറ്റകുറ്റപ്പണികളും ഈ സമിതിയുടെ നേതൃത്വത്തിൽ വേണം നടത്തുവാൻ.

### ശ്രമദാന പദ്ധതികൾ

റോഡു നിർമ്മാണ സംരക്ഷണ സമിതികളിലെ അംഗങ്ങൾ അതാതു റോഡുകളുമായി ബന്ധപ്പെട്ടുവരുന്ന ഉപഭോക്താക്കളെ പരമാവധി ശ്രമദാനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം. ഇതിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ ഭക്ഷണച്ചെലവ് പഞ്ചായത്ത വഹിക്കേണ്ടതാണ്.

ശ്രമദാനത്തിൽ പങ്കെടുക്കുന്നവരുടെ പേരും അതിൻപ്രകാരം വേണ്ടിവരുന്ന മനുഷ്യവിഭവശേഷി, മനുഷ്യപ്രയത്ന ദിനങ്ങൾ അതുവഴി ചെലവഴിക്കപ്പെടുമായിരുന്ന തുക ശ്രമദാനമല്ലായിരുന്നെങ്കിൽ ഇവയും പ്രത്യേകം രേഖപ്പെടുത്തണം.

### ജലഗതാഗത മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിന് മറ്റുപ്രദേശങ്ങളെയപേക്ഷിച്ച് വളരെ ബൃഹത്തായ ഒരു ശൃംഖല ജലപാതകൾക്കുണ്ട്. കായൽ, പുഴകൾ, തോടുകൾ എന്നിവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു.

വേമ്പനാട്ടുകായലുമായി പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ നേരിട്ടു ബന്ധപ്പെട്ടുകിടക്കുന്നു.

### പ്രധാനപ്പെട്ട തോടുകൾ

1. ഇട ഉല്ലല - മാരാംവീട്
2. കൊതവറ തോട്
3. അട്ടാറ - കരിവേലി
4. അട്ടാറ - കെ. വി. കനാൽ
5. കുപ്പേടിക്കാവ് - മാരാംവീട്
6. കരിയാർ - പനച്ചിത്തുരുത്ത്
7. മാരാംവീട് - കെ. വി. കനാൽ
8. ആമയിട
9. വല്ലയിൽ
10. വട്ടുക്കരി - വാഴക്കാട്

കൂടാതെ മറ്റനേകം തോടുകളുമുണ്ട്. ഇവയെല്ലാംതന്നെ പണ്ടുകാലത്ത് പ്രധാന ഗതാഗത മാർഗ്ഗങ്ങളായിരുന്നു.

കാലക്രമത്തിൽ, റോഡുകളുടെ ആവിർഭാവവും കരമാർഗ്ഗവുമുള്ള ഗതാഗതവും വർദ്ധിച്ചതോടുകൂടി അവയുടെ പ്രാധാന്യം നശിച്ചു. പ്രധാനതോടുകളുടെ സൈഡുകളിടിച്ച് കരഭൂമിയുടെ വലുപ്പം വർദ്ധിപ്പിക്കുന്ന പ്രവണതയും അശാസ്ത്രീയമായ രീതിയിൽ മണ്ണിട്ടുനികർത്തി റോഡുകളാക്കപ്പെട്ടു. തന്മൂലം ജലനിർഗ്ഗമന മാർഗ്ഗങ്ങളെല്ലാംതന്നെ തടയപ്പെട്ടു.. അങ്ങിനെ വെള്ളക്കെട്ടുമൂലമുള്ള പരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ഇടത്തോടുകളിൽ അഴുക്കുവെള്ളം കെട്ടിക്കിടന്ന് കൊതുകുകളുടെ ആവാസ കേന്ദ്രങ്ങളാകുന്നു. മത്സ്യസമ്പത്തും നശിച്ചുകൊണ്ടിരിക്കുന്നു. ഗുണമേറിയ നാടൻ മത്സ്യങ്ങൾ ഇന്ന് വംശനാശത്തെ നേരിടുന്നു. സാംക്രമിക രോഗങ്ങളുടെ പകർച്ചയ്ക്ക് ഇത്തരം വെള്ളക്കെട്ടുകൾ സഹായകമാകുന്നു.

### പരിഹാര മാർഗ്ഗങ്ങൾ

1. ജനലനിർഗ്ഗമന മാർഗ്ഗങ്ങളടച്ചുകൊണ്ടുള്ള റോഡുക

ളുടെ ആവിർഭാവം തടയേണ്ടതാണ്. കലുങ്കുകളോ വലിയ പൈപ്പുകൾ മണ്ണിനടിയിൽ സ്ഥാപിച്ചോ മാത്രമേ ഇനിയും പുതിയ റോഡുകൾ നിർമ്മിക്കാനാവൂ.

2. ഇപ്പോൾ വെള്ളക്കെട്ടനുഭവപ്പെടുന്ന റോഡുകളിലും മുറിഞ്ഞുപോയ തോടുകളെ തമ്മിൽ ബന്ധിപ്പിക്കാൻ സാദ്ധ്യമായതെല്ലാം ചെയ്യണം. (കലുങ്കുകൾ അല്ലെങ്കിൽ പൈപ്പുകൾ)

സാദ്ധ്യതകൾ-ജലഗതാഗതം പ്രോത്സാഹിപ്പിക്കുക.

നിലവിലുള്ള പ്രധാനതോടുകളെല്ലാം തന്നെ ആഴം കൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഉൾനാടൻ ജലഗതാഗതം ടൂറിസവുമായി ബന്ധപ്പെടുത്തി വികസന സാദ്ധ്യതകൾ ആരായണം. തീർച്ചയായും മറ്റൊരു വരുമാനത്തിനുള്ള സാദ്ധ്യത ഈ രംഗത്തു കൈവരിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

**വീട്ടാവശ്യത്തിനുള്ള ഇന്ധനങ്ങളുടെ ഒരു താരതമ്യ പഠനമാണ് താഴെ കൊടുത്തിരിയ്ക്കുന്നത്.**

| ഇന്ധനം | ചില്ലറ വില്പന വില | കലോറിമൂല്യം | ക്ഷമത ശതമാനം | ഫലപ്രദമായ കലോറി മൂല്യം കി.കലോറി/കി.ഗ്രാം. | വില (രൂപ) (മി ല്യൻ കിലോ കലോറിയ്ക്ക്) |
|---|---|---|---|---|---|
| വിറക് | രൂ.1.00 / കി.ഗ്രാം | 4500 കിലോ.കലോറി / കി.ഗ്രാം | 10 --15 | 562.5 | 1777.50 |
| മണ്ണെണ്ണ | രൂ.2.85 / ,, ,, | 10,000 - do - | 40 - 50 | 4500 | 632.70 |
| എൽ.പി.ജി. | രൂ.9.30 / ,, ,, | 10,500 -do - | 60 | 6300 | 1473.10 |
| വൈദ്യുതി | രൂ. 0.70 / ,, ,, | 875 - do - | 75 | 656.25 | 1416.80 |

താഴെപറയുന്ന റോഡിൽകൂടി വൈദ്യുതി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപി ക്കേണ്ടതാണ്.

| ക്രമനമ്പർ | വാർഡ്നമ്പർ | കോഡുനമ്പർ | റോഡ് |
|---|---|---|---|
| 01. | I | 0101 | A.K റോഡ് - മൂന്നാം വേലിക്കരി |
| 02. | I | 0102 | കണ്ടം തുരുത്ത്-മൂന്നാം വേലിക്കരി |
| 03. | I | 0103 | പുന്നപ്പോഴി-പുതുവേലി |
| 04. | VI | 0601 | ഉല്ലല-പോത്തൻവേലി |
| 05. | VII | 0701 | വനംബ്ലോക്ക് |
| 06 | VII | 0702 | പള്ളത്തുശ്ശേരി. |
| 07. | VIII | 0801 | വാക്കേത്തറ-ചെട്ടിക്കരി. |
| 08. | VIII | 0802 | വാക്കേത്തറ-7-ാം ബ്ലോക്ക്. |
| 09. | VIII | 0803 | വളഞ്ഞമ്പലം-പൂന്തുരുത്ത്. |
| 10. | VIII | 0804 | പൂന്തുരുത്ത്-വാക്കേത്തറ |
| 11. | VIII | 0805 | CKM ജംഗ്ഷൻ- പൂന്തുരുത്ത്. |
| 12. | VIII | 0806 | കുപ്പേടുക്കാവ-കല്ലുപുരയ്ക്കൽ -CKM |
| 13. | VIII | 0807 | പനച്ചിന്തുരുത്ത്-വാക്കേത്തറ.(Road proposed) |
| 14. | VIII | 0808 | ഇല്ലിക്കൽപടി- ബാലവാടി-CKM (Road proposed) |
| 15. | VIII | 0809 | വാഴക്കാട്-പുന്നത്തറ-ശ്മശാനം |
| 16. | VIII | 0810 | വിയറ്റ്നാം ലക്ഷംവീട് (വടക്കോട്ട്) |
| 17. | IX | 0901 | മാരാംവീട്-അമ്പനാ പള്ളി -അട്ടാറ. |
| 18. | IX | 0902 | മത്തിപറമ്പ്- വളഞ്ഞമ്പലം. |
| 19. | IX | 0903 | അട്ടാറ പടിഞ്ഞാറ്-തറക്കോണം-കരിയാർ |
| 20. | IX | 0904 | കൊച്ചുപറമ്പ്-ഏലുവാക്കത്തറ |
| 21 | IX | 0905 | നായ്ക്കംപറമ്പ്-തറവട്ടം |
| 22. | IX | 0906 | അട്ടാറ കിഴക്ക്-പൂമാലത്ത്. |
| 23. | IX | 0907 | ആറാശ്ശേരിറോഡ് (ലിങ്ക്) |
| 24. | X | 1001 | പറപള്ളി-തറയിൽപറമ്പ്. |
| 25. | X | 1002 | പെരുമ്പോഴിപ്പുറം-മാടപ്പള്ളി. |
| 26. | X | 1003 | മാടപ്പള്ളിക്കാട് റോഡ്. |

## ടാർ ചെയ്യേണ്ടതായ റോഡുകൾ (വാർഡ് അടിസ്ഥാനത്തിൽ)

| ക്രമനമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിൻെറ പേര്, സ്ഥലം |
|---|---|---|---|
| 1 | 1 | 0101 | പുത്തൻപാലം കല്ലറ റോഡ് |
| 2 | 1 | 0102 | എ. കെ. റോഡ് - മൂന്നാം വേലിക്കരി വരെ |
| 3 | 2 | 0201 | തീരദേശറോഡ് |
| 4 | 2 | 0202 | സെൻറ് സേവ്യേഴ്സ് കോളേജ് റോഡ് - കോട്ടച്ചിറ കടത്തു കടവു വരെ |
| 5 | 2 | 0203 | പുത്തൻ പാലം - മത്തുങ്കൽ റോഡ് |
| 6 | 3 | 0301 | കുമ്മംകോട്ടു മുതൽ മത്തുങ്കൽ വരെ |
| 7 | 3 | 0302 | കുരിശുപള്ളി - കരിവേലി റോഡ് |
| 8 | 5 | 0501 | ചെറുപുന്ന കുരിശുപള്ളി റോഡിൻെറ ബാക്കി ഭാഗം |
| 9 | 5 | 0502 | ഉല്ലല - കൊതവറ റോഡിലെ ഇട ഉല്ലല വെമ്പറമ്പിൽ നിന്നുമുള്ള ഭാഗം |
| 10 | 5 | 0503 | ഉല്ലല - പള്ളിയാട്ട് |
| 11 | 6 | 0601 | പുന്നപ്പോഴി മുതൽ വാക്കേത്തറ - തോട്ടകം എൽ.പി.എസ്.ജംഗ്ഷൻ വരെ<br>നോട്ട് : - 1, 6, 7, 8 വാർഡുകളിൽ കൂടി കടന്നുപോകത്തക്കവിധമുള്ള നിർദ്ദിഷ്ട റോഡ് വികസിപ്പിച്ച് കല്ലറ - വെച്ചൂർ റോഡിലെ തോട്ടാപ്പള്ളിയുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുന്നതുവഴി കാർഷിക മേഖലയുടെ വികസനം കൈവരിക്കാം. |
| 12 | 7 | 0701 | മോസ്ക്കോ റോഡ് |
| 13 | 8 | 0801 | തോട്ടകം എൽ.പി.എസ്. ജംഗ്ഷൻ മുതൽ പുത്തൻ തോടു വരെ (ഐറ്റം : 11 നോക്കുക) |
| 14 | 8 | 0802 | വിയറ്റ് നാം ജംഗ്ഷൻ മുതൽ കിഴക്കോട്ട് ശ്മശാനം വരെ |
| 15 | 9 | 0901 | തോട്ടകം പള്ളി മുതൽ തെക്കോട്ട് കല്പകശ്ശേരി കോളനി വരെ |
| 16 | 9 | 0902 | അട്ടാറ - വല്യാറമ്പത്തു റോഡ് |

## അടിയന്തിരമായി അറ്റകുറ്റപ്പണികൾ തീർക്കേണ്ട ഉൾപ്രദേശ റോഡുകൾ :

1. ഗ്രാവൽ - മൺറോഡുകളുടെ ലിസ്റ്റിൽ ടാർ ചെയ്യേണ്ടതായ റോഡുകൾ കഴിച്ച് ബാക്കിയുള്ളവ.
2. പനച്ചിത്തുരുത്തു പാലത്തിൻെറയും ചേത്തുരുത്ത് - കൂവം പാലത്തിൻെറയും അപ്രോച്ച് റോഡുകൾ, യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കണം.
3. പഞ്ചായത്ത് ഇതു വരെ ഏറ്റെടുത്തിട്ടില്ലാത്ത റോഡുകൾ (ലിസ്റ്റു നോക്കുക) ഏറ്റെടുക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം.

## പുതിയ റോഡുകളും നിലവിലുള്ളവയുടെ എക്സ്റ്റൻഷനും - ആവശ്യമായവ

| ക്രമനമ്പർ | വാർഡ് | കോഡ് | റോഡിൻെറ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 1 | 0101 | പുന്നപ്പോഴി മുതൽ എ. കെ. റോഡു വരെ | Extension |
| 2 | 1 | 0102 | തറേപ്പറമ്പിൽ നിന്നും പുത്തൻ പാലം - കല്ലറ റോഡു വരെ | Extension |
| 3 | 1 | 0103 | കമ്പിറോഡ് - പുത്തൻ പാലം - കല്ലറ റോഡു വരെ | Extension |
| 4 | 1 | 0104 | വല്യാറ നിന്നും -do- | |
| 5 | 1 | 0105 | പുറമന - ഈട്ടുപുറം | |
| 6 | 1 | 0106 | പെരുമാശ്ശേരി - ഈട്ടുംപുറം | |
| 7 | 1 | 0107 | പുത്തൻ മാക്കൽ - പുത്തൻ തറ | |
| 8 | 1 | 0108 | കാട്ടാത്തറ - എ. കെ. റോഡ് | |
| 9 | 2 | 0201 | വട്ടക്കരി ബ്ലോക്കിൻെറ സെൻറർ വാച്ചാലിൻെറ കിഴക്കു വശത്തു കൂടി വല്ലയിൽ റോഡ് ആമയിട | Extension |
| 10 | 2 | 0202 | തോടു വരെ ബന്ധിപ്പിക്കുക. | |
| 11 | 2 | 0203 | ഞൊടിയപ്പള്ളി - വല്ലയിൽ റോഡ് | |
| 12 | 3 | 0301 | പ്രിയദർശിനി റോഡ് - പുത്തൻ പാലം | |
| 13 | | 0302 | പ്ലാക്കാട്ടം പള്ളി മുതൽ തെക്കോട്ട് | |
| 14 | 4 | 0401 | കരിവേലി - കോളേജ് | |
| 15 | ,, | 0402 | മഞ്ചിത്തറ - കരിയാർ തീരറോഡ് | |
| 16 | ,, | 0403 | പ്ലാക്കാട്ടം പള്ളി - കണ്ണാട്ടുപടി | |
| 17 | ,, | 0404 | കൊല്ലംകാട് - നാട്ടുകുളം | |
| 18 | ,, | 0405 | ചിറ്റേ - കടത്തു കടവ് | |
| 19 | ,, | 0406 | ചിറ്റേ - കരിവേലിൽ | |
| 20 | ,, | 0407 | എടാട്ട് നടപ്പാത | |
| 21 | 5 | 0501 | ചെമ്പകശ്ശേരി - യക്ഷിയമ്പലം റോഡ് തെക്കോട്ടു മോസ്കോ റോഡുമായി ബന്ധിപ്പിക്കുക | Extension |
| 22 | 7 | 0701 | പള്ളത്തുശ്ശേരി | |
| 23 | 8 | 0801 | പനച്ചിത്തുരുത്തു നിന്നും വടക്കോട്ടു വാക്കേത്തറ വരെ 172 കിലോമീറ്റർ | |
| 24 | 8 | 0802 | പുന്നത്തറ മുതൽ കിഴക്കോട്ട് ശ്മശാനം വരെ | |
| 25 | 8 | 08703 | വിയറ്റ്നാം കോളനിയിൽ നിന്നും വടക്കോട്ട് വളഞ്ഞമ്പലം റോഡിലേക്ക് ലിങ്ക് | Extension |
| 26 | 8 | 0804 | ചെട്ടിക്കരി - വാക്കേത്തറ ഇപ്പോഴുള്ള ബണ്ട് വികസിപ്പിച്ച് റോഡാക്കുക. 272 കിലോമീറ്റർ | |
| 27 | 8 | 0805 | കല്ലുപുരയ്ക്കൽ ക്ഷേത്രം മുതൽ തെക്കോട്ട് സി. കെ. എം. റോഡിലേയ്ക്ക് ലിങ്ക് 1 കിലോമീറ്റർ | |
| 28 | 8 | 0806 | വാക്കേത്തറ വടക്കേ പാലം മുതൽ 7-ാം ബ്ലോക്കിൻെറ കിഴക്കോട്ട് | |
| 29 | 8 | 0807 | ബാലവാടി സെൻറർ മുതൽ കണിയാനൊടി ഭാഗം വഴി സി. കെ. എം. റോഡിലേയ്ക്ക് ലിങ്ക് 1 കി.മീ. | |
| 30 | 8 | 0808 | കറുകത്തട്ടു മുതൽ വാഴക്കാട്ടേയ്ക്ക് 500 മീറ്റർ | |

| ക്രമനമ്പർ | വാർഡ് | കോഡ് | റോഡിൻെറ പേര് | റിമാർക്സ് |
|---|---|---|---|---|
| 31 | 8 | 0809 | വിയറ്റ്നാം കോളനിയിൽ നിന്നും തെക്ക് മാരാം വീട്ടിലേയ്ക്ക് 500 മീറ്റർ | |
| 32 | 8 | 0810 | വാഴക്കാട്ടു നിന്നും വടക്കോട്ട് | |
| 33 | 9 | 0901 | എ. കെ. ജി. റോഡിൽ നിന്നും അറത്തറ പുരയിടം മുതൽ വെണ്ണപടവു വരെ | |
| 34 | 9 | 0902 | ആറാശ്ശേരി - ചിറയ്ക്കു താഴെ | |
| 35 | 9 | 0903 | അട്ടാറമാരാം വീട് റോഡിൽ മഠത്തിൽപ്പറമ്പ് ഭാഗത്തു നിന്നും കാട്ടുതറ ഭാഗത്തേയ്ക്ക് | |
| 36 | 9 | 0904 | അട്ടാറ - മാരാംവീട്ട് റോഡിൽ ഇടത്തിൽ പുരയിടം മുതൽ പടിഞ്ഞാട്ട് തെക്കേ പൂമാലം വരെ | |
| 37 | 9 | 0905 | കൊച്ചുപറമ്പിൽ പുരയിടത്തിൽ നിന്നും ഏലുവാക്കത്തറ വരെ | |
| 38 | 9 | 0906 | തുണ്ടച്ചിറ തോമസ്സിൻെറ പുരയിടം മുതൽ തോട്ടത്തിൽ മോഹനൻെറ പുരയിടം വരെ | |
| 39 | 9 | 0907 | എൽ. പി. സ്കൂൾ ജംഗ്ഷൻ മുതൽ മണ്ണംപള്ളി കോളനി വഴി പടിഞ്ഞാട്ട് അട്ടാറ - മാരാം വീട് റോഡിലേയ്ക്ക് ലിങ്ക് | |
| 40 | 9 | 0908 | സി. കെ. എം., യു. പി. എസിൻെറ മുൻവശത്തു നിന്നും പടിഞ്ഞാട്ട്. | |

## BRIDGE-CUM-SPILWAY - അടിയന്തിരമായി വേണ്ടത്

| ക്രമനമ്പർ | വാർഡ് | കോഡ് | വിശദവിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 3 | 0301 | കോട്ടച്ചിറ - ടി. വി. പുരം ആയി ബന്ധം വരുന്നത് | |
| 2 | 2 | 0201 | മാടള്ളി - മത്തുങ്കൾ (മൂത്തേടത്തു കാവുമായി ബന്ധിപ്പിക്കുന്നത്. | |
| 3 | 9 | 0901 | കരിയാർ (വലിയാനപ്പുഴ ഭാഗത്ത്) | |
| 4 | 2 | 0202 | ആമയിട സ്പിൽവേ | |

## അടിയന്തിരമായി നിർമ്മിക്കേണ്ട പാലങ്ങൾ : BRIDGES

| ക്രമനമ്പർ | വാർഡ് | കോഡ് | വിശദവിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 1 | 0101 | പുതുവേലിൽ - തറേപ്പറമ്പ് - കണ്ടംതുരുത്ത് | |
| 2 | 2 | 0201 | ആമയിട തോടിനു കുറുകെ | |
| 3 | 3 | 0301 | 2, 3, വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മത്തുങ്കൽ പാലം (spilwau ഭാഗം നോക്കുക) | |
| 4 | 4 | 0401 | മാരാം വീട് - ഇട ഉല്ലല റോഡിലെ തകർന്നു പോയ പാലം | പുനഃസ്ഥാപനം |
| 5 | 5 | 0501 | വെമ്പറപ്പ് - ഉല്ലല - കൊതവറ റൂട്ടിൽ തമ്പുരാൻ തോട്ടിലെ പാലം | |
| 6 | 6 | 0601 | വാർഡിന്റെ തെക്കേയറ്റം - ഇപ്പോഴതെൽ പാലം വീതി കൂട്ടി ബലപ്പെടുത്തുകയോ വീതിയുള്ള പുതിയ പാലം പണിയുകയോ വേണം | |
| 7 | 6 | 0602 | ഓണംപള്ളി - മണ്ണാറം കണ്ടം റോഡിലെ പാലം വാഹന ഗതാഗതത്തിന് പറ്റിയ രീതിയിൽ പരിഷ്ക്കരിക്കണം. (മുകളിൽ നിർദ്ദേശിച്ചതുപോലെ) | |
| 8 | 6 | 0603 | ഉല്ലല - പോത്തൻ മാലി റോഡിന്റെ കിഴക്കേയറ്റം (ക്രമനമ്പർ 6-ലെ നിർദ്ദേശം നോക്കുക) | |
| 9 | 8 | 0802 | മുണ്ടാർ 5-ാം ബ്ലോക്ക് | |
| 10 | 8 | 0803 | ചെട്ടിക്കരി 7-ാം ബോക്ക് | |
| 11 | 8 | 0804 | വളഞ്ഞമ്പലം - പുന്തുരുത്തു റോഡിൽ മദ്ധ്യഭാഗത്തുള്ള തോടിനു കുറുകെ. | |
| 12 | 8 | 0805 | 5-ാം ബ്ലോക്കും 7-ാം ബ്ലോക്കും തമ്മിൽ ബന്ധിപ്പിക്കുന്നത്. | |
| 13 | 8 | 0807 | മുണ്ടാർ ബ്ലോക്കും കല്ലറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തോണിക്കടവിൽ | |
| 14 | 8 | 0806 | 7, 8 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഴക്കാട് - ചേന്തുരുത്തു പാലം | |
| 15 | 9 | 0901 | അട്ടാറ - മാരംവീട് റോഡിൽ ഇടത്തിൽ പുരയിടത്തിലും വള്ളപ്പുര പുരയിടത്തിന് പുറകുവശത്തും. | |
| 16 | 10 | 1001 | മംഗലം - തറേപ്പറമ്പ് റോഡിൽ | |
| 17 | 10 | 1002 | മംഗലം - മാടപ്പള്ളിൽ റോഡിൽ | |
| 18 | 5 | 0502 | കാളീശ്വരം - കൂവംറോഡിൽ | |



# 5.7
# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

നമ്മുടെ സാമൂഹ്യ ജീവിതത്തിൽ ആഹാരം, വസ്ത്രം എന്നിവപോലെതന്നെ മറ്റൊരു പ്രധാന ഘടകമാണ് പാർപ്പിടം. പ്രാചീന കേരളത്തിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ സമ്പ്രദായം ഇന്ന് നമുക്ക് ഒരോർമ്മ മാത്രമാണ്. ഈ വ്യവസ്ഥിതിയിൽ നിന്നും മോചനംനേടി ഇന്നു നാം സ്വതന്ത്ര കുടുംബങ്ങൾ (Independent Families) എന്ന പരിഷ്കൃത രൂപത്തിലെത്തിച്ചേർന്നിരിക്കുന്നു. പണ്ടു നിലനിന്നിരുന്ന ജന്മി-കുടിയാൻ ബന്ധങ്ങളിലടിയുറച്ചിരുന്ന സാമൂഹ്യ പശ്ചാത്തലവും മാറി. പാർപ്പിടം ഇന്നു സാമൂഹ്യമായ ഒരു പ്രതിബദ്ധതയാണ്.

## നിലവിലുള്ള പ്രശ്നങ്ങളും സ്ഥിതിവിവരക്കണക്കുകളും

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഉയർന്ന നിലവാരം പുലർത്തുന്ന നിലയിലേക്ക് നാം എത്തിച്ചേർന്നിട്ടില്ല. സാമ്പത്തികമായി നമ്മുടെ പ്രദേശം വളരെയധികം പിന്നിലാണ്. എങ്കിൽപ്പോലും നമ്മുടെ ഗ്രാമങ്ങളിൽ ഇന്ന് കോൺക്രീറ്റ് സൗധങ്ങൾ വ്യാപകമായി ഉയരുന്നുണ്ടെന്നുള്ളത് ഒരു സത്യമാണ്. ഇടത്തരക്കാരായ ആളുകൾ സമൂഹത്തിലെ ഉയർന്ന തട്ടിലുള്ളവരെ ഇക്കാര്യത്തിൽ കൂടുതലായി അനുകരിക്കുന്നു. പദവിയുടെയും ആഡംബരത്തിന്റെയും അടയാളമായി മോടിയേറിയ സൗധങ്ങൾ മാറുന്നു. ഇതിനുവേണ്ടി വളരെയധികം പണം ദുർവിനിയോഗം ചെയ്യപ്പെടുന്നു. തൽഫലമായി ഇതുമായി ബന്ധപ്പെട്ടവർ കൂടുതൽ കടക്കെണിയിലേക്കു വീണുപോകുന്നു. ക്രിയാത്മകമായ കാര്യങ്ങൾക്കുവേണ്ടി പണം വിനിയോഗിക്കാൻ സാധിക്കാതെ പോകുകയും ചെയ്യുന്നു.

ഏറ്റവും കൂടുതലായി ഉള്ളത് ഇടത്തരം വീടുകൾ (ഓട്, ആസ്ബസ്റ്റോസ് ഷീറ്റ് ഇവകൊണ്ടു മേഞ്ഞത്) ആണ്. അതുകഴിഞ്ഞാൽ ഓലമേഞ്ഞ വീടുകൾ, കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് മൂന്നാമത്തെ സ്ഥാനവും.

നിലവിലുള്ള വീടുകളുടെ തരംതിരിച്ച പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | ആകെ |
|---|---|---|---|---|---|
| I | 1 | 49 | 189 | 164 | 403 |
| II | 1 | 32 | 303 | 126 | 462 |
| III | 5 | 26 | 393 | 64 | 488 |
| IV | 4 | 31 | 281 | 140 | 456 |
| V | 10 | 95 | 552 | 84 | 741 |
| VI | 1 | 10 | 254 | 217 | 482 |
| VII | 5 | 30 | 390 | 195 | 620 |
| VIII | 2 | 45 | 417 | 163 | 627 |
| IX | 4 | 54 | 317 | 154 | 529 |
| X | 7 | 42 | 512 | 126 | 687 |
| ആകെ | 40 | 414 | 3608 | 1433 | 5495 |

അവലംബം പഞ്ചായത്തു രജിസ്റ്റർ

പഞ്ചായത്തിൽ ആകെ 5488 വീടുകര് ഉള്ളതിൽ 1433 വീടുകൾ വാസയോഗ്യമല്ല.

കേരളാ സ്റ്റേറ്റ് ഭവനനിർമ്മാണ ബോർഡ്, ഹൗസിങ് സഹകരണ സംഘം, ഭവന നിർമ്മാണവായ്പാ സംഘങ്ങൾ ഇവയിൽ നിന്നും വായ്പകൾ എടുത്താണ് പ്രധാനമായും വീടുകൾ വയ്ക്കുന്നത്. എന്നാൽ പ്രകൃതി ക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെട്ടവർക്കും സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കും സർക്കാർ നേരിട്ട് ഭവന നിർമ്മാണ വായ്പകളും സബ്സിഡിയും നൽകിവരുന്നു.

എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും സമയത്തിന് വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണക്കാരന് അപ്രാപ്യമായ സ്ഥിതിയിലാണ്. വായ്പ കിട്ടുന്നവർക്കുതന്നെ തുകയുടെ പരിമിതിയും സാധനസാമഗ്രികളുടെ വിലയും തമ്മിലുള്ള അന്തരം മൂലം പണി പൂർണ്ണമാക്കുന്നതിനു സാധിക്കുന്നില്ല.

### J. R. Y. പദ്ധതിയനുസരിച്ചു ലഭിച്ച വീടുകളുടേയും കക്കൂസുകളുടേയും പട്ടിക

| വർഷം | വീടുകൾ | കക്കൂസുകൾ |
|---|---|---|
| 1989-90 | 4 | – |
| 90-91 | 6 | 1 |
| 91-92 | 1 | 15 |
| 92-93 | 7 | 1 |
| 93-94 | 13 | 14 |
| 94-95 | – | 5 |
| 95-96 | – | 10 |
| 96-97 | – | 12 |
| ആകെ | 31 | 58 |

### അൺ ടൈഡ് (ഉപാധിരഹിത) ഫണ്ടുപയോഗിച്ച് പഞ്ചായത്തു നൽകിയ വീടും കക്കൂസും

| വർഷം | വീട് | കക്കൂസ് |
|---|---|---|
| 1991-92 | 5 | – |
| 92-93 | – | 38 |
| 93-94 | 2 | – |
| ആകെ | 7 | 38 |

### വിവിധ പദ്ധതകൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| Year | RLGEP | NREP | IAY | MWS | JRY |
|---|---|---|---|---|---|
| 84-85 | | | | | |
| 85-86 | | | | | |
| 86-87 | | | | | |
| 87-88 | | | | | |
| 88-89 | | | | | |
| 89-90 | | | | | |
| 90-91 | | | | 6 | 6 |
| 91-92 | | | | 12 | – |
| 92-93 | | | | 3 | 6 |
| 93-94 | | | | | |
| 94-95 | | | 7 | 9 | |
| 95-96 | | | | | 30 |
| Total | | | 7 | 30 | 42 |

ഭവന നിർമ്മാണ സാമഗ്രികളുടെ അമിത വിലക്കയറ്റം, കൂലിനിരക്കിലെ അശാസ്ത്രീയമായ വർദ്ധനവ്, ഇവ മൂലം സാധാരണക്കാരന് വീടുനിർമ്മാണം അപ്രാപ്യമാകുന്നു. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നില്ല. ദൂര സ്ഥലങ്ങളിൽ നിന്നുംവേണം ഇവ എത്തിക്കുവാൻ. ഇതു മൂലം ചെലവ് വർദ്ധിക്കുന്നു. ഗതാഗത സൗകര്യക്കുറവ് മറ്റൊരു വലിയ പ്രശ്നമാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം ഉൾപ്രദേശങ്ങളിൽ അടിത്തറ നിർമ്മിക്കുന്നതിന് ചെലവേറുന്നു.

നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണരംഗത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ സ്ത്രീകൾ തുലോം കുറവാണ്. കൂലിനിരക്കിലും സ്ത്രീ-പുരുഷ-തൊഴിലാളികൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

### ഒരു താരതമ്യ പഠനം

| വർഷം | മേസ്തിരി | | സഹായികൾ | |
|---|---|---|---|---|
| | പു. | സ്ത്രീ | പു | സ്ത്രീ |
| 1991-92 | 60 | - | 40 | 35 |
| 92-93 | 70 | - | 50 | 40 |
| 93-94 | 85 | - | 60 | 45 |
| 94-95 | 100 | - | 65 | 50 |
| 95-96 | 120 | - | 75 | 60 |

### പരിഹാര നിർദ്ദേശങ്ങൾ

1. സർക്കാർ നല്കുന്ന വിവിധ വായ്പാ പദ്ധതികളായ RLGP, NREP, IAY, JRY, M.W.S എന്നീ പദ്ധതികളുടെ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടതാണ്. അവയ്ക്കുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണ്.
2. നമ്മുടെ പഞ്ചായത്തിലും പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ പ്രകൃതി ക്ഷോഭത്താൽ വീടു നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ പഞ്ചായത്ത് അധികൃതർ ചെയ്യേണ്ടതാണ്. കൂടാതെ, വീടുകൾ നഷ്ടപ്പെടുന്നവർക്കുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ അവകാശികൾക്ക് തന്നെ ലഭിക്കുന്നു എന്ന ഉറപ്പു വരുത്തേണ്ടതുമാണ്. വീടുകളുടെ നാശനഷ്ടങ്ങൾക്കനുസൃതമായ തോതിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്.
3. ഈ പഞ്ചായത്തിൽ ആകെ 9 ഹരിജൻ കോളനികളും (സെറ്റിൽമെന്റുൾപ്പെടെ) 277 വീടുകളിലായി 1466 അംഗങ്ങളും ഉണ്ട്. കോളനികളില്ലാതെ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം 2164 ആണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് ഭവന നിർമ്മാണ രംഗത്ത് അവശവിഭാഗക്കാർ കൂടുതൽ പരിഗണനയർഹിക്കുന്നു എന്നതാണ്. പഞ്ചായത്തിലെ നിലവിലുള്ള കുടിലുകൾ മാറ്റി സുരക്ഷിതമായ വീടുകൾ നിർമ്മിച്ചു നൽകുവാൻ വിവിധ ഏജൻസികളിലൂടെ സർക്കാർ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടുംസഹായങ്ങൾകൊണ്ടും കഴിയുകയില്ല.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കെട്ടിട നിർമ്മാണ സന്നദ്ധ സംഘടന രൂപീകരിച്ച് ദുർബല വിഭാഗങ്ങ

ളുടെ കൂടിലുകൾ മാറ്റി വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള പദ്ധതിക്ക് രൂപം നൽകേണ്ട താണ്. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ടവരുമായി (ഉദാ: നിർമ്മിതി) ആലോചി ച്ച് പദ്ധതികളാവിഷ്കരിക്കണം. പുനരുദ്ധാരണ പ്രവർത്തനങ്ങളും മേല്പറഞ്ഞ സംഘടനയുടെ ചുമ തലയിൽതന്നെ നടത്തണം.

4. ചെലവേറിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പ്രവ ണതയെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രചാരണം നടത്തണം.
5. ഭവന-നിർമ്മാണ വായ്പകളുടെ വ്യവസ്ഥകൾ ലഘൂ കരിക്കേണ്ടതാണ്. എന്നാൽ മാത്രമേ ഇവകൊണ്ട് സാധാരണക്കാർക്ക് പ്രയോജനം ലഭിക്കൂ.
6. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥകളോടു കൂടി വീടുകൾ നിർമ്മിച്ചു നൽകണം.
7. പഞ്ചായത്തിലെ ദുർബല വിഭാഗത്തിൽപെട്ട മുഴു വൻപേരേയും ഭവനനിർമ്മാണ വായ്പാപദ്ധതിയിൽ ഉൾപ്പെടുത്തണം. വീടുകളുടെ അറ്റകുറ്റപ്പണികൾക്കാ വശ്യമായ സഹായധനവും വായ്പയും ലഭിക്കത്തക്ക നടപടികൾ സ്വീകരിക്കണം.
8. നിർദ്ദിഷ്ട പ്ലാനുകളനുസരിച്ച്തന്നെ വീടുകൾ പണി യാൻ നിർബന്ധിതരായിരിക്കേ അനുവദിക്കപ്പെടുന്ന വായ്പാതുക അപര്യാപ്തമാകുന്നു.
9. പഞ്ചായത്തിലെ മുഴുവൻ കോളനികൾക്കും ഒരു പാർപ്പിട പദ്ധതി തയ്യാറാക്കി. വീട്, കക്കൂസ്, ശുദ്ധ ജലം, വൈദ്യുതി, കളിസ്ഥലം, പൊതുശ്മശാനം, വായ നശാല എന്നിവ നിർമ്മിച്ചു നൽകുവാൻ സമയബ ന്ധിതമായ നടപടി സ്വീകരിക്കണം
10. പഞ്ചായത്തു കേന്ദ്രമാക്കി ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
11. പഞ്ചായത്തു തലത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ ഒരു യൂണിറ്റ് ആരംഭിക്കുക.
12. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ ചുമ തലകളും ഗ്രാമപഞ്ചായത്തിനു നൽകുക.
13. ഭൂരഹിതർക്ക് പഞ്ചായത്തുവക ഭൂമി പതിച്ചു നൽകു ക.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇന്ത്യ യ്ക്കുതന്നെ മാതൃകയാണ് കേരളം. ആളോഹരി വരു മാനം വളരെ കുറവാണ്. കേരളത്തിൽ എങ്കിൽപ്പോലും വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കുന്നതാണ് കേരള ത്തിന്റെ ക്ഷേമപ്രവർത്തനം. ഇപ്പോൾ നടക്കുന്ന പ്രവർത്ത നങ്ങൾ ജനങ്ങളുടെ പൂർണ്ണമായ ക്ഷേമത്തിനുതകുന്നത ല്ല. ഇതിനു പ്രധാന കാരണം അർഹതയുള്ളവരെ കണ്ടെ ത്താൻ സർക്കാരിനു കഴിയാത്തതും ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥതയുമാണ്. ഈ ന്യൂനതകൾ ഒഴിവാക്കു വാൻ ക്ഷേമപ്രവർത്തനങ്ങളുടെ പൂർണ്ണമായ അധികാരം പ്രാദേശിക ഭരണകൂടത്തിന് നല്കണം. ക്ഷേമപ്രവർത്ത നങ്ങളെ രണ്ടായി തിരിച്ചിരിക്കണം: (1) സർക്കാർ തല ത്തിലുള്ള പ്രവർത്തനങ്ങൾ (2) ക്ഷേമനിധിബോർഡിക ളുടെ പ്രവർത്തനങ്ങൾ.

ഇവകൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ എന്നി വയും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽകൂടി ദാരി ദ്ര്യനിർമ്മാർജ്ജനപദ്ധതികൾക്കുവേണ്ടിയുള്ള സഹായങ്ങ ളാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ കർഷക തൊഴിലാള കൾ, മത്സ്യതൊഴിലാളികൾ, കയർതൊഴിലാളികൾ കെട്ടിക നിർമ്മാണ തൊഴിലാളികൾ എന്നിങ്ങനെ നിരവധി തൊഴി ലാളികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും എല്ലാവരും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല. വനിതാ വികനകോർപ്പറേ ഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്തിലെ സ്ത്രീ കൾക്ക് വേണ്ടത്ര അറിവില്ല. സാമൂഹ്യക്ഷേമരംഗത്ത് കാര്യ മായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് തല യാഴം വില്ലേജ് സർക്കിളിലൂടെയാണ്. ഈ സർക്കിളി ലൂടെ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| വർഷം | പരിശീലന വിഷയത്തിന്റെപേര് | പരിശീലനംലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ | റിമാർക്ക് |
|---|---|---|---|---|---|---|
| 1991-92 | Composing | 1 | – | – | – | W. E |
| " | Electrician | 2 | – | – | – | W. E |
| " | Automobile | 1 | – | – | – | W. E |
| " | Lathework | 2 | – | – | – | W. E |
| " | Furniture-Making | 1 | – | – | – | W. E |
| 1992-93 | Lathe work | 1 | – | – | – | W. E |
| " | Plumbing | 1 | – | 1 | – | W.E |
| " | Electrician | 2 | – | – | – | W. E |
| 1993-94 | Electrician | 4 | – | – | – | W. E |
| " | Composing | 1 | – | – | – | W. E |
| 1994-95 | Electrician | 3 | – | – | – | W. E |
| 1995-96 | Electrician | 7 | – | – | – | W. E |
| " | Book-Keeping | 2 | – | – | – | W. E |
| 1996-97 | Electrician | 4 | – | – | – | U. T. |
| " | Composing/ Book Binding | 1 | – | – | – | U. T. |
| " | Handloom Weawing | 2 | – | – | – | U. T. |

W. E. - Wage Employ U. T. - Under Training

ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർ

| Yer | Nos. |
|---|---|
| 1991-92 | 7 |
| 92-93 | 4 |
| 93-94 | 5 |
| 94-95 | 3 |
| 95-96 | 9 |
| 96-97 | 7 |
| Total | 35 |

### നിർദ്ദേശങ്ങൾ

1. വളരെ കുറച്ചുപേർക്കു മാത്രമേ ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. അതിനാൽ പരിശീലകരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കേണ്ടതാണ്.
2. ഇത്തരം പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരെ ബോധവാന്മാരാക്കാനും സന്നദ്ധസംഘടനകൾ ശ്രദ്ധിക്കണം.
3. ടൂൾകിറ്റ്- ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി ഫലപ്രദമാക്കണം. I.R.D.P. സർവ്വെപ്രകാരം ടൂൾകിറ്റ് ലഭിക്കേണ്ടതായ 240 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ 4 കുടുംബങ്ങൾക്കുമാത്രമാണ് നാളിതുവരെ ടൂൾകിറ്റ് ലഭിച്ചത്. ബാക്കി 236 കുടുംബങ്ങൾക്ക് ബ്ലോക്കു പഞ്ചായത്തിന്റെ അടിയന്തിരമായ പരിഗണന ലഭിക്കേണ്ടതാണ്.
4. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പകൾ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പരിശീലനത്തിനനുസരിച്ച് തൊഴിൽ സാദ്ധ്യതകൾ ഇപ്പോഴില്ല.
5. പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു വയോജന സംരക്ഷണ കേന്ദ്രം തുടങ്ങേണ്ടതാണ്. വയോജന വിദ്യാഭ്യാസ പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.
6. നമ്മുടെ ഗ്രാമങ്ങളിൽ അലഞ്ഞുനടക്കുന്ന നായ്ക്കൾ വലിയൊരു സാമൂഹിക പ്രശ്നമാണ്. പേപ്പട്ടി വിഷബാധയ്ക്കുള്ള സാദ്ധ്യത ഇല്ലാതാകുന്നതിനുവേണ്ടി അവയെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഫലപ്രദമായി കൈക്കൊള്ളണം. അതൊടൊപ്പംതന്നെ നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് കർശനമാക്കണം.

IRDP സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം (Based on 1992 Survey Assisted Families Druing 1992-96) Table I ൽ.

**Table I**

| വാർഡ് | സർവ്വേ പ്രകാരമുള്ള ആകെ കുടുംബങ്ങൾ | ഇതിൽ SC/ST Only | സാമ്പത്തിക സഹായം ലഭിച്ച ഇതര കുടുംബങ്ങൾ | ഇതിൽ SC/ST Only | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 155 | 15 | 25 | 15 | 40 | 105 |
| II | 190 | 8 | 15 | 8 | 23 | 167 |
| III | 142 | 7 | 15 | 7 | 22 | 120 |
| IV | 102 | 7 | 15 | 7 | 22 | 80 |
| V | 130 | 5 | 10 | 5 | 15 | 115 |
| VI | 190 | 6 | 10 | 6 | 16 | 174 |
| VII | 240 | 12 | 10 | 12 | 22 | 118 |
| VIII | 300 | 30 | 12 | 30 | 42 | 258 |
| IX | 210 | 4 | 10 | 4 | 14 | 196 |
| X | 120 | 4 | 15 | 4 | 19 | 101 |
| Total | 1779 | 98 | 137 | 98 | 235 | 1434 |

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 1993-94 മുതൽ 96-97 വരെ ഈ വില്ലേജ് സർക്കിളിൽ നിന്നും പഞ്ചായത്തിന് 43 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. തന്മൂലം വളരെകുറച്ച് ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണഭോക്താക്കളാകുന്നുള്ളൂ. കൂടുതൽ ആളുകൾക്ക് ഈ പദ്ധതിയുടെ പ്രജോയനം ലഭ്യമാകത്തക്കവണ്ണം കൂടുതൽ സംഖ്യ ഇതിനനുവദിക്കേണ്ടതാണ്.

**കക്കൂസുകൾ സംബന്ധിക്കുന്ന വിവരം:**

**As per 1996 Sanitation Survey**

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 170 | – | – | 170 |
| II | 180 | – | – | 180 |
| III | 160 | – | – | 160 |
| IV | 165 | – | – | 165 |
| V | 142 | – | – | 142 |
| VI | 158 | – | – | 158 |
| VII | 255 | – | – | 255 |
| VIII | 294 | – | – | 294 |
| IX | 212 | – | – | 212 |
| X | 168 | – | – | 168 |
| Total | 1894 | – | – | 1894 |

വിവിധ പദ്ധതികളിലായി SC/ST വിഭാഗങ്ങൾക്കായി 1990-91 മുതൽ 95-96 വരെ വീടുകൾക്ക് ഓരോ കക്കൂസ്കൂടി എസ്റ്റിമേറ്റ്പ്രകാരം നൽകിയിട്ടുണ്ട്.

**CRSP - Latrine - Central Rual Sanitation Programme**

വാർഡ് - 1 - X വരെ

| വർഷം | മറ്റുള്ളവർ | SC | ആകെ | റിമാർക്സ് |
|---|---|---|---|---|
| 1993-94 | 14 | 1 | 15 | Completed |
| 94-95 | 5 | 1 | 6 | do- 4 Nos |
| 95-96 | 7 | 3 | 10 | do-7 Nos |
| 96-97 | 9 | 3 | 12 | Work in Progress |
| Total | 35 | 8 | 43 | |

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലുള്ള എല്ലാ വീടുകൾക്കും, പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മറ്റുള്ളവർക്കും, വൃത്തിയും സുരക്ഷിതത്വവുമുള്ള കക്കൂസുകൾ നിർബന്ധിതമാക്കണം. അതിനാവശ്യമായ സഹായ പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിക്കണം.

INSTITUTE OF LOCAL ADMINISTRATION 42136

പെൻഷനുകൾ:

1. വിധവാ പെൻഷൻ

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുവാനുള്ള നടപടികൾ കൈക്കൊള്ളണം.

2. വികലാംഗ പെൻഷൻ

സർക്കാർവക തൊഴിൽ മേഖലയിൽ വികലാംഗർക്ക് ജോലി ഉറപ്പാക്കണം. വികലാംഗർക്ക് അവരുടെ അംഗ വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അതാതു താലൂക്ക് ആസ്പത്രികളിൽ നിന്നും ലഭിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കണം. നിലവിലുള്ള പെൻഷൻതുക വർദ്ധിപ്പിക്കുകയും ചെയ്യണം.

3. കർഷകതൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർ ഇന്നു കർഷകതൊഴിലാളി പെൻഷൻ വാങ്ങുന്നുണ്ട്. അർഹരായ പലർക്കും കിട്ടുന്നില്ല. അർഹതയുള്ളവരെ തെരെഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിക്കണം.

4. വാർദ്ധക്യകാല പെൻഷൻ

ഇതിന്റെ തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

വിവിധതരം പെൻഷനുകൾ വാങ്ങുന്നവരുടെ ലിസ്റ്റ്

1. വിധവ പെൻഷൻ - 48 പേർ 100 രൂപാവീതം
2. മാതൃസഹായം (പ്രസവം) - 17 പേർ 300 രൂപാവീതം
3. വാർദ്ധക്യകാല പെൻഷൻ - 106 പേർ 100 രൂപാവീതം.

അങ്കൺ വാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്ന മേഖലയാണ് "അങ്കൺവാടികൾ" ICDS പദ്ധതി പ്രകാരമാണ് അങ്കൺവാടികൾ കേരളത്തിൽ സ്ഥാപിതമായത്. പത്തുവാർഡുകളിലായി 13 അങ്കൺവാടികൾ പ്രവർത്തിക്കുന്നു. ഒന്നുമുതൽ അഞ്ചു വയസ്സുവരെയുള്ള 824 ശിശുക്കൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. ശിശുക്കളുടെ ക്ഷേമവും ആരോഗ്യവും പഠനവും കളികളിലൂടെ പ്രാവർത്തികമാക്കാൻ പ്രസ്തുത സ്ഥാപനങ്ങൾ വലിയൊരു പങ്കുവഹിക്കുന്നു. 1000 ജനസംഖ്യയ്ക്ക് ഒരു അങ്കൺവാടി എന്നതാണ് മാനദണ്ഡം.

പുത്തൻ വിദ്യാഭ്യാസ മേഖലകൾ (L. K. G., U. K. G., മുതലായവ) നമ്മുടെ സാമൂഹ്യ വീക്ഷണത്തെത്തന്നെ തകിടം മറിക്കുന്നുണ്ട്. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാടിന്റെ നാനാഭാഗത്തും കടന്നുകയറ്റം നടത്തുന്നതിന്റെ ഫലമായി അങ്കൺവാടികളിലെ കുട്ടികളുടെ എണ്ണം സാരമായി കുറയുന്നുണ്ട്. രക്ഷിതാക്കളെ വലിയൊരു സാമ്പത്തിക ബാദ്ധ്യതയിലേക്കു വലിച്ചിഴയ്ക്കുന്നത് അവർ അറിയുന്നുമില്ല. അഥവാ അറിയുന്നുണ്ടെങ്കിൽതന്നെ കുട്ടികളുടെ ശോഭനഭാവി എന്ന ആകാംഷ അവരെ മറ്റൊരു പുനർചിന്തനത്തിൽനിന്ന് പിന്തിരിപ്പിക്കുന്നു. ഇത്തരം പ്രവണതകൾ ഈ രംഗത്തെ ക്ഷേമപ്രവർത്തനങ്ങൾക്ക് ദോഷകരമായിത്തീരുന്നു.

തലയാഴം പഞ്ചായത്തിലെ അങ്കൺവാടികൾ:

1. സ്ഥിരമായ കെട്ടിടം ഉള്ളവ - 6 എണ്ണം

| നമ്പർ | വാർഡ് | സ്ഥലം | കോഡ് |
|---|---|---|---|
| 1 | 1 | തിയാടി | 47 |
| 2 | 6 | ഏനേഴം | 53 |
| 3 | 7 | കൂവം | 55 |
| 4 | 8 | വളഞ്ഞമ്പലം | 56 |
| 5 | 8 | വാക്കേത്തറ | 57 |
| 6 | 8 | തോട്ടകം | 22 |

2. സ്ഥിരമായി കെട്ടിടം ഇല്ലാത്തവ/വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്:7 എണ്ണം

| നമ്പർ | വാർഡ് | സ്ഥലം | കോഡ് |
|---|---|---|---|
| 1 | 2 | പുതിയമഠം | 48 |
| 2 | 3 | അമ്പാട്ട് | 49 |
| 3 | 4 | കുന്നക്കോയിൽ | 50 |
| 4 | 5 | ഇട ഉല്ലല | 52 |
| 5 | 7 | കുറശ്ശേരി | 54 |
| 6 | 9 | കൊല്ലശ്ശേരി | 58 |
| 7 | 10 | മാരാംവീട് | 51 |

ഈരംഗത്തെ പ്രശ്നങ്ങൾ

1. അടിസ്ഥാനസൗകര്യങ്ങൾ യാതൊന്നുമില്ല. (വെള്ളം, വൈദ്യുതി, കക്കൂസ്, പഠനോപകരണങ്ങൾ എന്നിവ) അതിനാൽ കുട്ടികളെ രക്ഷിതാക്കൾ അങ്കൺവാടികളിൽ അയയ്ക്കുവാൻ മടിക്കുന്നു.
2. വാടക കെട്ടിടങ്ങളുടെ വാടക അങ്കൺവാടിപ്രവർത്തകരുടെ തുച്ഛമായ ശമ്പളത്തിൽ നിന്നു കൊടുക്കേണ്ടിവരുന്നു.
3. കുട്ടികളുടെയും ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പദ്ധതിയ്ക്കുവെണ്ടി ഇപ്പോഴുള്ള അളവ് തികച്ചും അപര്യാപ്തമാണ്.

പരിഹാരനിർദ്ദേശങ്ങൾ

1. ഓരോ വാർഡിനേയും കുറഞ്ഞത് രണ്ടു മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും പ്രത്യേകമായി അങ്കൺവാടി സെന്ററുകൾ തുറക്കുക.
2. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ, അല്ലെങ്കിൽ JRY ഫണ്ടുപയോഗിച്ചോ എല്ലാ അങ്കൺവാടി സെന്ററുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കുക. ഇതിനായി പഞ്ചായത്ത് മുൻകൈ എടുക്കണം.
3. പഞ്ചായത്ത് വക പുറമ്പോക്കു ഭൂമികൾ അങ്കൺവാടികൾക്കു കെട്ടിടം നിർമ്മിക്കാൻ നല്കുക.
4. DWCRA യൂണിറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ ഒരു നിശ്ചിത ശതമാനം കളിപ്പാട്ടം വാങ്ങുവാൻ നൽകുക.
5. അങ്കൺവാടികളിലെ കുട്ടികൾക്കും മാതാക്കൾക്കും

ഗർഭിണിമാർക്കും നൽകുന്ന പോഷകാഹാരത്തിന്റെ അളവു വർദ്ധിപ്പിക്കുക. ഇതിനായി നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക.

6. പരിഷത്ത് അടുപ്പുകൾ/അനർട്ട് അടുപ്പുകൾ അങ്കൺവാടികൾക്ക് സൗജന്യമായി സ്ഥാപിച്ചു കൊടുക്കുക.
7. എല്ലാ അങ്കൺവാടികൾക്കും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക.
8. അങ്കൺവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
9. പഞ്ചായത്തുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളിൽ അങ്കൻവാടി ജീവനക്കാരെ പങ്കെടുപ്പിക്കുക.
10. അങ്കണവാടി കെട്ടിടങ്ങളുടെ കേടുപാടുകൾ തീർക്കണം.

**ക്ഷേമനിധികൾ**

കയർതൊഴിലാളി ക്ഷേമനിധി, കെട്ടിടനിർമ്മാണ ക്ഷേമനിധി, തൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി എന്നിവയിൽ ബന്ധപ്പെട്ടവർ അംഗങ്ങളായിട്ടില്ല. ബഹുഭൂരിപക്ഷവും ഇവയെപ്പറ്റിയൊക്കെ അജ്ഞരാണ്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാനും അർഹരായവർക്കു ലഭ്യമാക്കാനും പഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപികരിക്കണം. അതാത് ഗ്രാമസഭകൾ 50 വീടുകൾ വീതം ഉൾക്കൊള്ളുന്ന അയൽക്കൂട്ടക്കമ്മിറ്റികൾ രൂപികരിക്കുകയും പദ്ധതികളെ സംബന്ധിച്ച ബോധവത്കരണം നടത്തി അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

**"കൂറ്റൻ മണിമാളികകൾ നാടിന് നാശം**
**ചെറുതാണ് സുന്ദരം"**



# 5.8
# വനിത

പൈശാചികമായ സതി ആചരണത്തെപ്പോലും പവിത്രവത്കരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയെന്താണെന്ന് നമുക്ക് അവലോകനം നടത്താം.

1991-ലെ സെൻസസ് കണക്കനുസരിച്ച് തലയാഴം പഞ്ചായത്തിലെ ജനസംഖ്യ 19488 ആണ്. ഇതിൽ 9734 പുരുഷന്മാരും 9754 സ്ത്രീകളുമുണ്ട്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെങ്കിലും കാര്യമായ വ്യത്യാസം കാണുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾ പിന്നോക്കമല്ലായിരുന്നു എന്നാൽ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ അവസ്ഥ മറിച്ചായിരുന്നു. നിർബന്ധിത വിദ്യാഭ്യാസത്തിന്റെ വരവോടെ സ്ത്രീകളുടെ വിദ്യാഭ്യാസം സർവ്വസാധാരണമായി. ഇന്ന് ആൺകുട്ടികൾക്കെന്നപോലെ പെൺകുട്ടികൾക്കും വിദ്യാഭ്യാസം നല്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തുവന്ന ഈ മാറ്റം ഔദ്യോഗിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം അധികരിക്കാൻ ഇടയാക്കിയിട്ടുണ്ട്.

**സ്കൂൾ തലത്തിലുള്ള പെൺകുട്ടികളുടെ എണ്ണം**

| വിഭാഗം | പെൺ | ആൺ | ശതമാനം (പെൺകുട്ടികൾ) |
|---|---|---|---|
| പ്രീപ്രൈമറി | 20 | 40 | 33.3 |
| എൽ. പി. | 364 | 392 | 48.1 |
| യു. പി. | 313 | 366 | 46.1 |
| എച്ച്. എസ്. | 249 | 299 | 45.4 |

1991 ലെ സെൻസസ് പരിശോധിച്ചതിൽ ആറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം

ആൺകുട്ടികൾ : 939
പെൺകുട്ടികൾ : 881

ആകെ ജനസംഖ്യയിൽ ആൺപെൺ അനുപാതത്തിന് കാര്യമായ വ്യത്യാസങ്ങൾ കാണുന്നില്ലെങ്കിലും മേലുദ്ധരിച്ച കണക്കുകൾ പ്രകാരം പെൺകുട്ടികളുടെ എണ്ണം കുറവുള്ളതായി കാണുന്നു. ജനസംഖ്യാ നിയന്ത്രണത്തോടനുബന്ധിച്ച് പെൺകുട്ടികളുടെ ജനനം തടയുന്നതാണോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വൈക്കത്തെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേക്കും വനിതാ സ്കൂളുകളിലേക്കും പെൺകുട്ടികൾ പോയതാണ് സ്കൂൾതലത്തിൽ പെൺകുട്ടികളുടെ എണ്ണം കുറയാൻ കാരണം.

ഈപഞ്ചായത്തിലെ ആകെ ജനസംഖ്യ 19488 (91ലെ സെൻസസ് പ്രകാരം) ആണ്. ഇതിൽ 8568 പുരുഷൻമാരും 7983 സ്ത്രീകളും സാക്ഷരരാണ്. സാക്ഷരതയിൽ സ്ത്രീകൾ പിന്നിൽ തന്നെ. ആയതിനാൽ തുടർസാക്ഷരതാ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

### അംഗൻവാടികൾ

ഈ പഞ്ചായത്തിലെ 10 വാർഡുകളിലായി 13 അംഗൻവാടികളുണ്ട്. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും 5 വയസ്സിനു താഴെയുള്ള കുട്ടികളുടേയും പരിചരണമാണ് അംഗൻവാടികളിൽനിന്ന് ലഭിക്കുന്നത്. ലഭ്യമായ കണക്കുനുസരിച്ച് 1817 കുട്ടികൾക്കും 88 സ്ത്രീകൾക്കും ഈ അംഗൻവാടികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയിൽ പ്രധാനപ്പെട്ട ഒരു പങ്കാണ് ഈ മേഖലയ്ക്ക്. നമ്മുടെ അംഗൻവാടികളുടെ ഭൗതിക സാഹചര്യം വളരെ മോശമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കണം. അതിനോടൊപ്പം കുടിവെള്ളത്തിനുള്ള സൗകര്യം, കക്കൂസ്, മൂത്രപ്പുര, കളിപ്പാട്ടങ്ങൾ എന്നിവയും ഉണ്ടാവണം.

### ആരോഗ്യരംഗം

ഈ പഞ്ചായത്തിൽ 3 കുടുംബക്ഷേമകേന്ദ്രങ്ങൾ അംഗൻവാടി ടീച്ചേഴ്സിന്റെ സഹകരണത്തോടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്തുന്നുണ്ട്. മറ്റു പ്രവർത്തനങ്ങൾ മെച്ചമല്ല. പുരുഷനെ അപേക്ഷിച്ച് ആയുർദൈർഘ്യം സ്ത്രീകൾക്ക് കൂടുതലാണെ ങ്കിലും രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ കൂടുതലാണ്. നിരന്തരമായ ജോലിഭാരമാകാം ഇതിന് കാരണം. സ്ത്രീകളുടെ ജോലിഭാരം കുറയ്ക്കുന്നതിന് ഗൃഹജോലിയിൽ പുരുഷന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

### തൊഴിൽമേഖല

വിവിധ തുറകളിലെ പുരുഷൻമാരോടൊപ്പം സ്ത്രീകളും തൊഴിലെടുക്കുന്നു. കൂടുതൽ സ്ത്രീകളും തഴപ്പായ് നെയ്ത്ത്, കൃഷി, കയർ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ മേഖലകളിലാണ് ജോലി ചെയ്യുന്നത്. പ്രത്യേകിച്ച് തഴപ്പായ് നെയ്ത്തിലാണ് താല്പര്യം കാണുന്നത്. ഈ രംഗത്ത് വൈദഗ്ദ്യപോഷണത്തിനുള്ള സാദ്ധ്യതകൾ ഏറെയാണ്. കൂലിപ്പണിക്കാരിൽ 48%വും സ്ത്രീകളാണ്. നെൽപ്പാടങ്ങളിലെ ജോലിക്ക് അധികവും സ്ത്രീതൊഴിലാളികളെയാണ് ആവശ്യമുള്ളത്. സ്ത്രീക്ക് 45 രൂപയും പുരുഷന് 75 രൂപയും കൂലിലഭിക്കുന്നുണ്ട്. (ചില സ്ഥലങ്ങളിൽ നേരിയ വ്യത്യാസവും കാണുന്നു) നമ്മുടെ പഞ്ചായത്തിലും തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും പാടത്തു പണിയെടുക്കുവാൻ ഇന്ന് സ്ത്രീതൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല. ഈ താല്പര്യമില്ലായ്മ നെൽകൃഷിമേഖലയെ കാര്യമായി ബാധിക്കുന്നുണ്ട്. പുതിയ തലമുറയ്ക്കും ഈ പണിക്ക് പോകുന്നതിൽ താല്പര്യം കാണുന്നില്ല. കൂലിയിലുള്ള അന്തരം കുറച്ചാൽ ഒരു പരിധി വരെ ഇതിന് പരിഹാരമുണ്ടാവും.

തൊഴിലില്ലാത്ത സ്ത്രീകൾ ഇല്ലായെന്നുതന്നെ പറയാം. വീടുപണികൾക്കിടയിൽ ആടുമാടുകളെ നോക്കുക പുരയിടകൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുക പാചകത്തിനുള്ള വിറക് ശേഖരിക്കുക തുടങ്ങി വീട്ടമ്മമാരായ സ്ത്രീകൾ ചെയ്യുന്ന നാനാവിധ കാണാപ്പണികളുണ്ട്. ഗൃഹജോലികൾക്കുപുറമെ കൂലിപ്പണിക്കുകൂടിപോകുന്ന സ്ത്രീകളുടെ കഷ്ടപ്പാട് വാസ്തവത്തിൽ കുടുംബത്തിന് വേണ്ടിയുള്ള അർപ്പണ മനോഭാവത്തെയാണ് കാണിക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ കുടുംബത്തിന്റെ വരുമാനം പുരുഷന്റേയും സ്ത്രീയുടേയും വരുമാനത്തിന്റെ ആകെത്തുകയാണ്. പുരുഷനോടൊപ്പം സ്ത്രീകളും ജോലി ചെയ്ത് വരുമാനം ഉണ്ടാക്കേണ്ടത് അവരുടെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമായി മാറിയിരിക്കുന്നു. കൂലിനിരക്കുകൾ വലിയ അന്തരം നിലനില്ക്കുന്നതായി കാണുന്നു. കൂലിനിരക്കിലുള്ള വിവേചനം സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 40-50 | 65-75 |
| കയർ | 35-40 | 50-55 |
| നിർമ്മാണതൊഴിൽ (കെട്ടിടം, റോഡ്) | 65-80 | 110-120 |

ഇപ്പോഴും സ്ത്രീകൾ വളരെ വലിയ ചൂഷണത്തിന് വിധേയമാകുന്നു എന്നതിന്റെ തെളിവാണ് ഈ കൂലിനിരക്കിന്റെ അന്തരം കാണിക്കുന്നത്.

പൊതുവേ ജീവിത നിലവാരം മെച്ചപ്പെട്ടതോടുകൂടി കുടുംബത്തിലെ പട്ടിണി കുറെയൊക്കെ മാറി. അളവിലും ഗുണത്തിലും മെച്ചമായ രീതിയിൽ പുരുഷന്മാർക്ക് ആഹാരം നല്കിയശേഷം പലപ്പോഴും സ്ത്രീ പട്ടിണിക്കാരിയായിതന്നെ തുടരുന്നു. ഇന്ന് പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമല്ല. പൊതുരംഗത്തു പ്രവർത്തിക്കുവാൻ താല്പര്യമുള്ള വനിതകളെ പുരുഷന്മാർ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രവണത കണ്ടുവരുന്നു. സ്വന്തം പദവിയെക്കുറിച്ചും കഴിവുകളെക്കുറിച്ചും സ്ത്രീകൾക്ക് ആത്മവിശ്വാസം ഇല്ലായ്മ പ്രധാനപ്രശ്നമാണ്. തന്മൂലം ജോലിയേറ്റെടുക്കാനുള്ള വൈമനസ്യം അവരുടെ ഭാഗത്തും കാണാറുണ്ട്. സ്ത്രീകളുടെ നേതൃത്വം അംഗീകരിക്കാൻ ഇന്ന് പുരുഷന്മാർ പൂർണ്ണമായി തയ്യാറാകാത്തത് മാറ്റേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ സംഘടനകളുടെ നേതൃത്വനിരയിൽ വനിതകൾ ശരിയായ രീതിയിൽ പ്രവർത്തിച്ചു കാണുന്നില്ല. വനിതകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പിലായതോടുകൂടി പല സ്ത്രീകളും രംഗത്തുവന്നിട്ടുണ്ട്. ഇതിൽപലരും ആദ്യമായി പൊതുരംഗത്ത് വന്നവരാണ് വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, നമ്മുടെ പഞ്ചായത്തുൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് പ്രതിനിധിയും വനിതകളാണ് എന്ന് പ്രത്യേകം പറയേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഭരണസമിതിയിൽ 4 പേർ വനിതകളാണ്. വനിതാസംവരണംവഴി വന്നവരാണിവർ.

സംഘടനാ പ്രവർത്തനം ഊർജ്ജസ്വലമാക്കണം. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടന സഹകരിക്കണം. സ്ത്രീകളുടെ ഇടിയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കണം. അതിനുള്ള സൗകര്യം കണ്ടെത്തണം. ഉപ്പേരി ഉണ്ടാക്കൽ, ജാം ഉണ്ടാക്കൽ, കറിപൗഡർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കുറ്റിമുല്ലകൃഷി, പൂക്കട എന്നിവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. പഞ്ചായത്തിൽ നിലവിലുള്ള D.W.C.R.A. യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് വേണ്ട പിരിശീലനം നൽകേണ്ടതാണ്.

സ്ത്രീകൾ നേരിടുന്ന പ്രശനങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഉത്പാദനപരമായ തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ തുടങ്ങുവാൻ മുൻകൈയെടുക്കുക.
2. വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുക.
3. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളെ മെച്ചമാക്കാൻ പുകയില്ലാത്ത പരിഷിത്ത് അടുപ്പുകൾ സ്ഥാപിക്കുക (സബ്സിഡി നിരക്കിൽ)
4. സ്ത്രീകൾക്കായി തുടർ സാക്ഷരതാ പദ്ധതി നടപ്പാക്കുക.
5. മാതൃശിശു സംരക്ഷണത്തിനുവേണ്ടി ബോധവത്ക

രണ്ട ക്ലാസ്സുകൾ മാസംതോറും നടത്തുക.

6. മോശപ്പെട്ട സിനിമ പ്രദർശിപ്പിക്കുന്നസിനിമാശാലകളുടെ ലൈസൻസ് റദ്ദുചെയ്യുക.
7. വനിതാ പരാതിപ്പെട്ടി വാർഡുകൾ തോറും സ്ഥാപിക്കുക.
8. വനിതാ ഉപദേശകസമിതി വാർഡുതോറും രൂപികരിക്കുക.
9. ഉല്ലല പൊതുമാർക്കറ്റിൽ സ്ത്രീകൾക്കായി പൊതുമൂത്രഷെഡ് സ്ഥാപിക്കുക.
10. കുടുംബ കോടതിയുടെ പ്രവർത്തനം ഗ്രാമീണ വനിതകളെ ബോധ്യപ്പെടുത്തുക.
11. തുല്യവേതനം ഉറപ്പാക്കുക.
12. അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക.
13. വിഭാഗീയതയില്ലാത്ത ഒരു വനിതാസഹകരണ സംഘം വേണം.
14. തഴപ്പായ് സൊസൈറ്റി ഉണ്ടാവണം.
15. സ്ത്രീധന നിരോധനം കർക്കശമാക്കണം
16. വനിതാ വായനശാല സ്ഥാപിക്കുക.
17. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ എല്ലാവർക്കും ലഭ്യമാക്കുക.
18. പഞ്ചായത്തിൽ വനിതാ സെൽ രൂപികരിക്കുക.
19. കറിപൗഡർ നിർമ്മാണം, സോപ്പുനിർമ്മാണം, റെഡിമെയിഡു വസ്ത്രനിർമ്മാണം എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുക.
20. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുക.
21. വനിതാ വ്യവസായ സംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.
22. സാംസ്കാരിക മലിനീകരണം നടത്തുന്ന ടി. വി. പരസ്യം നിരോധിക്കുക.
23. പരിസര മലിനീകരണത്തിനെതിരെ വനിതകൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തുക.
24. കോട്ടയം ജില്ലയ്ക്ക് അനുവദിച്ച കുടുംബകോടതി വൈക്കത്തു സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

### ജനസംഖ്യാവിവരണം

| ആകെ ജനസംഖ്യ | ആൺ | പെൺ | നിരക്ഷരർ ആൺ | നിരക്ഷരർ പെൺ | സാക്ഷരത ശതമാനം ആൺ | സാക്ഷരത ശതമാനം പെൺ |
|---|---|---|---|---|---|---|
| 1488 | 9734 | 9754 | 3% | 2% | 45% | 40% |

### വനിതകൾ മേലധികാരികളായിട്ടുള്ള സ്ഥാപനങ്ങൾ

| സ്ഥാപനങ്ങൾ | തസ്തിക |
|---|---|
| NSSHS വെച്ചൂർ | HM |
| Govt. LPS ഉല്ലല | HM |
| Govt. LPS കൊതവറ | HM |
| C.K.M. UPS തോട്ടകം | HM |
| S. T. ഫ്രാൻസിസ് L. P. S. | HM |
| കൃഷിഭവൻ, തലയാഴം | ഓഫീസർ |
| പഞ്ചായത്ത് ഓഫീസ്, തലയാഴം | സെക്രട്ടറി |

### പ്രധാന സർക്കാർ ഓഫീസുകളിലെ സ്ത്രീപങ്കാളിത്തം

| സ്ഥാപനങ്ങൾ | സ്ത്രീ | പുരുഷൻ |
|---|---|---|
| പഞ്ചായത്ത് ഓഫീസ് | 3 | 9 |
| വില്ലേജ് ഓഫീസ് | 1 | 7 |
| സ്കൂൾ | 71 | 18 |
| കൃഷിഭവൻ | 2 | 2 |
| ബാങ്ക് (സഹകരണ ബാങ്ക്അടക്കം) | 5 | 34 |
| St. സേവ്യേഴ്സ് കോളേജ് കൊതവറ | 18 | 57 |

### IRDP സഹായം ലഭിച്ച വനിതകൾ

| വർഷം | എണ്ണം |
|---|---|
| 1992-93 | 114 |
| 1993-94 | 16 |
| 1994-95 | 32 |
| 1995-96 | 20 |

### ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർ

| വർഷം | എണ്ണം |
|---|---|
| 1992-93 | 9 |
| 1993-94 | 8 |
| 1994-95 | 8 |
| 1995-96 | 7 |

### DWCRA യിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

| വർഷം | യൂണിറ്റ് | ഗുണഭോക്താക്കൾ |
|---|---|---|
| 1992-93 | – | – |
| 1993 - 94 | – | – |
| 1994-95 | 1 | 10 |
| 1995-96 | 1 | 10 |

"വിദ്യാസമ്പന്നരായ സ്ത്രീകൾ ഇല്ലാതെ വിദ്യാസമ്പന്നരായ ജനങ്ങൾ ഉണ്ടാവില്ല."

*- ബ്രഹ്മാനന്ദ ശിവയോഗി*



# 5.9
# സഹകരണം

**1904** ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്.

കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിന്റെ കാർഷികാവശ്യത്തിന് സാമ്പത്തിക സഹായം യാതൊരു തലത്തിൽനിന്നും ലഭിച്ചിരുന്നില്ല. ഈ അവസ്ഥയിൽ ജന്മിമാരും, കൃഷിക്കാരും, കുടിയാന്മാരും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടിയിരുന്നു. ഇതിനു പരിഹാരം സഹകരണ മേഖലയാണെന്ന് രാജ്യത്താകമാനം പ്രചരണങ്ങളും പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മുടെ നാട്ടിലും സഹകരണ പ്രസ്ഥാനം എന്ന ആശയം ഉടലെടുക്കുന്നത്. സാമൂഹ്യ പരിഷ്കർത്താക്കളും, സമുദായപ്രവർത്തകരും ഈ സംരംഭത്തിന് മുൻകൈ എടുത്തു.

1923 മേയ് മാസത്തിൽ തോട്ടകം ഗവ. എൽ. പി. എസ്കൂളിൽ വച്ച് സഹകരണ സംഘം രൂപികരണത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഒരു യോഗം ചേർന്നു. ശ്രീ. വല്യാറമ്പത്തു ദാമോദരകൈമൾ ആയിരുന്നു അദ്ധ്യക്ഷൻ. ശ്രീ നെന്മേലിൽ പരമേശ്വരൻ പിള്ള, മുരിയമംഗലത്ത് കുഞ്ഞൻപിള്ള, മാളേക്കൽ കേശവ പണിയ്ക്കർ തുടങ്ങിയവരാണ് ഈ യോഗത്തിന് നേതൃത്വം നൽകിയത്. ആ യോഗത്തിൽവച്ച് തോട്ടകം നായർ പരസ്പര സഹായ സഹകരണ സംഘം എന്നപേരിൽ ഒരു സഹകരണ സംഘം രൂപീകരിക്കുകയും 1923 ജൂൺ 13-ാം തീയതി രജിസ്റ്റർ ചെയ്യുകയും ചെയ്തു. 1923 ജൂലൈ പ്രവർത്തനം ആരംഭിക്കുകയും, വല്യാറമ്പത്ത് ശ്രീ. ദാമോദരകൈമളെ പ്രസിഡന്റായും, ശ്രീ. നെന്മേലിൽ പരമേശ്വരൻപിള്ളയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

ഇക്കാലത്ത് സാമുദായികാടിസ്ഥാനത്തിലാണ് സഹകരണ സംഘം രൂപീകരിച്ചത്. തോട്ടകം സഹകരണ സംഘം രൂപികരിച്ചതിനു പുറകേ തോട്ടകം ശ്രീനാരായണ ധർമ്മ സഹകരണ സംഘം രൂപീകൃതമായി. തലയാഴം, കൊതവറ എന്നീ സ്ഥലങ്ങളിലും ഇത്തരത്തിലുള്ള സഹകരണ സംഘങ്ങൾ ഉണ്ടായി. ഈ സംഘങ്ങൾ എല്ലാംതന്നെ അംഗങ്ങളുടെ കാർഷിക-ഗാർഹിക ആവശ്യങ്ങൾക്ക് വായ്പനൽകുന്നതിനും, കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് വിറ്റഴിക്കുന്നതിനുമുള്ള സ്ഥാപനങ്ങൾ മാത്രമായിരുന്നു. പിന്നീട് അവ ജാതിയുടേയും മതത്തിന്റേയും വേലിക്കെട്ടുകൾ തകർത്ത് സർവ്വീസ് സംഘങ്ങളായി മാറി.

തോട്ടകം നായർ പരസ്പര സഹായ സഹകരണ സംഘം, 1954ൽ സർവ്വീസ് സഹകരണസംഘമായി മാറി. ഉല്ലല വിവിധോദ്ദേശ സഹകരണ സംഘം നമ്പർ 1758, തോട്ടകം ശ്രീനാരായണ ധർമ്മസഹകരണ സംഘം 1142 ലേക്ക് ലയിപ്പിച്ച് ഉല്ലല ഗ്രാമീണ സഹകരണ സംഘം 1142 ആയി മാറി. പിന്നീട് അത് ഉല്ലല സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1142 ആയി മാറി. കൊതവറ, തലയാഴം എന്നീ സാമുദായിക സഹകരണ സംഘങ്ങൾ സർവ്വീസ് സഹകരണ സംഘങ്ങളായി മാറി.

ഈ പഞ്ചായത്തിൽ ഇപ്പോൾ ക്രഡിറ്റുമേഖലയിൽ 4 സഹകരണ ബാങ്കുകളും, ഒരു കയർ വ്യവസായ സഹകരണസംഘവും, 4 ക്ഷീരോല്പാദക സഹകരണസംഘങ്ങളും, 2 സ്കൂൾ സഹകരണസംഘങ്ങളും, ഒരു വനിതാ വ്യവസായ സഹകരണസംഘവും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. 2 തഴപ്പായ വ്യവസായ സഹകരണസംഘങ്ങളും, 1 കരകൗശല സഹകരണ സംഘവും നിലവിൽ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഇല്ല. 2 മത്സ്യ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നത് ലിക്വിഡേഷനിലാണ്.

### ക്രഡിറ്റുമേഖല

ഈ മേഖലയിലുള്ള നാല് സഹകരണ ബാങ്കുകളും നല്ല നിലയിൽ പ്രവർത്തിയ്ക്കുന്നവയാണ്. ചില ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നു മാത്രമാണ് വായ്പകൾ നല്കുന്നത്. പലിശ കുറഞ്ഞ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് യാതൊരു പ്രാധാന്യവും നൽകുന്നില്ല. സ്വന്തം ഫണ്ടിൽ നിന്നും സ്വർണ്ണപ്പണയവായ്പയും മദ്ധ്യകാലവായ്പയും നൽകുന്നതിന് അമിത താല്പര്യം കാണിയ്ക്കുന്നു. നബാർഡിന്റെ പലതരം പദ്ധതി വായ്പകളിൽ ഒന്നുംതന്നെ ഈ ബാങ്കുകൾ വിതരണം ചെയ്യുന്നില്ല. ഇതുമൂലം കൂടിയ പലിശനിരക്കിലുള്ള വായ്പകൾ മാത്രമേ അംഗങ്ങൾക്ക് ലഭിക്കുന്നുള്ളൂ. ഓണക്കാലത്ത് ഓണച്ച

ന്തകൾ എല്ലാ ബാങ്കുകളും നടത്താറുണ്ട്. വളം കീട നാശിനി വില്പനയും ഉണ്ട്. എല്ലാ ബാങ്കുകളും ഇപ്പോൾ ലാഭത്തിൽ അല്ലെന്നു പറയാതെ വയ്യ. നഷ്ടത്തിലാണ്. അതേസമയം കൊമേഴ്സ്യൽ ബാങ്കുകളെപ്പോലെ ലാഭന ഷ്ടത്തിന്റെ അടിസ്ഥാനത്തിൽമാത്രം സഹകരണ മേഖ ലയിലുള്ള ബാങ്കുകളെ വിലയിരുത്തുക ശരിയല്ലല്ലോ. സാമൂഹ്യക്ഷേമ രംഗത്തുള്ള ഇവയുടെ പ്രവർത്തനംകൂടി കണക്കിലെടുക്കേണ്ടതാണ്.

1. തോട്ടകം സർവ്വീസ് സഹരണ ബാങ്ക്
   ക്ലിപ്തം No.470.

തിരുവിതാംകൂർ പരസ്പര സഹായ സഹകരണ സംഘം റഗുലേഷൻ പ്രകാരം രജിസ്റ്റർചെയ്തു. 13-6-1923 (1098 M. E.)ൽ ആരംഭിച്ച ഈ ബാങ്കാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. പ്രവർത്തന പരിധി പഞ്ചായത്തിന്റെ 8, 9 വാർഡുകളിലാണ്. അംഗങ്ങൾ 3110 പേർ ആണ്. ഓഹരി മൂലധനം 7,46,574 രൂപയും വിവിധ നിക്ഷേപങ്ങളിലായി 60,27,541 രൂപയുമുണ്ട്. മദ്ധ്യകാല വായ്പ, സ്വർണ്ണപണയ വായ്പ, IRDP വായ്പ എന്നീ ഇനങ്ങളിലായി 46,07,479 രൂപ ബാക്കി നിൽപുണ്ട്. കാർഷിക വായ്പ വിവിധ പദ്ധതി വായ്പകൾ എന്നിവ നല്കുന്നില്ല. നിലവിലുള്ള കെട്ടുതെങ്ങുനിക്ഷേപം കാര്യ ക്ഷമമായി നടത്തുന്ന സഹകരണ സ്ഥാപനമാണ് ഇത്. കെട്ടു തെങ്ങു നിക്ഷേപപദ്ധതിയും, ദിനനിക്ഷേപ പദ്ധ തിയും വായ്പക്കാർക്ക് സഹായകരമാണ്. നാളികേര വില ഏറ്റവും കൂടുതൽ ലഭിക്കുന്നതിന് കെട്ടുതെങ്ങു നിക്ഷേ പപദ്ധതി പ്രയോജനം ചെയ്യുന്നു. ഈ ബാങ്കിന്റെ പരിധി യിൽ മറ്റു ധനകാര്യ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. 4 സ്ഥിരം ജീവനക്കാരും 2 പാർട്ട്ടൈം ജീവനക്കാരുമുണ്ട്.

ബാങ്കിന്റെ പ്രവർത്തന പരിധിയിലെ ജനസംഖ്യാനു പാതികമായി അംഗത്വം കുറവാണ്.

2. തലയാഴം സർവ്വീസ് സഹകരണ ബാങ്ക്
   ക്ലിപ്തം No.509

ഈ പഞ്ചായത്തിലെ 1, 2, 6, 10 എന്നീ വാർഡുകൾ പ്രവർത്തന പരിധിയുള്ള ഈ ബാങ്ക് 15-11-1099 (1924)ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. 3757 അംഗങ്ങളും 6,83,360 രൂപ ഓഹരി മൂലധനവും ഉണ്ട്. വിവിധയിനം നിക്ഷേപങ്ങളിലായി 43,72,598 രൂപ യും ബാക്കി നില്പുണ്ട്. ഹ്രസ്വകാല വായ്പ, നബാർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി വായ്പകൾ എന്നിവ കാര്യ മായി വിതരണം ചെയ്യുന്നില്ല. വായ്പകുടിശ്ശിക കൂടു തൽ ആണ്. കെട്ടുതെങ്ങു വ്യവസ്ഥ കാര്യക്ഷമമാക്കുക യാണെങ്കിൽ കുടിശ്ശിക കുറയ്ക്കുവാൻ കഴിയും പഞ്ചാ യത്തിലെ ഏക സഹകരണ കൺസ്യൂമർ സ്റ്റോർ ഈ ബാങ്കിന്റെ കീഴിലാണ് ഉള്ളത്. വളം, കീടനാശിനി വില്പ നയും ഉണ്ട്. ദിനനിക്ഷേപം കാര്യമായി നടത്തുന്നു. സ്വന്തം ഫണ്ടുവായ്പയിൽ ഒതുങ്ങി നിന്നാണ് പ്രവർത്തനം. 5 സ്ഥിരം ജീവനക്കാരും 6 താല്ക്കാലിക ജീവനക്കാരും ഉണ്ട്.

3. ഉല്ലല സർവ്വീസ് സഹകരണ ബാങ്ക്
   ക്ലിപ്തം നമ്പർ:1142

ഈ പഞ്ചായത്തിലെ 5, 6, 7 വാർഡുകളാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. 16-5-1101 (ME) (1962)ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൽ 4700 അംഗങ്ങൾ നിലവിൽ ഉണ്ട്. 8,57,290 രൂപ ഓഹരി മൂലധനവും 60,70,667 രൂപ നിക്ഷേപവും 43,02,477 രൂപ വായ്പ ബാക്കിയും നില്പുണ്ട്. വായ്പ കുടിശ്ശിക വളരെ കൂടു തൽ ആയത് ഈ ബാങ്കിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നു. ജില്ലാ ബാങ്കിൽ നിന്നും കാർഷിക ക്രഡിറ്റ് ലിമിറ്റ് യഥാസമയം പാസ്സാക്കുന്നുണ്ടെങ്കിലും കുടിശ്ശിക ശതമാനം കൂടുതലായതിനാൽ കർഷകർക്ക് യഥാസമയം കാർഷിക വായ്പ കൊടുക്കുവാൻ കഴിയുന്നില്ല. കെട്ടു തെങ്ങു പദ്ധതി നടപ്പിലുണ്ടെങ്കിലും കാര്യക്ഷമമല്ല. വളം കീടനാശിനി വില്പന ഉണ്ട്. കൺസ്യൂമർ ജൗളി വ്യവസാ യം നടത്തിയിരുന്നത് നിർത്തലാക്കിയിരിക്കുകയാണ്. ചിട്ടി നടത്തുന്നുണ്ട്. 5 സ്ഥിരം ജീവനക്കാരും 4 താല്ക്കാലി ജീവനക്കാരും ഉണ്ട്.

4. കൊതവറ സർവ്വീസ് സഹകരണ ബാങ്ക്
   ക്ലിപ്തം മ്പർ:1359

ഈ പഞ്ചായത്തിലെ 3, 4 വാർഡുകളാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. 27-12-1101ൽ (1926) പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൽ 2130 അംഗങ്ങൾ ഉണ്ട്. 3,97,685 രൂപ ഓഹരി മൂലധനവും 21,96,074 രൂപയുടെ നിക്ഷേപവും, 21,43,886 രൂപയുടെ വായ്പ ബാദ്ധ്യതയും ഉണ്ട്. എല്ലാപദ്ധതി വായ്പകളും അംഗ ങ്ങൾക്ക് വിതരണം ചെയ്യുന്നതിൽ താല്പര്യമുള്ള ഒരു സ്ഥാപനമാണ് ഇത്. വെറ്റിലകൃഷി, നെൽകൃഷി, ഏത്ത വാഴ കൃഷി, കോഴി വളർത്തൽ തുടങ്ങിയ ഹ്രസ്വകാല കാർഷിക വായ്പകളും നിലവിലുണ്ട്. വായ്പ കുടിശിക ശതമാനം വളരെകൂടുതൽ ആണ്. പ്രവർത്തനമേഖലയ്ക്ക നുസരിച്ചുള്ള അംഗത്വവും നിക്ഷേപങ്ങളും വർദ്ധിപ്പിക്കേ ണ്ടതുണ്ട്. നിലവിലുണ്ടായിരുന്ന റേഷൻകട സ്വകാര്യ വ്യക്തിക്ക് കൈമാറി.

ഈ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്കു പുറമെ വൈക്കം അർബ്ബൻ സഹരണ ബാങ്കും നമ്മുടെ മേഖല യിൽ വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചാ യത്തുപ്രദേശത്തു വിതരണം ചെയ്ത തുക കൃത്യമായി കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല.

### ക്രഡിറ്റ് മേഖലയിലെ പ്രശ്നങ്ങൾ

1. കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു.
2. ജനസംഖ്യാനുപാതമായി അംഗത്വവർദ്ധനവില്ല.
3. കെട്ടുതെങ്ങു വ്യവസ്ഥ കാര്യക്ഷമമല്ല.
4. ചിട്ടി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ
5. ഉല്പാദനപ്രക്രിയക്കുള്ള വായ്പകളെക്കാൾ അധികം ഉപഭോഗാവശ്യങ്ങൾക്കുവേണ്ടിയുള്ള ധനസഹായമാണ് ഇപ്പോൾ നടന്നുവരുന്നത്.

### പരിഹാരനിർദ്ദേശങ്ങൾ

1. വായ്പയിലേയ്ക്കുള്ള തിരിച്ചടവിന് ദിവസപ്പിരിവു സമ്പ്രദായം ശക്തമാക്കുക.
2. കെട്ടുതെങ്ങു വ്യവസ്ഥ കാര്യക്ഷമമാക്കുക. ഇതുമൂലം കർഷകരുടെ നാളികേരത്തിന് പരമാവധി വില കിട്ടുവാനും, വായ്പ തിരിച്ചടവ് സുഗമമാവുകയും ചെയ്യുന്നു.
3. പ്രായപൂർത്തിയായ മുഴുവൻ പേരും അംഗങ്ങളാകുന്നതിനുള്ള പ്രവർത്തനം നടത്തുക.
4. ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിന് ആവർത്തന നിക്ഷേപം, ചിട്ടികൾ തുടങ്ങിയവ ഊർജ്ജിതപ്പെടുത്തുക.
5. ചിട്ടി തുടങ്ങുന്നതിനുളള വ്യവസ്ഥകൾ ലഘൂകരിക്കുക.

### വ്യവസായ സഹകരണ സംഘങ്ങൾ

### ഉല്ലല കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം No.142

പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സഹകരണ സംഘമാണ് ഇത് സ്രീ. എ. കൃഷ്ണൻ, ശ്രീ. പി. പ്രഭാകരൻ, ശ്രീ. എസ് രാഘവൻ, ശ്രീ. ആർ. വാസുദേവൻ, ശ്രീ. ആർ. രാഘവൻ തുടങ്ങിയവരാണ് ഈ സംഘരൂപീകരണത്തിന് മുൻപന്തിയിലുണ്ടായിരുന്നവർ. ഈ പഞ്ചായത്തു പ്രദേശം മുഴുവനും പ്രവർത്തന മേഖലയായ ഈ സംഘത്തിൽ ഇപ്പോൾ 1104 തൊഴിലാളി അംഗങ്ങളും 17 അനുഭാവി അംഗങ്ങളും ഉൾപ്പെടെ 1121 അംഗങ്ങൾ നിലിവിലുണ്ട്. 2,97,000 രൂപ ഓഹരി മൂലധനവും, 3,97440 രൂപ ഗവണ്മെന്റ് ഓഹരിയും ഉണ്ട്. 2 ലക്ഷം രൂപ. പ്രവർത്തന മൂലധനമായ ഗവണ്മെന്റിൽ നിന്നും അനവുദിച്ചിട്ടുണ്ടെങ്കിലും 65000 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2 ലക്ഷം രൂപ ക്യാഷ് ക്രെഡിറ്റ് ഉണ്ട്. സംഘം നേരിട്ട് കയർ ഉല്പാദിപ്പിക്കുന്നു. ഉല്പന്നം കയർഫെഡിന് കൊടുക്കുന്നു. അസംസ്കൃത സാധനമായ തൊണ്ട് പുറംമാർക്കറ്റിൽ നിന്നുമാണ് ലഭിക്കുന്നത്. സംഘം ഇപ്പോൾ നഷ്ടത്തിലാണ്. ഉല്പാദന ചിലവിന്റേയോ, ഗുണനിലവാരത്തിന്റേയോ അടിസ്ഥാനത്തിലല്ല കയർഫെഡ് വിലനൽകുന്നത്. ഇത് സംഘം നഷ്ടത്തിലാകുന്നതിന്റെ പ്രധാനകാരണമാണ്. നിയന്ത്രിത വിലയ്ക്ക് തൊണ്ട് കിട്ടുന്നില്ല. കോട്ടയം ജില്ലാ തൊണ്ടുവ്യവസായസഹകരണ സംഘം നിലവിൽ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഇപ്പോഴുള്ള ക്ഷേമ പദ്ധതികളും കാര്യക്ഷമമല്ല. തൊഴിലാളികളുടെ കുട്ടികൾക്കായി സംഘത്തിലുണ്ടായിരുന്ന ക്രഷ് നിർത്തലാക്കി. തൊഴിലാളിക്ഷേമനിധിയിലേക്ക് സംഘം വിഹിതം അടയ്ക്കുന്നുണ്ട്. ഇപ്പോൾ 80 തൊഴിലാളികളും 2 സ്ഥിരം ജീവനക്കാരും ഒരു താല്ക്കാലിക ജീവനക്കാരനം ഇവിടെ ജോലിചെയ്യുന്നു. ഈ സംഘം ഇപ്പോഴത്തെ നിലയിൽനിന്നും ഉയർത്തിക്കൊണ്ടുവരേണ്ടത് ഈ നാടിന്റെ ഒരു ആവശ്യമാണ്.

### നിർദ്ദേശങ്ങൾ

1. ഇപ്പോഴുള്ള നഷ്ടം ഗവണ്മെന്റിൽ നിന്ന് ഗ്രാന്റ് ആയോ ദീർഘകാല വായ്പ ആയോ നൽകുക.
2. ഗുണനിലവാരത്തിനനുസരിച്ച് ഉല്പാദനച്ചിലവിന്റെ 10% വർദ്ധിപ്പിച്ചതുക ഉല്പന്നത്തിന്റെ വിലയായി കയർഫെഡ് നൽകുക.
3. തൊണ്ടുതല്ല്യന്ത്രം സ്ഥാപിക്കുക.
4. ഡിപ്പാർട്ടുമെന്റിൽനിന്നും ഡപ്യൂട്ടേഷനിൽ ഒരു സെക്രട്ടറിയെ നിയമിക്കുക.
5. ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുക.

മറ്റു വ്യവസായ സംഘങ്ങളിൽ പ്രധാനപ്പെട്ടത് തഴപ്പായ് വ്യവസായസംഘങ്ങളാണ്. ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ള വ്യവസായമാണിത്. ഈ പഞ്ചായത്തിലെ പ്രധാന കൈത്തൊഴിൽ പായ് നെയ്ത്താണ്. അതിന് ആവശ്യമായ അസംസ്കൃത വസ്തു തഴ വേണ്ടത്രലഭ്യമാണ്. ഈ പഞ്ചായത്തിൽ ദിനംപ്രതി 3000ത്തോളം പായ്കൾ നിർമ്മിക്കുന്നുണ്ട്. ഒരു പായ്ക്ക് 30 രൂപ മുതൽ 40 രൂപവരെ വില ലഭിക്കുന്നുണ്ട്. ജനങ്ങളുടെ ആളോഹരി വരുമാനത്തിൽ നല്ലൊരുപങ്ക് ഈ തൊഴിലിലൂടെ ഉണ്ടാക്കുന്നു. ഉല്പന്നത്തിന്റെ ശരിയായ വില ലഭിക്കുന്നില്ല. ഇതിന് ഒരു പരിഹാരം എന്ന നിലയിലാണ് ഇവിടെ തഴപ്പായ വ്യവസായ സഹകരണ സംഘങ്ങൾ രൂപംകൊണ്ടത്. 2 സംഘങ്ങൾ നിലവിൽ ഉണ്ടായിരുന്നുവെങ്കിലും അവരണ്ടും ഇന്ന് പ്രവർത്തനരഹിതമാണ്.

### തലയാഴം വെച്ചൂർ മാറ്റ്സ് ആന്റ് വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി ലിമിറ്റഡ് നമ്പർ. C(IND)K95 ഉല്ലല

1962-ൽ രൂപീകൃതമായ ഈ സംഘത്തിന്റെ പ്രവർത്തന പരിധി തലയാഴം, വെച്ചൂർ പഞ്ചായത്തുകൾ ആണ്. (എന്നാൽ ഈ സംഘം കാര്യമായ പ്രവർത്തനം നടത്താതിരുന്നതിനാൽ വെച്ചൂർ പഞ്ചായത്തിൽ മറ്റൊരു സംഘം രൂപികരിക്കുകയുണ്ടായി.) ഈ സംഘത്തിൽ 157 അംഗങ്ങളാണ് ഉള്ളത്. ഓഹരിത്തുക മാത്രമാണ് പ്രവർത്തന മൂലധനം. അംഗങ്ങൾക്ക് തഴ നൽകിയിരുന്നു. പായ സംഘത്തിലൂടെ വിപണനം ചെയ്യുകയും തഴയുടെ വില കഴിഞ്ഞുള്ളതുക അംഗങ്ങൾക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ വിപണനത്തിലുണ്ടായ ധനാപഹരണം ഈ സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കുവാൻ കാരമായി. ഫർണിച്ചറുകൾ പല സ്ഥലങ്ങളിലുമാണ്. ഗവണ്മെന്റിൽ നിന്നും യാതൊരു സഹായവും ലഭിച്ചിട്ടില്ല.

### തലയാഴം തഴപ്പായ് വ്യവസായ വർക്ക്ഷോപ്പ്. KV(IND) K.29

ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ്ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി 1973ൽ ആരംഭിച്ചതാണ് ഈ സംഘം. 300 അംഗഹങ്ങൾ നിലവിൽ ഉണ്ട്. അംഗങ്ങൾക്ക് വായ്പകൊടുത്തിരുന്നു. പ്രാരംഭ പ്രവർത്തകർ തന്നെയാണ് ഇപ്പോഴും ഭരണസമിതിയിൽ ഉള്ളത്.

ഭരണസമിതിയുടെ കെടുകാര്യസ്ഥത ഒന്നുകൊണ്ടുമാത്ര മാണ് ഈ സംഘം പ്രവർത്തനരഹിതമായത്. പതിനായി രക്കണക്കിനു രൂപ ബാങ്കുനിക്ഷേപം ഉണ്ട്. വായ്പകൾ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. 1995 വരെ ഓഡിറ്റ് നടന്നിട്ടുണ്ട്. ഒരു അഡ്മിനിസ്ട്രേറ്ററെ വച്ച് ഈ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ കഴിയും.

### ക്ഷീരസഹകരണ സംഘങ്ങൾ

1978 മെയ്മാസം 15-ാം തീയതി ആരംഭിച്ച കൊതവറ ക്ഷീരോല്പാദക സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ക്ഷീര സഹകരണ സംഘം. സാധാരണക്കാരായ കർഷകരുടെ പ്രധാനവരുമാനമാർഗ്ഗമാണ് കന്നുകാലി വളർത്തൽ. അതിനുള്ള വിഭവശേഷി ഈ പഞ്ചായത്തിൽ വളരെയധികം ഉണ്ട്. അതിനാൽ ഈ രംഗം വളരെ ശ്രദ്ധാർഹമാണ്. 4 സഹകരണസംഘങ്ങളാണ് ഈ മേഖലയിൽ പഞ്ചായത്തതിർത്തിയിൽ ഉള്ളത്.

### കൊതവറ ക്ഷീരോല്പാദക സഹകരണ സംഘം

1978 ൽ ആരംഭിച്ച ഈ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യ ക്ഷീര സഹകരണസംഘം. കേവലം 14 ലിറ്റർ പാൽമാത്രമാണ് ആരംഭത്തിൽ ഇവിടെ ശേഖരിക്കുവാൻ കഴിഞ്ഞിരുന്നത്. പിന്നീട് വൈക്കം ഗവണ്മെന്റ് ആശുപത്രിയിലേക്കാവശ്യമായപാൽ ഇവിടെനിന്നും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 375 അംഗങ്ങളുണ്ടെങ്കിലും 48 അംഗങ്ങൾ മാത്രാണ് പാൽ അളക്കുന്നത്. പ്രതിദിനം 250 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. 3 പാൽ ഉല്പന്നയൂണിറ്റികളും ഒരു കൺസ്യൂമർ സ്റ്റോറും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. മൂന്നു ജീവനക്കാർ ഈ സംഘത്തിൽ ജോലിചെയ്യുന്നു. കൊതവറ കോളേജ് കേന്ദ്രമാക്കി ഒരു മിൽക്ക് പാർലർ ആരംഭിക്കാവുന്നതാണ്. കൺസ്യൂമർ 1 പ്രൊഡക്റ്റ് യൂണിറ്റ് -3, സ്വീപ്പർ 1.

### തോട്ടകം ക്ഷീരോല്പാദക സഹകരണ സംഘം
### ക്ലിപ്തം 1471 (D) APCOS

1983-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിൽ 1995-96 ആണ്ടവസാനം 510 അംഗങ്ങൾ നിലവിലുണ്ടെങ്കിലും 94 അംഗങ്ങൾ മാത്രമാണ് പാലളക്കുന്നത്. 400 ലിറ്റർ പാൽ പ്രതിദിനം ഇവിടെ ശേഖരിക്കുന്നു. കാലിത്തീറ്റ, പുൽവിത്ത് എന്നിവ സംഘത്തിലൂടെ വിൽക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കർഷകർക്ക് 50 പശുക്കളേയും മറ്റു വിഭാഗത്തിലുള്ളകൃഷിക്കാർക്ക് 36 പശുക്കളേയും വിതരണം ചെയ്തിട്ടുണ്ട്. കന്നുകാലി പ്രദർശനം, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ഉല്പന്നനിർമ്മാണയൂണിറ്റ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 3 സ്ഥിരം ജീവനക്കാരും ഒരു പാർട്ടൈം ജീവനക്കാരനും ഉണ്ട്.

### തലയാഴം ക്ഷീരോല്പാദന സഹകരണസംഘം
### ക്ലിപ്തം നമ്പർ :K107 (D) APCOS

1986-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 440 അംഗങ്ങളാണുള്ളത്. ശരാശരി 420 ലിറ്റർ പാൽ ശേഖരിക്കുന്നു. കന്നുകുട്ടികൾക്കായുള്ള കാലിത്തീറ്റ വിതരണം വൈക്കം താലൂക്കിൽ ആദ്യമായി നടപ്പിലാക്കിയത് ഈ സംഘമാണ്. 12 ലക്ഷത്തോളം രൂപ ഈ ഇനത്തിൽ കൃഷിക്കാർക്ക് ആനുകൂല്യമായി നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ വ്യാപാരടിസ്ഥാനത്തിൽ 5 ഹെക്ടർ പുൽകൃഷിയും, 7 ഹെക്ടർ സ്ഥലത്ത്വ്യക്തികൾക്ക് പുൽകൃഷി നടത്തുന്നതിനുള്ള സഹായവും ഈ സംഘം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള 10 പശുക്കളെ സംഘം മുഖേന വിതരണം ചെയ്തു. ഗ്രാമനന്ദിനി എന്ന പേരിൽ ഒരു വനിതാ ക്ഷീരയൂണിറ്റും ഇളനീർ പന്തലും ലാഭകരമായി നടത്തുന്നുണ്ട്. കാലിത്തീറ്റ പുൽവിത്ത് എന്നിവ വിതരണം ചെയ്യുന്നു.

### ഉല്ലല ക്ഷീരോല്പാദക സഹകരണ സംഘം
### ക്ലിപ്തം K117 (D)APCOS

1987-ൽ സ്ഥാപിച്ച ഈ സംഘം ശരാശരി ഒരു ദിവസം 120 ലിറ്റർ പാൽ ശേഖരിക്കുന്നു. 5, 7, വാർഡുകളാണ് പ്രവർത്തന പരിധി. 256 അംഗങ്ങൾ നിലവിലുണ്ടെങ്കിലും 25 അംഗങ്ങൾ മാത്രമാണ് പാൽ അളക്കുന്നത്. ശേഖരിക്കുന്നത്രയും പാൽ പ്രാദേശികമായിട്ടാണ് വില്പന നടത്തുന്നത്. ഒരുവർഷം 400 ചാക്കുകാലിത്തീറ്റ വില്ക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി 14 പശുക്കളെ ഈ സംഘത്തിൽക്കൂടി വിതരണം ചെയ്തിട്ടുണ്ട്. തൊഴുത്തും പശുവും വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതിക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്. പഞ്ചായത്തിലെ നഷ്ടത്തിലായിട്ടുള്ള ഏക പാൽ സഹകരണസംഘമാണിത്. കാര്യക്ഷമമായ പ്രവർത്തനം നടത്തുകയാണെങ്കിൽ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിയും.

### ക്ഷീരരംഗത്തെ പ്രശ്നങ്ങൾ

1. ഉല്പാദനച്ചിലവിന് അനുസരിച്ച് പാൽവിലകിട്ടുന്നില്ല. ഇത് കർഷകരെ ഈ രംഗംവിടുന്നതിനു പ്രേരിപ്പിക്കുന്നു.
2. മിൽമയുടെ സംഭരണ വിലയും വിപണനവിലയും തമ്മിലുള്ള അന്തരംമൂലം സ്വകാര്യപാൽ വിതരണക്കാർ ഈ രംഗത്തുകടന്നുകൂടുന്നു. ഇത് സംഘങ്ങൾക്കും ഉപഭോക്താക്കൾക്കും ദോഷകരമായിവരുന്നു.
3. മറ്റുകൃഷിക്കാർക്കെന്ന പോലെ ക്ഷീരകർഷകർക്കും ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഏർപ്പെടുത്തുക.
4. ഏതാണ്ട് 300 കന്നുകുട്ടികൾ ഈ പഞ്ചായത്തിൽ പ്രതിവർഷം ജനിക്കുന്നു. അവയെ കന്നുകുട്ടി പരിപാലനപരിപാടിയിൽ ഉൾപ്പെടുത്തി സബ്സിഡി നിരക്കിൽ കാലിത്തീറ്റനല്കുന്നതായാൽ ചുരുങ്ങിയകാലത്തിനുള്ളിൽ ആരോഗ്യകരമായ കാലിസമ്പത്ത് ഉണ്ടാക്കിയെടുക്കുവാൻ കഴിയും.
5. പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രാദേശികമായി അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് നാടൻ കാലിത്തീറ്റ ഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കുക.

6. പുൽകൃഷി പദ്ധതി വ്യാപകമാക്കുക.
7 മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് KLD&MM ബോർഡ് എന്നീ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ ഈ രംഗം കാര്യക്ഷമമാക്കാവുന്നതും കൃത്രിമ ബീജസങ്കലന പ്രക്രിയയയ്ക്ക് സഹായകമായി ഇന്നുള്ള 4 ക്ഷീരസംഘങ്ങൾക്കുംവേണ്ടി ഒരു ഡോക്ടറുടെ സേവനം ഗവണ്മെന്റിൽ നിന്നും അനുവദിക്കേണ്ടതും ഈ രംഗത്തു ഗുണമേന്മയുള്ള പശുക്കൾ ഉണ്ടാകുന്നതിനുപകരിക്കും.
8. പാൽ ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുക. പ്രധാന കേന്ദ്രങ്ങളിൽ മിൽക്ക് പാർലറുകൾ സ്ഥാപിക്കുക.
9. 6-ാം വാർഡു കേന്ദ്രമാക്കി ഒരു സംഘം രൂപീകരിക്കാവുന്നതാണ്.

### വനിതാ വ്യവസായ സഹകരണ സംഘം

ഈ പഞ്ചായത്തിൽ ആകെ ഒരു വനിതാ വ്യവസായ സഹകരണ സംഘമാണ് നിലവിലുള്ളത്. ശിവശ്ക്തി വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം IND K-219

1993-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ആയിരം രൂപ ഓഹരിയുള്ള 10 വനിതകളാണ് അംഗങ്ങൾ. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി തലയാഴം കേന്ദ്രമാക്കി ഈ സംഘം പ്രവർത്തിക്കുന്നു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറി പൗഡറുകളും, ധാന്യപ്പൊടികളും ഉണ്ടാക്കി വിൽക്കുക, ഉപ്പേരി വറുത്തു വിൽക്കുക എന്നിവയാണ് ഈ സംഘത്തിന്റെ പ്രവർത്തനം. ഈ സംഘം വളരെ ലാഭകരമായി പ്രവർത്തിക്കുന്നു.

1991-ലെ സെൻസസ് പ്രകാരം 9754 വനിതകളുള്ള ഈ പഞ്ചായത്തിൽ ഇതുപോലെയുള്ള നിരവധി സംഘങ്ങൾക്ക് സാദ്ധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ ഒരു കരകൗശല സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തനം ഒന്നുംതന്നെ നടക്കുന്നതായി അറിവില്ല. സംഘത്തെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമല്ല.

### സ്കൂൾ സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ രണ്ടു സ്കൂൾ സഹകരണ സംഘങ്ങളാണ് ഉള്ളത്.

**1. ഗവണ്മെൻറ് L. P. സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ K-527**

ഉല്ലല ഗവ. എൽ. പി. സ്കൂൾ കേന്ദ്രമായി ഈ സൊസൈറ്റി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ CKM യു. പി. സ്കൂൾ തോട്ടകം, എസ്. എൻ. യു. പി. സ്കൂൾ പള്ളിയാട്, സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എൽ. പി. സ്കൂൾ കൊതവറ, ഗവണ്മെന്റ് എൽ. പി. സ്കൂൾ ഉല്ലല എന്നീ സ്കൂളുകളിലെ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ഈ സംഘത്തിലൂടെ വിതരണം ചെയ്യുന്നു. തോട്ടകം ഗവണ്മെന്റ് എൽ. പി. സ്കൂൾകൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ഈ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേക്കുമുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനമായി ഈ സംഘം മാറും. സ്റ്റേഷനറികളും, സ്പോർട്സ് ഉപകരണങ്ങളും വിതരണം ചെയ്യാവുന്നതാണ്.

**2. വെച്ചൂർ NSS ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.**

ഈ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും, അദ്ധ്യാപകരും ഇതിൽ അംഗങ്ങളാണ്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, സ്റ്റേഷനറി, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ ഈ സംഘത്തിലൂടെ വില്ക്കുന്നു. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഓരോ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്.

### മത്സ്യസഹകരണ സംഘം

ഈ പഞ്ചായത്തിൽ രണ്ടു മത്സ്യസഹകരണ സംഘങ്ങളാണ് ഉണ്ടായിരുന്നത്. ഇവ രണ്ടും ലിക്വിഡേറ്റു ചെയ്യപ്പെട്ടു. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലമാണ് കൊതവറ ഫിഷർമെൻ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് No. 347 ലിക്വിഡേറ്റ് ചെയ്യപ്പെട്ടത്. ആകെ 232 അംഗങ്ങളാണ് ഈ സംഘത്തിൽ ഉണ്ടായിരുന്നത്. അവരുടെ ഓഹരിത്തുക മാത്രമായിരുന്നു പ്രവർത്തന മൂലധനം. ഗവണ്മെന്റിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും ഈ സംഘത്തിന് ലഭിച്ചിരുന്നില്ല.

തലയാഴം മത്സ്യോല്പാദക സഹകരണസംഘം ക്ലിപ്തം No.FL.K2, 40 വർഷം മുമ്പ് തലയാഴം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചതാണ്. ഒരു ഫിഷിംഗ് ബോട്ടും, ഒരേക്കറിലധികം സ്ഥലവും സ്വന്തമായി ഉണ്ടായിരുന്നു. പ്രവർത്തകരുടെ കെടുകാര്യസ്ഥതയും, ഡിപ്പാർട്ടുമെന്റുകളുടെ സമയോചിതമായ ഇടപെടലിന്റെ അഭാവവുമാണ് ഈ സംഘം തകരുവാൻ കാരണം.

ഈ രംഗത്ത് ഒരു പുതിയ സഹകരണ സംഘത്തിന്റെ പ്രവർത്തനം ആവശ്യമാണ്. ഏതാണ്ട് ആയിരത്തിലധികം ആളുകൾ മത്സ്യ ഉല്പാദന-വിപണന രംഗത്ത് ഈ പഞ്ചായത്തിലുണ്ട്. മത്സ്യോല്പാദനം - സംസ്കരണം - വിപണനം എന്നിവ കാര്യക്ഷമമാക്കുന്നതിന് ഒരു സഹകരണ സംഘം അത്യന്താപേക്ഷിതമാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഈ സംഘം വളരെ പ്രയോജനപ്പെടും. മത്സ്യഫെഡ് തുടങ്ങിയ അപ്പക്സ്ബോഡികളിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായവും തിരിച്ചടവും സംഘത്തിൽകൂടി ചെയ്യാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഒരു സിറി-കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിലവിൽ ഉണ്ട്.

തലയാഴം റബ്ബർ പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നൊരു സംഘവും ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ സാദ്ധ്യതയുള്ള സഹകരണ സംഘങ്ങൾ

1 ഹയറിംഗ് ആന്റ് കാറ്ററിംഗ് സഹകരണ സംഘം

2. മൺപാത്ര വ്യവസായ സഹകരണ സംഘം
3. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം
4. നാളികേര സംസ്കരണ വിപണന സംഘം
5. കെട്ടിടനിർമ്മാണ സഹകരണ സംഘം
6. പുഷ്പകൃഷി സഹകരണ സംഘം
7. നെല്ലുല്പാദക സഹകരണ സംഘം
8. കാലിത്തീറ്റ നിർമ്മാണ സഹകരണ സംഘം
9. സഹകരണാശുപത്രി
10. ഹോട്ടൽ & റസ്റ്റോറന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഉല്ലല കേന്ദ്രമാക്കി)
11. പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾ
12. പഴം പച്ചക്കറി സഹകരണ സംഘം.
13. കക്കാ-വ്യവസായ സഹകരണസംഘം
14. മോട്ടോർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
15. കോഴി വളർത്തൽ സഹകരണ സംഘം
16. മത്സ്യ സംസ്കരണ സഹകരണ സംഘം

### തൊഴിൽ സാദ്ധ്യതകൾ

1. ക്രഡിറ്റു മേഖലയിലെ പ്രവർത്തനം കാര്യക്ഷമമാക്കുകയാണെങ്കിൽ നിലിവിലുള്ള സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ മാറുകയും, ബാങ്കുകളിൽ തൊഴിൽ സാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു.
2. കയർ വ്യവസായ സഹകരണ സംഘം പുനരുദ്ധരിച്ചാൽ പ്രത്യക്ഷത്തിൽ 120 തൊഴിലാളികൾക്കും, പരോക്ഷമായി 100 തൊഴിലാളികൾക്കും തൊഴിൽ ലഭിക്കും.
3. മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുകയാണെങ്കിൽ ആ രംഗത്ത് വളരെയധികം തൊഴിൽ സാദ്ധ്യത ലഭിക്കും.
4. തഴപ്പായ വ്യവസയ സഹകരണ സംഘം പുനരുദ്ധരിച്ചാൽ പ്രത്യക്ഷമായും പരോക്ഷമായും വളരെപ്പേർക്ക് തൊഴിൽ ലഭിക്കും.
5. വനിതാ സഹകരണ സംഘങ്ങൾ സാർവ്വത്രികമായി രൂപീകരിച്ചു പ്രവർത്തിച്ചാൽ ഈ പഞ്ചായത്തിലെ വനിതകളുടെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കാവുന്നതാണ്.
6. തീപ്പെട്ടി നിർമ്മാണം പോലുള്ള ചെറിയ വ്യവസായങ്ങൾക്ക് അനുയോജ്യമായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് വനിതകൾക്കു വളരെയധികം തൊഴിൽസാദ്ധ്യത നല്കുന്നതാണ്.

നിർദ്ദിഷ്ട സഹകരണ സംഘങ്ങളുടെ രൂപീകരണത്തോടെ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

> "കരുത്തുറ്റ ആശയങ്ങളെ പ്രതിനിധീകരിക്കുന്നിടത്തോളം കാലം മനുഷ്യൻ ശക്തനാണ്"
>
> - ഫ്രോയിഡ്

## ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഇപ്പോൾ പാൽ അളക്കുന്നവർ | പ്രതിദിനം ലഭിക്കുന്ന പാൽ (Litre) | പ്രാദേശിക വില്പന (Litre) | പുറത്തേയ്ക്ക് കയറ്റി അയയ്ക്കുന്നത് (Litre) | കർഷകന് ലഭിക്കുന്ന കുറഞ്ഞ വില | കർഷകന് ലഭിക്കുന്ന കൂടിയ വില | കാലിത്തീറ്റ (ചാക്കു കണക്ക്) പ്രതിദിനം | മറ്റ് ആനുകൂല്യങ്ങൾ പ്രവർത്തനങ്ങൾ | ജീവനക്കാർ സ്ഥിരം | ജീവനക്കാർ താൽക്കാലികം | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കൊതവറ ക്ഷീരോല്പാദക സഹകരണ സംഘം | 1978 | 3, 4 വാർഡുകൾ | 375 | 48 | 250 | 200 | 50 | Rs.8/- | Rs.9/- | 200 | മൂന്നു പാൽ ഉല്പന്ന യൂണിറ്റുകൾ ഉണ്ട് | 3 | – | ലാഭം |
| 2 | തോട്ടകം ക്ഷീരോല്പാദക സഹകരണസംഘം K.71(D) | 1983 | 8, 9 വാർഡുകൾ | 510 | 94 | 393 | 190 | 203 | 8.30 | 11.10 | 300 | പുൽവിത്ത് വിതരണം കാലിത്തീറ്റ വിതരണം | 3 | 1 | ലാഭം |
| 3 | തലയാഴം ക്ഷീരോല്പാദക സഹകരണ സംഘം K.107(D) | 1986 | 1, 2, 10 വാർഡുകൾ | 440 | 93 | 420 | 200 | 220 | 8.30 | 12.00 | 200 | പുൽവിത്ത് വിതരണം പാൽ ഉല്പന്ന വിതരണം | 3 | – | ലാഭം |
| 4 | ഉല്ലല ക്ഷീരോല്പാദക സഹകരണസംഘം K.117 (D) | 1987 | 5, 7 വാർഡുകൾ | 265 | 25 | 120 | 120 | – | 8 | 9.80 | 35 | ഡയറി ഫാം യൂണിറ്റിന് അംഗീകാരം കിട്ടിയിട്ടുണ്ട് | 3 | – | നഷ്ടം |

## കയർ സഹകരണസംഘം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപിത വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ തൊഴിലാളി | അംഗങ്ങൾ അനുഭാവി | ഓഹരി മനം ധനം | ഗവ. ഓഹരി | ഗവ. ഗ്രാന്റ് | മറ്റു സ്ഥാപനങ്ങളിൽനിന്നുള്ള സാമ്പത്തിക സഹായം | വാർഷിക ഉല്പാദനം | വാർഷിക ഉല്പാദന ചെലവ് | നഷ്ടം/ലാഭം | ജീവനക്കാർ സ്ഥിരം | ജീവനക്കാർ താൽക്കാലികം | തൻചിലററു കളും സിൽബന്ധി ചിലവുകളും |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഉല്ലല വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ:142 | 1956 | തലയാഴം പഞ്ചായത്ത് മുഴുവൻ | 1104 | 17 | 297000 | 397440 | 65000 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് CC- 20000 അംഗങ്ങളിൽ നിന്നും ഡെപ്പോസിറ്റ് 29000/- | 568627/.20 | 332084/- (95-96) | നഷ്ടം | 2 | 1 | 32000/- |

## പട്ടിക - I കാർഷിക വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | ആകെ അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ മൂലധനം | സർക്കാർ ഓഹരി തുക | നിക്ഷേപങ്ങൾ | സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ വായ്പത്തുക, ബാങ്കിന്റെ പേര് | മൊത്തം നില്പു വായ്പ | വായ്പ കുടിശിക | മറ്റു പ്രവർത്തനങ്ങൾ | ജീവനക്കാർ | | തൻചിലവുകളും സിൽബന്ധി ചിലവുകളും |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | സ്ഥിരം | താൽക്കാലികം | |
| 1 | തോട്ടകം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 470 | 1098 (ME) | 8, 9 വാർഡുകൾ | 3110 | 746574 | – | 6027541 | – | 4607479 | 460215 | ചിട്ടികൾ കെട്ടുതെങ്ങ് നിക്ഷേപം റേഷൻകട | 4 | 2 | 386106.75 |
| 2 | തലയാഴം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 509 | 1099 (ME) | 1, 2, 10 വാർഡുകൾ | 3757 | 683360 | 95000 | 6411131 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് 1854 | 4372598 | 1768600 | വളം കീടനാശിനി കൺസ്യൂമർ സ്റ്റോർ, വിത്തു സംഭരണം കശുവണ്ടി സംഭരണം | 5 | 4 | 378823.50 |
| 3 | ഉല്ലല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1142 | 1101 (ME) | 5, 6, 7 വാർഡുകൾ | 4700 | 857290 | 88000 | 6070667 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് 974726 | 4302477 | 3649205 | വളം കീടനാശിനി വിതരണം | 5 | 4 | 412875.00 |
| 4 | കൊതവറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1359 | 1926 | 3, 4 വാർഡുകൾ | 2130 | 397685 | 45000 | 2196074 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് 139355 | 2143886 | 980454 | ചിട്ടി | 3 | – | (142179.00) |

# 5.10
# പട്ടികജാതി പട്ടികവർഗ്ഗം



നൂറ്റാണ്ടുകളായി അടിമത്തം അനുഭവച്ചിരുന്ന ഒരു വിഭാഗം, പൊതുവഴിയിലൂടെ നടക്കുവാനും, പൊതുകുളങ്ങളിൽനിന്നും വെള്ളം കോരുവാനും വിദ്യാഭ്യാസം ചെയ്യുവാനും വസ്ത്രം ധരിക്കുവാനും അവകാശമില്ലായിരുന്ന മേലാളന്മാരുടെ പാടത്തും പറമ്പിലും ഇരുകാലിമാടുകളെപ്പോലെ പണിയെടുക്കുന്നതിനുമാത്രം വിധിക്കപ്പെട്ടിരുന്ന ഒരു ജനസഞ്ചയം ഈ നാട്ടിൽ ജീവിച്ചിരുന്നു. അസ്പർശ്യരും അവഗണിക്കപ്പെട്ടവരും അടിമകളെപ്പോലെ വിലപേശി വിൽക്കപ്പെട്ടിരുന്നവരുമായ വിവിധ ജാതിപ്പേരുകളിൽ ഉൾപ്പെട്ടിരുന്ന 68 ജാതികളിൽപ്പെട്ട പട്ടികജാതിക്കാരും 35 ജാതികളിൽപ്പെട്ട പട്ടിക വർഗ്ഗക്കാരും ഉൾപ്പെടെ ആകെ 103 സമുദായങ്ങളുണ്ട്. ഇവരെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ചില പ്രത്യേക പരിരക്ഷകൾ ഇൻഡ്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ 10% പട്ടികജാതി-പട്ടിക വർഗ്ഗങ്ങളുണ്ട് ഇവരുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന സംവരണപ്രക്രിയ ജനകീയ ഗവൺമെന്റുകൾ ആവിഷ്കരിച്ചു നടപ്പിലാക്കി. വിവിധ കാരണങ്ങളാൽ ഇവയൊന്നും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണ പദ്ധതിയുടെ പ്രസക്തിയും പ്രത്യേകതയും.

തലയാഴം പഞ്ചായത്തിൽ 2164 പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തൽപ്പെട്ട ആളുകളുണ്ട്. ഇവരുടെ വാർഡു തിരിച്ചുള്ള കണക്ക് പട്ടിക Iൽ ചേർത്തിരിക്കുന്നു. ഇവർ ആകെ ജനസംഖ്യയുടെ 10.10% ആകുന്നു. ഇവരിൽ 277 കുടുംബങ്ങൾ കോളനികളിലും സെറ്റിൽമെന്റ് കോളനികളിലും താമസിക്കുന്നു. കോളനി നിവാസികളുടെ വിവരം പട്ടിക IIൽ ചേർത്തിരിക്കുന്നു. ബാക്കി കുടുംബങ്ങൾ വിവിധ വാർഡുകളിൽ ഇടകലർന്നു താമസിക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ 90% പുലയ സമുദായക്കാരും ബാക്കി പരവൻ, കാക്കാലൻ, കുറവൻ, പറയൻ എന്നീ സമുദായങ്ങളിൽപ്പെട്ടവരുമാണ്. പഞ്ചായത്തിൽ ആകെ 4 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. ഉള്ളാട സമുദായത്തിൽപ്പെട്ട ഇവരുടെ അംഗസംഖ്യ 22 ആണ്.

സാമൂഹ്യവും വിദ്യാഭ്യാസപരവുമായ നേട്ടങ്ങൾ ഒരു പരിധിവരെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക രംഗത്ത് വളരെനാൾ ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിനു ഭൂരിപരിഷ്കരണ നിയമത്തോടെ ഒരു പരിധിവരെ സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവന്നിട്ടുണ്ട്. മുൻകാലങ്ങളിൽ ഉച്ചനീചത്വത്തിൽനിന്നും മോചനം നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. എല്ലാ ജാതി മതസ്തരുടേയും എല്ലാത്തരം പൊതുപരിപാടിയിൽ പങ്കെടുപ്പിക്കുകയും പൊതുപരിപാടികളിൽ പരിഗണനലഭിക്കുകയും ചെയ്യുന്നുണ്ട്. സംവരണ സീറ്റല്ലെങ്കിലും നമ്മുടെ പഞ്ചായത്തിലെ പ്രഥമപുരുഷൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണെന്നത് ഒരു നേട്ടംതന്നെയാണ്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകളാലും മിക്കതും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ധനസഹായത്തുകകളുടെ അപര്യാപ്തത പല പദ്ധതികളും പൂർത്തീകരിക്കുന്നതിന് തടസ്സമാക്കുന്നുണ്ട്.

### വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്തു വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല S.S.L.C., പ്രീഡിഗ്രി ക്ലാസ്സുകളിൽ തോല്ക്കുന്നവർ തുടർന്നു പഠിക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല. പ്രാഥമിക മേഖലയിൽ നിന്ന് കുറച്ചു പേരെങ്കിലും കൊഴിഞ്ഞു പോകുന്നുണ്ട്. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പഠനം നിർത്തുന്ന അനവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആൾക്കാരെ ഉപയോഗപ്പെടുത്തി ബോധവത്കരണ പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്. സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസ പദ്ധതികളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണം നടത്തണം. 1996-97 അദ്ധ്യയന വർഷം

ഹൈസ്കൂൾതലം വരെ 308 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 55 പേർ തോറ്റുപഠിക്കുന്നവരാണ്. ഈവർഷം 9 കുട്ടികൾ പഠനം നിർത്തി. സ്റ്റൈഫന്റും, ലംപ്സംഗ്രാന്റും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

തൊഴിൽ.

പട്ടികജാതി വിഭാഗത്തിലെ ഭൂരിപക്ഷവും കാർഷിക മേഖലയിലാണ് പണിയെടുത്ത് ഉപജീവനം കഴിക്കുന്നത്. അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും മറ്റ് മേഖലകളിലേക്കു മാറുവാൻ നിർബന്ധിതരാവുകയും ചെയ്തു. കാർഷിക മേഖലയിലെ തൊഴിൽ, സീസണുകളിൽ മാത്രമായതിനാൽ കൈത്തൊഴിലുകൾ പരിപോഷിപ്പിച്ചാൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്. അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സാങ്കേതിക പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്താവുന്നതാണ്. ചൂരൽപ്പണി, തടിപ്പണി, പ്ലാസ്റ്റിക് ജോലികൾ, പായനെയ്ത്ത് എന്നിവ അനുബന്ധജോലികളായി സ്വീകരിക്കുന്നതിനായി പരിശീലനകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിച്ചിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടത്തിവരുന്ന പദ്ധതികൾ സഹായമായിട്ടുണ്ട്. പട്ടികജാതി വികസന കോർപ്പറേഷനിൽനിന്നും വീടുപണിക്കു വായ്പ എടുക്കുന്നവർ വായ്പ തുകയുടെ അപര്യാപ്തത നിമിത്തം പണിപൂർത്തികരിക്കാൻ കഴിയാതെ കടക്കെണിയിൽ അകപ്പെടുന്നു. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേനയുള്ള വീടുകൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചും ഏകീകരിച്ചും ഇത്തരം പ്രശ്നങ്ങൾ പരിഹാരം കാണേണ്ടതാണ്. വീടുപണിയുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചും ഗതാഗത സൗകര്യങ്ങൾ കണക്കിലെടുത്തും ധനസഹായത്തുകകൾ തിട്ടപ്പെടുത്തേണ്ടതാണ്. വീടുപണിയുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചും ഗതാഗതസൗകര്യങ്ങൾ കണക്കിലെടുത്തും ധനസഹായതുകകൾ തിട്ടപ്പെടുത്തേണ്ടതുണ്ട്.

വീടുവയ്ക്കുവാൻ സ്ഥലമില്ലാത്ത മുഴുവൻ പട്ടികജാതിപട്ടികവർഗ്ഗക്കാർക്കും പുനരധിവാസ പദ്ധതി പ്രകാരം സ്ഥലം വാങ്ങാനും വീടുവയ്ക്കാനും സഹായം നൽകണം. കോളനികളിലും പുറത്തുമുള്ള എല്ലാപട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ല. പരിസരശുചിത്വവും ആരോഗ്യപരിപാലനവും കണക്കിലെടുത്ത് ഈ വിഭാഗത്തിലെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച്കൊടുക്കേണ്ടതാണ്. കാലപ്പഴക്കം വന്ന് കേടുപാടുകൾ പറ്റിയവീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകേണ്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലയിൽനിന്നു തൊഴിലാളികൾ കൊഴിഞ്ഞുപോവുന്നു. തൊഴിൽസാദ്ധ്യത കുറയുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കുവാൻ സ്ഥലമില്ല.
4. വീടുനിർമ്മിക്കാൻ നൽകുന്ന ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെവരുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
5. പൊതു ശ്മശാനം ഇല്ല.
6. കോളനികളിലും സെറ്റിൽമെന്റുകളിലും വൈദ്യുതിയും, വെള്ളവും വഴികളും ഇല്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം ഇല്ല
8. നിർദ്ധനകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം ലഭിക്കുന്നില്ല.
9. ഐ.ആർ.ഡി.പി. തുടങ്ങിയ ക്ഷേമ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും, വികസന വകുപ്പും അഭ്യസ്ത വിദ്യർക്കു നൽകുന്ന വായ്പയും ധനസഹായവും ലക്ഷ്യംകൈവരിക്കുന്നില്ല.
11. ഭൂരിപക്ഷം പട്ടികജാതി-വർഗ്ഗക്കാരും അവർക്കായുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല.

സാദ്ധ്യതകൾ

ചെട്ടിക്കരി സെറ്റിൽമെന്റ് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

കോളനികളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതിക്കു രൂപം നൽകണം.

എട്ടാം വാർഡിലെ പൊതു ശ്മശാനം നികത്തി. വഴി നിർമ്മിച്ചുചുറ്റുമതിൽ കെട്ടണം.

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിനാവശ്യമായ ബോധവത്കരണ പരിപാടികൾ അത്യാവശ്യമായി നടത്തണം. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്കു കൃത്യസമയത്തു ലഭിക്കുന്നതിനു സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതാണ്. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗങ്ങൾക്കു വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തുവാൻ കഴിയൂ. ഇത്തരം പദ്ധതികൾക്ക് പഞ്ചായത്തിന്റെ മോണിട്ടറിങ് ഉണ്ടാകണം.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ

1. വീടില്ലാത്ത മുഴുവൻ പട്ടികജാതി-വർഗ്ഗക്കാർക്കും വീടുവച്ചുനൽകണം.
2. വീടനു സ്വന്തമായി സ്ഥലമില്ലാത്തവർക്കു സ്ഥലംവാങ്ങി വീടുവെച്ചുകൊടുക്കണം.

3. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.
4. പായ്നെയ്ത്ത് കൊട്ടനെയ്ത്ത് തടിപ്പണി ചൂരൽപ്പണി എന്നിവയ്ക്കു പരിശീലനം നൽകുകയും വ്യവസായ സഹകരണ സംഘം രൂപീകരിക്കുകയും ചെയ്യുക.
5. പഞ്ചായത്തിലെ തൊഴിൽ രഹിതപെൺകുട്ടികൾക്കു റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനും തുണിനെയ്ത്തു നടത്തുന്നതിനും പരിശീലനം നൽകി, പരിശീലനം പൂർത്തിയാക്കുന്നവർക്കു വ്യവസായ വകുപ്പുവഴി സഹകരണ സംഘം രൂപികരിക്കുക.
6. സഹകരണാടിസ്ഥാനത്തിൽ ഒരു ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റാരംഭിക്കുക.
7. സഹകരണമേഖലയിൽ നെല്ലുപുഴുക്കു വ്യവസായം നടത്തുവാനുള്ള സംരംഭം ആരംഭിക്കുക.
8. സ്വന്തമായി കൃഷിനിലമുള്ളവർക്ക് മത്സ്യകൃഷിക്കു ധനസഹായം നൽകുക.
9. കർഷകരായവർക്കു വിത്തും, വളവും കീടനാശിനിയും, പമ്പുസെറ്റുകളും സൗജന്യമായി നൽകണം.
10. ദാരിദ്രരേഖയ്ക്കുതാഴെ വരുന്നവരുടെ വീടിന്റെ അറ്റകുറ്റപ്പണിക്ക് സഹായം ഘടക പദ്ധതിയിൽപ്പെടുത്തി നൽകണം.
11. രണ്ടാം വാർഡിലെ മാടപ്പള്ളി ഹരിജൻ കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കണം.
12. പഞ്ചായത്തിലുള്ള പുറമ്പോക്കു ഭൂമികൾ കൃഷിചെയ്യുന്നതിനായിപാട്ടവ്യവസ്ഥയിൽ നൽകണം.
13. ലക്ഷംവീടുകോളനികളിലെ കൂട്ടായ വീടുകൾ ഒറ്റവീടുകളാക്കി നിർമ്മിക്കണം.
14. ഒന്ന്. രണ്ടം, എട്ട്, ഒൻപത് എന്നീ വാർഡുകളിൽ ഓരോ ശ്മശാനങ്ങൾ സ്ഥാപിക്കണം.
15. പഞ്ചായത്തിൽ ഒരു പ്രീ മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കണം.
16. സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും വിജ്ഞാന സമ്പാദനത്തിനും കോളനികളിൽ വായനശാലയും, സാംസ്കാരിക കേന്ദ്രവും, ടി. വി. യും സ്ഥാപിച്ചുനൽകണം.
17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ITI, ITC എന്നീ സ്ഥാപനങ്ങൾ സ്ഥാപിക്കണം.
18. എല്ലാ വാർഡുകളിലും പച്ചക്കറികൃഷി മുല്ലപ്പൂകൃഷി എന്നിവ വ്യവസായാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
19. ഓണിശ്ശേരി, ഇല്ലിത്തറ, പണാമം, മാടപ്പള്ളി എന്നീ ഹരിജൻ കോളനികളിൽ റോഡുകൾ നിർമ്മിച്ച് വൈദ്യുതിയും ശുദ്ധജലവും ലഭ്യമാക്കണം.
20. വെള്ളക്കെട്ടുപ്രദേശത്തെ വീടുകളിൽ കഴിയുന്നവർക്കു പുരയിടത്തിനു കല്ലുകെട്ടി ഭൂമി സംരക്ഷിക്കാൻ നടപടികൈക്കൊള്ളണം.
21. പഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം സ്ഥാപിക്കുക.
22. ചതുപ്പു പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഭൂമി വിസ്തീർണ്ണം കണക്കാക്കാതെ നികത്തുന്നതിനുള്ള സഹായം നൽകണം.
23. പെൻഷനുകൾ കാലതാമസം കൂടാതെ കിട്ടുന്നതിനു നടപടി സ്വീകരിക്കണം.
24. എട്ടാം വാർഡിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.
25. പട്ടികജാതി വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും, വിലയിരുത്തുന്നതിനും, പഞ്ചായത്തു മെമ്പറന്മാർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ, സമുദായ സംഘടന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മോണിട്ടറിങ്ങ് കമ്മിറ്റികൾ രൂപികരിക്കുക.

### പടിക ഒന്ന്
### പട്ടികജാതി-പട്ടികവർഗ്ഗം വാർഡുകൾ തിരിച്ച് കണക്ക്

| വാർഡ് | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ |
|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | |
| 1 | 190 | 190 | – | – | 380 |
| 2 | 63 | 71 | – | – | 134 |
| 3. | 56 | 48 | – | – | 104 |
| 4. | 47 | 51 | 4 | 6 | 108 |
| 5. | 115 | 121 | 4 | 4 | 244 |
| 6. | 108 | 124 | – | – | 232 |
| 7. | 153 | 146 | 2 | 2 | 303 |
| 8. | 228 | 231 | – | – | 459 |
| 9. | 100 | 100 | – | – | 200 |
| ആകെ | 1060 | 1082 | 10 | 12 | 2164 |

അവലംബം 1991 സെൻസസ് കണക്ക്

### പട്ടിക രണ്ട്
### പട്ടികജാതി കോളനികളിലും സെറ്റിൽമെൻറ് കോളനികളിലും പട്ടികജാതി കുടുംബങ്ങളുടെ എണ്ണം

| വാർഡ് | കോളനി/ സെറ്റിൽമെന്റ് പേര് | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ചെട്ടിക്കരി സെറ്റിൽമെന്റ് | 22 | 104 |
| 2 | കണ്ടംതുരുത്ത് | 16 | 85 |
| 3 | മാടപ്പള്ളി | 30 | 153 |
| 4 | ഓണിശേരി ഇല്ലിത്തറ | 42 | 211 |
| 5 | പണാമം | 22 | 90 |
| 6 | പുന്നപ്പോഴി | 30 | 209 |
| 7 | ഉല്ലലകുറിഞ്ഞിക്കോട് | 38 | 212 |
| 8 | ഉല്ലല-മാരാംവീട് | 17 | 101 |
| 9 | വാക്കേത്തറ | 60 | 301 |
| | ആകെ | 277 | 1466 |



# 5.11

# വിഭവസമാഹരണം

വിഭവങ്ങൾ ചുരുക്കവും ആവശ്യങ്ങൾ അധികവു മാവുമ്പോഴാണ് ആസൂത്രണത്തിന്റെ ആവശ്യകത ഉണ്ടാ വുന്നത്. ഭൂമിയിലുള്ള മുഴുവൻ ജനതയുടേയും ആവശ്യ ങ്ങൾ നിറവേറ്റുവാനുള്ള വിഭവങ്ങൾ ഈ പ്രപഞ്ചത്തിൽ തന്നെയുണ്ട്. അവയുടെ യുക്തിപൂർവ്വമായ സമാഹരണ വും നീതിയുക്തമായ വിതരണവും ആണ് വികസന പ്രവർത്തനങ്ങളുടെ അടിത്തറ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് പ്രകൃതിദത്തമായ വിഭവങ്ങൾപോലും പൂർണ്ണ മായി മുതലാക്കുവാൻ നമുക്കു കഴിയുന്നില്ല. ഇതിനാവ ശ്യമായ പദ്ധതികൾക്കു രൂപം നല്കുവാൻ നമുക്കു കഴി യണം.

നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി, മാർക്കറ്റ് എന്നിവയാണ്. ഈ പഞ്ചായത്തിൽ ആകെയുള്ള 5461 കെട്ടിടങ്ങളിൽ 1433 എണ്ണം കുടിലുകളാണ്. ബാക്കി യുള്ള 4028 കെട്ടിടങ്ങൾക്കാണ് നികുതി ഏർപ്പെടുത്തി യിട്ടുള്ളത്. 1995-96ൽ ഈ ഇനത്തിൽ 166828/- രൂപ 50 പൈസയാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്. കഴിഞ്ഞ പത്തു വർഷത്തെ കെട്ടിടനികുതി പരിശോധിക്കുമ്പോൾ ക്രമാ നുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1988-89ലും 1993-94ലും നികുതി വർദ്ധനവ് നടത്തിയിട്ടുണ്ട്. വർദ്ധനവ് വരുത്തിയിട്ടുള്ള രീതി ശാസ്ത്രീയമല്ല. രണ്ടാമതായിട്ടുള്ള പ്രധാന വരുമാനം തൊഴിൽ നികുതിയാണ്. കഴിഞ്ഞ പത്തുവർഷത്തെ കണക്കു പരിശോധിച്ചാൽ തൊഴിൽ നികുതിയിൽ 28.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 95-96ൽ 111880 രൂപയാണ് പിരിഞ്ഞുകിട്ടിയത്. വിനോദ നികു തിയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. ഇന്നുള്ള രീതി ശാസ്ത്രീയമല്ല. അതിനാൽ വിനോദനി കുതി ഘടനമാറണം. മാർക്കറ്റിൽനിന്നും 45520 രൂപ 95-96ൽ കിട്ടിയിട്ടുണ്ട്. ഈ രംഗത്ത് വിഭവസമാഹരണ സാദ്ധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. പല വർഷങ്ങളിലും കിട്ടാവുന്ന തുകയേക്കാൾ വളരെക്കുറവു മാത്രമാണ് കിട്ടിയിട്ടുള്ളത് എന്ന് കണക്കുകൾ സൂചിപ്പി ക്കുന്നത്. വരവിന്റെ ഏറ്റക്കുറച്ചിലുകൾ ഗ്രാഫിൽനിന്നും വ്യക്തമാണ്. 95-96ൽ 378840.65 രൂപയാണ് മൊത്തം തനതു വരുമാനത്തിലുള്ളത്. 100 ശതമാനം നികുതി യും പിരിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ 10 വർഷങ്ങളായി 100% നികുതികളും പിരിക്കുന്ന ഒരു പഞ്ചായത്താണി ത്. ഗ്രാന്റുകൾ 370276/- രൂപയും ഉപാധിരഹിത ഫണ്ട് 170840/- രൂപയും 1162796 രൂപ 65 പൈസയാണ് 95-96 ലെ നമ്മുടെ മൊത്തവരുമാനം ജെ. ആർ. വൈ. സ്കീമിൽ 24,3200/- രൂപയും ഉൾപ്പെടെയുള്ള ധനസ ഹായത്തിന്റെ 27.84 ശതമാനമാണ് ഉപാധിരഹിത ഫണ്ട് ആയി കഴിഞ്ഞ വർഷം നമുക്കു കിട്ടിയിട്ടുള്ളത്.

ചെലവുകളിൽ പ്രധാന ഇനം ഭരണച്ചെലവുകൾത ന്നെ. 1995-96ലെ തനതുവരുമാനത്തേക്കാൾ 120363.15 രൂപ കൂടുതലാണിത്. മൊത്തം വരുമാനത്തിന്റെ 42.9 ശതമാനം ഭരണച്ചിലവുകൾക്കായിട്ടുണ്ട്യ പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടായില്ലെങ്കിൽ റവന്യൂകമ്മി വളരെകൂടു തലാകും. ഭരണച്ചെലവ് വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം ജീവനക്കാരുടെ കാലാകാലങ്ങളിലുള്ള ശമ്പള വർദ്ധനവും പഞ്ചായത്തംഗങ്ങളുടെ അലവൻസുകളിൽ വന്നിട്ടുള്ള വർദ്ധനവുമാണ്. പൊതുമരാമത്തിന് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ശരാശരി 20-21 ശതമാനം പണം ചിലവലാക്കിയിട്ടുണ്ട്. (ചാർട്ട് പരിശോധിക്കുക) പൊതു ജനാരോഗ്യത്തിനും മുൻവർഷങ്ങളെ അപേക്ഷിച്ചു ചെല വുകുറഞ്ഞിട്ടുണ്ട് മറ്റൊരു പ്രധാന ചെലവിനം തെരുവു വിളക്കുകൾ കത്തിക്കുന്നതാണ്. പഞ്ചായത്തിന്റെ വരുമാ നത്തിൽ നിന്നും ഈ ഇനത്തിൽ നല്ലൊരു തുക ചില വാകുന്നുണ്ട്. എന്നാൽ ഇന്നും കത്താത്ത വഴിവിളക്കുക ളാണധികവും. ഇത് KSEBയുടെ അവഗണനയാണ്. പരി ഹരിക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാവേണ്ടതാ ണ്. പഞ്ചായത്ത് നാളിതുവരെ ഒരു സ്ഥാപനത്തിൽനി ന്നും കടംവാങ്ങിയിട്ടില്ല. ഉല്പാദന ക്ഷമമായ കാര്യങ്ങൾ ഒന്നുംതന്നെ തുടങ്ങിയിട്ടുമില്ല.

ഈ പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ യുടെ ഒരു ശാഖമാത്രമാണ് നിലവിലുള്ളത്. ഈ ശാഖ യിൽനിന്നും 1, 2, 3, 4, 5, 10 വാർഡുകളിലാണ് വായ്പ കൾ കൊടുക്കുന്നത്. 6-ാം വാർഡിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വെച്ചൂർ ശാഖയും 7, 8 വാർഡുകളിൽ ധന ലക്ഷ്മി ബാങ്കിന്റെ വൈക്കം ശാഖയും 9-ാം വാർഡിൽ കാത്തലിക് സിറിയൻ ബാങ്കിന്റെ വൈക്കം ശാഖയും

## 1995-96 ലെ ബാക്കി നില്പുവായ്പകൾ

| | കൃഷി (തുക ആയിരത്തിൽ) | വ്യവസായം (തുക ആയിരത്തിൽ) | ചെറുകിട വ്യവസായം IRDP/സ്വയം തൊഴിൽ (തുക ആയിരത്തിൽ) | വ്യക്തിഗത വായ്പകളും ഉപഭോഗ വായ്പകളും (തുക ആയിരത്തിൽ) |
|---|---|---|---|---|
| വാണിജ്യ ബാങ്കുകൾ | 2327 | 8373 | 2741 | 3548 |
| സഹകരണ ബാങ്കുകൾ | 9735 | 2637 | 3955 | 10393 |

വായ്പകൾ കൊടുക്കുന്നു. വൈക്കം അർബൻ സഹകരണബാങ്കും നാലു സർവ്വീസ് സഹകരണബാങ്കുകളും ഈ പഞ്ചായത്തിലെ സാമ്പത്തിക സഹായസ്ഥാപനങ്ങളാണ്.

പഞ്ചായത്തിലെ ബാങ്കുകളിലെ നിക്ഷേപങ്ങൾ മൂന്നു കോടി തൊണ്ണൂറുലക്ഷം ആണ്. നമ്മുടെ പഞ്ചായത്തിലെതന്നെ ആളുകളിൽ പലരും ഇതര സ്ഥലങ്ങളിലെ ബാങ്കുകളിൽ നിക്ഷേപകരായിട്ടുണ്ട്. അതുകൊണ്ട് നിക്ഷേപ-വായ്പാനുപാതം കൃത്യമായും കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ബാങ്കുകളിൽ ചെറുകിട വ്യവസായം, സ്വയംതൊഴിൽ തുടങ്ങിയനിരവധി പദ്ധതികൾ ഉണ്ടെങ്കിലും ജനങ്ങൾ ഇക്കാര്യത്തിൽ പൂർണ്ണബോധവാന്മാരല്ല. പ്രാദേശിക വിഭവ ശേഷിക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കി ബാങ്കുകൾക്കു നിർദ്ദേശം കൊടുത്തും പ്രാദേശികമായി ജനങ്ങൾക്കു ബോധവത്കരണം നടത്തിയും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ബാങ്കുകൾക്കു പുറമെ പോസ്റ്റോഫീസ് സേവിംഗ്സ്, റെക്കറിംഗ്, മഹിളാ സമൃദ്ധിയോജന എന്നീ നിക്ഷേപങ്ങളുമുണ്ട്. തലയാഴം, തോട്ടകം, കൊതവറ എന്നീ പോസ്റ്റോഫീസുകളിൽ പ്രതിമാസം മൂന്നുലക്ഷത്തിലധികം രൂപ നിക്ഷേപമായി എത്തുന്നുണ്ട് 12 മഹിളാ പ്രധാൻ ഏജന്റുമാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

വ്യാപാരി വ്യവസായി ഏകോപനസമിതി, തലയാഴം പഞ്ചായത്ത് മർച്ചൻറ്സ് വെൽഫെയർ സൊസൈറ്റി, വ്യാപാരി വ്യവസായി സമിതി എന്നിവ ഈ പഞ്ചായത്തിലെ കച്ചവടക്കാർക്ക് സാമ്പത്തിക സഹായം നല്കുന്ന സ്ഥാപനങ്ങളാണ്. അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ വാങ്ങി പണം അവശ്യമുള്ളവർക്ക് വായ്പനല്കുകയുംദിവസപ്പിരിവിലൂടെ വായ്പത്തുക തിരിച്ചടക്കുകയുമാണ് പതിവ്. വെൽഫെയർ ഫണ്ടി പദ്ധതിയിൽ അംഗങ്ങളിൽനിന്നും പണം സ്വരൂപിക്കുന്നുണ്ട്. അംഗങ്ങളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, മരണ സഹായഫണ്ടു മുതലായവയും നല്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ചികിത്സാ സഹായങ്ങളും ദുരിതാശ്വാസപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യുവാൻ സന്നദ്ധത ഉണ്ടെന്നു ഭാരവാഹികൾ പറഞ്ഞു. 14 പേർ കളക്ഷൻ, ക്ലറിക്കൽ തസ്തികകളിലായി ജോലി ചെയ്യുന്നുണ്ട്.

നാട്ടിൻപുറത്ത് പ്രവർത്തിക്കുന്ന മറ്റൊരു ധനസഹായ സ്ഥാപനമാണ് എക്കണോമിക് സംഘങ്ങൾ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 കെട്ടുതെങ്ങു സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളിലൂടെ 80 ലക്ഷം രൂപ പഞ്ചായത്തതിർത്തിക്കുള്ളിൽ വിതരണം ചെയ്തിട്ടുണ്ട്. വായ്പക്കാരുടെ കാർഷിക ഉല്പന്നമായ നാളികേരം ഈ സംഘത്തിലൂടെ വിപണനം ചെയ്യുകയും വായ്പത്തവണത്തുക കഴിച്ച് ബാക്കിതുക വായ്പക്കാരന് വിതരണം ചെയ്യുകയും ചെയ്യുന്നു. ചുരുക്കം ചില സംഘങ്ങൾ ഒഴികെ ബാങ്കിയെല്ലാംതന്നെ ചില വ്യക്തികളുടെ കൈകളിലാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത അഞ്ചു സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളാണുള്ളത്. ഇവയിലൂടെ സ്വർണ്ണ പണയവായ്പകൾ മാത്രമാണ് വിതരണം ചെയ്യുന്നത്. ബാങ്കുകളേക്കാൾ അധിക പലിശ ഇവർ ഈടാക്കുന്നു. വളരെ ലളിതമായ നടപടിക്രമങ്ങളാണ് ഇവർക്കുള്ളത്. ബാങ്കുകൾ സ്വർണ്ണത്തിന്റെ ഈടിന്മേൽ നല്കുന്നതിനേക്കാൾ കൂടുതൽ തുക അതേ തൂക്കം സ്വർണ്ണത്തിന്റെ ഈടിന്മേൽ ഇവർ കൊടുക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിലേക്ക് ജനങ്ങൾ പോകുന്നതിന്റെ പ്രധാനകാരണം ഇതാണ്.

ഇതിനു പുറമെകൂടി ഇട പണമിടപാടുകാരും ഇവിടെയുണ്ട്. 100 നു മുകളിൽവരും ഇവരുടെ എണ്ണം. കാർഷിക, ഗാർഹിക, വ്യാവസായ ആവശ്യങ്ങൾക്കായി ജനങ്ങൾ ഇവരെ സമീപിക്കുന്നു. 50 ലക്ഷത്തിലധികം രൂപയുടെ ഇടപാടുകൾ ഈ പഞ്ചായത്തിൽ ഇവരിലൂടെ പ്രതിമാസം നടക്കുന്നുണ്ട്. ചെക്കുകളും പ്രോമിസറി നോട്ടുകളും വാങ്ങിയാണ് ഇവർ പണമിടപാടുകൾ അധികവും നടത്തുന്നത്. ചിലർ "വിശ്വാസത്തിറ്" എന്നപേരിൽ വസ്തു തീറാധാരം നടത്തിയും പണം നല്കുന്നുണ്ട്. പണം മടക്കി കൊടുക്കുമ്പോൾ ആധാരം തിരികെ എഴുതിക്കൊടുക്കും. 60 മുതൽ 120 ശതമാനം പലിശവരെ ഇവർ ഈടാക്കുന്നുണ്ട്. സാധാരണക്കാരാണ് വായ്പക്കാരിൽ അധികവും. ഇത്തരം പണമിടപാടുകാരുടെ പിടിയിലമർന്ന പലരും സാമ്പത്തിക തകർച്ചനേരിടുന്നു.

ചില കുടുംബ ട്രസ്റ്റുകളും, പൂജാകമ്മറ്റികളും ഓണ ഫണ്ടുകളും പഞ്ചായത്തിലുണ്ട്. ഇവരും പണം പലിശക്ക് കടം കൊടുക്കുന്നുണ്ട്.

200ൽ അധികം ആളുകൾ ഗൾഫ് മേഖലയിലും 100ൽ അധികം ആളുകൾ പാശ്ചാത്യ രാജ്യങ്ങളിലുമായി ഈ പഞ്ചായത്തിൽ നിന്നും പോയി ജോലിചെയ്യുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. 44 ലക്ഷം രൂപയാണ് വിദേശ മലയാളികളുടെ നിക്ഷേപമായി പഞ്ചായത്തിലെ ബാങ്കിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്. ആഡംബരങ്ങൾക്കായോ കൊട്ടാരതുല്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ അവരുടെ പണം ദുർവ്യയം ചെയ്യുന്നതായി തോന്നിയിട്ടില്ല. അവരുടെ സമ്പാദ്യങ്ങൾ ഉല്പാദനക്ഷമമായ പ്രവർത്തനങ്ങളിലേക്കു തിരിയുന്നതായാൽ ഗ്രാമത്തിന്റെ മുഖഛായ മാറ്റുവാൻ കഴിയും.

വിഭവ സമാഹരണത്തിലും വികസന പ്രവർത്തനത്തിലും പ്രധാനശ്രോതസ്സ് സന്നദ്ധസംഘടനകളാണ്.

ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് അനുഗൃഹീതമാണ്. കോട്ടയം ജില്ലയിൽ ഏറ്റവുംകൂടുതൽ സന്നദ്ധസംഘടനകൾ രജിസ്റ്റർചെയ്തിട്ടുള്ളത് നമ്മുടെ പഞ്ചായത്തിലാണ്.24 എണ്ണം. ഈ സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുകയാണെങ്കിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റുകളിൽനിന്നും ഗ്രാന്റുകൾ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനങ്ങളിൽ വികസനം പ്രധാന വിഷയമാക്കണം. അതുവഴി നമ്മുടെ നാടിന്റെ വികസനത്തിൽ ഈ സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ എല്ലാ റോഡുകളും ആദ്യഘട്ടത്തിൽ ജനങ്ങൾ ശ്രമദാനമായി ചെയ്തിട്ടുള്ളതാണ്. ലക്ഷ്യബോധത്തോടുകൂടിയ ആളുകളുടെ കൂട്ടായ്മ പല. പുതിയ വികസന പദ്ധതികളും എളുപ്പമാക്കുവാൻ കഴിയും. ഇങ്ങിനെയുള്ള കാര്യങ്ങളിൽ ജനങ്ങളുടെ വിശ്വാസം നേടുവാൻ കഴിയണം. ഇതിനൊരു ഉദാരണമായി 1980-81ൽ അന്നത്തെ പഞ്ചായത്തു പ്രസിഡൻര് ശ്രീ. കെ. അരുണന്റെ നേതൃത്വത്തിൽ തമ്പുരാൻ തോടിന്റെ (ഈടുള്ള തോട്) വീതിയും ആഴവും കൂട്ടാൻ നടത്തിയ ശ്രമദാനം മാതൃകയാക്കാവുന്നതാണ്. 800ൽ അധികം ആളുകൾ രണ്ടു ദിവസങ്ങളിലായി ചെയ്തു തീർത്ത ഈ ജോലിയിൽനിന്നും അന്ന് 19000 രൂപ മിച്ചം വക്കുവാൻ കഴിഞ്ഞു. ആ തുകയിൽ നിന്നും 12000 രൂപ കൊടുത്തുവാങ്ങിയതാണ് ആയുർവേദാശുപത്രിക്ക് ഇപ്പോഴുള്ള സ്ഥലം. 5000 രൂപ പുത്തൻതോട് പാലച്ചുവട് റോഡിനും 2000 രൂപ മറ്റ് ചില വികസന പദ്ധതികൾക്കും വേണ്ടിയാണ് ചിലവാക്കിയിട്ടുള്ളത്. ഈ രീതിയിൽ ജനങ്ങളെ ആവശ്യബോധത്തിനു മുമ്പിൽ കൂട്ടായ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യണം. സന്നദ്ധ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ സാധിക്കാത്തവരിൽ നിന്നും കഴിവിനൊത്ത സംഭാവനകൾ ലഭിക്കത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യണം.

**നിർദ്ദേശങ്ങൾ**

1. കെട്ടിട നികുതി ഈടാക്കുന്നത് ശാസ്ത്രീയ മായല്ല. കെട്ടിടം സ്ഥതിചെയ്യുന്ന സ്ഥലത്തിന്റെയും, പ്രദേശത്തിന്റെയും നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള മെറ്റീരിയൽസിന്റെയും കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദസമിതിയായിരിക്കണം നികുതി നിശ്ചയിക്കേണ്ടത്. ഇതിനുള്ള മാനദണ്ഡങ്ങൾ സുതാര്യമായിരിക്കണം.
2. വിനോദനികുതി പിരിക്കുന്നതിൽ അലംഭാവമുണ്ട്. സിനിമാശാലയുടെ ക്ലാസ്സിഫിക്കേഷൻ, സീറ്റുകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക പ്രതിമാസം പഞ്ചായത്തിൽ അടപ്പിക്കുവാനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്.
3. പഞ്ചായത്തതിർത്തിയിൽ ചുവരെഴുത്ത്, മൈക്ക് അനൗൺസ്മെന്റ്, ബോർഡുകൾ തുടങ്ങിയ പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
4. പഞ്ചായത്തതിർത്തിയിലുള്ള റോഡരുകിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽനിന്നും പാർക്കിംഗ് നികുതി ഏർപ്പെടുത്തുക.
5. മാർക്കറ്റിൽ ഇപ്പോൾ താല്ക്കാലിക കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ടാക്കി വാടകയ്ക്കു നല്കാവുന്നതാണ്. ഇതിനാവശ്യമായ തുക LIC, ഹഡ്കോ, വാണിജ്യബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ ആയി എടുക്കാവുന്നതാണ്.
6. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ മിനിമാർക്കറ്റുകൾ സ്ഥാപിക്കുക. ഇതിനാവശ്യമായ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള പുറംപോക്കു ഭൂമികളിൽനിന്നും നേടിയെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തണം.
7. ലൈസൻസ് ഫീസ് കൃത്യമായും നടപ്പിലാക്കണം.
8. വിവിധ ഇനം വായ്പകൾ ബാങ്കുകൾ നല്കുന്നുണ്ടെങ്കിലും ജനങ്ങൾ അതിനെക്കുറിച്ച് പൂർണ്ണബോധവാന്മാരല്ല. അതിനാൽ ജനങ്ങളെ ബോധവത്കരിക്കുവാൻ സെമിനാറുകൾ സംഘടിപ്പിക്കണം.
9. ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരിൽ ചിലർ കുടിശ്ശിക വരിത്തിയിട്ടുണ്ട്. ഇതുമൂലം ബാങ്കുകൾ ഈ പ്രദേശത്ത് പദ്ധതി വായ്പകൾ യഥേഷ്ടം കൊടുക്കുവാൻ തയ്യാറാകുന്നില്ല. ഇതു പരിഹരിക്കുവാൻ പഞ്ചായത്തു തലത്തിൽ ബാങ്ക് അധികൃതരും പഞ്ചായത്തംഗങ്ങളും ചേർന്ന് ഒരു കമ്മിറ്റി ഉണ്ടാക്കുകയും അതുവഴി ഈ പ്രദേശത്തിനു ചേർന്ന പദ്ധതികൾ ഉണ്ടാക്കുവാനും കഴിയണം.
10. പഞ്ചായത്ത് ആറ് ലക്ഷത്തിലധികം രൂപ വാട്ടർ ചാർജ്ജിനത്തിൽ ഗവണ്മെന്റിലേക്ക് അടക്കുവാനുണ്ട്. ഈ തുക ഗ്രാന്റായി ലഭിക്കുവാനുള്ള ശ്രമങ്ങൾ നടത്തണം.
11. പഞ്ചായത്തിന്റെ കീഴിലുള്ള കുളങ്ങളിൽ മത്സ്യകൃഷിക്ക് പാട്ടത്തിനുകൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
12. വികസനപ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാരോ പഞ്ചായത്തോ നേരിട്ടു നടത്തണം എന്നൊരു ബോധമാണ് ഇന്ന് ജനങ്ങളിലുള്ളത്. ഈ ധാരണ തിരുത്തുവാനാവശ്യമായ പ്രചരണങ്ങൾ സംഘടിപ്പിക്കണം.
13. വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രാദേശികമായി വിഭവസമാഹരണം നടത്തുന്ന പദ്ധതിക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്.
14. വിഭവസമാഹരണത്തിന് സന്നദ്ധ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം ഉണ്ടാവണം.

## പട്ടിക - I

## തനതു വരവ്

| | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|
| കെട്ടിട നികുതി | 51835.75 | 55124.35 | 90511.50 | 88173.00 | 101029.70 | 104867.50 | 108546.50 | 158210.00 | 160526.00 | 166828.50 |
| തൊഴിൽ നികുതി | 31902.00 | 37094.00 | 41618.00 | 43346.00 | 46062.00 | 53295.00 | 65575.00 | 79856.00 | 89040.00 | 111880.00 |
| വിനോദ നികുതി | 5939.55 | 10155.50 | 5256.80 | 5177.60 | 6631.95 | 5807.10 | 7385.35 | 7338.95 | 7753.00 | 8652.75 |
| മാർക്കറ്റ് | 13439.95 | 13875.00 | 13740.00 | 4540.00 | 12100.00 | 9487.50 | 20752.00 | 41500.00 | 45520.00 | 45520.00 |
| കെട്ടിട വാടക | 13348.80 | 13348.80 | 15045.00 | 15250.20 | 15241.20 | 2526.40 | 19272.00 | 19272.00 | 9520.00 | 20928.00 |
| ലൈസൻസ് ഫീസ് | 1777.00 | 1870.00 | 2844.00 | 4456.25 | 2130.00 | 4914.00 | 4570.00 | 5317.55 | 3519.00 | 4963.50 |
| മറ്റിനങ്ങൾ | 9161.50 | 4895.75 | 3909.75 | 2799.50 | 1940.00 | 1194.00 | 1246.25 | 1840.50 | 2136.00 | 19707.90 |
| ആകെ | 127404.55 | 136363.40 | 172925.05 | 163742.55 | 185134.85 | 182091.50 | 227347.10 | 313335.00 | 318014.00 | 378480.65 |

## പട്ടിക - II

## സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ

| | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | - | - | 25681.00 | 22459.00 | 50503.00 | 91898.00 | 104929.00 | 104153.00 | 64591.00 | 107920.00 |
| വസ്തു കൈമാറ്റനികുതി | - | - | 26094.00 | 34515.00 | 50497.00 | 73674.00 | 59549.00 | 85499.00 | 42542.00 | 43800.00 |
| ചെറുകിട ജലസേചനം | - | - | 26381.00 | 12450.00 | 12450.00 | 12450.00 | 12450.00 | 12450.00 | 12450.00 | 12450.00 |
| വില്ലേജ് റോഡ് മെയിന്റനൻസ് | - | - | 16000.00 | 17143.00 | 18942.00 | - | 20830.00 | 19980.00 | 20377.00 | 20468.00 |
| വാഹന നികുതി | - | - | 1583.00 | - | 33151.00 | 27290.00 | - | 500000.00 | - | 175438.00 |
| ലൈറ്റിംഗ് | - | - | - | 10000.00 | - | - | - | - | - | 10000.00 |
| മറ്റു ഗ്രാന്റുകൾ | - | - | 45000.00 | - | - | - | - | 203900.00 | 15595.00 | 200.00 |
| ആകെ | 93208.00 | 90822.00 | 140739.00 | 96567.00 | 165543.00 | 205312.00 | 197758.0 | 925982.00 | 155555.00 | 370276.00 |

## പട്ടിക - III

## ഉപാധിരഹിത ഫണ്ട് JRY

| | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|
| ഉപാധിരഹിത ഫണ്ട് | - | - | - | - | 170000.00 | 181190.00 | 188000.00 | 125300.00 | 269050.00 | 170840.00 |
| JRY | - | - | - | 177048.00 | 283296.00 | 46670.00 | 566970.00 | 365000.00 | 248500.00 | 243200.00 |

## പട്ടിക - IV
## ചെലവ്

| ഇനം | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 135768.95 | 169113.00 | 200892.15 | 240829.05 | 291858.10 | 382158.30 | 355097.15 | 440898.25 | 489941.10 | 498843.80 |
| പൊതുമരാമത്ത് | 79211.80 | 22047.75 | 81828.00 | 28788.00 | 45053.00 | 74742.00 | 41812.00 | 114780.00 | 934781.30 | 240298.00 |
| വിദ്യാഭ്യാസം | 1425.00 | 1500.00 | 400.00 | 4550.00 | 4971.50 | 10125.40 | 5728.80 | 5055.00 | 5074.00 | 41110.00 |
| ജലവിതരണം പൊതുജനാരോഗ്യം | 13559.80 | 13416.75 | 9334.00 | 8790.50 | 189115.00 | 56243.00 | 21629.50 | 21958.40 | 22257.75 | 11115.00 |
| സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിന് | 32189.45 | 32985.35 | 34102.25 | 34056.00 | 34056.00 | 34363.00 | 73111.50 | 68088.00 | 68260.00 | 68088.00 |
| മറ്റുള്ളവ | 33739.00 | 70737.70 | 73457.50 | 140874.00 | 67599.70 | 35879.00 | 179297.35 | 326121.00 | 250947.80 | 333038.50 |
| ആകെ | 295894.00 | 309800.55 | 400013.90 | 457947.55 | 632653.30 | 593510.70 | 677676.30 | 976900.65 | 1766261.95 | 1192493.30 |

### 1995-96 ലെ നിക്ഷേപ വായ്പാ അനുപാതം

| ബാങ്ക് | നിക്ഷേപം | വായ്പ | അനുപാതം |
|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 17825000 | 16712000 | 94% |
| തോട്ടകം SCB | 6027541 | 4607479 | 77% |
| തലയാഴം SCB | 6411131 | 4372598 | 67% |
| ഉല്ലല SCB | 6070667 | 3649205 | 60% |
| കൊതവറ SCB | 2196074 | 2143886 | 100% |
| സഹകരണ മേഖല-മൊത്തം | 20705413 | 14773168 | 71% |
| ആകെ | 38530413 | 31485168 | 82% |

### പഞ്ചായത്തു ചെലവുകൾ ശതമാനക്കണക്കിൽ

| Sl. No. | ചിലവിനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | Average |
|---|---|---|---|---|---|---|---|
| 1. | ഭരണം - Establishment | 64% | 52% | 45% | 27% | 42% | 46 |
| 2. | പൊതുമരാമത്ത് | 13% | 6% | 12% | 53% | 20% | 21 |
| 3. | വിദ്യാഭ്യാസം | 2% | 1% | 0.5% | 0.5% | 3% | 1 |
| 4. | ജലവിതരണം-ഓടകൾ-പൊതുജനാരോഗ്യം | 9% | 3% | 2.5% | 1.5% | 1% | 3 |
| 5. | തെരുവുവിളക്കുകൾ | 6% | 12% | 7% | 4% | 6% | 7 |
| 6. | മറ്റുള്ളവ | 6% | 26% | 33% | 14% | 28% | 22 |
| 7. | ആകെ | 100 | 100 | 100 | 100 | 100 | 100 |

# ഉപസംഹാരം

ഒൻപതാം പഞ്ചവത്സര പദ്ധതി
ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിനുവേണ്ടി
കേരള സർക്കാരും സംസ്ഥാന പ്ലാനിംങ് ബോർഡും ചേർന്ന
ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 1996 നവം 1ന് തുടക്കം
കുറിച്ചു. തുടർന്ന് വിവിധ തലങ്ങളിൽ ഈ പ്രവർത്തനം
ഏറ്റെടുക്കുന്നതിനുള്ള പരിശീലനങ്ങൾ നടക്കുകയും പഞ്ചായത്ത്
തലത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുകയും ചെയ്തു.
ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ
പത്തുവാർഡുകളിലും വിശേഷാൽ ഗ്രാമസഭ നടത്തപ്പെട്ടു.
പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിലുള്ള
നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗ്രാമസഭകളിലെ ചർച്ചകളിലൂടെ
രൂപപ്പെട്ടു. ഇതിനെ തുടർന്നു വിവിധ വകുപ്പുകളിൽ നിന്നും
ശേഖരിച്ച സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ
വികസന രേഖ തയ്യാറാക്കുകയാണുണ്ടായത്.
ഈ പ്രവർത്തനത്തിലെത്തിക്കാൻ സഹകരിച്ച എല്ലാവരെയും
അഭിനന്ദിക്കുന്നു. ഇതോടൊപ്പം മുഴുവൻ ആളുകളുടെയും
അദ്ധ്വാനശക്തിയും വിഭവങ്ങളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.
എങ്കിൽമാത്രമെ ഒൻപതാം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കൂ.
ഈ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ
ആളുകളുടേയും സഹായസഹകരണങ്ങൾ
പ്രതീക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

**പി. ദിവാകരൻ**

(തലയാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

